കെ.പി.എ.സിയും അച്യുതമേനോനും | ഒരു പക്ഷിയുടെ ചിത്രമെഴുതാൻ | കസേര വേണ്ടെന്നു വെച്ച കളിയെഴുത്തുകാരൻ | സൗഗന്ധികങ്ങളേ വിട | ആത്മബന്ധങ്ങളുടെ ആഖ്യാന ചാരുത

MARCH | VOL.05 | ISSUE 03

# മലയാളി.com magazine 2026



കേരള നിയമസഭ തെരഞ്ഞെടുപ്പ്

## പിണറായി വിജയൻ
## പിണറായി സർക്കാർ
# തുടർഭരണം അനിവാര്യമോ ?

## വി ഡി സതീശൻ
## യു ഡി എഫ്
# വിജയം എത്ര അകലെ ?



തമിഴ് നാട്
**സ്റ്റാലിന്റെ തേരോട്ടം**



അഭിമുഖം
**മീരബെൻ / പ്രദീപ് പനങ്ങാട്**



സിക്കിം യാത്ര
**കാഞ്ചൻ ഗംഗയെ നോക്കി**



തിരുനാവായ കുംഭമേള
**കീഴാള ഹിന്ദുത്വവും അമൃത സ്നാനവും**



Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and advisory services in Long Island, New York City, and the entire State of New York.

മലയാളി.com Magazine
DIGITAL MAGAZINE
2026
MARCH
VOL/05
ISSUE/3
Contact: mag@emalayalee.com | www.emalayalee.com

# യേശുദാസിന്റെ പേരിൽ ഒരു പാട്ടുമ്യൂസിയം

മലയാളികൾ ഏവരും ഹൃദയത്തിൽ  ഏറ്റിയ മറൊരു ഗായകനില്ല ,യേശുദാസിനെ പോലെ  .അദ്ദേഹത്തിൻറെ സ്വരം കേൾക്കാതെ പോകുന്ന ഒരു ദിവസവും നമ്മുടെ ജീവിതത്തിൽ ഉണ്ടാകില്ല .ലളിത സംഗീതത്തിലെ ഈ കുലപതി ശാസ്ത്രീയ സംഗീതത്തിലും ഔന്നത്യം പുലർത്തുന്നു .മതത്തിനും ജാതിക്കും അപ്പുറം മലയാളികളുടെ ആസ്വാദന ശീലത്തെ  മുന്നോട്ടു കൊണ്ടു പോകുന്നതിൽ ആ സംഗീത യശസ്സ് വലിയ പങ്കു വഹിച്ചിട്ടുണ്ട് .ശബരിമലയിൽ ആയാലും ഗുരുവായൂരിൽ ആയാലും ആ സംഗീതം കടന്നു ചെല്ലാത്ത ഇടങ്ങൾ ഇല്ല .അദ്ദേഹത്തിനു ജന്മനാടായ കൊച്ചിയിൽ അദ്ദേഹത്തിൻറെ ജീവിത കാലത്ത് തന്നെ ഒരു മ്യൂസിയം ഒരുക്കുന്നു എന്ന വാർത്ത ഈ കാലത്ത് കേൾക്കുന്ന ഏറ്റവും മാധുര്യമുള്ള വാർത്ത കൂടിയാണ് . അദ്ദേഹത്തിൻറെ പേരിൽ ഒരു സംഗീത പാത കൂടിയുണ്ടാകും എന്നത് അതിലും സന്തോഷകരമായ തീരുമാനമാണ് .

ഏതാണ്ട് ജന്മനാട് ഉപേക്ഷിക്കുകയും പിന്നിട് മദ്രാസ് താവളമാക്കുകയും ഇന്ന് യു എസിൽ കഴിയുകയും ചെയ്യുന്ന ഗായകന് ഇത് ജന്മനാട്ടിലേക്കുള്ള ഒരു തിരിച്ചു വരവ് കൂടിയാണ് .

ആ ശുഭ്രവസ്ത്രം ധരിച്ച വ്യക്തി മലയാളികളുടെ മനസ്സിൽ എന്നുമുണ്ട് എന്നത് കൊണ്ടു ഒരു തിരികെ വരവ് എന്ന വാക്ക് പോലും അപ്രസക്തമാകുന്നു .നമ്മുടെ ജീവിതത്തിലെ എല്ലാ ദശാസന്ധികളിലും പ്രണയത്തിലും വിരഹത്തിലും ദുഖത്തിലും നിത്യനഷ്ടത്തിലും ഒരു അനുരണനമായി നിന്ന ആ മധുരസംഗീതം ഒരിക്കൽകൂടി ആദരിക്കപ്പെടുമ്പോൾ മൊസാര്ട്ടിന്റെയും ബീത്തോവന്റെയും മ്യൂസീയങ്ങൾ  ഓർമ്മ വരും .ത്യാഗരാജ ആരാധനയുടെ സ്മരണകൾ മനസ്സിൽ ഇരമ്പും .സംഗീതത്തിൻറെ അവസാനിക്കാത്ത ആയിരം നവരാത്രികൾ കൊടിയേറും .

ഇതൊരു ഗായകന് മാത്രമുള്ള ആദരവല്ല .ക്ലാസിക്കലും അല്ലാത്തതുമായ വ്യത്യസ്ത സംഗീത ശാഖകൾക്കും അതിന്റെ പ്രയോക്താക്കൾക്കും നൽകുന്ന ആദരമാണ് .പ്രത്യേകിച്ചും കൊച്ചി കേന്ദ്രീകരിച്ചു പ്രവർത്തിച്ച നിരവധി സംഗീതന്ജർമാർക്കുള്ള ആദരം .ആ അർത്ഥത്തിൽ ആകണം ഈ മ്യൂസിയവും പാട്ടുവീഥിയും രൂപപെടുത്താൻ . യേശുദാസ് താമസിച്ചിരുന്ന വീട് ഇന്ന് രാജ്യാന്തര ശ്രദ്ധ ആകർഷിച്ചിരിക്കുന്ന കൊച്ചിയിൽ ആണെന്നത് ഈ ഉദ്യമത്തിനു പുതിയ മാനം നല്കൂന്നു . യു എസിലെ ഏറ്റവും പഴക്കം ചെന്ന 500 വർഷം പഴക്കമുള്ള സൈന്റ്റ് ഓഗസ്റ്റെൻ പട്ടണം പോലെയാണ് കടൽ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ നഗരഭാഗം .ഡച്ച്,പോർട്ടുഗീസ് , ബ്രിട്ടിഷ് പാരമ്പര്യങ്ങൾ കൈവിടാത്ത  മേഖല .ജൂത പാരമ്പര്യത്തിന്റെ അണയാത്ത വിളക്കുകൾ ഇവിടെ നിലകൊള്ളുന്നു ..വ്യത്യസ്ത സംസ്കാരങ്ങളുടെയും ആചാരങ്ങളുടെയും ഒരു മൂശയാണിത് .കലയും കച്ചവടവും മതവും വിപ്ലവവും എല്ലാം കൂടിച്ചേരുന്ന ഒരു മുനമ്പാണ് ഇത് .എൺപതുകളിൽ  ഫെലിക്സ് ആനന്ദ് സ്കറിയയയും കുട്ടുകാരും  തുടക്കമിട്ട വാസ്കോഡഗാമ സ്കയർ ഇന്ന്  കൊച്ചി ബിനാലെയിൽ  എത്തി നിൽക്കുന്നു. കലയുടെയും സംഗീതത്തിന്റെയും പറുദീസയായി ഈ ഭൂവിഭാഗത്തെ ശ്രമിച്ചാൽ നമുക്ക് മാറ്റാൻ കഴിയും .




യേശുദാസിന്റെ മാത്രമല്ല ഈ ലോകവുമായി ബന്ധപ്പെട്ട പാട്ടുകളുടെയും കച്ചേരികളുടെയും ഒരു ശേഖരവും ഒരു പെർഫോമിംഗ് കേന്ദ്രവും ആകണം ഇത് .വലിയ ഒരു പാട്ട്പുര.മ്യൂസിക്അക്കാദമി പോലെ വലിയ ഒരു സംഗീത കേന്ദ്രം.വാർഷിക യേശുദാസ് സംഗീതോത്സവം പോലെ വ്യത്യസ്തമായ പരിപാടികൾ അവിടെ ഉണ്ടാകണം .ജീവിക്കുന്ന ഒരു സംഗീത ലോകം ആകണം അത് .  അതിനു കൊച്ചി ബന്ധമുള്ള ജെറി അമൽദേവിനെ പോലെയുള്ള   സംഗീതന്ജർക്കും എൻ എസ് മാധവനെ പോലെയുള്ള എഴുത്തുകാർക്കും എം കെ ദാസിനെ പോലെയുള്ള ചരിത്രകാരന്മാർക്കും വലിയ സഹായം നൽകാൻ ആകും .കൊച്ചിയുടെ പാരമ്പര്യത്തിൻറെ വീണ്ടെടുക്കൽ ആകണം ഈ പുതിയ ഉദ്യമം .യേശുദാസിനുള്ള ആദരം ഒരു വലിയ കാലത്തെ ഷോ കേസ് ചെയ്യാനുള്ള അവസരമായി കൂടി മാറ്റാൻ കൊച്ചി കോർപ്പറേഷന് കഴിയണം

*സ്നേഹത്തോടെ,*
ഇ-മലയാളി പത്രാധിപസമിതി

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS


05 വിവാദം /കേരള സ്റ്റോറി – 2
കേരളം ഒരു കഥയല്ല ...
കെ എം തോമസ്

07 മുഖ്യ ലേഖനം
കേരള നിയമസഭ തെരഞ്ഞെടുപ്പ്
നാടകീയമായ മാറ്റങ്ങൾ
പി എസ് ജോസഫ്

11 യു ഡി എഫ്
വിജയം എത്ര അകലെ ?
എസ് സുന്ദർദാസ്

15 കാഴ്ചപ്പാടുകൾ
കനൽ കെടും കാലം
എം കെ നാരായണ മൂർത്തി

18 പിണറായി സർക്കാർ
തുടർ ഭരണം വേണമോ ?
എ എസ് ശ്രീകുമാർ

21 തമിഴ് നാട് നിയമസഭാ
തെരഞ്ഞെടുപ്പ്
സ്റ്റാലിന്റെ തേരോട്ടം
പി കെ ശ്രീനിവാസൻ

27 ചെറുകഥ
വിടുതൽ
ലൈല അലക്സ്

31 കോളം /അച്ചുതം – 6
കെ പി എ സിയും
അച്ചുതമേനോനും
മാങ്ങാട് രത്നാകരൻ

35 ചെറുകഥ
ദൂതൻ
സി ഹനീഫ്

42 മതം /കുംഭമേള
കീഴാള ഹിന്ദുത്വവും
അമൃത സ്നാനവും
എം ടി ഷാജു

49 ചെറുകഥ
സുദർശന ചക്രം
വിജയകുമാർ കളരിക്കൽ

57 പ്രത്യേക അഭിമുഖം
ഈ കവിതയിലേക്ക് നോക്കൂ
മീരാബെൻ/ പ്രദീപ് പനങ്ങാട്

61 ചെറുകഥ
ദേവതാരു പൂത്തപ്പോൾ
ജോസഫ് എബ്രഹാം

64 കവിത
ഒരു പക്ഷിയുടെ ചിത്രമെഴുതാൻ
മാടശ്ശേരി നീലകണ്ഠൻ

65 കവിത
സ്പന്ദനം
രാമകൃഷ്ണൻ കണ്ണോം
അമ്മയുള്ളത്ര കാലം
ഗ്രീഷ്മ ബേബി

67 ചെറുകഥ
കഥയല്ലിത് ജീവിതം
ജമാൽ റാഫി

70 കവിത
കോമാളി കാലങ്ങൾ
കൃഷ്ണകുമാർ മാപ്രാണം
മൃത്യു
സജീബ് സനീബ്

71 മാധ്യമം/ കെ അബു
കസേര വേണ്ടെന്നു വെച്ച
കളിയെഴുത്തുകാരൻ
ആന്റണി കണയംപ്ലാക്കൽ

73 അഞ്ജലി
കെ ഗോവിന്ദൻകുട്ടി
പ്രദീപ് കുമാർ /ഹേമലത


81 യാത്ര /സിക്കിം
കാഞ്ചൻഗംഗയുടെ മുഖം നോക്കി
സുഭാഷ് വലവൂർ

91 സിനിമ /സംഗീതം
സൌഗന്ധികങ്ങളെ വിട
എസ് രാജേന്ദ്ര ബാബു

97 ഗീത വ്യാഖ്യാനം
സംന്യാസ യോഗം
സുധീർ പണിക്കവീട്ടിൽ

101 പുസ്തകലോകം/ആണ്ടുപിറപ്പ്
ആത്മബന്ധങ്ങളുടെ
ആഖ്യാനചിത്രങ്ങൾ
കെ പി എസ് പയ്യനെടം

104 ലാസ്റ്റ് പേജ്
സഞ്ജു സാംസൺ




# കേരളം ഒരു കഥയല്ല...

**ലവ് ജിഹാദിൻറെയും ബീഫ് നിർബന്ധിപ്പിച്ചു കഴിപ്പിക്കുന്നവരുടെയും നാടായി മാറിയിരിക്കുന്നു കേരളം എന്ന വർഗീയ അജണ്ട പ്രചരിപ്പിക്കുന്ന ഒരു സിനിമയുടെ രണ്ടാം ഭാഗത്തിന്റെ വരവാണ് ഇന്ന് ചർച്ചകളിൽ നിറയുന്നത്.**

◉ കെ എം തോമസ്

മാറു മറയ്ക്കാൻ സമരം നടത്തിയ രാജ ഭരണ കാലത്ത് നിന്നു ,ജാതി വിവേചനം കൊടികുത്തി വാണിരുന്ന ഒരു ഭ്രാന്താലയത്തിൽ നിന്ന് ഇന്ത്യയിലെ വികസനത്തിൻറെ വലിയ ബിംബമായി മാറിയ ചരിത്രമാണ് കേരളത്തിനുള്ളത് . പക്ഷെ അത് ലവ് ജിഹാദിൻറെയും ബീഫ് നിർബന്ധിപ്പിച്ചു കഴിപ്പിക്കുന്നവരുടെയും നാടായി മാറിയിരിക്കുന്നു എന്ന തികഞ്ഞ വർഗീയ അജണ്ട പ്രചരിപ്പിക്കുന്ന ഒരു സിനിമയുടെ രണ്ടാം ഭാഗത്തിന്റെ വരവാണ് ഇന്ന് സംസ്ഥാനത്തെ പറ്റിയുള്ള ചർച്ചകളിൽ നിറയുന്നത് .കേരള സ്റ്റോറി രണ്ടാം ഭാഗത്തിന്റെ ടീസർ



**സർഗ്ഗാത്മക വ്യാപാരത്തെ നിയന്ത്രിക്കുക എന്നത് ശരിയായ പ്രവണതയല്ല . എങ്കിലും അത് ചില വ്യക്തികളെയോ സമൂഹത്തെയോ ഭാഷ വിഭാഗത്തെയോ ചെളി വാരിയെറിയാൻ ആകരുത് .**

തന്നെ ഒരു ഭാഷ വിഭാഗത്തെ അപകീർത്തികരമായി കാണുന്നതാണെന്ന് കേരള ഹൈകോടതി തന്നെ വിലയിരുത്തുന്നു മാത്രമല്ല സെൻസർ ബോർഡ് ഇത് വീണ്ടും കണ്ടു തീരുമാനം എടുക്കണമെന്ന് ഹൈകോടതി ഉത്തരവിട്ടു .പക്ഷെ അപ്പീലിൽ ഡിവിഷൻ ബെഞ്ച് ചിത്രത്തിന് പ്രദർശനാനുമതി നൽകി .

യാഥാർത്യവുമായി പുലബന്ധമില്ല ഈ സിനിമയും അതിലെ നിഗമനങ്ങളും എന്ന് വേണം കരുതാൻ .അത് കൊണ്ടു തന്നെ കേരളത്തിലെ രണ്ടു പ്രമുഖ രാഷ്ട്രീയ കക്ഷികളും ഭൂരിഭാഗം ജനങ്ങളും ഇതിനെ തള്ളിക്കളയുന്നു ഏതായാലും നാടാകെ ട്രോളു

കളുടെ പൂരമാണ്.കേരളത്തിനു വെളിയിൽ വർഗീയമായി ചേരി തിരിഞ്ഞിരിക്കുന്ന ഒരു സമൂഹത്തിൻറെ കയ്യടി മോഹിച്ചാണ് ഈ സിനിമ എന്നത് നിസ്സംശയം ഉറപ്പിക്കാം .പ്രത്യേകിച്ചു കേരള സ്ടോറി-1 ചെയ്തവർ ആണ് ഇതിന്റെ നിർമാതാക്കൾ എന്ന നിലക്ക്. കേരളം നിരാകരിച്ചെങ്കിലും ഉത്തരേന്ത്യയിൽ ചില സംസ്ഥാനങ്ങളിൽ ഇതിനു സ്വീകാര്യത ലഭിച്ചു പക്ഷെ ഇതെത്ര സത്യമാണ് ?

സർഗ്ഗാൽമക വ്യാപാരത്തെ നിയന്ത്രിക്കുക എന്നത് ശരിയായ പ്രവണതയല്ല .എങ്കിലും അത് ചില വ്യക്തികളെയോ സമൂഹത്തെയോ ഭാഷ വിഭാഗത്തെയോ ചെളി വാരിയെറിയാൻ ആകരുത് . സെൻസർ ബോർഡും മറ്റു നിയമസംവിധാനങ്ങളും ഇതിനാണ് എന്നാൽ വിദ്വേഷം ഒരു പ്രചാരണ ആയുധം ആയി മാറിയിരിക്കുന്ന ഈ കാലത്ത് ഇത്തരം ചിത്രങ്ങൾ ആരുടെയും എതിർപ്പ് പോലും നേരിടാതെ യാഥാർത്യത്തിന്റെ പ്രതിഫലനം ആണെന്ന നിലക്ക് പ്രോമോട്ട്ചെയ്യപ്പെടുന്നു . പക്ഷെ ഗുജറാത്ത് കലാപത്തെ വിമർശിക്കുന്ന എമ്പുരാൻ പ്രദർശനത്തിനു വന്നപ്പോൾ കേന്ദ്രത്തിൽ നിന്ന് തന്നെ എതിർപ്പുണ്ടായി .

ലവ് ജിഹാദിന്റെ പേരിൽ കേരളത്തെ കുറ്റപ്പെടുത്തുന്ന ചിത്രത്തിൻറെ ടീസറും ട്രെയിലറും ഇവിടെ ആളുകളെ നിർബന്ധിച്ച് ബീഫ് കഴിപ്പിക്കുകയാനെന്നും പരിഹസിക്കുന്നു .കേരളത്തിൽ പൊതുവേ തമാശകൾക്ക് വഴി തിരിച്ച ഈ പ്രസ്താവം പക്ഷെ പുറമേ

**പാതിയോളം ന്യൂനപക്ഷ വിഭാഗക്കാർ താമസിക്കുന്ന സംസ്ഥാനമാണ് കേരളം . 27 ശതമാനം മുസ്ലിംകളും 18 ശതമാനം ക്രിസ്ത്യാനികളും എങ്കിലും ഇവിടെ നിന്ന് ഒരു വർഗ്ഗീയ ലഹളയും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല . മുസ്ലിംകൾ എഴുപതു ശതമാനം വരുന്ന മലപ്പുറം ജില്ലയിൽ പോലും മത സൌഹാർദത്തിനു ഉലച്ചിൽ തട്ടുന്നില്ല . . ഉത്സവങ്ങളിലും ആഘോഷങ്ങളിലും വിവിധ സമുദായക്കാർ പങ്കെടുക്കുന്ന നാടാണ് ഇത് . അപ്പോൾ ഇത്തരം ഒരു കഥക്ക് പിന്നിൽ ആരുടെ കുബുദ്ധിയാകും! .**

അങ്ങനെ ആകണമെന്നില്ല .മലയാളികളെ അങ്ങനെയാകും മറ്റു നാടുകളിൽ ഉള്ളവർ കാണുക എന്ന ആപൽക്കരമായ വശം ഇതിനുണ്ട് . വംശീയമായ വിരോധത്തിനും



ആക്രമണത്തിനും ഇത് പ്രേരണ നൽകും .ലക്ഷ കണക്കിന് അന്യ സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ സംസ്ഥാനത്തെ നിജസ്ഥിതി വിവേക് എക്സ് പ്രസ്സിൽ കേരളം വരെ വന്നാൽ അറിയാവുന്നതെ ഉള്ളൂ .പക്ഷെ ബോധപൂർവ്വം ഇങ്ങനെ ഒരു നരേറ്റീവ് സൃഷ്ടിക്കുന്നവരുടെ ലക്ഷ്യം മറ്റൊന്നാണ് .

പാതിയോളം ന്യൂനപക്ഷ വിഭാഗക്കാർ താമസിക്കുന്ന സംസ്ഥാനമാണ് കേരളം .27 ശതമാനം മുസ്ലിംകളും 18 ശതമാനം ക്രിസ്ത്യാനികളും എങ്കിലും ഇവിടെ നിന്ന് ഒരു വർഗ്ഗീയ ലഹളയും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല .മുസ്ലിംകൾ എഴുപതു ശതമാനം വരുന്ന മലപ്പുറം ജില്ലയിൽ പോലും മത സൌഹാർദത്തിനു ഉലച്ചിൽ തട്ടുന്നില്ല . ഉത്സവങ്ങളിലും ആഘോഷങ്ങളിലും വിവിധ സമുദായക്കാർ പങ്കെടുക്കുന്ന നാടാണ് ഇത് . അപ്പോൾ ഇത്തരം ഒരു കഥക്ക് പിന്നിൽ ആരുടെ കുബുദ്ധിയാകും! .

ഇതിനർത്ഥം മറ്റിടങ്ങളിലെ പോലെ ചില ഭീകരവാദികൾ ഇല്ലെന്നല്ല .പക്ഷെ അത് കേരളീയ സമൂഹത്തിൻറെ പൊതു ചിന്തയിൽ കടന്നു വരുന്നതെയില്ല .വികസനത്തിൽ കേരളം നിതി ആയോഗിന്റെ കണക്കിൽ തന്നെ ഇന്ത്യയിൽ ഏറ്റവും മുന്നിലാണ്. വികസനത്തിൻറെ മറ്റു സൂചകങ്ങളിലും കേരളം തന്നെ മുന്നിൽ .ഇത്തരമൊരു സംസ്ഥാനത്തിൻറെ മേൽ വിദ്വേഷം പ്രചരിപ്പിക്കുന്നവർ തീകൊണ്ടു കൊണ്ടു തല ചൊറിയുകയാണ് .



നിയമ സഭാ തെരഞ്ഞെടുപ്പ്/കേരളം

# നാടകീയമായ മാറ്റങ്ങൾ

**കേരളത്തിൽ രണ്ടു നടുനില കക്ഷികളുടെ ജീവന്മരണ പോരാട്ടമാണ് ഇപ്പോൾ നടക്കുന്നത് . അതിശക്തമായ ഭരണ വിരുദ്ധ വികാരം നിലവിൽ ഉണ്ടെന്നു വ്യക്തമാണെങ്കിലും അവസാന പാദത്തിൽ എൽ ഡി എഫ് എല്ലാ കരുക്കളും നീക്കി വിജയിക്കാനുള്ള ശ്രമത്തിലാണ്**

പി എസ് ജോസഫ്

കേരളം ഉൾപ്പടെ അഞ്ചു സംസ്ഥാനങ്ങളിലെ നിയമ സഭകളിലേക്ക് ഏപ്രിലിൽ തെരഞ്ഞെടുപ്പു നടക്കുകയാണെങ്കിലും നാടകീയമായ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നത് കേരളത്തിലാണ് .പശ്ചിമ ബംഗാളിൽ എസ് ഐ ആർ മൂലം വോട്ട് നിഷേധിക്കപ്പെട്ടവരുടെ സംഖ്യ കോടിയിൽ ഏറെ വർദ്ധിച്ചത് തെരഞ്ഞെടുപ്പിൽ മുന്നണിയിൽ നിൽക്കുന്ന മമതാ ബാനർജിയുടെ തൃണമൂൽ കോൺഗ്രസ്സിനെ വലുതായി ബാധിക്കുമെങ്കിലും ഇപ്പോഴും അവർ തന്നെയാണ് മുന്നിൽ .

> **തുടർ ഭരണം നേടിയ പിണറായിയുടെ നേതൃത്വത്തിൽ ഇടതു ജനാധിപത്യ മുന്നണി സി പി എമ്മിൻറെ അവസാനത്തെ കോട്ട സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ ആണ് . എൽ ഡി എഫ് തോറ്റാൽ സി പി എം ഇന്ത്യയിൽ ഒരിടത്തും അധികാരത്തിൽ ഉണ്ടാകില്ല . പിന്നീട് വരുന്ന തെരഞ്ഞെടുപ്പിൽ പാർട്ടി എന്താകുമെന്നു പ്രവചിക്കാനാവില്ല .**

തമിഴ് നാട്ടിൽ ഡി എം കെയുടെ എം കെ സ്റ്റാലിൻ അജയ്യനായി നില കൊള്ളുന്നു .

മുസ്ലിം വിരുദ്ധതയുടെ ബലത്തിൽ എസ് ഐ ആർ നടക്കാത്ത അസമിൽ ബി ജെ പിയുടെ ഹിമന്ത് ബിസ്വ വലിയ പ്രതീക്ഷയിൽ ആണ് .തുടർ ഭരണം നേടിയ പിണറായിയുടെ നേതൃത്വത്തിൽ ഇടതു ജനാധിപത്യ മുന്നണി സി പി എമ്മിൻറെ അവസാനത്തെ കോട്ട സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ ആണ് .എൽ ഡി എഫ് തോറ്റാൽ സി പി എം ഇന്ത്യയിൽ ഒരിട



ത്തും അധികാരത്തിൽ ഉണ്ടാകില്ല. പിന്നീട് വരുന്ന തെരഞ്ഞെടുപ്പിൽ പാർട്ടി എന്താകുമെന്നു പ്രവചിക്കാനാവില്ല .കോൺഗ്രസ് നയിക്കുന്ന ഐക്യ ജനാധിപത്യ മുന്നണിക്ക് വിജയം കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ പാർട്ടി കേരളത്തിൽ അപ്രസക്തമാകും .അവരോടൊപ്പം നിൽക്കുന്ന ന്യൂനപക്ഷ കക്ഷികളും മറിച്ചു ചിന്തിക്കും .ആ നിലക്ക് രണ്ടു നടുനില കക്ഷികളുടെ ജീവന്മരണ പോരാട്ടമാണ് നമുക്ക് മുന്നിൽ നടക്കുന്നത് .

അതിശക്തമായ ഭരണ വിരുദ്ധ വികാരം നിലവിൽ ഉണ്ടെന്നു വ്യക്തമാണെങ്കിലും അവസാന പാദത്തിൽ എൽ ഡി എഫ് എല്ലാ കരുക്കളും നീക്കി വിജയിക്കാനുള്ള ശ്രമത്തിലാണ് .എങ്കിലും മേൽക്കൈ യു ഡി എഫിനാണ് എന്ന് രണ്ടു അഭിപ്രായ സർവേകൾ വ്യക്തമാക്കുന്നു .

തദ്ദേശ തെരഞ്ഞെടുപ്പിൽ കേരളം വോട്ട് ചെയ്തത് പരിഗണിച്ചാൽ അതിൽ യാതൊരു സംശയത്തിനും വഴിയില്ല .പക്ഷെ അവസാന നിമിഷം വരെ ഇടതു മുന്നണിയെ എഴുതി തള്ളാൻ ആവില്ല.അത് പോലെ സ്വയം താണ് കൊടുക്കാൻ കഴിയുന്ന കോൺഗ്രസ്സിനെ പോലെയുള്ള മറ്റൊരു പാർട്ടിയും ഇല്ല.

ബി ജെ പി കോൺഗ്രസ് വോട്ടുകളിൽ വലിയ ചോർച്ച ഉണ്ടാക്കിയേക്കും എന്ന നിലക്ക് വി ഡി സതീശനോ പിണറായിയോ എന്നത് അവസാന പൂഴിക്കടകനിൽ

**കോൺഗ്രസ് നയിക്കുന്ന ഐക്യ ജനാധിപത്യ മുന്നണിക്ക് വിജയം കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ പാർട്ടി കേരളത്തിൽ അപ്രസക്തമാകും .അവരോടൊപ്പം നിൽക്കുന്ന ന്യൂനപക്ഷ കക്ഷികളും മറിച്ചു ചിന്തിക്കും .**

മാത്രമേ അറിയാനാവൂ . പക്ഷെ കേരളം ഇനിയൊരു തുടർ ഭരണം താങ്ങുമോ ?വളരെ ദോഷകരമായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ധാർമികമായ ഈ ചോദ്യം ഉയർത്തുന്നത് ഇടതു സഹയാത്രികർ തന്നെയാണ് .സച്ചിദാനന്ദനെയും സാറ ജോസഫിനെയും പോലെയുള്ളവർ .

ഇതിനിടെ വാക്ക് പാലിക്കുന്ന സർക്കാർ എന്ന് അവകാശപ്പെട്ടു കൊണ്ടു നിരവധി സർക്കാർ പരസ്യങ്ങൾ പുറത്തു വന്നു കഴിഞ്ഞു .വയനാട്ടിൽ ദുരന്തം നേരിട്ടവർക്ക് സർക്കാർ നൽകുന്ന ആദ്യഘട്ട വീടുകൾ കൈമാറി കൊണ്ടായിരുന്നു ഈ പ്രഖ്യാപനം .

അതേപോലെ നിരവധി പദ്ധതികളുടെ പ്രഖ്യാപനങ്ങളോ ഉൽഘാടനങ്ങളോ നടക്കുന്നു .ശബരി റയിൽ പാത, ആനക്കാം പൊയിൽ- മേപ്പാടി വയനാട് തുരങ്ക പാത,കട്ടപ്പന -തേനി തുരങ്കപ്പാത, ഉൾനാടൻ ജലപാത, ആയുർവേദഗവേഷണ കേന്ദ്രം എന്നിങ്ങനെ പോകുന്നു ഇവ . .രണ്ടു ലക്ഷം കോടി ചെലവു വരുന്ന റാപിഡ് റയിൽ പ്രോജക്റ്റും സ്വപ്ന പദ്ധതികളിൽ ഉണ്ട് ..അതിനിടക്ക് ശമ്പള കമ്മീഷൻ ,അഷ്വേഡ് പെൻഷൻ ,വർദ്ധിച്ച ഡി എ എന്നിങ്ങനെ ആനുകൂല്യങ്ങൾ .പി എസ് സി നിയമനപ്രായം നാല്പതായി കൂട്ടുന്നു. ലത്തീൻ കത്തോലിക്കർക്കു സംവരണത്തിനു വ്യവസ്ഥ. അവസാനമായി ജെ ബി കൊച്ചു കോശി കമ്മീഷൻ റിപ്പോർട്ടും പുറത്തു വിട്ടു .പോരെ പൂരം !

അഞ്ചു വർഷത്തെ പണി രണ്ടു മാസം  കൊണ്ടു തീർക്കുകയാണ് സർക്കാർ .കതിരിൽ വളം വെയ്ക്കുകയാണെങ്കിലും പ്രചാരണ രംഗത്ത് അനുയായികൾക്ക് എന്തെങ്കിലും അവകാശപെടാൻ ഇത് സഹായിക്കും .മാത്രമല്ല എത്ര പ്രധാനമാണ് തുടർഭരണം ഇടതു മുന്നണിക്ക് എന്ന് ഈ പ്രകടനങ്ങൾ വ്യക്തമാക്കുന്നു .ബി ജെ പി സർക്കാരിൻറെ തന്ത്രങ്ങൾ അണുവിട മാറ്റമില്ലാതെ പയറ്റുകയാണ് പിണറായി സർക്കാർ .

ഇത്ര സജീവമായി ഭരണ രംഗത്ത് ഇടപെടുന്നുവെങ്കിലും ഇടത് മുന്നണി സർക്കാരിന് ആശ്വസിക്കാൻ വഴി കുറവാണ് .പി എം ശ്രീ വിഷയം ആയാലും പൂരം മുടക്കൽ ആയാലും ആഗോള അയ്യപ്പ സംഗമം  ആയാലും ജനങ്ങളുടെ മുന്നിൽ സർക്കാർ പ്രതിക്കൂട്ടിലാണ്. വാരിക്കോരി പരസ്യം  നൽകിയാലും മുടി വെയ്ക്കാൻ കഴിയാത്ത വിധത്തിലാണ് ആരോപണങ്ങൾ. ശബരി മല യുവതി പ്രവേശനത്തിൽ പോലും താത്വികമായി ഒരു മലക്കം മറിച്ചിലിൽ ആണ്  പാർട്ടി ഇപ്പോൾ .മാത്രമല്ല ഭൂരിപക്ഷ സമുദായത്തെ  കൂടെ നിർത്താൻ വേണ്ടിയോ എന്തോ മുസ്ലിം വിരോധം പറയാനും അതിൽ അഭിരമിക്കുന്ന വെള്ളാപ്പള്ളിയെ  പോലെയുള്ളവരെ ആശ്ലേഷിക്കാനും പിണറായി വിജയൻ സന്നദ്ധനാണ് .പാർടിക്ക് വിധേയൻ  ആണ് താൻ എന്ന് പിണറായി പറയുന്നുവെങ്കിലും ഇന്നു  പാർട്ടിയാണ് പിണറായി എന്നതാണ് വസ്തുത .അതാണ് സി പി എമ്മിൽ  ഉള്ള ചിലരെ പോലും കക്ഷി  മാറാൻ   പ്രേരിപ്പിക്കുന്നത് .

പിണറായിസത്തിന്റെ  വരവോടെ പാർട്ടിയുടെ  ഘടന ദുർബലമായി .പോളിറ്റ് ബ്യൂറോ തന്നെ സംസ്ഥാന്ഘടകത്തിനെ പിന്തുടരേണ്ട നിലയിൽ വന്നു .പിണറായി വീണ്ടും നമ്മെ നയിക്കും എന്ന് പോളിറ്റ് ബ്യൂറോ സമ്മതം നൽകിയിരിക്കുന്നു ..

**അഞ്ചു വർഷത്തെ പണി രണ്ടു മാസം  കൊണ്ടു തീർക്കുകയാണ് സർക്കാർ . കതിരിൽ വളം വെയ്ക്കുകയാണെങ്കിലും പ്രചാരണ രംഗത്ത് അനുയായികൾക്ക് എന്തെങ്കിലും അവകാശപെടാൻ ഇത് സഹായിക്കും . മാത്രമല്ല എത്ര പ്രധാനമാണ് തുടർഭരണം ഇടതു മുന്നണിക്ക് എന്ന് ഈ പ്രകടനങ്ങൾ വ്യക്തമാക്കുന്നു . ബി ജെ പി സർക്കാരിൻറെ തന്ത്രങ്ങൾ അണുവിട മാറ്റമില്ലാതെ പയറ്റുകയാണ് പിണറായി സർക്കാർ .**

ഇതിനിടെ മോഹൻ ലാലുമായി അഭിമുഖം നടത്തി ഒരു മുഖം





മിനുക്കൽ നടത്താനും പിണറായി ശ്രമിക്കാതിരുന്നില്ല . അഭിമുഖം എന്തായാലും അറിയപ്പെടാത്ത ഒരു കാര്യവും പുറത്തു കൊണ്ടു വന്നില്ല .കുടുംബത്തോടുള്ള സ്നേഹം അല്ലാതെ . മാത്രമല്ല ആരോഗ്യമന്ത്രി വീണ ജോർജിനെതിരെ നടന്നുവെന്ന് പറയപ്പെടുന്ന വധശ്രമത്തിനു  തെളിവില്ല  എന്ന കണ്ടെത്തൽ സൃഷ്ടിച്ച പൊല്ലാപ്പ് വേറെ. അതിന്റെ പേരിൽ സംസ്ഥാനമാകെ അക്രമസംഭവങ്ങൾ ഉണ്ടായി . .ടി വി ഉള്ളത് കൊണ്ടു മാത്രം അതൊരു  വൈകാരിക ഏറ്റുമുട്ടൽ ആയി മാറിയില്ല

എങ്കിലും സർക്കാരിന് കത്രിക പൂട്ടിടുന്നതിനു പകരം ശബരിമലയിൽ ആണ് പ്രതിപക്ഷം പ്രതീക്ഷ വെച്ചിരിക്കുന്നത് .കാണാതായ സ്വർണ്ണപ്പാളികളെ  കുറിച്ചുള്ള അന്വേഷണം സി പി എമ്മിലെ തന്നെ പ്രമുഖരിൽ എത്തിയെങ്കിലും തന്ത്രി അറസ്റ്റ് ചെയ്യപ്പെട്ടതോടെ പ്രതിഷേധത്തിന്റെ ശക്തി കുറഞ്ഞു .ഇപ്പോൾ തന്ത്രിയെ ന്യായീകരിച്ചു  ഇറങ്ങിയിരിക്കുകയാണ് യു ഡി എഫ് നേതാക്കൾ .. ശബരിമലയിലെ അഴിമതി മാത്രം പറഞ്ഞാൽ മതി  ജനവികാരം വോട്ടാകും  എന്നു യു ഡി എഫ് കരുതുന്നു ..പക്ഷെ ശക്തമായി പല കോണുകളിൽ നിന്ന് ആക്രമിച്ചില്ലെങ്കിൽ  എൽ ഡി എഫ് കോട്ടയെ ഭേദിക്കാൻ സതീശനും  സംഘത്തിനും കഴിയില്ല . .

വി ഡി  സതീശനെ മുൻനിർത്തിയാണ് പുതു യുഗ യാത്ര തുടങ്ങിയത് എങ്കിലും മുഖ്യമന്ത്രി സ്ഥാനാർഥി  ആരെന്നത്  ഇപ്പോഴും ഒരു സമസ്യയാണ് അതാണ് സതീശനെ പിന്നൊട്ടു വലിക്കുന്നതും . കെ സി യും ശശി തരൂരും രമേഷ് ചെന്നിത്തലയുമുള്ള ഒരു ട്രോയിക്കക്ക്   എൽ ഡി എഫിനെ നേരിടുക എളുപ്പമല്ല .

ഇവിടെ പാർലമെന്റ്  തെരഞ്ഞെടുപ്പിലെ കോൺഗ്രസ് വിജയം കേന്ദ്രത്തിനെതിരെയുള്ള വോട്ട് ആയിരുന്നു എന്ന്ഓർക്കണം അവിടെയും തൃശൂരിൽ  സുരേഷ് ഗോപിയുടെ അട്ടിമറി വിജയം കാണാതിരുന്ന് കൂടാ ..




കേരളത്തിൽ ഏവർക്കും സുപരിചിതനായ യു ഡി എഫ് നേതാവി കെ മുരളിധരൻ അവിടെ മൂന്നാമതായി ..കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷ വോട്ടുകളിൽ വലിയ ചോർച്ച കൂടി ഉണ്ടായത് കൊണ്ടാണ് അത് സുരേഷ് ഗോപിക്ക് അനികൂലമായത് .

ഇപ്പോൾ അവർ മൈക്രോ മൈനോറിറ്റിഎന്നൊക്കെ പറഞ്ഞു വിലപിക്കുന്നുണ്ട് ..പോയാൽ ഒരു പേരെന്ന് ബി ജെപി നേതൃത്വം കരുതുന്നുണ്ടാകും .

ബി ജെ പി യുടെ കടന്നു വരവ് തീർച്ചയായും ഇരു മുന്നണികളുടെ പ്രതീക്ഷകളെയും ബാധിക്കും. അവർ അഞ്ചു സീറ്റ് നേടിയാൽ സ്ഥിതിഗതികൾ വല്ലാതെ മാറും . തിരുവനന്തപുരത്ത് തദേശ തെരഞ്ഞെടുപ്പിൽ അവർ മൂന്ന് സീറ്റിൽ മുന്നിലാണ് നേമത്ത് മന്ത്രി ശിവൻകുട്ടിയുടെ മണ്ടലത്തിൽ തന്നെയാണ് വിള്ളൽ ഉണ്ടായത് .അവിടെ ബി ജെ പിയുടെ രാജീവ് ചന്ദ്രശേഖരൻ മത്സരിക്കുന്നു .

തിരുവനതപുരവും വട്ടിയൂർകാവും അത് ആവർത്തിച്ചു ..തൃശ്ശൂരിൽ പദ്മജയും പാലക്കാട്ട് ശോഭാ സുരേന്ദ്രനും കടന്നു വന്നാൽ ഇരു മുന്നണികൾക്കും ഈ അഞ്ചു സീട്ടുകളിലെ വിജയം എളുപ്പമാകില്ല .

മഞ്ചേശ്വരത്തും അവർ അത്ഭുതം പ്രതീക്ഷിക്കുന്നുണ്ട് . ഭൂരിപക്ഷ സമുദായത്തിൽ പെട്ടവർ കുടുതൽ ഉള്ള തെരഞ്ഞെടുപ്പുമണ്ടലങ്ങൾ ആണിവ എന്നത് വലിയ വെല്ലുവിളി ഉയർത്തുന്നു .

പക്ഷെ ഈ നിയസഭാ തെരഞ്ഞെടുപ്പിൽ നടുനില കക്ഷികൾക്ക് തന്നെയാകും മുന്നോക്കം . ഭരണവിരുദ്ധ വികാരം സഹായിക്കുമെന്ന് യു ഡി എഫ് കരുതുമ്പോൾ പിണറായി കൈ തട്ടിക്കളയും എന്ന് എൽ ഡി എഫും കരുതുന്നു .

പക്ഷെ ജനങ്ങൾ എല്ലാം അറിയുന്നുണ്ട് . അവർ ഒന്നും മറക്കുന്നില്ല എന്നതാണ് വാസ്തവം. അത് തദ്ദേശ തെരഞ്ഞെടുപ്പു തെളിയിച്ചു .

അതിനപ്പുറം അവർ മാറി ചിന്തിക്കുമോ, അതിനുള്ള എലെക്ഷൻ എഞ്ചിനീയറിംഗ് സി പി എമ്മിന് ഉണ്ടോ എന്നാണ് വരും നാളുകളിൽ അറിയേണ്ടത് .

**ബി ജെ പി യുടെ കടന്നു വരവ് തീർച്ചയായും ഇരു മുന്നണികളുടെ പ്രതീക്ഷകളെയും ബാധിക്കും . അവർ അഞ്ചു സീറ്റ് നേടിയാൽ സ്ഥിതിഗതികൾ വല്ലാതെ മാറും . തിരുവനന്തപുരത്ത് തദേശ തെരഞ്ഞെടുപ്പിൽ അവർ മൂന്ന് സീറ്റിൽ മുന്നിലാണ് നേമത്ത് മന്ത്രി ശിവൻ കുട്ടിയുടെ മണ്ടലത്തിൽ തന്നെയാണ് വിള്ളൽ ഉണ്ടായത്**





യു ഡി എഫ് /കേരളം

# വിജയം എത്രയകലെ?

**ഭരണവിരുദ്ധവികാരവും സി പി എമ്മിലെ പ്രതിസന്ധികളും യു ഡി എഫിന് വിജയസാധ്യത നൽകുന്നുണ്ട്. എന്നാൽ ആ വിജയം എളുപ്പം എത്തിപ്പിടിക്കാവുന്ന ഒന്നല്ല. ആവോളം വിയർപ്പൊഴുക്കിയാൽ മാത്രം നേടിയേക്കാവുന്ന ഒരു വിജയമാണത്.**

◉ എസ് സുന്ദർദാസ്



സി പി എം നേതൃത്വത്തിലുള്ള ഇടതുമുന്നണി 'തുടർഭരണം' ലക്ഷ്യമാക്കിയാണ് നിയമസഭാതെരഞ്ഞെടുപ്പിനെ നേരിടാനൊരുങ്ങുന്നതെങ്കിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണി ';ഭരണം തിരിച്ചുപിടിക്കൽ' ശ്രമവുമായാണ് ഗോദയിലിറങ്ങുന്നത്. കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പുകളിലെ തോൽവികളിൽനിന്ന് പഠിക്കാനും അതിന്റെ അടിസ്ഥാനത്തിൽ പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കാനും കോൺഗ്രസിന് കഴിയുന്നുണ്ടോ എന്നതാണ് അടുത്ത തെരഞ്ഞെടുപ്പിലെ അവരുടെ വിജയം നിർണയിക്കുക. കോൺഗ്രസ് കഴിഞ്ഞാൽ യു ഡി എഫിലെ പ്രധാന ഘടകകക്ഷികൾ മുസ്‌ലിം ലീഗും കേരളാകോൺഗ്രസ് – ജെയുമാണ്.

അതിൽ നിർണായക ശക്തി ലീഗ് തന്നെ. അവരുടെ കോട്ടകൊത്തളങ്ങൾക്ക് ഒരു കോട്ടവുമില്ല. അപ്പോൾ പ്രശനം കോൺഗ്രസിന്റേതാണ്.

കേരളസംസ്ഥാനം രൂപീകരിച്ച ശേഷം ഇതുവരെ ഇരുമുന്നണികളും മാറിമാറി ഭരിക്കുകയായിരുന്നു. ദുസ്സഹഭരണത്തിന്റെ മന്ത് ഇടത് കാലിലേക്കും വലതുകാലിലേക്കും മാറിമാറി പ്രയോഗിക്കുകയായിരുന്നു ജനം. എന്നാൽ 2011-16 കാലത്തെ ഉമ്മൻചാണ്ടി സർക്കാറിനുശേഷം അധികാരത്തിൽവന്ന ഇടതുമുന്നണി 2016-2021-നുശേ

**കോൺഗ്രസ് കഴിഞ്ഞാൽ യു ഡി എഫിലെ പ്രധാന ഘടകകക്ഷികൾ മുസ്‌ലിം ലീഗും കേരളാകോൺഗ്രസ് – ജെ യുമാണ്. അതിൽ നിർണായക ശക്തി ലീഗ് തന്നെ. അവരുടെ കോട്ടകൊത്തളങ്ങൾക്ക് ഒരു കോട്ടവുമില്ല. അപ്പോൾ പ്രശനം കോൺഗ്രസിന്റേതാണ്.**

ഷം തുടർഭരണം നേടിയെടുക്കുകയായിരുന്നു.

ബംഗാളിലെപോലെ ദീർഘകാല തുടർഭരണം കേരളത്തിലും സാധ്യമാകും എന്ന സ്വപ്നം കാണുകയാണ് ഇടതുമുന്നണി. അതേസമയം സിപിഎം ബംഗാളിൽ തറപറ്റാൻ മൂന്ന് പതിറ്റാണ്ടിൽ ഏറെ എടുത്തെങ്കിൽ ഇവിടെ അത് പത്ത് വർഷം കൊണ്ടുതന്നെ സംഭവിക്കുമെന്നും തങ്ങൾക്ക് ഭരണത്തിലേറാനാകുമെന്നും ആണ് കോൺഗ്രസിന്റെ സ്വപനം.എന്നാൽ ഈ രണ്ട് മുന്നണികളുടെയും സ്വപ്നങ്ങൾക്കിടയിൽ ഒരു യാഥാർത്ഥ്യമുണ്ട്. രണ്ടുമുന്നണികളിൽ അത് കാണാൻ കൂട്ടാക്കുന്നില്ല.

കേരളരാഷ്ട്രീയത്തിൽ ബിജെപിയുടെ സാന്നിധ്യമാണ് ആ യാഥാർത്ഥ്യം. ആദ്യം ഓ രാജഗോപാലിന്റെ നിയമസഭാവിജയം, തുടർന്ന് ലോകസഭാതെരഞ്ഞ്ഞെടുപ്പിൽ തൃശ്ശൂറിൽനിന്ന് സുരേഷ്ഗോപിയുടെ വിജയം, അടുത്തകാലത്ത് തിരുവനന്തപുരം കോർപറേഷനിലെ വിജയം എന്നിവയൊക്കെ കാണിക്കുന്നത് ബി ജെ പി കേരളത്തിൽ ഒരു നിർണായക ശക്തിയായി മാറുന്നു എന്നതാണ്.

ഇതൊരു പുതിയ സാഹചര്യമാണ്. മുൻ കാലങ്ങളിൽ ജനസംഘം /ബി ജെ പി -ആർ എസ് എസ് വോട്ടുകൾ കോൺഗ്രസ്സിനാണ് ലഭിച്ചുപോന്നത്.

ചില നിഗൂഢ താല്പര്യങ്ങളുടെ പേരിൽ ചിലപ്പോൾ ( കോൺഗ്രസ് മുന്നണിയിലെ ലീഗിന്റെ സാന്നിദ്ധ്യം ഇതിന് ഒരു കാരണം) ആ വോട്ടുകൾ ഇടത് മുന്നണിക്കും ലഭിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ ബി ജെ പി സ്വയം ശക്തി തെളിയിക്കാൻ ശ്രമിക്കുന്ന സാഹചര്യത്തിൽ അവരുടെ വോട്ടുകൾ ഏതെങ്കിലും മുന്നണിയിലേക്ക് ചായുകയോ ചോരുകയോ ചെയ്യുന്നില്ല. കേന്ദ്രത്തിലെ തുടര്ഭരണവും അവർക്ക് പകരം മറ്റൊരു ശക്തിയെ കാണാനില്ലെന്നതും കേരളത്തിലും ബി ജെ പിയുടെ സ്വീകാര്യത വർദ്ധിപ്പിച്ചിട്ടുണ്ട്. 2016-ലെ നിയമസഭാതെരഞ്ഞെടുപ്പിൽ നല്ലൊരു ഭാഗം ഹൈന്ദവവോട്ടുകൾ കോൺഗ്രസ്സിന് നഷ്ടപ്പെട്ടു. എന്നാൽ കെട്ടുറപ്പുള്ള ഒരു കേഡർ പാർട്ടി എന്നനിലയിൽ സി പി എമ്മിനെ അത് അന്ന് ബാധിച്ചില്ല. മാത്രവുമല്ല കണ്ണൂരിലൊക്കെ വൻതോതിൽ ആർ എസ് എസ് - ബി ജെ പി പ്രവർത്തകർ സി പി എമ്മിലേക്ക് വന്നെത്തുകപോലും ഉണ്ടായിട്ടുണ്ട്. 2021-ലും സി പി എമ്മിന്റെ സിനും യു ഡി എഫിനും അനുകൂലമാണ്. ബി ജെ പി ശക്തി ആർജിക്കുന്നത് ഇപ്പോൾ കൂടുതൽ പരിക്കേല്പിക്കുന്നത് സി പി എമ്മിനെയും ഇടതുമുന്നണിയെയും ആണ്. അഴിമതിയും സ്വജനപക്ഷപാതവും സൃഷ്ടിക്കുന്ന ഭരണവിരുദ്ധവികാരവും ഇപ്പോൾ ജനങ്ങൾക്കിടയിൽ ശക്തമാണ്. മാത്രവുമല്ല ആസന്നമായ തെരഞ്ഞെടുപ്പിൽ അധികാരം പിടിച്ചെടുക്കാവുന്ന വിധമുള്ള ഒരു ശക്തിയല്ല ബി ജെ പി. അതിനാൽ അധികാരം പിടിച്ചെടുക്കാനുള്ള ഒരു സുവർ

**ബി ജെ പി സ്വയം ശക്തി തെളിയിക്കാൻ ശ്രമിക്കുന്ന സാഹചര്യത്തിൽ അവരുടെ വോട്ടുകൾ ഏതെങ്കിലും മുന്നണിയിലേക്ക് ചായുകയോ ചോരുകയോ ചെയ്യുന്നില്ല. കേന്ദ്രത്തിലെ തുടര്ഭരണവും അവർക്ക് പകരം മറ്റൊരു ശക്തിയെ കാണാനില്ലെന്നതും കേരളത്തിലും ബി ജെ പിയുടെ സ്വീകാര്യത വർദ്ധിപ്പിച്ചിട്ടുണ്ട്. 2016 – ലെ നിയമസഭാതെരഞ്ഞെടുപ്പിൽ നല്ലൊരു ഭാഗം ഹൈന്ദവവോട്ടുകൾ കോൺഗ്രസ്സിന് നഷ്ടപ്പെട്ടു. എന്നാൽ കെട്ടുറപ്പുള്ള ഒരു കേഡർ പാർട്ടി എന്നനിലയിൽ സി പി എമ്മിനെ അത് അന്ന് ബാധിച്ചില്ല.**

കെട്ടുറപ്പിന് വലിയ വെല്ലുവിളി ഉണ്ടായില്ല. പാർട്ടിയിൽ പിണറായിവിജയന്റെ അപ്രമാദിത്തം സി പി എമ്മിനെ ഇക്കാര്യത്തിൽ സഹായിച്ചു.

എന്നാൽ ഇപ്പോഴത്തെ സ്ഥിതി അതല്ല. പാർട്ടിയുടെ അലകും പിടിയും ഇളകിത്തുടങ്ങിയിരിക്കുന്നു. പാർട്ടിക്കുള്ളിൽ വിമര്ശനങ്ങളും വിജോജിപ്പുകളും ഉയരുന്നു. പാർട്ടിയുടെ ആസന്നമായ തകർച്ച മുന്കൂട്ടിക്കണ്ടിട്ടെന്നപോലെ പല നേതാക്കളും പാർട്ടിവിടുന്നു, അല്ലെങ്കിൽ വിടാനൊരുങ്ങുന്നു. പാർട്ടിയുടെ ഒരു മുൻ എം എൽ എ അടക്കം പലരും നിസ്സങ്കോചം ബി ജെ പിയിൽ ചേരുന്നു.

ഇടതുപക്ഷബുദ്ധിജീവികൾ തന്നെ ഇനിയൊരു തുടര്ഭരണം ആപൽക്കരമാണെന്ന് വിലയിരുത്തുന്നു.

ഈ സാഹചര്യം കോൺഗ്രണാവസരമാണ് യു ഡി എഫിനെ സംബന്ധിച്ചിടത്തോളം ഇത്.

എന്നാൽ അധികാരം ലഭിക്കാൻ അതിയായ മോഹം ഉണ്ടെന്നതിനപ്പുറം അധികാരം പിടിച്ചെടുക്കാൻ കോൺഗ്രസ് സജ്ജമാണോ? കേരളത്തിൽ തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസിനെ തോൽപ്പിക്കുന്നത് കോൺഗ്രസ് തന്നെയാണെന്ന് പറയാറുള്ളത് ശരിയാണ്. ഇടതുപക്ഷത്ത് പിണറായി വിജയൻ എതിരറ്റ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടപ്പെടുമ്പോൾ കോൺഗ്രസിൽ പിടിവലി മുറുകുകയാണ്.

നിലവിലെ പ്രതിപക്ഷനേതാവെന്ന നിലയിൽ വി ഡി സതീശൻ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി രംഗത്തുണ്ട്. രമേശ് ചെന്നിത്തല ശക്തമായ നീക്കങ്ങൾ നടത്തുന്നു. എം പി മാരിൽ പലരും മുഖ്യമന്ത്രി സ്ഥാനത്തിൽ കണ്ണുനട്ട് നിയമസഭ



യിലേക്ക് മത്സരിക്കാൻ ഒരുങ്ങിയത് ഭാഗ്യം കൊണ്ട് ഹൈക്കമാൻഡ് തടഞ്ഞു. ഇല്ലെങ്കിൽ കൂട്ടയടി ഉറപ്പാകുമായിരുന്നു.

കോൺഗ്രസ് ഗണ്യമായ സീറ്റുകൾ നേടിയാൽ മാത്രമേ യു ഡി എഫിന് അധികാരത്തിലേറാൻ കഴിയുകയുള്ളു. കഴിഞ്ഞ മൂന്ന് നിയമസഭാതെരഞ്ഞ്ഞെടുപ്പുകളുടെ കണക്ക് നോക്കുമ്പോൾ ഇത് അത്ര എളുപ്പമല്ല. 2011–ൽ യു ഡി എഫ് സർക്കാർ അധികാരത്തിൽവന്നത് എൽ ഡി എഫിനേക്കാൾ നാൾ സീറ്റുകൾ മാത്രം അധികം നേടിക്കൊണ്ടാണ്. യു ഡി എഫ് 72 സീറ്റുകളും എൽ ഡി എഫ് 68 സീറ്റുകളും നേടി. മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആയതുകൊണ്ടായിരുന്നു ആ സർക്കാർ കാലിടറാതെ കാലാവധി തികച്ചത്. ആ തെരഞ്ഞെടുപ്പിൽ 82 സീറ്റുകളിൽ മത്സരിച്ച കോൺഗ്രസ് വിജയിച്ചത് 35 –ൽ മാത്രം. എന്നാൽ 68 സീറ്റുകളിൽ മത്സരിച്ച സി പി എം വിജയിച്ചത് 45 –ൽ. 2011–ലെ നേരിയ വിജയം 2016–ൽ വൻ പരാജയമായി മാറി. യു ഡി എഫിന് മൊത്തം 47 സീറ്റുകൾ ലഭിച്ചപ്പോൾ അതിൽ കോൺഗ്രസിന്റെ വിഹിതം 22. കോൺഗ്രസ് മത്സരിച്ച സീറ്റുകളാകട്ടെ 87. എൽ ഡി എഫ് 91 സീറ്റുകൾ നേടി അധികാരമേറ്റപ്പോൾ അതിൽ സി പി എമ്മിന്റെ വിഹിതം 58. ഇരുമുന്നണികൾക്കും പുറത്ത് ബി ജെ പിയും സ്വതന്ത്രനും ( പി സി ജോർജ് ) ഓരോ സീറ്റുകൾ നേടി. 2021– ൽ തുടർഭരണം നേടിയ എൽ ഡി എഫ് നിയമസഭയിലെ അംഗസംഖ്യ 99 ആയി വർദ്ധിപ്പിച്ചു. അതിൽ സി പി എമ്മിന്റെ വിഹിതം 77 ആയി ഉയർന്നു. എന്നാൽ കോൺഗ്രസിന്റെ പ്രകടനം ദയനീയമായിരുന്നു.93 സീറ്റുകളിൽ മത്സരിച്ച അവർക്ക് ലഭിച്ചത് 21 സീറ്റുകൾ മാത്രം. യു ഡി എഫ് ആകെ നേടിയത് 41 സീറ്റുകൾ. ഈ സാഹചര്യത്തിൽ യു ഡി എഫിനെ സംബന്ധിച്ചിടത്ത്ഘോലം എൽ ഡി എഫിനെ തകർക്കുക എന്നാൽ സി പി എമ്മിനെ തകർക്കുക എന്നാണ്. എന്നാൽ അത് എളുപ്പമല്ലെന്നാണ് കഴിഞ്ഞ മൂന്ന് തെരഞ്ഞെടുപ്പുകളിലെ കണക്കുകൾ വ്യക്തമാക്കുന്നത്. കോൺഗ്രസ് എത്രതന്നെ ശ്രമിച്ചാലും സി പിഎം സ്വയം ദുർബലമാകാതെ എൽ ഡി എഫിനെ തോൽപ്പിക്കാൻ കഴിയുകയില്ല. ഇപ്പോഴത്തെ ഭരണ വിരുദ്ധവികാരവും സി പി എമ്മിലെതന്നെ അന്ത :ച്ഛിദ്രവും ഇതിന് വഴിതെളിക്കുമെന്ന് കോൺഗ്രസ് കരുതുന്നു. എന്നാൽ ആത്യന്തികമായി കോൺഗ്രസിന്റെ പരിശ്രമം തന്നെയാകും നിർണായകം. അതായത് ഈ തെരഞ്ഞെടുപ്പിൽ വിജയം മന്നപോലെ ആകാശത്തു നിന്നും മുന്നിൽ വന്നുവീഴുകയില്ല; മരിച്ച അത് കോൺഗ്രസ് നേതാക്കളുടെയും പ്രവർത്തകരുടെയും വിയർപ്പിൽനിന്ന് ഉയിർകൊള്ളേണ്ട ഒന്നാണ്.

**ബിജെ പി ശക്തി ആർജിക്കുന്നത് ഇപ്പോൾ കൂടുതൽ പരിക്കേല്പിക്കുന്നത് സി പി എമ്മിനെയും ഇടതുമുന്നണിയെയും ആണ്. അഴിമതിയും സ്വജനപക്ഷപാതവും സൃഷ്ടിക്കുന്ന ഭരണവിരുദ്ധവികാരവും ഇപ്പോൾ ജനങ്ങൾക്കിടയിൽ ശക്തമാണ്. മാത്രവുമല്ല ആസന്നമായ തെരഞ്ഞെടുപ്പിൽ അധികാരം പിടിച്ചെടുക്കാവുന്ന വിധമുള്ള ഒരു ശക്തിയല്ല ബി ജെ പി. അതിനാൽ അധികാരം പിടിച്ചെടുക്കാനുള്ള ഒരു സുവർണാവസരമാണ് യു ഡി എഫിനെ സംബന്ധിച്ചിടത്തോളം ഇത്.**

NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।




- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.





# കനൽ കെടും കാലം

**തെരഞ്ഞെടുപ്പ് കാലത്ത് സംസ്ഥാനത്തെ മുന്നണികൾ എവിടെ നിൽക്കുന്നു. ഒരു രാഷ്ട്രീയ വിശകലനം**

എം.കെ നാരായണ മൂർത്തി



കേരളം അടുത്ത തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിനായി കാതോർത്തിരിക്കുന്ന നാളുകളാണ്. മൂന്ന് മുന്നണികളും തെരഞ്ഞെടുപ്പെന്ന ജനാധിപത്യ പ്രക്രിയയിൽ സജീവമാകാനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു കഴിഞ്ഞു. തെരഞ്ഞെടുപ്പ് നേർച്ചകളിൽ പരമപ്രധാനമെന്ന് മുന്നണികളും അതിൽ തീരെ താല്പര്യം കാട്ടാതെ ജനങ്ങളും പ്രതികരിച്ച സംസ്ഥാന ജാഥകൾ മൂന്ന് മുന്നണികളും നടത്തിക്കഴിഞ്ഞു. ജാഥയിൽ ഒഴിഞ്ഞ കസേരകൾ കണ്ട് തങ്ങൾ ഞെട്ടിപ്പോയിയെന്നാണ് എൽ.ഡി.എഫിലെ രണ്ടാമനായ സി.പി.ഐയുടെ സംസ്ഥാന എക്സിക്യൂട്ടീവിൽ പരിദേവനങ്ങൾ ഉയർന്നത്.

ഈ പരിദേവനം ഉയർന്നതിന്റെ പിറ്റേന്ന് തന്നെ കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ കീശയിലേക്ക് കൊടുക്കാനുള്ള മുഴുവൻ ഡി.എ കുടിശ്ശികയും നൽകികൊണ്ട് ബാലഗോപാൽ സഖാവിന്റെ ഉത്തരവും വന്നു. അഞ്ചുലക്ഷത്തിൽ പരം വരുന്ന സർക്കാർ ഉദ്യോഗസ്ഥർ ഫെബ്രുവരി ഇരുപത്തിയൊന്നാം തീയ്യതി കണ്ണു തുറന്നപ്പോൾ അതാ വന്നു കിടക്കുന്നു പിണറായി വിജയൻ വ്യക്തിപരമായി അഭിസംബോധന ചെയ്തു കൊണ്ടുള്ള മെസ്സേജ്. തരാം എന്ന് പറഞ്ഞത് തന്നു.

> **തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ലഭിച്ച നേരിയ മുൻകൈ കേരളത്തിലെ ജനങ്ങൾ തങ്ങളെ സ്വീകരിച്ചു കഴിഞ്ഞു എന്ന മട്ടിൽ കേരളത്തിലെ കോൺഗ്രസ്സ് നേതൃത്വത്തിലെ വി.ഡി സതീശനും അനുകൂലികളും കരുതുമ്പോൾ വളരെ കരുതലോടെയാണ് രമേശ് ചെന്നിത്തലയും കോൺഗ്രസ്സ് പ്രസിഡന്റ് സണ്ണി ജോസഫും കാര്യങ്ങളെ കാണുന്നത്.**

ഞങ്ങളെ കാപ്പാത്തുങ്കോ എന്നതായിരുന്നു ആ മെസ്സേജിന്റെ സാരാംശം.ഈയുള്ളവന്റെ സർക്കാർ ഉദ്യോഗസ്ഥയായ വാമഭാഗം മെസ്സേജ് കണ്ട് ആനന്ദകണ്ണീർ തൂകി. ഇതേ ദിവസം തന്നെ ഉഷാ ജോസഫ് എന്ന രോഗിയുടെ ആമാശയത്തിനുള്ളിൽ മറന്നു വച്ച കത്രിക പുറത്തെടുക്കപ്പെടുന്നു. കത്രിക അകത്തു വച്ചതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് ആരോഗ്യവകുപ്പ് മന്ത്രി രാജിവയ്ക്കണമെന്ന് ആവ

ശ്യപ്പെട്ട് യൂത്ത് കോൺഗ്രസ്സുകാർ മന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്ക് തള്ളിക്കയറി റീത്ത് വയ്ക്കുകയും ആ പ്രവർത്തിയുടെ പിതൃത്വം തനിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ കയ്യോടെ പ്രതികരിക്കുകയും ചെയ്തു.

ഇത്തരത്തിലാണ് കേരള രാഷ്ട്രീയത്തിൽ തെരഞ്ഞെടുപ്പിനെ നേരിടാൻ മുന്നണികൾ ഒരുങ്ങുന്നത്.തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ലഭിച്ച നേരിയ മുൻകൈ കേരളത്തിലെ ജനങ്ങൾ തങ്ങളെ സ്വീകരിച്ചു കഴിഞ്ഞു എന്ന മട്ടിൽ കേരളത്തിലെ കോൺഗ്രസ്സ് നേതൃത്വത്തിലെ വി.ഡി സതീശനും അനുകൂലികളും കരുതുമ്പോൾ വളരെ കരുതലോടെയാണ് രമേശ് ചെന്നിത്തലയും കോൺഗ്രസ്സ് പ്രസിഡന്റ് സണ്ണി ജോസഫും കാര്യങ്ങളെ കാണുന്നത്.

കോൺഗ്രസ്സിന് അവർക്ക് ലഭിച്ച സീറ്റുകളിൽ സ്ഥനാർത്ഥി നിർണ്ണയം നടത്താൻ കഴിയാത്തതിലെ അമർഷം കുഞ്ഞാലിക്കുട്ടി സാഹിബ് ഡൽഹിയിലെത്തി രാഹുൽ ഗാന്ധിയെ ധരിപ്പിച്ചു. മധുസൂതൻ മിസ്ത്രിയും കനഗോലുവും പറയുന്നതിനപ്പുറം ആരെയും വിശ്വസിക്കേണ്ടതില്ലെന്നാണ് കെ.സി വോണുഗോപാൽ കേന്ദ്ര നേതൃത്വത്തെ പഠിപ്പിച്ചിരിക്കുന്നത്. സതീശനും രമേശ് ചെന്നിത്തലയും എം.എം ഹസ്സനും പറയുന്നത് കേൾക്കാനാണെങ്കിൽ കോടികൾ പ്രതിഫലം നൽകി കഴിഞ്ഞ ഒരു വർഷമായി കനഗോലുവിനെ കേരളത്തിൽ കൊണ്ടു വന്ന് പാർപ്പിച്ച് ചുട്ട കോഴിയും കരിമീൻ പൊള്ളിച്ചതും നൽകേണ്ട കാര്യമുണ്ടായിരുന്നോ എന്നതാണ് കെ.സി വേണുഗോപാലിന്റെ ചോദ്യം.ശശി തരൂരിനും ഇതേ ചോദ്യമുണ്ട്.

പിണറായി വിജയന്റെ നായകമികവിൽ ഇക്കുറി ജയിച്ചു കളയാമെന്ന് കരുതണ്ടെന്ന് താഴേത്തട്ടിലുള്ള സഖാക്കന്മാർ ഒളിഞ്ഞും തെളിഞ്ഞും പറഞ്ഞു തുടങ്ങിയിട്ടുണ്ട്.

കേരം തിങ്ങും കേരളനാട്ടിൽ കെ.ആർ ഗൗരി ഭരിച്ചീടുമെന്ന് പാടിയ പഴയ പാട്ടിൽ ഒരു ചെറിയ മാറ്റം വരുത്തി കെ.കെ ശൈലജ ഭരിച്ചീടും എന്നാക്കിയാൽ കൊള്ളാമെന്ന് കരുതുന്ന സഖാക്കൾ ഉത്തരകേരളത്തിൽ മാത്രമല്ല പപ്പനാവന്റെ മണ്ണിലുമുണ്ട്. എം.എ ബേബി സഖാവിനും ഇതേ അഭിപ്രായമാണെന്നാണ് ഡൽഹി കത്ത്.പക്ഷേ ഇതാരോട് പിണറായിയോട് പറയുമെന്നതാണ് ഇപ്പോഴത്തെ പ്രശ്നം. ഭരണവിരുദ്ധ വികാരം ഉണ്ടെന്നറിയാൻ പാഴൂർ പടിപ്പുര വരെയൊന്നും പോകണമെന്നില്ല. കേരളത്തിലെ ഏതെങ്കിലും ഒരു റവന്യൂ ഓഫീസിൽ ഒരു കൈവശാവകാശ സർട്ടിഫിക്കറ്റ് വാങ്ങാൻ ചെന്നാൽ മതി. അമ്പതിനായിരത്തിലാണ് റേറ്റിന്റെ തുടക്കം. അതിനായി നൽകിയ രേഖയിൽ മഴത്തുള്ളിയെങ്ങാനും വീണാൽ റേറ്റ് പതിന്മടങ്ങാകും. വിജിലൻസ് പിടിയിലാകുമ്പോൾ പുളിമാങ്ങ തിന്നവന്റെ ലക്ഷണത്തോടെ പോലീസ് ജീപ്പിൽ കയറിയിരിക്കും.

**പിണറായി വിജയന്റെ നായകമികവിൽ ഇക്കുറി ജയിച്ചു കളയാമെന്ന് കരുതണ്ടെന്ന് താഴേത്തട്ടിലുള്ള സഖാക്കന്മാർ ഒളിഞ്ഞും തെളിഞ്ഞും പറഞ്ഞു തുടങ്ങിയിട്ടുണ്ട്. കേരം തിങ്ങും കേരളനാട്ടിൽ കെ. ആർ ഗൗരി ഭരിച്ചീടുമെന്ന് പാടിയ പഴയ പാട്ടിൽ ഒരു ചെറിയ മാറ്റം വരുത്തി കെ. കെ ശൈലജ ഭരിച്ചീടും എന്നാക്കിയാൽ കൊള്ളാമെന്ന് കരുതുന്ന സഖാക്കൾ ഉത്തരകേരളത്തിൽ മാത്രമല്ല പപ്പനാവന്റെ മണ്ണിലുമുണ്ട്. എം. എ ബേബി സഖാവിനും ഇതേ അഭിപ്രായമാണെന്നാണ് ഡൽഹി കത്ത്.പക്ഷേ ഇതാരോട് പിണറായിയോട് പറയുമെന്നതാണ് ഇപ്പോഴത്തെ പ്രശ്നം.**

മുഖ്യമന്ത്രി നേരിട്ട് ഭരിക്കുന്ന വകുപ്പുകളിൽ വരെ ഇതാണ് സ്ഥിതി. പക്ഷേ ഇത്തരം കാര്യങ്ങളെ മറിക്കടക്കാനുള്ള പിണറായിയുടെ പൂഴിക്കടകൻ ഇടതു എം.എൽ.എമാർ അവരവരുടെ മണ്ഡലത്തിൽ നടത്തിയ വ്യത്യസ്തമായ പ്രവ്രത്തനങ്ങളാണ്. കേവല വികസന പ്രവർത്തനങ്ങൾക്കപ്പുറം പരിസ്ഥിതി, വിദ്യാഭ്യാസം, ആരോഗ്യം, സ്പോർട്സ്, ജലവിതരണം, മാലിന്യ നിയന്ത്രണം,കൃഷി തുടങ്ങിയ കാര്യങ്ങളിൽ അവർ പാർട്ടി വ്യത്യാസമില്ലാതെ സർവ്വ ജനങ്ങളേയും കൂട്ടിയിണക്കി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി. ഉദ്യോഗസ്ഥന്മാരെ കൈയ്യിട്ടു വാരാൻ അനുവദിക്കാതെ സോഷ്യൽ ഓഡിറ്റിംഗ് ഉൾപ്പടെ നടത്തിയാണ് ഈ എം.എൽ.എമാർ പണിയെടുത്തത്.

ഇതിനേറ്റവും നല്ല ഉദാഹരണമാണ് തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് എം.എൽ.എയും തൊട്ടടുത്ത കാട്ടാക്കട മണ്ഡലത്തിലെ ഐ.ബി സതീഷും. വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ചെറുപ്പക്കാരുടെ ഒരു കൂട്ടായ്മ VYBE എന്ന പേരിൽ രൂപീകരിച്ച് ലഭിക്കാവുന്ന ഫണ്ടുകളൊക്കെ സ്വരൂപിച്ചു കൊണ്ട് പ്രശാന്ത് നടത്തിയ പ്രവർത്തനങ്ങൾ രാഷ്ട്രീയ എതിരാളികളെ പോലും അമ്പരപ്പിക്കുന്നതായിരുന്നു. ഭൂഗർഭ ജലത്തിന്റെ തോത് വർദ്ധിപ്പിച്ചു കൊണ്ട് കാട്ടാക്കട നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാസ്ത്രീയമായി തന്നെ പരിഹാരം കണ്ട ഐ.ബി സതീഷിന്റെ ദീർഘ ദൃഷ്ടിയോടെയുള്ള പ്രവർത്തനങ്ങൾ കേരളത്തിലെ ഭരണ-പ്രതിപക്ഷ എം.എൽ.എമാർ

ഏറ്റെടുക്കുകയും ജലവിഭവങ്ങളുടെ ചുമതല വഹിക്കുന്ന യു.എൻ ഏജൻസികൾ ഇതേ പറ്റി മറ്റ് പല രാജ്യങ്ങളിലും പ്രചരിപ്പിക്കുകയുമുണ്ടായി.

ഈ പറഞ്ഞത് ചില ഉദാഹരണങ്ങൾ മാത്രം. ഇത്തരത്തിൽ സർക്കാർ സഹായത്തോടെയാണെങ്കിലും ഇടതുപക്ഷ എം.എൽ.എമാർ അവരവരുടെ നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വോട്ടായി മാറുമെന്ന് പിണറായിയും എ.കെ.ജി സെന്ററും കണക്ക് കൂട്ടുന്നുണ്ട്.നായർ -ഈഴവ ഐക്യമുണ്ടാക്കാൻ ശ്രമിച്ച് പരാജയപ്പെട്ടെങ്കിലും അത് വലിയ തോതിൽ വോട്ടിംഗിൽ പ്രതിഫലിക്കില്ല. വെള്ളാപ്പള്ളി പറഞ്ഞാൽ കേൾക്കുന്ന ഈഴവരും സുകുമാരൻ നായർ പറഞ്ഞാൽ കേൾക്കുന്ന നായന്മാരും മധ്യകേരളത്തിലെ ചില പോക്കറ്റുകളിൽ മാത്രമേ ഉള്ളൂ.ഉത്തര കേരളത്തിലെ മുസ്ളീം വോട്ടുകൾ എൽ.ഡി.എഫിന് ലഭിക്കാൻ പോകുന്നില്ല. കോണി അപ്രസക്തമാകുന്നത് ദീർഘകാല അടിസ്ഥാനത്തിൽ മുസ്ളീം മതമൗലിക വാദത്തിന് വളമാകുമെന്ന് സാധാരണ മുസ്ളീങ്ങൾ അടിയുറച്ച് വിശ്വസിക്കുന്നുണ്ട്. അവർക്ക് ഈ ഘട്ടത്തിൽ ഏറ്റവുമധികം വിശ്വസിക്കാൻ കഴിയുന്ന പാർട്ടി മുസ്ളീം ലീഗ് തന്നെയാണ്.ജമാഅത്തെ ഇസ്ലാമിയൊന്നും പഞ്ചായത്ത് തെരഞ്ഞെടുപ്പിന് അപ്പുറത്തേക്ക് വളർന്നിട്ടുമില്ല.പാലക്കാട്ടെയും കാസർകോട്ടെയും ചില മണ്ഡലങ്ങളിൽ ബി.ജെ.പി പിടിക്കുന്ന വോട്ടുകൾ ആരുടേതാകുമെന്ന ആകാംക്ഷ ഇരു മുന്നണികൾക്കുമുണ്ട്.


ഇടുക്കി,കോട്ടയം,പത്തനംതിട്ട,എറണാകുളത്തിന്റെ അതിർത്തി പ്രദേശങ്ങൾ എന്നിവിടങ്ങളിലായി വളർന്നു പരിലസിച്ച് നിൽക്കുന്ന കേരളാ കോൺഗ്രസ്സുകൾക്ക് ഈ തെരഞ്ഞെടുപ്പ് ഒരു വാട്ടർലൂ ആണ്. ജേക്കബ് കോൺഗ്രസ്സ് ഏതാണ്ട് അസ്തമിച്ച മട്ടാണ്. അനൂപ് ജേക്കബിന്റെ കൂടെ നിന്നിട്ട് കാര്യമില്ലെന്ന് മനസ്സിലാക്കിയ അമ്പിളി ജേക്കബ് എന്ന അനിയത്തിക്കുട്ടി ജോസഫിന്റെ സ്ഥാനാർത്ഥിയാകാൻ കച്ച മുറുക്കിയിരിക്കുകയാണ്. പി.സി



**ഇടുക്കി,കോട്ടയം,പത്തനംതിട്ട,എറണാകുളത്തിന്റെ അതിർത്തി പ്രദേശങ്ങൾ എന്നിവിടങ്ങളിലായി വളർന്നു പരിലസിച്ച് നിൽക്കുന്ന കേരളാ കോൺഗ്രസ്സുകൾക്ക് ഈ തെരഞ്ഞെടുപ്പ് ഒരു വാട്ടർലൂ ആണ്. ജേക്കബ് കോൺഗ്രസ്സ് ഏതാണ്ട് അസ്തമിച്ച മട്ടാണ്. അനൂപ് ജേക്കബിന്റെ കൂടെ നിന്നിട്ട് കാര്യമില്ലെന്ന് മനസ്സിലാക്കിയ അമ്പിളി ജേക്കബ് എന്ന അനിയത്തിക്കുട്ടി ജോസഫിന്റെ സ്ഥാനാർത്ഥിയാകാൻ കച്ച മുറുക്കിയിരിക്കുകയാണ്.**

തോമസും മകനും ബി.ജെ.പി പാളയത്തിൽ നിന്നു കൊണ്ട് നോക്കുന്നത് വോട്ടല്ല,കുറച്ച് കാശും പിന്നെ വരാൻ പോകുന്ന രാജ്യസഭാ തെരഞ്ഞെടുപ്പിൽ ഏതെങ്കിലും സംസ്ഥാനത്തിൽ നിന്നും ഭാ.ജാ.പാ അനുഗ്രഹവും. പണ്ട് കണ്ണന്താനത്തിനെ ചുമന്ന കഥ കർണ്ണാടകയിൽ നിന്നുള്ള ഒരു ബി.ജെ.പി നേതാവ് ഈയുള്ളവനോട് പറഞ്ഞത് ഈയിടെ കുടകിൽ വച്ച് കണ്ടപ്പോഴാണ്.ജോസ് കെ മാണി ഭാര്യയെ യിറക്കി കളം പിടിക്കാൻ നോക്കുന്നതിൽ റോഷി അഗസ്റ്റിനെന്ന കത്തോലിക്കന് പരാതിയില്ല. പക്ഷേ താനാണ് മന്ത്രി.അധികാര സ്ഥാനം. താനുമായി ആലോചിക്കാതെ മാണി സാറിന്റെ മോനായാലും തീരുമാനമെടുക്കരുത്. ജോസ്.കെ മാണി മുത്തുവേൽ കരുണാനിധി സ്റ്റാലിനൊന്നും അല്ലല്ലോ?ഉന്മാദാവസ്ഥയിൽ പി.ജെ ജോസഫ് പറയുന്നതിന് അധികം വില കൊടുക്കേണ്ടെന്ന കോൺഗ്രസ്സിന്റെ തീരുമാനം കരുണാമയനായ കർത്താവ് കേട്ടില്ലെങ്കിൽ മണ്ണും ചാരി നിന്നവൻ പെണ്ണും കൊണ്ട് പോകും.

ഈ കുറിപ്പ് അവസാനിപ്പിക്കുന്നതിന് മുന്നേയുള്ള പിൻകുറിപ്പ്. ഇപ്പോഴത്തെ മന്ത്രിസഭയിലെ ഏറ്റവും മോശമായ മന്ത്രി ആരെന്ന് ചോദിച്ചാൽ എ,കെ ശശീന്ദ്രൻ എന്ന ഉത്തരം വേഗത്തിൽ ലഭിക്കും. സി.പി,എമ്മിലെ ഏറ്റവും മോശപ്പെട്ട മന്ത്രി വാസവനും. മികച്ചതാരെന്ന് ചോദിച്ചാൽ കെ.ബി.ഗണേഷ്കുമാർ എന്ന് നിസ്സംശയം പറയാം. മുന്നണി എന്ന നിലയിൽ സി.പി. ഐ മന്ത്രിമാർ വട്ടപ്പൂജ്യം.ജി.ആർ അനിലും കെ.രാജനും പാസ്സ്മാർക്ക് നേടും.സ്ളിപ്പറിട്ടാൽ മാത്രം പോര ഭരിക്കാനെന്ന് പി.പ്രസാദിന് ബോധ്യമായി കാണും.ജനങ്ങളുടെ വിഷയം മുന്നിൽ വരുമ്പോൾ താത്വിക അവലോകനം നടത്തിയിട്ട് മറുപടി പറയാമെന്ന ഉത്തരം നിർമ്മിത ബുദ്ധിയുടെ ആസന്നകാലത്ത് ആർക്കും ആവശ്യമില്ലെന്ന സത്യം ബിനോയ് വിശ്വമെന്ന ബുദ്ധിരാക്ഷസൻ മനസ്സിലാക്കിയില്ലെങ്കിൽ കനൽ പോലെ കത്തും സാർ, താങ്കളുടെ പാർട്ടിയും.



# തുടർ ഭരണം വേണോ ?

**സച്ചിദാനന്ദന്റെയും സാറാ ജോസഫിന്റെയും നിലപാടുകളെ സാധൂകരിക്കുന്ന നിരവധി സംഭവങ്ങൾ പിണറായി ഭരണ – തുടർഭരണ കാലഘട്ടത്തിലുണ്ടായിട്ടുണ്ട്. ഇക്കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ ജനവികാരം ശരിക്കും പ്രകടമായി. പ്രതിപക്ഷത്തിന്റെ നിലപാടുകൾക്കുള്ള അംഗീകാരം എന്നതിലുപരി ജനപ്രിയമല്ലാത്ത ഭരണത്തിനെതിരായ ശക്തമായ താക്കീതാണ് ഈ തിരഞ്ഞെടുപ്പിൽ നൽകപ്പെട്ടത്.**

**എ.എസ് ശ്രീകുമാർ**

ഇരട്ടച്ചങ്കനായ മുഖ്യമന്ത്രി പിണറായി വിജയയനൊപ്പമൊരു സെൽഫിയെടുക്കുകയെന്നതായിരിക്കണം തിരുവനന്തപുരം ജില്ലാ പഞ്ചായത്തംഗമായ ആതിര ഗ്രേസിന്റെ വലിയ മോഹം. അമ്പൂരി കുമ്പിച്ചൽ കടവ് പാലം ഉദ്ഘാടനത്തിനെത്തിയ പിണറായിയുടെ അരികിലേക്ക് ആതിര ആദരവോടെ എത്തുകയും ചെയ്തു. ഉദ്ഘാടനം കഴിഞ്ഞ് വേദി വിടുന്ന മുഖ്യമന്ത്രിയുടെ സമീപത്തെത്തി ഫോൺ

**നിയമസഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കെ സി.പി.എം അങ്കലാപ്പിലായിരിക്കുകയാണ്. അതിന്റെ പ്രകടനമാണിതൊക്കെ. കള്ളം പറയുന്നവരാണ് മാധ്യമങ്ങൾ (ദേശാഭിമാനിയും കൈരളി ടി.വിയും ഒഴികെ) എന്നാണ് പാർട്ടി സെക്രട്ടറി എം.വി ഗോവിന്ദൻ സദാസമയവും പറഞ്ഞുകൊണ്ടിരിക്കുന്നത്.**

കാണിച്ച് എന്തോ ആവശ്യപ്പെട്ടപ്പോൾ അതുവരെ ചിരിച്ച മുഖ്യമന്ത്രി വല്ലാത്ത അവജ്ഞയോടെ വലതുകൈകൊണ്ട് അൽപം തട്ടി നടന്ന് പോകുകയായിരുന്നു. ഈ വീഡിയോ സമൂഹ മാധ്യമങ്ങൾ ആഘോഷമാക്കി. നിരാശയോടെ കസേരയിൽ ചെന്നിരിക്കുന്ന ആതിരയെയും വിഡിയോയിൽ കാണാം. വെള്ളറട ഡിവിഷനിൽ നിന്നുള്ള സി.പി.എം അംഗമാണ് ആതിര ഗ്രേസ് എന്നോർക്കുക.

പൊതുസ്ഥലങ്ങളിലെ മാന്യമായ പെരുമാറ്റത്തിലൂടെയാണ് ഒരു നേതാവ് ജനകീയനാവുന്നത്. പെരുമാറ്റം നമ്മുടെ സംസ്കാരത്തിന്റെ അടയാളവുമാണ്. ആത്മനിയന്ത്രണമാണ് നല്ല പെരുമാറ്റത്തിന്റെ അടിത്തറ. വ്യക്തിത്വത്തെ ഉയർത്തുന്നതിനൊപ്പം സമൂഹത്തിന് മാതൃകയാവാനും ഇത് സഹായിക്കുന്നു. ജില്ലാ പഞ്ചായത്തംഗമായ ആതിര ഗ്രേസിന്റെ ആവശ്യം ധാർഷ്ട്യത്തോടെ നിരസിക്കാൻ തക്ക എന്ത് യുദ്ധസമാനമായ സാഹചര്യമായിരുന്നു പ്രസ്തുത വേദിയിൽ ഉണ്ടായിരുന്നത്..? പാർട്ടി പ്രവർത്തകയാണ് ആതിര. പിണറായി വിജയൻ ഇന്ന് മുഖ്യമന്ത്രിക്കസേരയിലേയ്ക്ക് എത്തിയതും ഇതേ പാർട്ടി പ്രവർത്തനത്തിലൂടെ തന്നെയാണല്ലോ. വളർന്നു വരുന്ന ഒരു വനിതാ സഖാവിനെ ആവശ്യം ഒന്ന് മൈന്റ് ചെയ്യേണ്ടതായിരുന്നു. കാരണം നിങ്ങളെയൊക്കെ വലിയ ബിംബങ്ങൾ കണക്കെ നെഞ്ചേറ്റുന്നവരാണവരൊക്കെ.

എന്നാൽ മുഖ്യമന്ത്രിയുടെ അടുത്തേക്ക് താൻ ചെന്നത് സെൽഫി എടുക്കാനല്ലെന്നും, മറിച്ച് ഒരു പ്രധാനപ്പെട്ട നിവേദനം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണെന്നുമാണ് ആതിര പറയുന്നത്. അതേസമയം, വീഡിയോ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ആതിരയെ ഫോണിൽ വിളിച്ച് സംസാരിച്ചതായാണ് വിവരം. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നൽകിയ പരാതിക്കെട്ടുകളും മുഖ്യമന്ത്രി സ്വീകരിച്ചില്ല. ഒപ്പമുള്ള ഉദ്യോഗസ്ഥരാണ് പരാതി കൈപ്പറ്റിയത്.

**വെറും അറുന്നൂറ് പേർ മാത്രം പങ്കെടുത്ത ആഗോള അയ്യപ്പ സംഗമം നടത്തിയതിന്റെ ചെലവ് കേട്ടാൽ ഞെട്ടും. വെറും എട്ട് കോടിരൂപ. ഇതിൽ നാല് കോടി രൂപ സ്പോൺസർഷിപ്പിലൂടെ കിട്ടിയിട്ടുണ്ടത്രേ. നാലുകോടി രൂപ നഷ്ടം. പണം ചെലവാക്കിയതിന് വ്യക്തമായ കണക്കും ഇല്ല. അതിനർത്ഥം അയ്യപ്പ ഭക്തർ കാണിക്കയിട്ട പണം ദേവസ്വം ബോർഡ് ധൂർത്തടിക്കുകയായിരുന്നുവെന്ന് മാത്രമല്ല പലരുടെയും പോക്കറ്റിലേയ്ക്ക് പോവുകയും ചെയ്തു.**

സമൂഹത്തിന് നല്ല സന്ദേശം പകരുന്നതല്ല ഇത്തരം പെരുമാറ്റങ്ങൾ. നിയമസഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കെ സി.പി.എം അങ്കലാപ്പിലായിരിക്കുകയാണ്. അതിന്റെ പ്രകടനമാണിതൊക്കെ. കള്ളം പറയുന്നവരാണ് മാധ്യമങ്ങൾ (ദേശാഭിമാനിയും കൈരളി ടി.വിയും ഒഴികെ) എന്നാണ് പാർട്ടി സെക്രട്ടറി എം.വി ഗോവിന്ദൻ സദാസമയവും പറഞ്ഞുകൊണ്ടിരിക്കുന്നത്. വെറും അറുന്നൂറ് പേർ മാത്രം പങ്കെടുത്ത ആഗോള അയ്യപ്പ സംഗമം നടത്തിയതിന്റെ ചെലവ് കേട്ടാൽ ഞെട്ടും. വെറും എട്ട് കോടിരൂപ. ഇതിൽ നാല് കോടി രൂപ സ്പോൺസർഷിപ്പിലൂടെ കിട്ടിയിട്ടുണ്ടത്രേ. നാലുകോടി രൂപ നഷ്ടം. പണം ചെലവാക്കിയതിന് വ്യക്തമായ കണക്കും ഇല്ല. അതിനർത്ഥം അയ്യപ്പ ഭക്തർ കാണിക്കയിട്ട പണം ദേവസ്വം ബോർഡ് ധൂർത്തടിക്കുകയായിരുന്നുവെന്ന് മാത്രമല്ല പലരുടെയും പോക്കറ്റിലേയ്ക്ക് പോവുകയും ചെയ്തു.



വലിയ ഗീർവാണങ്ങളോടെ കൊട്ടിഗ്ഘോഷിച്ച് നടത്തിയ ആഗോള അയ്യപ്പ സംഗമം കൊണ്ട് അയ്യപ്പ ഭക്തർക്ക് ഒരു ഗുണവുമുണ്ടായില്ല. ശബരിമലയിൽ ഒരു വികസനവും നടന്നില്ല. സ്വർണ മോഷണം പോലെ മറ്റൊരു തീവെട്ടിക്കൊള്ളയായി ഈ ഒഴിഞ്ഞ കസേരകളുടെ സംഗമം. ഇങ്ങനെ എല്ലാത്തരത്തിലും സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും പ്രതിച്ഛായ ശോകമായിക്കൊണ്ടിരിക്കുകയാണ്. ഒറ്റ വാക്കിൽപ്പറഞ്ഞാൽ 'സ്വയംകൃതാനർത്ഥം'. അടിമുടി പരാജയ ഭീതിയിലാണ് എല്ലാവരും. ഈ അപചയത്തിന്റെ വെളിച്ചത്തിലാണ് കേരളത്തിൽ തുടർഭരണം വേണ്ടെന്ന് കവിയും സാഹിത്യ അക്കാദമി ചെയർമാനുമായ കെ സച്ചിദാനന്ദൻ കഴിഞ്ഞ ദിവസം വിമർശിച്ചത്. ജനാധിപ

ത്യത്തിൽ പ്രതിപക്ഷവും ഭരണ പക്ഷവും മാറി മാറി ഉണ്ടാവുക എന്നതാണ് പൊതുതത്വമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വീണ്ടും ഒരു ഭരണം കൂടി വന്നാൽ അവസരവാദികളായ ധാരാളം ആളുകൾ ഇടതുപക്ഷത്ത് ചേരുകയും സ്വന്തം കാര്യങ്ങൾ സാധിക്കുന്നതിന് വേണ്ടി പാർട്ടിയെ ഉപയോഗിക്കുകയും ചെയ്യുന്ന ആളുകളുടെ എണ്ണം വർധിക്കുകയും ചെയ്യും.

അത്തരം ഒരു സന്ദർഭത്തിൽ സ്വാഭാവികമായും പാർട്ടിയുടെ അടിസ്ഥാന സ്വഭാവം ഇല്ലാതാകുകയും ചെയ്യും. അത് ജനങ്ങളിൽ നിന്ന് കൂടുതൽ അകലുകയും ചെയ്യുമെന്നാണ് സച്ചിദാനന്ദൻ പറഞ്ഞത്. ഏത് പാർട്ടിയായാലും തുടർച്ചയായുള്ള ഭരണത്തിന്റെ ഏറ്റവും വലിയ കുഴപ്പം, അത് കൂടുതൽ അഴിമതിയിലേക്ക് നയിക്കാം. അധികാര കേന്ദ്രീകരണത്തിലേക്ക് നയിച്ചേക്കാം. ഞങ്ങൾ അജയ്യരാണ് എന്ന തോന്നലിലേക്ക് നയിച്ചേക്കാം. രാഷ്ട്രീയ പാർട്ടികൾക്ക് ജനങ്ങൾക്ക് മുന്നിൽ ഉണ്ടാകേണ്ട വിനയമുണ്ട്. അത് ഇല്ലാതാകുന്ന രീതിയിലേക്ക് നയിച്ചേക്കാമെന്നാണ് സച്ചിദാനന്ദൻ വ്യക്തമാക്കിയത്.

കേരളത്തിൽ ഭരണമാറ്റം ഉണ്ടാകണമെന്ന് എഴുത്തുകാരി സാറാ ജോസഫും പറഞ്ഞിരുന്നു. അധികാരം നിലനിർത്താൻ ഏത് പിശാചുമായും സഖ്യമുണ്ടാക്കുന്ന

**വീണ്ടും ഒരു ഭരണം കൂടി വന്നാൽ അവസരവാദികളായ ധാരാളം ആളുകൾ ഇടതുപക്ഷത്ത് ചേരുകയും സ്വന്തം കാര്യങ്ങൾ സാധിക്കുന്നതിന് വേണ്ടി പാർട്ടിയെ ഉപയോഗിക്കുകയും ചെയ്യുന്ന ആളുകളുടെ എണ്ണം വർധിക്കുകയും ചെയ്യും. അത്തരം ഒരു സന്ദർഭത്തിൽ സ്വാഭാവികമായും പാർട്ടിയുടെ അടിസ്ഥാന സ്വഭാവം ഇല്ലാതാകുകയും ചെയ്യും. അത് ജനങ്ങളിൽ നിന്ന് കൂടുതൽ അകലുകയും ചെയ്യുമെന്നാണ് സച്ചിദാനന്ദൻ പറഞ്ഞത്.**

ചരിത്രം എൽ.ഡി.എഫിന് ഉണ്ടെന്നും അവർ ആരോപിച്ചു. സംസ്ഥാനത്തെയും രാജ്യത്തെയും നിലവിലെ സാഹചര്യം ജനാധിപത്യത്തിന്റെ സമ്പൂർണ്ണ നാശത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് സാറാ ജോസഫ് പറഞ്ഞു. തുടർച്ചയായ ഭരണത്തിനുശേഷം എൽ.ഡി.എഫ് ജനാധിപത്യത്തിന്റെ സംരക്ഷകരായി ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെന്ന് ജോസഫ് പറഞ്ഞു. ''എന്നാൽ എല്ലാ ഭരണവർഗങ്ങൾക്കും വർഗീയവും മതപരവുമായ ശക്തികൾ ആവശ്യമാണ്. അവരുമായി സൗഹൃദം സ്ഥാപിക്കുന്നതിലൂടെ, ഈ ഭരണവർഗങ്ങൾ ജനാധിപത്യപരവും മതേതരവുമായ ഇന്ത്യയെ നശിപ്പിക്കുകയാണ്. തീർച്ചയായും, ഒരു സർക്കാർ മാറ്റം അനിവാര്യമാണ്...'' സാറാ ജോസഫ് കൂട്ടിച്ചേർത്തു.

കേരളത്തിൽ അധികാരമാറ്റം ഉണ്ടാവണമെന്ന് തന്നെയാണ് സാമാന്യ ജനങ്ങളുടെയും ആഗ്രഹം. ഒൽപതരക്കൊല്ലത്തിലധികമായി തുടരുന്ന ഇടതു ഭരണത്തിലൂടെ തങ്ങൾക്കിനി ആരെയും പേടിക്കേണ്ടതില്ല എന്ന ജനവിരുദ്ധ ചിന്തയിലേയ്ക്ക് കുട്ടി സഖാക്കൾ ഉൾപ്പെടെയുള്ളവരെ എത്തിച്ചിട്ടുണ്ട്. സച്ചിദാനന്ദന്റെയും സാറാ ജോസഫിന്റെയും നിലപാടുകളെ സാധൂകരിക്കുന്ന നിരവധി സംഭവങ്ങൾ ഇപ്പറഞ്ഞ ഭരണ-തുടർഭരണ കാലഘട്ടത്തിലുണ്ടായിട്ടുണ്ട്. ഇക്കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ ജനവികാരം ശരിക്കും പ്രകടമായി. പ്രതിപക്ഷത്തിന്റെ നിലപാടുകൾക്കുള്ള അംഗീകാരം എന്നതിലുപരി ജനപ്രിയമല്ലാത്ത ഭരണത്തിനെതിരായ ശക്തമായ താക്കീതാണ് ഈ തിരഞ്ഞെടുപ്പിൽ നൽകപ്പെട്ടത്.

ക്ഷേമപെൻഷൻ വർധനയും അതിദാരിദ്ര്യ നിർമാർജന പ്രഖ്യാപനവും പോലുള്ള പൊടിക്കൈകൾ ഏറ്റില്ല. തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള കൺകെട്ട് വിദ്യയായിരുന്നു ഇത് എന്ന് തിരിച്ചറിയാൻ കഴിയാത്ത മണ്ടശിരോമിണികളല്ല കേരളത്തിലെ പ്രബുദ്ധരായ വോട്ടർമാർ.

വരുന്ന ഏപ്രിൽ പകുതിയോടെ അടുത്ത നിയമസഭാ തിരഞ്ഞെടുപ്പ് നടക്കും ശേഷിക്കുന്ന ദിവസങ്ങൾക്കുള്ളിൽ ജനങ്ങളെയാകെ വിശ്വാസത്തിലെടുക്കാനുള്ള ഒരു അത്ഭുതവും സംഭവിക്കില്ല. ചെപ്പടി വിദ്യകളൊന്നും വർക്കൗട്ട് ആവുകയുമില്ല. 10 വർഷം ഭരിച്ച് ക്ഷീണിച്ചതല്ലേ, ഇനി പ്രതിപക്ഷത്തിരുന്ന് നടു നിവർക്കാം. അപ്പോഴാകാം യഥാർത്ഥ ദുരന്ത സെൽഫി.

**സംസ്ഥാനത്തെയും രാജ്യത്തെയും നിലവിലെ സാഹചര്യം ജനാധിപത്യത്തിന്റെ സമ്പൂർണ്ണ നാശത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് സാറാ ജോസഫ് പറഞ്ഞു. തുടർച്ചയായ ഭരണത്തിനുശേഷം എൽ.ഡി.എഫ് ജനാധിപത്യത്തിന്റെ സംരക്ഷകരായി ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെന്ന് സാറ ജോസഫ് പറഞ്ഞു. "എന്നാൽ എല്ലാ ഭരണവർഗങ്ങൾക്കും വർഗീയവും മതപരവുമായ ശക്തികൾ ആവശ്യമാണ്. അവരുമായി സൗഹൃദം സ്ഥാപിക്കുന്നതിലൂടെ, ഈ ഭരണവർഗങ്ങൾ ജനാധിപത്യപരവും മതേതരവുമായ ഇന്ത്യയെ നശിപ്പിക്കുകയാണ്. തീർച്ചയായും, ഒരു സർക്കാർ മാറ്റം അനിവാര്യമാണ്..." സാറാ ജോസഫ് കൂട്ടിച്ചേർത്തു.**



2026 ലെ നിയമസഭാ തെരഞ്ഞെടുപ്പിൻെറ തോരൊലി മുഴങ്ങുമ്പോൾ തമിഴകരാഷ്ട്രീയത്തിൻെറ ചുറ്റുവട്ടങ്ങളിൽ നിരവധി ദ്രാവിഡകക്ഷികളാണ് തങ്ങളുടെ ഭാഗധേയം പരീക്ഷിക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നത്. കടമയും ആത്മാർത്ഥതയും അച്ചടക്കവുമൊക്കെ കാലഹരണപ്പെട്ടെന്നും കാലത്തിനനുസരിച്ചുള്ള കോലമാണ് തങ്ങൾക്ക് അനിവാര്യമെന്നും അവർ തിരിച്ചറിഞ്ഞിരിക്കുന്നു.

ഉറച്ച നേതൃത്വം: എം കെ സ്റ്റാലിൻ

# സ്റ്റാലിൻെറ തേരോട്ടം

പി കെ ശ്രീനിവാസൻ



സ്വയംമര്യാദ (സ്വാഭിമാനം- Self-Respect) എന്ന ആശയത്തിലൂടെ തേരോടിച്ചുകൊണ്ടാണ് വർഷങ്ങൾക്കുമുമ്പ് ദ്രാവിഡകഴകം നേതാവായിരുന്ന പെരിയോർ ഇവി രാമസ്വാമിനായ്ക്കർ തമിഴ് ജനതയുടെ മനസ്സിലേക്ക് കയറിപ്പോയത്. ഇവിആറിൻറെ പിൻഗാമിയായി അഭിമാനപൂർവം കയറിവന്ന അണ്ണാദുരൈ മൂന്നു കൽപ്പനകൾ നൽകിയാണ് തൻറെ അണികളെ ബോധവൽക്കരിച്ചത്- കടമ, ആത്മാർത്ഥത, അച്ചടക്കം (കടമൈ, കണ്ണിയം, കട്ടുപ്പാട്). എന്നാൽ തമിഴകത്തെ സംബന്ധിച്ച് ഇന്ന് ഇതൊക്കെ ദ്രവിച്ചുപോയ സംസ്ക്കാരത്തിൻെറ അവശിഷ്ടങ്ങളായി മാറിയിരിക്കുന്നു. ആ വസ്തുതയാകട്ടെ ഓരോ തെരഞ്ഞെടുപ്പുകഴിയുന്താറും തമിഴകം അരക്കിട്ടുറപ്പിക്കുകയും ചെയ്യുന്നു. ഇവിആറോ അണ്ണാദുരൈയോ സ്വപ്നം കണ്ട വ്യവസ്ഥാസാമ്രാജ്യങ്ങളൊന്നും ഇന്ന് പ്രായോഗികമല്ലെന്ന് അധികാരക്കോട്ടകളിൽ കണ്ണുംനട്ടിരിക്കുന്ന തമിഴകത്തെ രാഷ്ട്രീയക്കാർക്ക് നന്നാറിയാം. പഴയ ദ്രാവിഡപ്പെരുമാക്കൾ വേർതിരിച്ചെ

**2021 മേയ് ഏഴിന് 234 ൽ 159 സീറ്റുകളും നേടി തമിഴകത്തിൻെറ മുതൽ അമൈച്ചറായി അധികാരമേൽക്കുമ്പോൾ അഴിമതിയുടേയും കെടുകാര്യസ്ഥതയുടേയും നിരാളിപ്പിടുത്തത്തിൽ തകർന്നുവീണ സംസ്ഥാനമായിരുന്നു എികെ സ്റ്റാലിൻെറ മുന്നിൽ ഉണ്ടായിരുന്നത്. സ്വയം സ്വരൂപിച്ചെടുത്ത നിശ്ചയദാർഢ്യമായിരുന്നു തുടർന്നുവന്ന 2024 ലെ ലോക്‌സഭാ തെരഞ്ഞെടുപ്പിലും പ്രകടമായത്, ഡിഎംകെ സഖ്യം 39 സീറ്റുകളും കരസ്ഥമാക്കി പ്രതിപക്ഷത്തെ നിലംപരിശാക്കിയതിന് പിന്നിൽ സ്റ്റാലിൻെറ സംഘടനാശേഷിയും ഭരണനേട്ടവും തന്നെയായിരുന്നു**

ടുത്ത ആദർശങ്ങളെ പിന്തുടർന്നാൽ അധികാരത്തിൻെറ അപ്പക്കഷണങ്ങൾ അന്യമായിത്തീരുമെന്ന് അവർ കരുതുന്നു.

2021 മേയ് ഏഴിന് 234 ൽ 159 സീറ്റുകളും നേടി തമിഴകത്തിൻെറ മുതൽ അമൈച്ചറായി അധികാരമേൽക്കുമ്പോൾ അഴിമതിയുടേയും കെടുകാര്യസ്ഥതയുടേയും നിരാളിപ്പിടുത്തത്തിൽ തകർന്നുവീണ സംസ്ഥാനമായിരുന്നു എംകെ സ്റ്റാലിൻെറ മുന്നിൽ ഉണ്ടായിരുന്നത്. സ്വയം സ്വരൂപിച്ചെടുത്ത നിശ്ചയദാർഢ്യമായിരുന്നു തുടർന്നുവന്ന 2024 ലെ ലോക്സഭാ തെരഞ്ഞെടുപ്പിലും പ്രകടമായത്, ഡിഎംകെ സഖ്യം 39 സീറ്റുകളും കരസ്ഥമാക്കി പ്രതിപക്ഷത്തെ നിലംപരിശാക്കിയതിന് പിന്നിൽ സ്റ്റാലിൻെറ സംഘടനാശേഷിയും ഭരണനേട്ടവും തന്നെയായിരുന്നു എന്ന് വിമർശകർപോലും വിധിയെഴുതി. 2026 ലെ നിയമസഭാ തെരഞ്ഞെടുപ്പിൻെറ തോരൊലി മുഴങ്ങുമ്പോൾ തമിഴകരാഷ്ട്രീയത്തിൻെറ ചുറ്റുവട്ടങ്ങളിൽ നിരവധി ദ്രാവിഡകക്ഷികളാണ് തങ്ങളുടെ ഭാഗധേയം പരീക്ഷിക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നത്. കടമയും ആത്മാർത്ഥതയും അച്ചടക്കവുമൊക്കെ കാലഹരണപ്പെട്ടെന്നും കാലത്തിനനുസരിച്ചുള്ള കോലമാണ് തങ്ങൾക്ക് അനിവാര്യമെന്നും അവർ തിരിച്ചറിഞ്ഞിരിക്കുന്നു.

രണ്ട് സുപ്രധാനമായ കാര്യങ്ങളാണ് തമിഴകത്തിൻെറ മുന്നിൽ നമുക്കു കാണാവുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തെ സ്റ്റാലിൻെറ ഭരണം സൃഷ്ടിച്ച നേട്ടങ്ങളാണ് ഒന്നാമത്തേത്. നിരവധി പാകപ്പിഴകളും സ്വജനപക്ഷപാതവുമൊക്കെ പ്രകടമാണെങ്കിലും സ്റ്റാലിനെ മറികടക്കാൻ പോരുന്ന കോപ്പുകളൊന്നും പ്രതിപക്ഷത്തിൻെറ കൈവശമില്ല. തകർന്നുതരിപ്പണമായ പ്രതിപക്ഷത്തിൻെറ ദുരവസ്ഥയാണ് രണ്ടാമത്തെ കാര്യം. തെരഞ്ഞെടുപ്പിൻെറ ചൂട് വർദ്ധിക്കുംതോറും പ്രതിപക്ഷം



പാളയത്തിൽ പട: പനീർസെൽവം ഡി എം കെ യിലേക്ക്

**നിരവധി പാകപ്പിഴകളും സ്വജനപക്ഷപാതവുമൊക്കെ പ്രകടമാണെങ്കിലും സ്റ്റാലിനെ മറികടക്കാൻ പോരുന്ന കോപ്പുകളൊന്നും പ്രതിപക്ഷത്തിൻെറ കൈവശമില്ല. തകർന്നുതരിപ്പണമായ പ്രതിപക്ഷത്തിൻെറ ദുരവസ്ഥയാണ് രണ്ടാമത്തെ കാര്യം. തെരഞ്ഞെടുപ്പിൻെറ ചൂട് വർദ്ധിക്കുംതോറും പ്രതിപക്ഷം ചിന്നഭിന്നമാകുന്ന കാഴ്ചയാണ് ഇപ്പോഴുള്ളത്.**

ചിന്നഭിന്നമാകുന്ന കാഴ്ചയാണ് ഇപ്പോഴുള്ളത്. അതിൻെറയൊക്കെ അടിസ്ഥാനം അധികാരദുർമോഹവും ജാതീയതയിൽ കുരുങ്ങിയ രാഷ്ട്രീയസമവാക്യങ്ങളുമാണ്. സ്റ്റാലിൻെറ നിശ്ചയദാർഢ്യത്തെ മലർത്തിയടിക്കാൻ ഇതിനൊന്നിനും കഴിയുന്നില്ല എന്നതാണ് വാസ്തവം.

ബുദ്ധിരാക്ഷസനെന്നും രാഷ്ട്രീയചാണക്യനെന്നുമൊക്കെയുള്ള വിശേഷണങ്ങൾ ഏറ്റുവാങ്ങിയിട്ടുള്ള സാക്ഷാൽ മുത്തുവേൽ കരുണാനിധിയുടെ അടവുകൾ മകൻ സ്റ്റാലിനു അത്രത്തോളം വശമില്ലെങ്കിലും നിലവിലുള്ള ശത്രുക്കളെ നിലംപരിശാക്കാനുള്ള മനക്കരുത്ത് ഈ നേതാവ് കൈവശമാക്കിയതിനു ഉദാഹരണമാണ് കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിൽ നേടിയ അട്ടിമറി വിജയം. 234 ൽ 45.2 ശതമാനം





**ജനനായകൻ ?: വിജയ് തരംഗം മാത്രമാകുമോ ?**

വോട്ടുനേടി 159 സീറ്റും പിടിച്ചെടുക്കാൻ കഴിഞ്ഞത് പതിനൊന്നോളം വൻകിട- ചെറുകിട കക്ഷികളെ സ്റ്റാലിൻ തൻറെ കുടക്കീഴിൽ കൊണ്ടുവന്നതിനാലാണ്. ഡിഎംകെക്ക് മാത്രം 133 സീറ്റുകളാണ് കിട്ടിയത്. ഇന്ത്യൻ നാഷണൽ കോൺഗ്സ് - 18, വിസികെ- 4, സിപിഐ- സിപിഎം- രണ്ടു വീതം.പ്രതിപക്ഷകക്ഷിയായ എഐഎഡിഎംകെ നയിച്ച സഖ്യത്തിനു മൊത്തം 75 സീറ്റുകൾ ലഭിച്ചു. എഐഎഡിഎംകെ 66, പിഎംകെ 5, ബിജെപി- 4.

2024 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ സഖ്യകക്ഷികളോടൊപ്പം നിന്ന് 39 സീറ്റുകളിൽ മുപ്പത്തെട്ടും പിടിച്ചെടുക്കാൻ സ്റ്റാലിന്റെ ഡിഎംകെ സഖ്യത്തിനു കഴിഞ്ഞത് സംഘടനാ ശേഷികൊണ്ടുമാത്രമല്ല വിട്ടുവീഴ്ചകൾ ചെയ്യാനുള്ള സന്മനസും ത്രാണിയും ഉള്ളതിനാലായിരുന്നു. അന്ന് ലഭിച്ച സീറ്റുകൾ ഇങ്ങനെയായിരുന്നു. ഡിഎംകെ- 22, കോൺഗ്രസ്- 9, വിസികെ- 2, സിപിഐ- 2, സിപിഎം- 2, ഐയുഎംഎൽ- 1, എംഡിഎംകെ- 1. 2021 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ നിന്ന് വ്യത്യസ്തമായിരിക്കും 2026-ൽ നടക്കാൻ പോകുന്നത്. ചിതറിപ്പോകുന്ന കക്ഷികളെ തങ്ങളുടെ സഖ്യത്തിൽ ചേർക്കുകയും പ്രതിപക്ഷത്തെ ഞെട്ടിപ്പിക്കുകയും ചെയ്യുക എന്ന അടവുനയമാണ് സ്റ്റാലിൻ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്.

> **234 ൽ 45.2 ശതമാനം വോട്ടുനേടി ഡി എം കെക്ക് 159 സീറ്റും പിടിച്ചെടുക്കാൻ കഴിഞ്ഞത് പതിനൊന്നോളം വൻകിട – ചെറുകിട കക്ഷികളെ സ്റ്റാലിൻ തൻറെ കുടക്കീഴിൽ കൊണ്ടുവന്നതിനാലാണ്. ഡിഎംകെക്ക് മാത്രം 133 സീറ്റുകളാണ് കിട്ടിയത്. ഇന്ത്യൻ നാഷണൽ കോൺഗസ് – 18, വിസികെ – 4, സിപിഐ – സിപിഎം – രണ്ടു വീതം. പ്രതിപക്ഷകക്ഷിയായ എഐഎഡിഎംകെ നയിച്ച സഖ്യത്തിനു മൊത്തം 75 സീറ്റുകൾ ലഭിച്ചു. എഐഎഡിഎംകെ 66, പിഎംകെ 5, ബിജെപി – 4.**

വിജയകാന്തിന്റെ മരണത്തിനുശേഷം പ്രതാപമെല്ലാം തകർന്നടിഞ്ഞ ഡിഎംഡികെയെ (ദേശീയ മുർപ്പോക്കു കഴകം) ഡിഎംകെ സഖ്യത്തിൽ കൊണ്ടുവരാനുള്ള നീക്കം വിജയിച്ചതോടെ പ്രതിപക്ഷത്തിന്റെ ചങ്കിടിപ്പ് വർദ്ധിച്ചു. ജയലളിത മുഖ്യമന്ത്രിയായി അവരോധിക്കുയും മൂന്നു തവണ മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കുകയും ചെയ്ത ഒ പനീർശെൽവത്തെ എഐഎഡിഎംകെ നേതാവ് എടപ്പാടി പഴനിസ്വാമി എത്രമാത്രം ദ്രോഹിച്ചെന്ന് തമിഴകത്തെ ജനങ്ങൾക്കറിയാം. എന്നാൽ രാഷ്ട്രീയഭാവി നശിച്ചെന്നു എഐഎഡിഎംകെ വിധിയെഴുതിയ പനീർശെൽവത്തെ സഖ്യത്തിൽ ചേർത്തുകൊണ്ടാണ് സ്റ്റാലിൻ പകരംവീട്ടിയത്. പനീർശെൽവത്തിന്റെ വിശ്വസ്തരും എംഎൽഎ സ്ഥാനം രാജിവച്ചുവന്ന ആർ വൈദ്യലിംഗത്തേയും പോൾ

മനോജ് പാണ്ഡ്യനേയും അടുത്തിടെയാണ് സ്റ്റാലിൻ തന്റെ പാർട്ടിയിലെടുത്തത്. നടൻ കമലഹാസനും മുസ്ലിം ലീഗും സിപിഐയും സിപിഎമ്മും നേരത്തേതന്നെ ഡിഎംകെ സഖ്യത്തിലാണ് . വണ്ണിയാർ സമുദായത്തിന്റെ രക്ഷകരായെത്തിയ പട്ടാളിമക്കൾ കക്ഷിയുടെ നേതാക്കളായ അച്ഛൻ രാമദാസും മകൻ അമ്പുമണി രാമദാസും പൊരിഞ്ഞ മൽപ്പിടുത്തത്തിലാണ് . അവർ ഏതു മുന്നണിയിലേക്കാകും സഞ്ചരിക്കുകയെന്ന് വ്യക്തമായിട്ടില്ല.

എന്നാൽ ഡിഎംകെയെ ചിന്താക്കുഴപ്പത്തിലാക്കുന്ന രീതിയിലാണ് ഒപ്പമുള്ള ചില സഖ്യകക്ഷികളുടെ നീക്കങ്ങൾ. അതിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്നത് കോൺഗ്രസ് തന്നെയാണ്. തങ്ങൾക്ക് കൂടുതൽ സീറ്റുകൾ വേണമെന്നും തെരഞ്ഞെടുപ്പു കഴിഞ്ഞാൽ അധികാരം തങ്ങൾക്കും പങ്കിടണമെന്നും കോൺഗ്രസിലെ ഒരുവിഭാഗം ആവശ്യപ്പെട്ടതാണ് സ്റ്റാലിനെ അസ്വസ്ഥനാക്കുന്നത്. 37 സീറ്റുകൾ വേണമെന്നാണ് അവരുടെ ആവശ്യം. ഒറ്റക്കുനിന്നാൽ കെട്ടിവച്ച പണം കിട്ടില്ലെന്ന് കോൺഗ്രസിനു നന്നായറിയാം. ഇന്നത്തെ അവസ്ഥയിൽ ഡിഎംകെസഖ്യത്തിൽ ഇല്ലാത്ത കോൺഗ്രസ് സ്വതന്ത്രമായ നിലനിൽപ്പില്ല എന്ന വസ്തുത അറിയാത്തവരല്ല കേന്ദ്രനേതൃത്വവും. രാഹുൽ ഗാന്ധിയും കനിമൊഴിയും തമ്മിലുള്ള ചർച്ചയിലൂടെ ഈ പ്രതിസന്ധിക്ക് പരിഹാരമാകുമെന്നാണ് ഇരുകക്ഷികളുടേയും കണക്കുകൂട്ടൽ.

ജയലളിതക്ക് ശേഷം എഐഎഡിഎംകെയിൽ കാര്യമായ നേതൃത്വനിര ഇല്ലാതിരുന്ന സാഹചര്യത്തിലാണ് അവരുടെ ഉറ്റതോഴിയായ ശശികലയുടെ ആശീർവാദത്തോടെ എടപ്പാടി പളനിസ്വാമി മുഖ്യമന്ത്രിക്കസേരയിൽ ഉപവിഷ്ടനാകുന്നത്. അതുകൊണ്ടുതന്നെ എടപ്പാടി ഏറ്റവും അധികം ഭയപ്പെട്ടിരുന്നത്



ബി ജെപിയുടെ ബി ടീം ?:എടപ്പാടി

സ്റ്റാലിൻ നയിക്കുന്ന ഡിഎംകെയെ ആയിരുന്നു. അനധികൃത സ്വത്ത് സമ്പാദനക്കേസിൽ ബംഗലൂരു പരപ്പന അഗ്രഹാര ജയിലിൽനിന്ന് ശിക്ഷ കഴിഞ്ഞിറങ്ങി വരുന്ന ശശികല തന്ത്രങ്ങളും പിടിവാശിയും പ്രയോഗിച്ച് പാർട്ടി കൈയടക്കാൻ വന്നാൽ കാര്യങ്ങൾ തലകീഴായി

**തങ്ങൾക്ക് കൂടുതൽ സീറ്റുകൾ വേണമെന്നും തെരഞ്ഞെടുപ്പു കഴിഞ്ഞാൽ അധികാരം തങ്ങൾക്കും പങ്കിടണമെന്നും കോൺഗ്രസിലെ ഒരുവിഭാഗം ആവശ്യപ്പെട്ടതാണ് സ്റ്റാലിനെ അസ്വസ്ഥനാക്കുന്നത്. 37 സീറ്റുകൾ വേണമെന്നാണ് അവരുടെ ആവശ്യം. ഒറ്റക്കുനിന്നാൽ കെട്ടിവച്ച പണം കിട്ടില്ലെന്ന് കോൺഗ്രസിനു നന്നായറിയാം**

മറിയുമെന്നും തങ്ങളുടെ അധികാരക്കോട്ടകൾ തകർന്നടിയുമെന്നുമുള്ള ഭയം അന്നത്തെ ദ്രാവിഡനേതാക്കളെ അലോസരപ്പെടുത്തിയിരുന്നു. എന്തായാലും നിയമസഭാതെരഞ്ഞെടുപ്പോടെ എഐഎഡിഎംകെ നേതാക്കൾ പലവഴിക്കായി. ജാതിരാഷ്ട്രീയമാണ് എഐഎഡിഎംകെയെ തകർത്തെറിഞ്ഞത്. തേവർ വിഭാഗത്തിലുള്ള ശശികല ജാതിക്കളി നടത്തിയതോടെയാണ് രാഷ്ട്രീയം മാറിമറിഞ്ഞത്.

ഇന്ന് എഐഎഡിഎംകെ തമിഴകത്ത് ശക്തമായ രാഷ്ട്രീയകക്ഷിയല്ല. എടപ്പാടി പളനിസ്വാമിയുടെ പക്വതയില്ലാത്ത രാഷ്ട്രീയം ആ പാർട്ടിയെ നശിപ്പിക്കുന്നതിൽ വലിയൊരു പങ്കു വഹിച്ചു. ഒ പനീർശെൽവത്തെ ഒറ്റപ്പെടുത്താൻ എടപ്പാടി നടത്തിയ ശ്രമങ്ങളൊക്കെ തിരിച്ചടിയുടെ രൂപത്തിൽ പാർട്ടിയെ ബാധിച്ചു.

പാർട്ടിയുടെ സർവവും താനാണെന്ന് ചിന്തിക്കുന്ന ഇദ്ദേഹം അടുത്ത മുഖ്യമന്ത്രിയാകാൻ കച്ചകെട്ടിയിരിക്കുകയാണ്. തങ്ങൾ അധികാരത്തിൽ വന്നാൽ പതിനായിരം രൂപ ഓരോ കുടുംബത്തിനും കൊടുക്കുമെന്നാണ് എടപ്പാടി പ്രഖ്യാപിച്ചിരിക്കുന്നത്. സർവതിനേയും എതിർക്കുകയെന്ന സിദ്ധാന്തമാണ് എടപ്പാടിയുടെ സഖ്യനയം.

ബിജെപിയിൽ പ്രതീക്ഷ അർപ്പിച്ചു മുന്നേറിയതായിരുന്നു എടപ്പാടിയുടെ തകർച്ചക്ക് കാരണം. ടിടിവി ദിനകരനെ പാർട്ടിയിൽ തിരിച്ചെടുത്തിട്ടും പനീർശെൽവത്തെ അടുപ്പിക്കില്ല എന്ന ദാർഢ്യമാണ് എഐഎഡിഎംകെയെ നശിപ്പിച്ചത്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ പലയിടത്തും കെട്ടിവച്ച പണം കിട്ടാത്ത അവസ്ഥ ഉണ്ടായിട്ടും സ്റ്റാലി

നെപ്പോലെ ഘടകകക്ഷികളുമായി സമവായം സൃഷ്ടിക്കാനോ സ്വന്തം അഹന്ത അൽപ്പംപോലും ചോർത്തിക്കളയാനോ എടപ്പാടിക്ക് കഴിഞ്ഞില്ല എന്നതാണ് ഏറ്റവും വലിയ ദുരന്തം. ഡിഎംകെയെ തറപറ്റിക്കും എന്ന ചിന്താഗതിയിലാണ് എടപ്പാടി. ''പൂജ്യം സ്റ്റാലിൻ കൂട്ടണിക്ക്, രാജ്യം (അധികാരം) എങ്കളുക്ക്'' എന്ന് ആവർത്തിക്കുന്ന എടപ്പാടിയുടെ പ്രസ്താവനയെ വലിയ ഫലിതമായി മാത്രമേ ഡിഎംകെ കാണുന്നുള്ളൂ.

പനീർശെൽവത്തെ മാത്രമല്ല ജയലളിതയുടെ തോഴിയും പാർട്ടിയെ ഒന്നടങ്കം കൈയിലൊതുക്കാൻ ശ്രമിച്ച ശശികലയെപ്പോലും പുറത്താക്കിയ നേതാവാണ് എടപ്പാടി. അതാണ് പുതിയ പാർട്ടിയുണ്ടാക്കാൻ ശശികലയെ കഴിഞ്ഞ ദിവസം പ്രേരിപ്പിച്ചിരിക്കുന്നത്. ജയളിതയുടെ 78 മത്തെ ജന്മദിനം ആഘോഷിക്കുന്ന വേളയിൽ മധു

**ഡിഎംകെയുടെ മുന്നിലെ കീറാമുട്ടി നടൻ വിജയ്ൻെറ തമിഴക വെട്രികഴകമാണ്. (ടിവികെ). വരുന്ന തെരഞ്ഞെടുപ്പിൽ കാര്യമായ നേട്ടമൊന്നും സൃഷ്ടിക്കാൻ ടിവികെക്ക് കഴിഞ്ഞില്ലെങ്കിലും മോശമല്ലാത്ത വോട്ടുപിടിക്കാൻ കഴിഞ്ഞേക്കാം. എംജിആറിനെപ്പോലെ ശക്തമായ രാഷ്ട്രീയാടിത്തറയൊന്നും വിജയ്നില്ലെങ്കിലും സാധാരണക്കാരിൽ ഒരു വിഭാഗത്തെ സ്വാധീനിക്കാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിഞ്ഞേക്കും**



**ക്യാപ്ടന്റെ പിന്തുണ :പ്രേമലതയുടെ എം ഡി എം കെ ഡി എം കെ പാളയത്തിൽ**

രയിൽ വച്ച് താൻ പുതിയ പാർട്ടി ഉണ്ടാക്കുമെന്നും അടുത്ത നിയമസഭാ തെരെഞ്ഞെടുപ്പിൽ മത്സരിച്ചു ഭരണക്കസേര കൈക്കലാക്കുമെന്നും ശശികല പ്രസ്താവിച്ചിരുന്നു. അതാകട്ടെ എടപ്പാടിക്ക് കനത്ത ഷോക്കാണ് ഏൽപ്പിച്ചിരിക്കുന്നത്. ''അയാളുടെ പേരു പറയാൻപോലും എനിക്ക് താൽപ്പര്യമില്ല,'' എന്നാണവർ മധുരയിൽ പ്രഖ്യാപിച്ചത്. ശശികലയുടെ ബന്ധുവും എഎംഎംകെ നേതാവുമായ ടിടിവി ദിനകരൻ അവരെ ശക്തമായി വിമർശിച്ചിരുന്നു. ''ഇഡ്ഡലിയും സമ്പാറും ഉണ്ടാക്കുന്നതുപോലെയല്ല പുതിയ പാർട്ടിയുണ്ടാക്കുന്നത്'' എന്നാണ് ദിനകരൻ അവരെ കളിയാക്കിയത്. പുതിയ പാർട്ടി ഉണ്ടായാൽത്തന്നെ ശശികലക്ക് മത്സരിക്കാൻ കഴിയില്ല. അഴിമതിക്കേസിലെ വിധിയതാണ്. തേവർ, മുക്കുളത്തൂർ, നാടാർ, ദളിത് എന്നീ വിഭാഗങ്ങളുടെ വോട്ടുബാങ്കായി അറിയപ്പെടുന്ന കൊങ്കുനാട് ജയലളിതയുടെ കാലത്ത് എഐഎഡിഎംകെ ശക്തികേന്ദ്രമായിരുന്നു. കോയമ്പത്തൂർ, ഈറോഡ്, സേലം, നാമക്കൽ, കരൂർ, തിരുപ്പൂർ ജില്ലകൾ ഉൾപ്പെടുന്നതാണ് കൊങ്കുനാട്. എന്നാൽ ഇതെല്ലാം ഇന്ന് ഡിഎംകെയുടെ കൈപ്പിടിയിലാണ്.

ദേശീയകക്ഷിയായ ബിജെപിയുടെ തമിഴ്നാട്ടിലെ തേരോട്ടം തുടക്കത്തിൽ എഐഎഡിഎംകെയെ അങ്കലാപ്പിലാക്കിയിരുന്നു. ഹിന്ദുത്വത്തിൻറെ മുഖംമൂടിയുമണിഞ്ഞ് ഇന്ത്യയെ മൊത്തത്തിൽ സ്വന്തം കാൽക്കീഴിൽ ഒതുക്കുവാനുള്ള ബിജെപിയുടെ കുടിലതന്ത്രങ്ങളെ അമർച്ച ചെയ്യേണ്ടത് ഡിഎംകെ സഖ്യത്തിൻറെ അനിവാര്യതയായിരുന്നു. തമിഴ്നാട്ടിൽ ബിജെപിക്ക് കാര്യമായ നേട്ടമൊന്നും സൃഷ്ടിക്കാൻ കഴിയില്ലെന്ന് മോഡിക്കും അമിത് ഷാക്കും നന്നായറിയാം. അതുകൊണ്ടുതന്നെയാണ് സഖ്യകക്ഷികളെ മുന്നിൽനിർത്തിയുള്ള കുടിലതന്ത്രങ്ങൾ പ്രയോഗിക്കാൻ ശ്രമിക്കുന്നതും.

ഇപ്പോൾ ഡിഎംകെയുടെ മുന്നിലെ കീറാമുട്ടി നടൻ വിജയ്ൻെറ തമിഴക വെട്രികഴകമാണ്. (ടിവികെ). വരുന്ന തെരഞ്ഞെടുപ്പിൽ കാര്യമായ നേട്ടമൊന്നും സൃഷ്ടിക്കാൻ ടിവികെക്ക് കഴിഞ്ഞില്ലെങ്കിലും മോശമല്ലാത്ത വോട്ടുപിടിക്കാൻ കഴിഞ്ഞേക്കാം. എംജിആറിനെപ്പോലെ ശക്തമായ രാഷ്ട്രീയാടിത്തറയൊന്നും വിജയ്നില്ലെങ്കിലും സാധാരണക്കാരിൽ ഒരു വിഭാഗത്തെ സ്വാധീനിക്കാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിഞ്ഞേക്കും. നടൻ സീമാൻെറ നാം തമിഴർ കക്ഷി (എൻടികെ) 234 മണ്ഡലങ്ങളിലും സ്ഥാനാർത്ഥികളെ നിർത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 116 സ്ത്രീകളും 117 പുരുഷന്മാരും ഒരു ട്രാൻസ്ജെൻഡറുമുണ്ടാകും. എന്തായാലും വരാൻ പോകുന്ന നിയമസഭാതെരഞ്ഞെടുപ്പ് പ്രതിപക്ഷത്തിനു നിർണായകമാണ്. ഭരണത്തിലെ മികവും ഡിഎംകെ സഖ്യത്തിൻെറ മുന്നേറ്റവും തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമെന്നുതന്നെയാണ് രാഷ്ട്രീയ നിരീക്ഷകരുടെ വിലയിരുത്തൽ.



# PLAN FOR PEACE OF MIND

*Make your choices now*

**SouthPark**

FUNERAL HOME • CEMETERY
CREMATORY

**Planning is determining the details of your funeral and cemetery services in advance. To some, this may sound like a difficult conversation. But putting a plan in place is actually a smart and caring thing to do.**

**With a plan, you'll reduce stress and financial burden for your loved ones—and simply let them honor and celebrate your life, knowing things are happening just as you wanted.**

## Our Complete Services Include:

- **Cemetery Burial Spaces**
- **Funeral & Memorial Services**
- **Caskets & Outer Burial Containers**
- **Memorials (Headstones) | Opening & Closing**
- **Safely Home Protection**




**Personal consultation available by appointment.**



**Sunil John Korah**
**Community Relations Director**
1-813-409-9050
1310 North Main St,
Pearland, TX 77581
sunil.korah@nsmg.com

● ചെറുകഥ

# വിടുതൽ




ലൈലാ അലക്സ്


ഇന്ന് പെസഹാ പെരുന്നാളിൻറെ ഏഴാം ദിവസം വിടുതലിൻറെ സന്തോഷത്തിലേക്കുള്ള യാത്രയുടെ ഓർമ്മ...

അടിമത്തത്തിൻറെ കയ്പ്പിൽ നിന്നും, കഷ്ടതയിൽ നിന്നും മോചനം. ഏതു യഹൂദനും സ്വന്തക്കാരോടൊപ്പം ആചരിക്കുന്ന പെരുന്നാൾ....

റൂത് ഓവൻ തുറന്നു റോസ്റ്റ് ചെയ്യാൻ വെച്ചിരുന്ന ആടിൻറെ വാരിയെല്ലുകൾ പുറത്തേക്കു എടുത്ത് പാകം നോക്കി. ഒലിവ് എണ്ണയിൽ ഉപ്പും, കുരുമുളകും, വെളുത്തുള്ളിയും, റോസ്മേരിയും, തൈമും ചേർത്ത മിശ്രിതം തേച്ചു പിടിപ്പിച്ച ആട്ടിൻ കാൽ വെന്തു പാകമായിരിക്കുന്നു. നേരത്തെ തന്നെ തയ്യാറാക്കിയ മീൻ ഫ്രിഡ്ജിൽ തണുക്കുന്നു. മാറ്റ്സോയും സാലഡുകളും, ഹോഴ്സ് റാഡിഷും എല്ലാം തയ്യാറായിക്കഴിഞ്ഞു.

മേശയുടെ നടുവിലെ സിഡർ പ്ലേറ്റിലെ മുട്ട, ആടിൻറെ കണങ്കാൽ എല്ല്, പിതാമഹന്മാർ ഈജിപ്തിൽ ഫറവോൻറെ അടിമകളായി കഴിഞ്ഞ കാലത്ത് വിശ്രമമില്ലാതെ അധ്വാനിച്ച ദിനങ്ങളുടെ ഓർമ്മയ്ക്കായുള്ളവ, അവർ കുടിച്ച കണ്ണുനീരിൻറെ ഉപ്പും അടിമത്തത്തിൻറെ കയ്പ്പും ഓർമിപ്പിക്കാൻ മറോർ....




വര:
മറിയം ജാസ്മിൻ

വിടുതലിൻറെ പ്രവാചകനായ ഏലീയാവിനായി ഒരു ഗ്ലാസ് നിറയെ വീഞ്ഞ് മേശയുടെ നടുവിൽ സൂക്ഷിച്ചു വെച്ചു.

‘ബൂബാ, ഇന്ന് അങ്കിൾ വരുമോ? എല്ലാ വർഷവും നീ അങ്കിൾ വരുമെന്ന് ഞങ്ങളോട് പറയാറില്ലേ?’ റൂത്തിനോട് പേരക്കുട്ടികളിൽ ഒരാൾ ചോദിച്ചു.

‘വരും. ഒരു പെസഹാ നാളിൽ അവൻ വരും. വിരുന്നിനു ശേഷം ഏലീയാവിനെ സ്വീകരിക്കാൻ വാതിൽ തുറക്കുമ്പോൾ അവൻ അവിടെ ഉണ്ടാവും... എൻറെ നാഥാൻ....’

തൻറെ അഞ്ചാമത്തെ മകൻ. മറ്റു സഹോദരങ്ങളുടെ കണ്ണിലെ കരട്. അവനെ മോശമാക്കാൻ കിട്ടുന്ന ഒരു

അവസരവും അവർ പാഴാക്കാറില്ല. ഇന്ന് രാവിലെയും കൂടി...

മിഷ്ന പാലിച്ച് നാടിനുവേണ്ടി, യെരൂശലേമിനുവേണ്ടി യുദ്ധത്തിന് പോയവൻ.

ഓരോ പെസഹായ്ക്കും റൂത് കാത്തിരിക്കുന്നത് അവനെയാണ്.

മറ്റു മക്കൾ എല്ലാം എത്തിയിട്ടുണ്ട്; കുടുംബ സമേതം. വീടിൻറെ അകത്തളങ്ങളിൽ എല്ലാം ഒച്ചയും ബഹളവും. കുട്ടികളുടെ കളിചിരികളും. അവൻ മാത്രം....

'അവൻ കൂടി വന്നിരുന്നെങ്കിൽ.... 'റൂത് പറഞ്ഞുപോയി.

അന്യജാതിക്കാരിയെ വിവാഹം കഴിച്ചവൻ... മതാചാരങ്ങൾ ഒന്നും പാലിക്കാത്തവൻ... ജന്മം നൽകിയ മാതാപിതാക്കൾക്ക് നാണക്കേടുണ്ടാക്കിയവൻ... എന്തിന്, സ്വന്തം പിതാവിൻറെ മരണാനന്തര കർമങ്ങൾക്കു പോലും വരാഞ്ഞവൻ. അവൻറെ പേരിൽ സഹോദരങ്ങൾ ആരോപിക്കുന്ന കുറ്റങ്ങളുടെ പട്ടിക നീണ്ടുപോകുന്നു.

പക്ഷേ, റൂത്തിനറിയാം നാടിനു വേണ്ടി യുദ്ധത്തിന് പോയവനാണ് അവൻ. അന്ന് ഒരിക്കൽ വന്നതുപോലെ അവൻ ഇനിയും വരും. ചെങ്കടൽ പകുത്ത് ഫറവോൻറെ അടിമത്തത്തിൽ നിന്നും രക്ഷിച്ച് കൊണ്ടുപോകും. ഓരോ പെസഹായ്ക്കും ഈ സംഭാഷണം നടക്കാറുള്ളതാണ്. പേരക്കുട്ടികൾ അവരോട് ചോദിക്കും: 'ഇന്ന് അങ്കിൾ നാഥാൻ വരുമോ?'

'നീ നിൻറെ അബ്ബായോടു ചോദിക്കൂ. അവനാണ് നാഥാനെ അവസാനം കണ്ടത്.

എന്ന് വരുമെന്നാണ് അവൻ പറഞ്ഞത് എന്ന് ചോദിക്കൂ.'

'അബ്ബായോ? അതെങ്ങനെ? ആബാ ഇതുവരെ പറഞ്ഞിട്ടില്ലല്ലോ...';

'കടയിൽ പണിചെയ്യുകയായിരുന്ന സായ്ദീക്കു ആഹാരവുമായി പോയതായിരുന്നു. മടിയന്മാരായ മൂത്ത സഹോദരന്മാർ വെയിലത്ത് പോകാൻ വിസമ്മതിച്ചപ്പോൾ ഇളയവനായ അവൻ പോയതാണ്...

'എന്നിട്ട് ...?'

അവനെ പട്ടാളക്കാർ പിടിച്ചു കൊണ്ടുപോയി എന്നാണ് പിന്നെ കേട്ടത് ...

'എന്നിട്ട്?'

**'അന്യജാതിക്കാരിയെ വിവാഹം കഴിച്ചവൻ... മതാചാരങ്ങൾ ഒന്നും പാലിക്കാത്തവൻ... ജന്മം നൽകിയ മാതാപിതാക്കൾക്ക് നാണക്കേടുണ്ടാക്കിയവൻ... എന്തിന്, സ്വന്തം പിതാവിൻറെ മരണാനന്തര കർമങ്ങൾക്കു പോലും വരാഞ്ഞവൻ. അവൻറെ പേരിൽ സഹോദരങ്ങൾ ആരോപിക്കുന്ന കുറ്റങ്ങളുടെ പട്ടിക നീണ്ടുപോകുന്നു.'**

റൂത് ഓർമകളിൽ മുഴുകി ഒരു നിമിഷം നിശബ്ദയായി. പിന്നെ പറഞ്ഞു:

'മൂന്നു വർഷങ്ങൾക്ക് ശേഷമാണ് അവൻ വന്നത്. അവനെ തിരിച്ചറിയാൻ കൂടി പ്രയാസപ്പെട്ടു. യുദ്ധത്തിൻറെ ഭീകരതകൾ ആ നീല കണ്ണുകളിൽ തീയായി അപ്പോഴും ജ്വലിക്കുന്നുണ്ടായിരുന്നു. എപ്പോഴും ചിരിച്ചു കൊണ്ടിരുന്ന അവൻ ചിരിക്കാൻ മറന്നു പോയിരുന്നു'

'അവൻ അധികം ഒന്നും സംസാരിച്ചില്ല. എന്നോട് പോലും. നല്ല ആഹാരം നൽകിയതിനും കിടക്കാൻ വൃത്തിയുള്ള കിടക്ക കൊടുത്തതിനും എപ്പോഴും ദൈവത്തോട് നന്ദി പറഞ്ഞു. എങ്കിലും അവൻറെ മൗനത്തിൽ നിന്ന് മനസ്സിലാവുമായിരുന്നു അവൻ അനുഭവിച്ച ദുരിതങ്ങൾ. അവൻ കണ്ട ഭീകരതകൾ .... ദൂരെ ഇരുന്ന് പറഞ്ഞാൽ അത് ഒരാൾക്കും മനസ്സിലാവില്ല.

അതുകൊണ്ട് ഒന്നും ചോദിച്ച് ഞങ്ങൾ അവനെ ബുദ്ധിമുട്ടിച്ചില്ല'.

റൂത് നിർത്തി. അവളുടെ പേരക്കുട്ടികൾ അവൾക്കു ചുറ്റും കഥയുടെ ബാക്കി കേൾക്കാൻ കാത് കൂർപ്പിച്ചിരുന്നു. പ്രതീക്ഷാനിർഭരമായ ആ മുഖങ്ങൾ ഓരോന്നായി മാറി മാറി നോക്കിക്കൊണ്ട് അവൾ ഒന്നും മിണ്ടാതെ കുറെയേറെ നേരം ഇരുന്നു. ആ നിശബ്ദത അസഹനീയമായപ്പോൾ കൂട്ടത്തിലെ ഇളയവൻ അവളുടെ കൈ പിടിച്ചു കുലുക്കി.

'ബൂബ... പിന്നെ എന്തുണ്ടായി എന്ന് പറയ്.'

'കുറെ ദിവസങ്ങൾ അവൻ ഇവിടെ താമസിച്ചു. നിങ്ങളുടെ സായ്ദീയോടൊപ്പം കടയിൽ പോയി അദ്ദേഹത്തെ സഹായിച്ചു. വീട്ടിലേക്കുള്ള വകകൾ വാങ്ങിക്കൊണ്ടു വന്നു.

'സായ്ദീയോടും എന്നോടും ഒപ്പമാണ് അവൻ സമയം മുഴുവൻ ചെലവഴിച്ചത്.

സഹോദരന്മാർ അവനെ അവരുടെ വീടുകളിലേക്ക് ഒരിക്കൽ കൂടിയും ക്ഷണിച്ചില്ല.'


റൂത്തിൻറെ മുഖം ചുവന്നു.

'മുഴുവൻ സമയവും? അതെന്താ സഹോദരങ്ങളുടെ കൂടെ ഒട്ടും സമയം ചെലവഴിക്കാഞ്ഞത്?' റൂത്തിൻറെ രണ്ടാമത്തെ മകൻറെ മകളായ റൂത്തിൻറെ പേരുകാരി ചോദിച്ചു.

'അവനോട് അവർക്കെല്ലാം അസൂയ ആയിരുന്നു.... ചെറുപ്പം മുതൽ തന്നെ... തരം കിട്ടുമ്പോഴൊക്കെ അവർ അവനെ ഉപദ്രവിച്ചു. കുട്ടികൾ തമ്മിൽ കളിക്കുമ്പോൾ ഉള്ള അടിപിടി എന്നേ എല്ലാവരും കരുതിയുള്ളൂ. '

ഒന്ന് നിർത്തി, റൂത്ത് തുടർന്നു:

'അവരെക്കാളൊക്കെ സുന്ദരനായിരുന്നു അവൻ. ബുദ്ധിയും ഉണ്ടായിരുന്നു. പഠിപ്പിലേറെ കേമൻ... അവർ അവനെ കൊന്നുകളയുമോ എന്നുപോലും




ഞാൻ ഭയന്നിരുന്നു...'

കുട്ടികളുടെ മുഖത്ത് അമ്പരപ്പ് പടർന്നു.

'ആര്?' പല കൺഠങ്ങളിൽ നിന്ന് ഒരുമിച്ച് ആ ചോദ്യം ഉയർന്നു. റൂത് ഒന്നും പറയാതെ അകലേക്ക് കണ്ണുകൾ പായിച്ച് ഇരുന്നതേയുള്ളൂ.

'എൻറെ അബ്ബാ അങ്ങനെ ചെയ്യില്ല', മൂത്ത മകൻറെ ഇളയ കുട്ടി തീർത്തു പറഞ്ഞു.

'പിന്നെ എൻറെ അബ്ബാ കൊല്ലുമെന്നാണോ, അതും സഹോദരനെ?

ഒരിക്കലുമില്ല...'മൂന്നാമത്തെ മകൻറെ മകനും അവൻറെ അച്ഛനെ ന്യായീകരിച്ചു.

'ഈ ബൂബ ചുമ്മാ പറയുന്നതാ... ബൂബയ്ക്ക് നമ്മുടെ അബ്ബാമാരെ ഇഷ്ടമല്ല.

അങ്കിൾ നാഥാനെ മാത്രമേ

**നെഞ്ചുരുകി കരയുന്ന അമ്മമാരുടെ എണ്ണം ദിനം പ്രതി കൂടിക്കൂടി വരുന്നത് റൂത്തിനെ പരിഭ്രാന്തയാക്കി. മുതിർന്ന മക്കളെ കെട്ടിപ്പിടിച്ച് അവൾ കരഞ്ഞു തുടങ്ങി. സൈന്യത്തിൽ ചേരാനുള്ള ഗവൺമെൻറ് അറിയിപ്പ് അവർക്കു വരുന്നത് ഓർത്ത് അവൾക്ക് ഉറങ്ങാൻ കഴിയാതെ ആയി. റൂത്തിൻറെ ചുണ്ടുകൾ വിറച്ചു.**

ഇഷ്ടമുള്ളൂ ... അതിനു പറയുന്നതാ...'

കുട്ടികൾ അവളുടെ അടുത്ത് നിന്നും മാറിപ്പോയി: അവരുടെ അച്ഛന്മാരെ അങ്ങനെ മോശക്കാരാക്കിയത് പിടിക്കാതെ.

റൂത്ത് അവിടെത്തന്നെ ഇരുന്നു.

പഴയ കാര്യങ്ങൾ ഒന്നൊന്നായി മനസ്സിൻറെ അഭ്രപാളികളിൽ തെളിഞ്ഞു തുടങ്ങി.

അഞ്ച് ആൺമക്കൾ. സുന്ദരന്മാരായ, സമർത്ഥരായ മക്കൾ. കുടുംബത്തെ സ്നേഹിക്കുന്ന, കുടുംബത്തെ പോറ്റാൻ എല്ലുമുറിയെ പണിയാൻ മടിയില്ലാത്ത ഭർത്താവ്... അദ്ദേഹത്തിൻറെ കടയിൽ നിന്ന് കുടുംബം നടത്താൻ വേണ്ടുന്ന വരുമാനമുണ്ടായിരുന്നു. ഇതിൽ കൂടുതൽ എന്താണ് ഒരു സ്ത്രീയ്ക്ക് വേണ്ടത്?

ദൈവം അനുഗ്രഹിച്ചവൾ എന്ന് സമുദായം ഒന്നടങ്കം വാഴ്ത്തിയപ്പോൾ ഏറെ അഹങ്കരിച്ചു.

ഉച്ചയ്ക്ക് കടയിലേക്ക് അബ്ബയ്ക്ക് ആഹാരവുമായി പോകുമ്പോൾ അവൻ പറയുമായിരുന്നു:

'ഇമാ... ഒന്ന് രണ്ടു വർഷം കൂടി കഴിഞ്ഞാൽ പിന്നെ ഞാൻ നടത്തിക്കോളാം കട.

അബ്ബയ്ക്ക് പ്രായമായി. വീട്ടിൽ വിശ്രമിക്കട്ടെ....'

അപ്പോഴും ദൂരെ എവിടെയോ നടക്കുന്നുണ്ടായിരുന്ന യുദ്ധം ഈ കൊച്ചു ഗ്രാമത്തിൻറെ സ്വച്ഛതയെ ബാധിച്ചിരുന്നില്ല. പുരുഷന്മാർ ഒത്തുചേരുന്ന സദസ്സുകളിൽ ഒതുങ്ങി നിന്നു യുദ്ധത്തെക്കുറിച്ചുള്ള സംഭാഷണങ്ങൾ.

നാളുകൾ കഴിയുമ്പോൾ ആ യുദ്ധം അവസാനമില്ലാതെ, നീണ്ടു നീണ്ടു പോകുന്നതും അടുത്തടുത്ത് വരുന്നതും അവർ അറിഞ്ഞു. ആദ്യമൊന്നും അത് രൂത്തിനെ ബാധിച്ചില്ല: അവൾ സന്തോഷവതിയായി തുടർന്നു. പക്ഷേ,

പരിചയത്തിലുള്ള കുടുംബങ്ങളിൽ നിന്നും സൈന്യത്തിലേക്കു പോയ യുവാക്കൾ പലരും തിരിച്ചു വന്നില്ല എന്ന് കണ്ടപ്പോൾ അവൾക്കും ഭയം ബാധിച്ചു തുടങ്ങി.

നെഞ്ചുരുകി കരയുന്ന അമ്മമാരുടെ എണ്ണം ദിനം പ്രതി കൂടിക്കൂടി വരുന്നത് റൂത്തിനെ പരിഭ്രാന്തയാക്കി. മുതിർന്ന മക്കളെ കെട്ടിപ്പിടിച്ച് അവൾ കരഞ്ഞു തുടങ്ങി. സൈന്യത്തിൽ ചേരാനുള്ള ഗവൺമെൻറ് അറിയിപ്പ് അവർക്കു വരുന്നത് ഓർത്ത് അവൾക്ക് ഉറങ്ങാൻ കഴിയാതെ ആയി.

റൂത്തിൻറെ ചുണ്ടുകൾ വിറച്ചു. അവർ തന്നോട് തന്നെ എന്ന വണ്ണം പറഞ്ഞുകൊണ്ടിരുന്നു.

'എത്ര സന്തോഷത്തോടെ ആണെന്നോ അവൻ പോയത്! സൈന്യത്തിൽ ചേരാനുള്ള പോക്കാണെന്നു ഞാനും അവൻറെ അബ്ബായും അറിഞ്ഞില്ല. നിങ്ങളുടെ അബ്ബമാർക്കു അറിയാമായിരുന്നു: അവർ ഞങ്ങളോട് പറഞ്ഞില്ല.'

'എല്ലാ കുടുംബങ്ങളിൽ നിന്നും ഓരോരുത്തർ സൈന്യത്തിലേക്കു പോയപ്പോൾ ഭാര്യമാരും കുട്ടികളും ഉള്ള ജ്യേഷ്ഠ സഹോദരന്മാരെ ഒഴിവാക്കി അവൻ പോയി...'

'എന്തിനാണ് അവർ അവനെക്കുറിച്ച് വേണ്ടാത്തത് പറയുന്നത് .... യുദ്ധമുഖത്തു പരിചയപ്പെട്ട ജനറലിൻറെ മകളെ കല്യാണം കഴിച്ചെന്ന്.... ഇനി ആരും അവനെ തിരഞ്ഞു അങ്ങോട്ട് ചെല്ലേണ്ട എന്ന് അന്വേഷിച്ചുചെന്ന സഹോദരന്മാരോട് പറഞ്ഞെന്ന് ....'

'അവന് ഇമയേ കാണാതെയിരിക്കാൻ ആവില്ല എന്ന് ആരെക്കാളും നന്നായി എനിക്കറിയാം'.

'മതി കളിച്ചത്. പോയി കൈയും മുഖവും കഴുകി വരൂ. ഡിന്നറിനു സമയമാകുന്നു.'കുട്ടികളുടെ അമ്മമാർ അവരെ വിളിച്ചു.

അകത്തളത്തിൽ വലിയ മേശയ്ക്കു ചുറ്റും ആ കുടുംബം ഒത്തുകൂടി.

സ്വാതന്ത്ര്യത്തിൻറെ ഓർമയിൽ വിശാലമായ ഇരിപ്പിടങ്ങളിൽ അവർ ചാരിക്കിടന്ന് വിരുന്ന് കഴിക്കാൻ ഒരുങ്ങി.

മൂത്തമകൻ മേശയുടെ തലക്കൽ ഗൃഹനാഥൻറെ സ്ഥാനത്തിരുന്നു. കത്തിച്ച മെഴുകുതിരിവെട്ടത്തിൽ റൂത്ത് ആ മുഖങ്ങൾ ഓരോന്നും മാറിമാറി നോക്കി.

**പൊട്ടി വന്ന വിതുമ്പലടക്കിപ്പിടിച്ച് അച്ഛൻ മറുപടി പറഞ്ഞു: 'ങും... ബോംബാക്രമണത്തിൽ കത്തിക്കരിഞ്ഞു പോയി അവൻ എന്ന് എങ്ങനെയാണ് ഇമയോട് പറയുന്നത്? ആചാരപ്രകാരമുള്ള ശവസംസ്കാരം പോലും നടത്താൻ കഴിഞ്ഞില്ല എന്ന് അറിഞ്ഞാൽ സഹിക്കാൻ കഴിയില്ല ആ പാവത്തിന്. വേണ്ട... ഇമ കാത്തിരുന്നോട്ടെ... അവൻ എന്നെങ്കിലും വരുമെന്ന പ്രതീക്ഷയിൽ...'**

വീഞ്ഞ് നിറച്ച ആദ്യ കപ്പ് റുത്ത് കൈനീട്ടി എടുത്തു .. മൂത്ത മകൻ ആദ്യ പ്രാർത്ഥന ചൊല്ലാൻ തുടങ്ങി. വിരുന്ന് നീണ്ടു പോയി. വിടുതലിൻറെ ചരിത്രം പ്രാർത്ഥനയായി ഓരോ മനസ്സുകളിലും നിറഞ്ഞു.

റൂത്തിനു മംഗളം ആശംസിച്ച് മക്കളുടെ കുടുംബങ്ങൾ അവരവരുടെ വീടുകളിലേക്കു മടങ്ങുമ്പോൾ പേരക്കുട്ടികൾ അവരവരുടെ അച്ഛന്മാരോട് പരിഭവിച്ചു: 'അബ്ബാ നിങ്ങൾ എന്താ അങ്കിൾ നാഥാൻ വന്നപ്പോൾ നമ്മുടെ വീട്ടിലേക്ക് ക്ഷണിക്കാഞ്ഞത്? അതുകൊണ്ടല്ലേ ഞങ്ങൾക്ക് കാണാൻ പറ്റാഞ്ഞത്...

അതുകൊണ്ടല്ലേ ബൂബയ്ക്ക് നിങ്ങളോട് ഇത്ര ദേഷ്യം '

'അത് അവന് വളരെക്കുറച്ചേ ലീവ് ഉണ്ടായിരുന്നുള്ളൂ. അത് ബൂബയോടും സായിദിയോടും ഒപ്പം കഴിച്ചോട്ടെ എന്ന് കരുതി..'

സഹോദരന്മാരിൽ ഒരാൾ കുട്ടികൾ എല്ലാവരോടുമായി പറഞ്ഞു.

പേരക്കുട്ടികളിൽ മൂത്തവൻ ഈർഷ്യപ്പെട്ടു: 'അതിന് അത് അങ്കിൾ നാഥാൻ ആയിരുന്നില്ല. ഏതോ വഴിപോക്കൻ. നിങ്ങൾക്കറിയില്ലേ പെരുന്നാളിന് വരുന്ന വഴിപോക്കരെ നമ്മൾ സ്വീകരിക്കുമെന്ന്?'

അവൻ അവൻറെ അച്ഛനോട് ചോദിച്ചു:'അബ്ബാ, എത്ര നാൾ നിങ്ങൾക്ക് സത്യം മറച്ചുവെക്കാൻ കഴിയും? നിങ്ങൾ എന്താണ് ബൂബയോട് പറയാത്തത്– അങ്കിൾ നാഥാൻ മരിച്ചുപോയി എന്ന സത്യം?'

പൊട്ടി വന്ന വിതുമ്പലടക്കിപ്പിടിച്ച് അച്ഛൻ മറുപടി പറഞ്ഞു: 'ങും...

ബോംബാക്രമണത്തിൽ കത്തിക്കരിഞ്ഞു പോയി അവൻ എന്ന് എങ്ങനെയാണ് ഇമയോട് പറയുന്നത്? ആചാരപ്രകാരമുള്ള ശവസംസ്കാരം പോലും നടത്താൻ കഴിഞ്ഞില്ല എന്ന് അറിഞ്ഞാൽ സഹിക്കാൻ കഴിയില്ല ആ പാവത്തിന്. വേണ്ട...

ഇമ കാത്തിരുന്നോട്ടെ... അവൻ എന്നെങ്കിലും വരുമെന്ന പ്രതീക്ഷയിൽ...'

അപ്പോൾ റൂത്ത് വാതിലുകൾ അടച്ച് അകത്തു കയറി കിടക്കയിൽ വീണു കരയുകയായിരുന്നു– യുദ്ധത്തിൽ മരണമടഞ്ഞ തൻറെ മകനെയും, അതിലുപരി, ആ ദുഃഖം തന്നെ അറിയിക്കാതെയിരിക്കാൻ അവനെപ്പറ്റി കള്ളക്കഥകൾ മെനെഞ്ഞു തന്നെ സമാധാനിപ്പിക്കാൻ പരിശ്രമിക്കുന്ന മറ്റു മക്കളെയും ഓർത്ത്.

**സിഡെർ പ്ലേറ്റ്: മേശയുടെ നടുവിൽ ആചാരപ്രകാരമുള്ള ആട്ടിൻ കാൽ, മാറ്റ്സൊ (പുളിപ്പിക്കാത്ത ബ്രെഡ്), മുട്ട, മറോർ (കയ്പുള്ള സസ്യങ്ങൾ), ഹാറോസെറ്റ് (ആപ്പിളും,വാൾനട്ടും അരിഞ്ഞു ചുവന്ന വീഞ്ഞിൽകുഴച്ചത്) ഉപ്പ് മുതലായവ വെക്കുന്ന പ്ലേറ്റ്.സായിദി: മുത്തശ്ശൻ.ബൂബ: മുത്തശ്ശി.ഇമാ: അമ്മ*

# കെ.പി.എ.സിയും അച്യുതമേനോനും

## അച്യുത മേനോന്റെ ജീവിതവും കാലവും പുനലൂർ രാജന്റെ ചിത്രങ്ങളിൽ , മാങ്ങാട് രത്നാകരന്റെ വരികളിൽ


*ഫോട്ടോ:* പുനലൂർ രാജൻ
*എഴുത്ത്:* മാങ്ങാട് രത്നാകരൻ



കെ പി എ സി നാടക അവതരണം

ദേശീയപ്രസ്ഥാനവുമായും പിന്നീട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായും ബന്ധപ്പെട്ട് സജീവമായ രാഷ്ട്രീയപ്രവർത്തനത്തിൽ മുഴുകിയപ്പോഴും സി.അച്യുതമേനോൻ കലാ-സാഹിത്യരംഗങ്ങളിലുള്ള താല്പര്യം കെടാതെ സൂക്ഷിച്ചിരുന്നു. സാഹിത്യരംഗത്ത് തകഴി ശിവശങ്കരപ്പിള്ള, പി.കേശവദേവ്, എസ്.കെ.പൊറ്റെക്കാട്ട്, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവർ ലബ്ധപ്രതിഷ്ഠ നേടുകയും മലയാള കഥാസാഹിത്യത്തിലെ ദീപസ്തംഭങ്ങളായിത്തീരുകയും ചെയ്ത കാലഘട്ടത്തിൽ, ചെറുകഥകൾ എഴുതിക്കൊണ്ടായിരുന്നു അച്യുതമേനോന്റെ സാഹിത്യരംഗത്തേക്കുള്ള പ്രവേശനം. 'അടുക്കളക്കാരിയുടെ അഭിമാനം' എന്ന ചെറുകഥ, മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചത് വലിയൊരു അംഗീകാരമായിരുന്നു. തുടർന്നെഴുതിയ 'ബാലപ്രണയം' എന്ന കഥ മാതൃഭൂമിയിലും 'ജൂനിയർ വക്കീൽ' എന്ന കഥ മംഗളോദയത്തിലും പ്രസിദ്ധീകരിച്ചു. തകഴി, ദേവ് തുടങ്ങിയ എഴുത്തുകാരുടെ നിലവാരത്തിലേക്ക് തനിക്ക് ഉയരാൻ കഴിയുന്നില്ലെന്ന് സ്വയം വിലയിരുത്തിയ കഥാകൃത്ത് കഥയെഴുത്തിനോട് എന്നേയ്ക്കുമായി വിടപറയുകയായിരുന്നു.

അച്യുതമേനോന്റെ തുടർന്നുള്ള സാഹിത്യോദ്യമം നാടകത്തിലായിരുന്നു. സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ ഷേക്സ്പിയറുടെ സമ്പൂർണകൃതികൾ വായിച്ചാസ്വദിച്ച കാര്യം അദ്ദേഹം അനുസ്മരിക്കുന്നുണ്ട്. ചില ബാഹ്യപ്രേരണകൾ കൂടി ഒത്തുചേർന്നപ്പോൾ അദ്ദേഹം സേവനത്തിന്റെ പേരിൽ എന്ന ഒരു നാടകമെഴുതി. മാതൃഭൂമി



**അച്യുതമേനോൻ**

**ചെറുകഥകൾ എഴുതിക്കൊണ്ടായിരുന്നു അച്യുതമേനോന്റെ സാഹിത്യരംഗത്തേക്കുള്ള പ്രവേശനം. 'അടുക്കളക്കാരിയുടെ അഭിമാനം' എന്ന ചെറുകഥ, മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചത് വലിയൊരു അംഗീകാരമായിരുന്നു. തകഴി, ദേവ് തുടങ്ങിയ എഴുത്തുകാരുടെ നിലവാരത്തിലേക്ക് തനിക്ക് ഉയരാൻ കഴിയുന്നില്ലെന്ന് സ്വയം വിലയിരുത്തിയ കഥാകൃത്ത് കഥയെഴുത്തിനോട് എന്നേയ്ക്കുമായി വിടപറയുകയായിരുന്നു.**

ആഴ്ചപ്പതിപ്പ്, 1940-ൽ ഈ നാടകം ഖണ്ഡശ്ശ പ്രസിദ്ധീകരിക്കുകയുമുണ്ടായി. നിർഭാഗ്യവശാൽ അത് അരങ്ങിലെത്തുകയുണ്ടായില്ല. അതിനെത്തുടർന്ന് എഴുതിയ വിശപ്പിന്റെ വിളി എന്ന നാടകം, ഒരു സോദ്ദേശ്യ നാടകമായിരുന്നു. രണ്ടാംലോകമഹായുദ്ധത്തിന്റെ കാലഘട്ടത്തിൽ നാട്ടിലുണ്ടായ ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ, ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുക ദേശാഭിമാനപരമായ കടമയാണെന്ന ആശയം കമ്മ്യൂണിസ്റ്റ് പാർട്ടി പ്രചരിപ്പിച്ചിരുന്നു. ആ ആശയത്തിനു നാടകരൂപം നൽകുകയായിരുന്നു നാടകകൃത്ത്. ഈ നാടകം നിരവധി വേദികളിൽ അവതരിപ്പിക്കുകയും ആസ്വാദക ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്തിരുന്നു. മഹാകവി ജി.ശങ്കരക്കുറുപ്പിന്റെ അവതാരികയോടെ ഈ നാടകം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. (അവലംബം: സി.അച്യുതമേനോൻ ജീവിതചിത്രങ്ങൾ, പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, സി.അച്യുതമേനോൻ ഫൗണ്ടേഷൻ, തിരുവനന്തപുരം, 2020).

സി.അച്യുതമേനോൻ കെ.പി.എ.സി. എന്ന കേരള പീപ്പിൾസ് ആർട്സ് ക്ലബ്ബുമായി അത്രകണ്ട് ഇഴുകിച്ചേർന്നു പ്രവർത്തിച്ച നേതാവല്ല. എന്നാൽ കേരളത്തിൽ (അവിഭക്ത) കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാലത്ത് രൂപം കൊണ്ട ഈ കലാ-നാടകസംഘടന, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകത്തിലൂടെ ചരിത്രം സൃഷ്ടിച്ചപ്പോഴും അതിന്റെ വളർച്ചയുടെ പടവുകളിലും അച്യുതമേനോന്റെ സാന്നിധ്യവും പ്രോത്സാഹനവും ഉണ്ടായിരുന്നു.

കെ.പി.എ.സി. സ്വന്തം പ്രസ്ഥാനത്തിന്റെയും നാടകപ്രസ്ഥാനത്തിന്റെയും അവിഭാജ്യഘടകമാണെന്ന ബോധ്യത്തിൽ നിന്നാണ്, അച്യുതമേനോൻ 'കെ.പി.എ.സിയും മലയാളനാടകവേദിയും' എന്ന ലേഖനം എഴുതുന്നത്. (മറക്കാനാവാത്ത അനുഭവങ്ങൾ, സി.അച്യുതമേനോൻ, മാതൃഭൂമി ബുക്സ്, 2025) അതിനുള്ള പ്രചോദനം, അഥവാ പ്രകോപനം, പ്രശസ്ത നാടകകൃത്തും നാടകപണ്ഡിതനും സംവിധായകനുമായിരുന്ന പ്രൊഫ. ജി.ശങ്കരപ്പിള്ള മുന്നോട്ടുവച്ച (നാന, 1980 മാർച്ച് 30) അതിനിശിതമായ വിമർശനമാണ്. മലയാളനാടകവേദിക്ക് കെ.പി.എ.സി. യാതൊരു സംഭാവനയും നൽകിയിട്ടില്ലെന്നാണ് ജി.ശങ്കരപ്പിള്ള ആ അഭിമുഖത്തിൽ വിലയിരുത്തിയത്.

''നാടകസാഹിത്യത്തെക്കുറിച്ചും നാടകകലയെക്കുറിച്ചും നാടകത്തിന്റെ സാങ്കേതികവശങ്ങ

ളെക്കുറിച്ചും അഗാധമായ അറിവു നേടിയിട്ടുള്ള ഒരു വ്യക്തിയാണ് ജി.ശങ്കരപ്പിള്ള. എങ്കിലും അദ്ദേഹത്തിന്റെ നാടകസമീപനത്തിൽ എവിടെയോ എന്തോ ഒരു പിശകുണ്ടെന്നു തോന്നിപ്പോകുന്നു,'' എന്ന് പ്രതിപക്ഷ ബഹുമാനത്തോടെ, വിനീതനായി തന്റെ വാദങ്ങൾ അവതരിപ്പിക്കുകയാണ് അച്യുതമേനോൻ.

കെ.പി.എ.സിക്ക് അനുകൂലമായ അച്യുതമേനോന്റെ വാദഗതികൾ ഇങ്ങനെ ക്രോഡീകരിക്കാം:

ഒന്ന്, 1952 മുതൽക്കുള്ള ഒരു ദശാബ്ദക്കാലം മലയാളനാടകവേദിയെ കെ.പി.എ.സി. അടക്കിഭരിച്ചു. പുതുതായി ഒന്നും സംഭാവന ചെയ്യാനില്ലാതെയിരുന്ന ഒരു നാടകസംഘത്തിന് ഇതെങ്ങനെ സാധിച്ചു?

രണ്ട്, കെ.പി.എ.സി. നാടകങ്ങൾ വിജയിപ്പിക്കുന്നതിന് കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനശക്തി പ്രയോജനപ്പെട്ടിട്ടുണ്ട് എന്ന വസ്തുത നിഷേധിക്കേണ്ട കാര്യമില്ല. എന്നാൽ നാടകം കാണാൻ തടിച്ചുകൂടിയ പ്രേക്ഷകരിൽ കമ്യൂണിസ്റ്റ് പാർട്ടിയുമായി യാതൊരു ബന്ധവുമില്ലാത്ത ആയിരക്കണക്കിന് ആളുകളുണ്ടായിരുന്നു. കമ്യൂണിസ്റ്റ് രാഷ്ട്രീയത്തോട് അങ്ങേയറ്റം വിരോധമുള്ളവരും ഉണ്ടായിരുന്നു. അവരെയെല്ലാം ആകർഷിച്ചതെന്താണ്? നാടകങ്ങളിലെ രാഷ്ട്രീയമല്ല, കലാപരമായ അംശം തന്നെയാണ്.

മൂന്ന്, നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി എന്ന നാടകം പാർട്ടി പ്രചാരണമാണെന്ന് വേണമെങ്കിൽ സമ്മതിക്കാം. സർവ്വേക്കല്ലിലും മുടിയനായ പുത്രനിലും മറ്റും അത്തരത്തിലുള്ള പരാമർശങ്ങൾ വളരെ നേരിയ മട്ടിലേ ഉള്ളൂ. എന്നാൽ അശ്വമേധത്തിലോ തുലാഭാരത്തിലോ എന്തു പാർട്ടി പ്രചാരണമാണുള്ളത്? ഭൂതക്കണ്ണാടിവെച്ചു നോക്കിയാൽപ്പോലും പാർട്ടി രാഷ്ട്രീയം കാണുകയില്ലല്ലോ.


നാല്, ഒരു കവി അല്ലെങ്കിൽ നാടകകൃത്ത് ജീവിക്കുന്ന കാലഘട്ടത്തിലെ ഏറ്റവും സജീവമായ സാമൂഹികപ്രശ്നവുമായി അയാളുടെ സാഹിത്യമോ നാടകമോ ബന്ധപ്പെട്ടുപോയാൽ അതെന്തോ വലിയ അപകടമോ പാപമോ ആണെന്നുപോലുമുള്ള ധ്വനി ശങ്കരപ്പിള്ളയുടെ വിമർശനത്തിലുണ്ട്.



പുനലൂർ രാജൻ

എന്നാൽ ശങ്കരപ്പിള്ളയുടെ ചില വാദങ്ങൾക്ക് അച്യുതമേനോൻ 'സംശയത്തിന്റെ ആനുകൂല്യം' നൽകുന്നുണ്ട്. അതിനു കാരണം തനിക്ക് ''ഈ വക വിഷയങ്ങളിൽ വലിയ പിടിപാടില്ലെന്നതുകൊണ്ടാണ്.'' അതേസമയം കെ.പി.എ.സി. ഒരു സ്ഥിരം നാടകസമിതി രൂപീകരിക്കുന്ന കാലത്ത് അവരുടെ ലക്ഷ്യം നാടകാവതരണത്തിൽ പരീക്ഷണങ്ങൾ നടത്തുകയായിരുന്നില്ലെന്നും ജീവിതഗന്ധിയായ നാടകങ്ങൾ അവതരിപ്പിക്കുക എന്നതായിരുന്നുവെന്നും അച്യുതമേനോൻ എഴുതുന്നു.

**വിശപ്പിന്റെ വിളി എന്ന നാടകം, ഒരു സോദ്ദേശ്യ നാടകമായിരുന്നു. രണ്ടാംലോകമഹായുദ്ധത്തിന്റെ കാലഘട്ടത്തിൽ നാട്ടിലുണ്ടായ ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ, ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുക ദേശാഭിമാനപരമായ കടമയാണെന്ന ആശയം കമ്മ്യൂണിസ്റ്റ് പാർട്ടി പ്രചരിപ്പിച്ചിരുന്നു. ആ ആശയത്തിനു നാടകരൂപം നൽകുകയായിരുന്നു നാടകകൃത്ത്. ഈ നാടകം നിരവധി വേദികളിൽ അവതരിപ്പിക്കുകയും ആസ്വാദകശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്തിരുന്നു.**



മാങ്ങാട് രത്നാകരൻ

അച്യുതമേനോൻ വളരെ പ്രസക്തമായ ഒരു വിലയിരുത്തൽ നടത്തുന്നു: ''വളർന്നുകൊണ്ടിരിക്കുന്ന ഒരു കലാവേദിയായി കെ.പി.എ.സി. വർത്തിക്കേണ്ടിയിരുന്നെങ്കിൽ അവതരണവും സംവിധാനവുമെല്ലാം അനുഷണം പരിഷ്കരിച്ചുകൊണ്ടിരിക്കുവാൻ അവർ ശ്രദ്ധിക്കേണ്ടതായിരുന്നു. അതുണ്ടായില്ല. ഇതൊക്കെയാണ് കെ.പി.എ.സിക്ക് വേണ്ടത്ര വളർച്ചയുണ്ടാകാതിരിക്കാൻ കാരണമെന്ന് എനിക്ക് തോന്നുന്നു.''

കെ.പി.എ.സിയുടെ ഒരു നാടകാവതരണത്തിനു മുന്നോടിയായുള്ള അവതരണഗാനവേളയിൽ അച്യുതമേനോനും ഭാര്യ അമ്മിണിയമ്മയും അതിഥിയായി എത്തിയ മുഹൂർത്തമാണ് പുനലൂർ രാജൻ സാക്ഷാത്കരിച്ചത്.

കെ.പി.എ.സി. നാടകസംഘത്തിൽ, ആ കലാസംഘടനയുടെ പേരുതന്നെ സ്വന്തം പേരിനുമുന്നിൽ ചാർത്തിയ കെ.പി.എ.സി. ലളിതയെയും കാണാം.



'Making Memorials all over the USA, Canada and India'
MUKKUT
MONUMENTS INC.
Tel: 1-972-342-0041
www.mukkutmonuments.com
eMail: mukkutmonuments@gmail.com

ചെറുകഥ



സി. ഹനീഫ്



വര:
പി ആർ രാജൻ

# ഭൂതൻ

ബസ്സ് നാഗർഹോളയിൽ അൽപ സമയം നിർത്തിയിട്ട ശേഷം യാത്ര തുടർന്നു. ഗോണിക്കുപ്പയിലേക്ക് ഏകദേശം ഒന്നര മണിക്കൂർ കൂടിയുണ്ട്. മാനന്തവാടിയിൽ നിന്നും മൈസൂരിലേക്കു സന്ധ്യ കഴിഞ്ഞുള്ള ട്രിപ്പ് ഗോണിക്കുപ്പ വഴിയാണ്. ബസ്സിൽ അധികം യാത്രക്കാരുണ്ടായിരുന്നില്ല. ഞാൻ വെറുതെ പുറത്തേക്കു നോക്കിയിരുന്നു. ആകാശം വിളറിയ പ്രകാശത്താൽ പനിച്ചു കിടക്കുന്ന ഒരു രോഗിയുടേതിനു സമാനമായി തോന്നി. ഇനിയുമൊരുറക്കത്തിനു കൂടി സമയമുണ്ട്. ഉള്ളിലേക്ക് പ്രവേശിച്ചു കൊണ്ടി



രുന്ന തണുത്ത കാറ്റ് സുഖകരമായ ഒരാലസ്യത്തിലേക്ക് കണ്ണുകളടച്ചു കിടക്കാൻ എന്നെ പ്രേരിപ്പിച്ചു. ഞാൻ ഷട്ടറുകൾ താഴ്ത്തി ബസ്സിന്റെ താളാത്മകതയിലേക്ക് പതുക്കെ ലയിച്ചു.

രണ്ടു മാസത്തിലൊരിക്കൽ നടത്താറുള്ള മടിക്കേരി യാത്രയിൽ ഞാൻ ആരെയും കൂട്ടിനു വിളിക്കാറില്ല. മിക്കപ്പോഴും സ്വയം ഡ്രൈവാണു പതിവ്. ഇത്തവണ കാറുമെടുത്തു നാസറും കുടുംബവും ഗൂഡലൂരിലേക്കു പോയിട്ടു ദിവസം രണ്ടായി. എനിക്കാണെങ്കിൽ യാത്ര നീട്ടിവെക്കാനുമാവില്ലായിരുന്നു. ധാരാളം മലയാളികളുള്ള ഒരു കൊച്ചു പട്ടണമാണ് ഗോണിക്കുപ്പ. അതുവഴി മടിക്കേരിയിലേക്ക് പോകുക എളുപ്പമാണ്. ബസ്സ് കഷ്ടിച്ച് രണ്ട് മിനിറ്റ് നേരം മാത്രമേ ഗോണിക്കുപ്പയിൽ നിർത്തുകയുള്ളൂ. ഇക്കാര്യങ്ങളൊക്കെ വ്യക്തമായി നേരത്തെ അറിയാവുന്നതുകൊണ്ട് കൃത്യമായ കണക്കുകൂട്ടലുമായാണ് ഞാൻ ഗോണിക്കുപ്പയിലേക്ക് ടിക്കറ്റെടുത്തത്. അല്ലെങ്കിലും ഈ റൂട്ടിലുള്ള യാത്ര എനിക്ക് പതിവുള്ളതാണല്ലോ.

ഉറക്കത്തിൽ നിന്ന് ഞെട്ടിയപ്പോഴാണ് കാര്യങ്ങൾ കൈവിട്ടു പോയെന്ന ബോധം വന്നത്. ബസ്സ് ഗോണിക്കുപ്പ പിന്നിട്ട് ഏറെ ദൂരം ഓടിക്കഴിഞ്ഞിരിക്കുന്നു. ദീർഘദൂര ബസ്സുകളിൽ സാധാരണ ഒരു യാത്രക്കാരൻ അധികമായി വന്നാൽ കണ്ടക്ടർ കണ്ടു പിടിക്കേ

**തൊട്ടടുത്തുള്ള കുരിശു പള്ളിയിലെ വെളിച്ചമാണ് ആകെ ആശ്വാസമായുണ്ടായിരുന്നത്. പ്രദേശത്തെങ്ങും ഒരു മനുഷ്യജീവിയുള്ള ലക്ഷണമില്ല. രണ്ടു മൂന്നു വാഹനങ്ങൾക്ക് നേരെ കൈകാണിച്ചിട്ടും നിർത്താതെ പോയപ്പോൾ ഒരു കാര്യം വ്യക്തമായി. ഒരു വാഹനവും അവിടെ തനിക്കു വേണ്ടി നിർത്താൻ പോകുന്നില്ല. പെട്ടെന്ന് മൈസൂർ ദേശീയ പാതയിൽ തട്ടിപ്പു സംഘങ്ങൾ യാത്രക്കാരെ രാത്രിയിൽ വേട്ടയാടുന്നതായുള്ള വാർത്തകൾ എന്റെ മനസ്സിൽ തെളിഞ്ഞു വന്നു.**

ണ്ടതാണ്. എന്റെ കാര്യത്തിൽ എന്തു സംഭവിച്ചെന്നറിയില്ല, അതുണ്ടായില്ല. കണ്ടക്ടർ ഒരു പ്രത്യേക രീതിയിൽ ബെല്ലടിച്ചപ്പോൾ ഡ്രൈവർ വണ്ടി നിർത്തി. ഒന്നും നോക്കാതെ ഇറങ്ങിക്കഴിഞ്ഞ ശേഷമാണ് അമളി പറ്റിയെന്ന് മനസ്സിലായത്. ഹുൺസൂരിനും ഗോണിക്കുപ്പയ്ക്കും ഇടക്കെവിടെയോ ഉള്ള വനപ്രദേശമായിരുന്നു അത്. ഞാൻ റോഡ് സൈഡിലേക്കു മാറി നിന്ന് ചുറ്റുമൊന്ന് കണ്ണോടിച്ചു. ഒന്നു രണ്ടു കടകളുള്ളത് അടഞ്ഞു കിടക്കുന്നു. തൊട്ടടുത്തുള്ള കുരിശു പള്ളിയിലെ വെളിച്ചമാണ് ആകെ ആശ്വാസമായുണ്ടായിരുന്നത്. പ്രദേശത്തെങ്ങും ഒരു മനുഷ്യ ജീവിയുള്ള ലക്ഷണമില്ല. രണ്ടു മൂന്നു വാഹനങ്ങൾക്ക് നേരെ കൈ കാണിച്ചിട്ടും നിർത്താതെ പോയപ്പോൾ ഒരു കാര്യം വ്യക്തമായി. ഒരു വാഹനവും അവിടെ തനിക്കു വേണ്ടി നിർത്താൻ പോകുന്നില്ല. പെട്ടെന്ന് മൈസൂർ ദേശീയ പാതയിൽ തട്ടിപ്പു സംഘങ്ങൾ യാത്രക്കാരെ രാത്രിയിൽ വേട്ടയാടുന്നതായുള്ള വാർത്തകൾ എന്റെ മനസ്സിൽ തെളിഞ്ഞു വന്നു.

മൊബൈൽ സ്ക്രീനിൽ സമയം പതിനൊന്നായെന്നു കാണിച്ചു. ഞാൻ ഹുൺസൂരിൽ നിന്നോ ഗോണിക്കുപ്പയിൽ നിന്നോ ഒരു ടാക്സി വരുത്തുന്ന കാര്യം ആലോചിച്ചു. ഏതെങ്കിലും ദിശയിലേക്കു നടക്കുന്ന കാര്യം ആലോചിച്ചു. അടുത്തുള്ള ആരുടെയെങ്കിലും വീട്ടിൽ കയറി സഹായമഭ്യർത്ഥിക്കുന്ന കാര്യം ആലോചിച്ചു. എന്നാൽ അതൊന്നും പ്രായോഗികമായിരുന്നില്ല. അൽപ സമയത്തിനുള്ളിൽ കുരിശു പള്ളിക്കു ചുറ്റുമുണ്ടായിരുന്ന അലങ്കാര ദീപങ്ങൾ കൂടി അണഞ്ഞു. എങ്ങും കുറ്റാക്കുറ്റിരുട്ട്. എങ്കിലും പ്രതീക്ഷ കൈവിടാതെ ഓരോ വാഹനത്തിന്റെ വെളിച്ചത്തിന്റെ നേർക്കും ഞാൻ കൈകാണിച്ചു കൊണ്ടിരുന്നു.

ഏതു പ്രതിസന്ധിയുടെ നടുവിലും ദൈവം നമുക്കായി ഒരു വഴി കാത്തു വെച്ചിരിക്കും എന്നു പറയുന്നതെത്ര നേരാണ്. പെട്ടെന്നാണ് എങ്ങു നിന്നെന്നറിയാതെ ഒരു ചെറുപ്പക്കാരൻ എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടത്.

'എന്തു പറ്റി സർ?'

മൊബൈലിന്റെ വെളിച്ചത്തിൽ ഞങ്ങൾ പരസ്പരം ഭാഗികമായി കണ്ടു. ഉണ്ടായ കാര്യങ്ങൾ ഞാൻ ചുരുക്കത്തിൽ വിവരിച്ചു. അവൻ ശുദ്ധമായ മലയാളത്തിൽ എന്നോടു പറഞ്ഞു.

> **'സാറിനിതെവിടെന്ന് കിട്ടി? ഞങ്ങൾ ഭൂദാനം കോളനി നിവാസികൾ പ്രത്യേക തരം മുളന്തണ്ട് കൊണ്ടു വർഷങ്ങൾക്കു മുമ്പ് ഈ പേന ഉണ്ടാക്കിയിരുന്നു. കാട്ടുതേൻ കഴിഞ്ഞാൽ ഞങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം ഇതും കൊട്ട മെടയലുമാണ്. മറ്റെവിടെയെങ്കിലും ഇത്തരം പേന ഉണ്ടാക്കുന്നതായി അറിവില്ല. കഴിഞ്ഞ പത്തു വർഷക്കാലമായി പേന നിർമ്മാണം നിർത്തിയിട്ട്. മുളയുടെ വംശനാശം തന്നെ കാരണം.'**

'ഇനി ഇവിടെ നിന്നും എന്തെങ്കിലും വാഹനത്തിനു ശ്രമിച്ചിട്ടു വലിയ ഫലമുണ്ടെന്നു തോന്നുന്നില്ല സർ, നാളെ കാലത്തു യാത്ര തുടരുന്നതാവും ഉചിതം. വിരോധമില്ലെങ്കിൽ എന്റെ കുടിലിൽ ഇന്ന് അന്തിയുറങ്ങാം.'

ഞാൻ സമ്മതമാണെന്നോ അല്ലെന്നോ പറഞ്ഞില്ല. പകരം കുറച്ചു കൂടി ശ്രമിച്ചു നോക്കാം എന്നു മാത്രം കരുതി. അതു മനസ്സിലാക്കി അവൻ എനിക്കു വേണ്ടി ആത്മാർത്ഥമായി തന്നെ ശ്രമിച്ചു. ഒടുവിൽ അവൻ പറഞ്ഞതാണു ശരി എന്നെനിക്കു ബോധ്യപ്പെട്ടു. യാത്ര തുടരാനുള്ള ശ്രമങ്ങൾ ഉപേക്ഷിച്ചു അവന്റെ കൂടെ പോകാൻ മനസ്സു കൊണ്ട് ഞാൻ തയ്യാറായി. ഹൈവേയിലൂടെ കിഴക്കു ദിശയിലേക്ക് അൽപദൂരം നടന്നതിനു ശേഷം ഒരു ചെറിയ ഊടുവഴിയിലേക്കു ഞങ്ങൾ പ്രവേശിച്ചു. ചുറ്റും ആകാശം മുട്ടി നിൽക്കുന്ന ഭീമാകാരൻ മരങ്ങൾ. നഗരവാസിയായ എനിക്ക് അത്രയും കട്ടിയുള്ള ഇരുട്ട് നട്ടപ്പാതിരാക്കു പോലും അതുവരെ അനുഭവമില്ലായിരുന്നു. ഉരുളൻ കല്ലുകൾ നിറഞ്ഞ ആ കാട്ടുപാതയ്ക്ക് കഷ്ടിച്ച് ഒരു ജീപ്പിന് കടന്നു പോകാനുള്ള വീതി മാത്രമാണുണ്ടായിരുന്നതെന്ന് ഫോണിലെ പ്രകാശത്തിൽ എനിക്ക് ഏറെക്കുറെ മനസ്സിലായി. ആ വഴിയിലൂടെ ഞങ്ങൾ നടന്നു കൊണ്ടിരുന്നു.

'വെളിച്ചമില്ലാതെ നിങ്ങളെങ്ങിനെയാണ് ഇതുവഴി യാത്ര ചെയ്യുന്നത്?'

അവനതിനുത്തരം പറയാതെ നടത്തം നിർത്തി. ഞാൻ മൊബൈലിന്റെ വെട്ടം അവന്റെ മുഖത്തിനു നേർക്കു പിടിച്ചു. അത്ര നേരം കണ്ടതിൽ നിന്നും വ്യത്യസ്തമായ ഒരു രൂപമാണ് അവനുള്ളതെന്ന് അപ്പോഴെനിക്ക് തോന്നി. കഷ്ടിച്ച് മുപ്പത് വയസ്സ് പ്രായം വരുന്ന അവന്റെ പേര് ബസവൻ എന്നായിരുന്നു. വായയിലെ മുറുക്കാൻ തുപ്പിക്കളഞ്ഞ് ചിരിച്ചപ്പോൾ മഞ്ഞച്ച അവന്റെ പല്ലുകളും കഴുത്തറ്റം നീണ്ടുകിടന്ന മുടിയും ഞാൻ വ്യക്തമായി കണ്ടു. അതെന്നിൽ അകാരണമായ ഒരു ഭീതി നിറച്ചു.

'ഞങ്ങൾ, കാട്ടുനായ്ക വിഭാഗത്തിൽ പെട്ടവർക്ക് മനോവെളിച്ചം തന്നെയാണ് സാറെ അഭയം. കാടിന്റെ ശബ്ദവും ചലനവും ഞങ്ങൾക്ക് മനപ്പാഠമാണ്. പിന്നെന്തിനാ സാറെ മറ്റു വെളിച്ചം?'

അവനൊരു നിമിഷം നിർത്തിയിട്ടു പറഞ്ഞു. 'സാറിനാർക്കെങ്കിലും ഫോൺ ചെയ്യണമെങ്കിൽ ഇപ്പോൾ ചെയ്തു കൊള്ളൂ. ഇനിയങ്ങോട്ട് റെയിഞ്ച് കിട്ടില്ല'.

ഞാനവൻ പറഞ്ഞതനുസരിച്ചു. മാധവനാശാൻ മടിക്കേരിയിലെ റിസോർട്ടിൽ പുളിയോഗ്രയും ചപ്പാത്തിയുമായി കാത്തു നിൽപുണ്ടാവും. നല്ല ചൂടുള്ള മട്ടൻ സ്റ്റ്യൂ കൂടിയുണ്ടാവും. മാധവനാശാൻ ചിലപ്പോൾ രഹസ്യമായി കാട്ടുപോത്തിന്റെ ഇറച്ചി സംഘടിപ്പിക്കും. അതിനായി ശിക്കാരികളായ ചില ശിങ്കിടികൾ അയാളുടെ പരിചിത വലയത്തിലുണ്ട്. അത്തരം വേളകളിൽ സ്റ്റോക്കിൽ നിന്നും അയാൾ വില കൂടിയ വോഡ്കയൊരെണ്ണം പൊട്ടിക്കും. പാം ഗ്രോവ് റിസോർട്ടിൽ നിന്ന് മഞ്ഞണിഞ്ഞ മടിക്കേരി നഗരം കാണാം. രാജാ സീറ്റും അബി ഫോൾസും കാണാം. കൂർഗികളായ ഗൗഡമാരുടെ വിലയേറിയ കച്ചവട ഉടമ്പടികൾ നടക്കുന്ന സ്ഥലം കൂടിയാണ് പാം ഗ്രോവ്. മാധവനാശാൻ ഫോണെടുക്കുന്നില്ല. ഞാൻ വീട്ടിൽ വിളിച്ച് കാര്യം പറഞ്ഞു. അയാൾ തിരിച്ചു എന്നെ വിളിച്ച് കിട്ടിയില്ലെങ്കിൽ വീട്ടിലെ ലാന്റ് ലൈനിലേക്കായിരിക്കും അടുത്ത ശ്രമം.

ഞങ്ങൾ നടന്നു കൊണ്ടിരുന്ന കാനന പാതയിൽ നിന്നും ബസവൻ പെട്ടെന്ന് മരങ്ങൾക്കിടയിലേക്ക് കയറി. കാട്ടു ചെടികൾക്കിടയിൽ അവ്യക്തമായിക്കിടന്ന ഒറ്റയടിപ്പാതയായിരുന്നു അത്. വലിയ കല്ലുകളിലും മരങ്ങളുടെ വേരുകളിലും ചവിട്ടി അവനേതോ കുന്നിനു മുകളിലേക്കാണു കയറിപ്പോകുന്നതെന്നെനിക്കു തോന്നി. അവൻറെ കൂടെയെത്താൻ ഞാൻ നന്നായി ആയാസപ്പെട്ടു. ഒരു പാറയുടെ ചെരുവിലൂടെ നടക്കുന്നതിനിടയിൽ എന്റെ ജൂബയുടെ പോക്കറ്റിൽ നിന്നും വീണു പോയ മരപ്പേനയെടുത്ത് തരുന്നതിനിടയിൽ അവനത് മൊബൈൽ സ്ക്രീനിനടുത്ത് പിടിച്ച് സൂക്ഷിച്ച് നോക്കിക്കൊണ്ട് പറഞ്ഞു.

'സാറിനിതെവിടെന്ന് കിട്ടി? ഞങ്ങൾ ഭൂദാനം കോളനി നിവാസികൾ പ്രത്യേക തരം മുളന്തണ്ട് കൊണ്ടു വർഷങ്ങൾക്കു മുമ്പ് ഈ പേന ഉണ്ടാക്കിയിരുന്നു. കാട്ടുതേൻ കഴിഞ്ഞാൽ ഞങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം ഇതും കൊട്ട മെടയലുമാണ്. മറ്റെവിടെയെങ്കിലും ഇത്തരം പേന ഉണ്ടാക്കുന്നതായി അറിവില്ല. കഴിഞ്ഞ പത്തു വർഷക്കാലമായി പേന നിർമ്മാണം നിർത്തിയിട്ട്. മുളയുടെ വംശനാശം തന്നെ കാരണം.'

**പെട്ടെന്നാണ് എന്നെ തീർത്തും ആൽഭുതപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപെട്ടത്. മുറിയുടെ വശങ്ങളിലും കട്ടിലിനടിയിലുമായി അനേകം കാർബോർഡു പെട്ടികളിൽ നിറയെ പുസ്തകങ്ങൾ. ചിലത് പഴയ പത്രക്കടലാസു കൊണ്ടും തുണി കൊണ്ടും പൊതിഞ്ഞ നിലയിലായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലുമായി അവയിൽ പലതും ഞാൻ കേട്ടിട്ടു പോലുമില്ലാത്തവയും പഴക്കം ചെന്ന ഗ്രന്ഥങ്ങളുമായിരുന്നു. അവയിൽ ചിലത് കട്ടിലിലും തറയിലും കസേരകളിലുമായി വലിച്ചു വാരിയിട്ടു ഞാൻ മറിച്ചു നോക്കിക്കൊണ്ടിരുന്നു. അതിനിടയിൽ ഏകദേശം രണ്ടു മണിക്കൂർ നേരം കടന്നു പോയത് ഞാനറിഞ്ഞതേയില്ല.**

കൊളുത്തടർന്നുപോയ പേന അവൻ തിരിച്ചും മറിച്ചും കുറെ നേരം നോക്കിയ ശേഷം തിരികെത്തന്നു. ഞാനവന്റെ ചോദ്യത്തിന് മറുപടി പറഞ്ഞില്ല. അതിനു പകരം ദൂരെ കുന്നിനു മുകളിൽ കാണുന്ന വെളിച്ചപ്പൊട്ടുകളെക്കുറിച്ച് ആരാഞ്ഞു. എന്നിൽ അത് വല്ലാത്ത ആശ്വാസം പകർന്നു. ഞാൻ നടന്നു തളർന്നിരുന്നു. സുഗന്ധഗിരിക്കുന്നിലെ ഭൂദാനം കോളനിയായിരുന്നു അത്. പതിനാറോളം കുടുംബങ്ങൾ അവിടെ കഴിയുന്നുണ്ട്. പണിയ, കാട്ടുനായ്ക്ക, കുറിച്യ വിഭാഗത്തിൽ പെട്ടവർ. കർണ്ണാടകത്തിന്റെയും കേരളത്തിന്റെയും തമിഴ്നാടിന്റെയും വനപ്രദേശങ്ങളുടെ സംഗമ സ്ഥാനം. ബസവൻ അവരുടെ ചരിത്രത്തെക്കുറിച്ചു പറഞ്ഞു കൊണ്ടിരുന്നു. അവന്റെ വിവരണം ഇടക്കൽ ഗുഹയിലെ ലിപികളുടെ അർത്ഥങ്ങളെക്കുറിച്ചും, നന്നങ്ങാടികളെക്കുറിച്ചും, പ്രിമിറ്റീവ് ട്രൈബ്സിന്റെ ആചാരങ്ങളെക്കുറിച്ചുമൊക്കെയായിരുന്നു. അവന്റെ സംസാര ശൈലിയും അറിവും അഭിപ്രായങ്ങളും എന്നിൽ കൂടുതൽ സന്ദേഹങ്ങളുണർത്തിക്കൊണ്ടിരുന്നു. ബസവൻ ആദിവാസി വേഷമിട്ട വല്ല മാവോവാദിയുമാണോയെന്ന് എന്റെ ഉള്ളം സംശയിക്കാതിരുന്നില്ല.

'ബസവൻ, ഇതു തന്നെയാണോ നിങ്ങളുടെ കോളനിയിലേക്കുള്ള യഥാർത്ഥ വഴി?'

അവൻ അതു കേട്ടു ചിരിച്ചു. എന്നിട്ട് തന്റെ വിവരണം മറ്റൊരു ദിശയിലേക്കു തിരിച്ചു വിട്ടു. അതിൽ നിന്നും ഭൂദാനം കോളനിയെക്കുറിച്ച് കുറെയധികം കാര്യങ്ങൾ എനിക്കറിയാൻ കഴിഞ്ഞു. ഞങ്ങൾ നടന്നു കൊണ്ടിരുന്നത് യഥാർത്ഥത്തിൽ കോളനിയിലേക്കുള്ള കുറുക്കു വഴിയിലൂടെയായിരുന്നു. നേരത്തെ ഞങ്ങൾ നടന്ന മൂന്നടി മാത്രം വീതിയുള്ള കാട്ടുപാത നേരെ കോളനിയിലേക്കാണ് ചെന്നെത്തിയിരുന്നത്. അതാകുമ്പോൾ ഏറെ ദൂരം നടക്കണം. കുറെക്കൂടെ അന്തസ്സായ റോഡ് കുന്നിനു മറുഭാഗത്തു കൂടിയുണ്ടത്രെ. കോളനിയുടെ ഏറ്റവും മുകളിലായി സ്ഥിതി ചെയ്യുന്ന റിസോർട്ടിലേക്കുള്ള വാഹനങ്ങൾ അതു വഴിയാണു സഞ്ചരിക്കുന്നത്. റിസോർട്ടു വരുന്നതിനു മുമ്പ് അങ്ങിനെയൊരു വഴി ഉണ്ടായിരുന്നില്ല. അന്ന് കോളനിക്കാർ റിസോർട്ടിനെതിരെ ഒറ്റക്കെട്ടായി



അണി നിരന്നു. കളക്ടറേറ്റു പടിക്കലും ഫോറസ്റ്റ് ഓഫീസിനു മുമ്പിലും ഊരു മൂപ്പൻമാർ നിരാഹാരം കിടന്നു. പതിയെപ്പതിയെ സമരക്കാരെ മുതലാളിമാർ വിലക്കെടുത്തു. വിലക്കെടുത്തെന്നും അല്ലെന്നും രണ്ടഭിപ്രായമുണ്ട്. എന്തു തന്നെയായാലും നാൽപത്തേഴു കുടുംബങ്ങളുണ്ടായിരുന്ന ഭൂദാനം കോളനിയിൽ ഇന്ന് പതിനാറു കുടുംബങ്ങളേയുള്ളൂ. ബാക്കിയുള്ളവരുടെ മണ്ണും കുടിലും റിസോർട്ടുകാർ കൊണ്ടുപോയി. കുടിയൊഴിഞ്ഞു പോയവർ ഇന്നെവിടെയാണെന്ന് ആർക്കുമറിയില്ല. പലരും അവരവർക്കു തോന്നിയ പോലുള്ള കഥകൾ മെനയുന്നുണ്ടെങ്കിലും ഒന്നിനും വിശ്വാസയോഗ്യമായ തെളിവുകളില്ല.

ഞങ്ങൾ ബസവന്റെ കുടിലിനു മുമ്പിൽ എത്തിക്കഴിഞ്ഞിരുന്നു. അവിടെ മറ്റാരെങ്കിലുമുള്ളതായി തോന്നിച്ചില്ല. ബസവൻ വാതിൽ സ്വയം തള്ളിത്തുറന്ന് അകത്തു കയറി. അരണ്ട വെളിച്ചം പരത്തിയിരുന്ന മണ്ണെണ്ണ വിളക്കിന്റെ തിരി അയാൾ അൽപം ഉയർത്തി വെച്ചു. അവൻ എവിടെ നിന്നോ എനിക്കായ് ഒരു പ്ലാസ്റ്റിക് കസേര എടുത്തു കൊണ്ടു വന്നു. വല്ലാത്തൊരാശ്വാസത്തോടെ ഞാൻ അതിൽ ഇരിപ്പുറപ്പിച്ചു. കാട്ടിലൂടെയുള്ള നടത്തം എന്നെ അത്രയധികം പരവശനാക്കിയിരുന്നു. ചെളിമണ്ണ് കുഴച്ച് പിടിപ്പിച്ചിട്ടുള്ള ഭിത്തിയും ചാണകം മെഴുകിയ തറയുമായിരുന്നു പുല്ലുമേഞ്ഞ മേൽക്കൂരക്കു കീഴിലെ ആദിവാസികളുടെ പരമ്പരാഗത ശൈലിയിലുള്ള ആ കുടിലിന്റെ രൂപം. തറയിലും ഭിത്തിയോടു ചേർത്തുള്ള അഴയിലുമായി ചില വസ്ത്രങ്ങൾ അലങ്കോലമായി ഇട്ടിരുന്നു. മനം മടുപ്പിക്കുന്ന എന്തോ ഒരു ഗന്ധവും പുറത്തെ ഇരുട്ടിൽ കുഴയുന്ന കാടിന്റെ അപരിചിത

മായ നിരവധി ശബ്ദങ്ങളും എന്നെ വിവരണാതീതമായ ഒരു മാനസികാവസ്ഥയിലെത്തിച്ചു.

എവിടെ നിന്നോ ഒരു പാത്രത്തിലൽപം കഞ്ഞിയും പുഴുക്കുമായി ബസവൻ കടന്നു വന്നു. അവനത് വിളക്കിനരികിൽ വെച്ചു. നല്ല വിശപ്പുണ്ടായിരുന്നെങ്കിലും എനിക്കത് എന്തു കൊണ്ടോ കഴിക്കുന്നതിൽ വിമുഖത തോന്നി. ഞാൻ മടിക്കേരിയിലെ മാധവനാശാന്റെ ചൂടുള്ള മട്ടൻ സ്റ്റ്യൂവും ചപ്പാത്തിയും ഓർത്തു. എന്നാൽ ബസവന്റെ നിർബന്ധത്തിനു വഴങ്ങി മനസ്സില്ലാ മനസ്സോടെ കഞ്ഞിയും കാച്ചിൽ പുഴുക്കും കാട്ടു കാന്താരിച്ചമ്മന്തിയും കഴിച്ചു തുടങ്ങിയപ്പോഴാണ് അസാധാരണമായ സ്വാദുള്ളതാണെന്നറിഞ്ഞത്.

‘സാർ മണി പന്ത്രണ്ട് കഴിഞ്ഞു. സംസാരമൊക്കെ ഇനി കാലത്താവാം.‘

ബസവൻ എന്നെ ഒരു കൊച്ചു മുറിയിലേക്കാനയിച്ചു. അവിടെ തകരപ്പാട്ടയിൽ മണ്ണെണ്ണ നിറച്ചു വെച്ച പ്രാകൃത രൂപത്തിലുള്ള മറ്റൊരു വിളക്ക് എരിയുന്നുണ്ടായിരുന്നു. നിന്നു തിരിയാനിടമില്ലാത്ത ആ മുറിയിൽ എന്നെ തനിച്ചാക്കി വാതിലടക്കുന്നതിനു മുമ്പ് ബസവന്റെ അവസാന നിർദ്ദേശം വന്നു.

‘രാത്രിയിൽ എന്തു ശബ്ദം കേട്ടാലും പുറത്തിറങ്ങി നോക്കാൻ ശ്രമിക്കരുത്.‘

അതു പറഞ്ഞ് അവൻ തല വെളിയിലേക്കു വലിച്ചു. ഒട്ടും ബലമില്ലാത്ത പലക കൊണ്ടുണ്ടാക്കിയ വാതിൽ ചാരിയിട്ടെങ്കിലും രണ്ടു വശത്തു നിന്നും അതു തുറക്കാൻ ഒട്ടും പ്രയാസമുണ്ടായിരുന്നില്ല. കയറു കൊണ്ടു വലിച്ചു കെട്ടിയ കട്ടിലിൽ ഞാനൽപ നേരമിരുന്നു. തീരെച്ചെറിയ ജനൽ പ്ലാസ്റ്റിക് ഷീറ്റു കൊണ്ട് മറച്ചിരുന്നു. സാധനങ്ങൾ അടുക്കും ചിട്ടയുമില്ലാതെ സൂക്ഷിച്ചിരുന്ന കാര്യത്തിൽ നേരത്തെ കണ്ട മുറിയിൽ നിന്നും ഒട്ടും വ്യത്യസ്തമായിരുന്നില്ല എനിക്കൊരുക്കിയിരുന്ന കിടപ്പറയും. പെട്ടെന്നാണ് എന്നെ തീർത്തും ആൽഭുതപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപെട്ടത്. മുറിയുടെ വശങ്ങളിലും കട്ടിലിനടിയിലുമായി അനേകം കാർബോർഡു പെട്ടികളിൽ നിറയെ പുസ്തകങ്ങൾ.

**രാത്രിയിൽ എന്തു ശബ്ദം കേട്ടാലും പുറത്തിറങ്ങി നോക്കാൻ ശ്രമിക്കരുത് എന്ന അയാളുടെ ശാസനം എന്നെ കൂടുതൽ ഭീതിയിൽ ആഴ്ത്തി. വന്യമൃഗശല്യം കാരണമായിരിക്കാം എന്നാണ് അപ്പോൾ തോന്നിയിരുന്നത്. എന്നാൽ ഞാനെത്തിപ്പെട്ടിരിക്കുന്നത് ഭൂദാനം കോളനിയിൽ തന്നെയാണെന്നെന്താണുറപ്പ്? ചിന്തിക്കുന്തോറും എന്നിലെ ആധി പെരുകിക്കൊണ്ടിരുന്നു. ഞാൻ കണ്ണുകൾ ഇറുക്കിയടച്ചു ഉറക്കത്തിനായി പ്രാർത്ഥിച്ചു. മല ദൈവങ്ങൾ അപ്പോഴെന്റെ പ്രാർത്ഥന കേൾക്കില്ലെന്നെനിക്കുറപ്പായിരുന്നു. ഭയം എന്നത് മരണത്തിന്റെ മറുപുറമാണെന്ന് അന്നാദ്യമായി ഞാൻ അനുഭവിച്ചു.**

ചിലത് പഴയ പത്രക്കടലാസു കൊണ്ടും തുണി കൊണ്ടും പൊതിഞ്ഞ നിലയിലായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലുമായി അവയിൽ പലതും ഞാൻ കേട്ടിട്ടു പോലുമില്ലാത്തവയും പഴക്കം ചെന്ന ഗ്രന്ഥങ്ങളുമായിരുന്നു. അവയിൽ ചിലത് കട്ടിലിലും തറയിലും കസേരകളിലുമായി വലിച്ചു വാരിയിട്ടു ഞാൻ മറിച്ചു നോക്കിക്കൊണ്ടിരുന്നു. അതിനിടയിൽ ഏകദേശം രണ്ടു മണിക്കൂർ നേരം കടന്നു പോയത് ഞാനറിഞ്ഞതേയില്ല.

പുറത്ത് എന്തോ ശബ്ദം കേട്ടതുപോലെ തോന്നിയതും കത്തിക്കൊണ്ടിരുന്ന പാട്ട വിളക്ക് ഞാൻ പെട്ടെന്ന് ഊതിക്കെടുത്തി. രക്തം കട്ടപിടിക്കുന്ന തരത്തിലുള്ള അന്ധകാരം മുറിയെയും അതിലെ സകലതിനെയും വിഴുങ്ങിക്കളഞ്ഞു. പുറത്ത് പതിഞ്ഞ ശബ്ദത്തിൽ മനുഷ്യർ സംസാരിക്കുന്നുണ്ടോ? ഹേയ് ഇല്ല. എല്ലാം വെറും തോന്നലുകൾ മാത്രം. സമയം എന്തായിക്കാണും? ഞാൻ മൊബൈൽ തപ്പിയെടുത്തു. നാശം. അതിന്റെ ബാറ്ററി ചാർജ് തീർന്നു സ്വിച്ച് ഓഫായിരുന്നു. ഒരു നിമിഷം. വിളക്കൂതാൻ തോന്നിയ നിമിഷത്തെയോർത്തു ഞാൻ പരിതപിച്ചു. ആ മുറിയിലെവിടെയെങ്കിലും തീപ്പെട്ടിയുണ്ടോ എന്നതിനെക്കുറിച്ച് എനിക്കൊരു തിട്ടവുമുണ്ടായിരുന്നില്ല. അഥവാ ഉണ്ടെങ്കിൽ തന്നെ അതെനിക്കു കണ്ടെത്താൻ കഴിയുകയുമില്ലായിരുന്നു. ഇരുട്ടിൽ തുറിച്ചു നോക്കിക്കൊണ്ട് ഞാൻ കട്ടിലിൽ അൽപ നേരമിരുന്നു. പിന്നെ പതിയെ ശബ്ദമുണ്ടാക്കാതെ ഒരു പൂച്ചയെപ്പോലെ ഞാൻ തന്നെ ചിതറിയിട്ട പുസ്തകങ്ങൾക്കിടയിൽ അൽപം സ്ഥലമുണ്ടാക്കി അവിടെ ചുരുണ്ടുകൂടി.

ബസവൻ വല്ല തീവ്രവാദി സംഘത്തിൻറെയും നേതാവായിരിക്കുമോ. അയാളുടെ സംസാരത്തിലും ഭാവത്തിലും ഒരിക്കലും ഒരു ആദിവാസിത്തനിമ ഉള്ളതായി തോന്നിയിരുന്നില്ല. രാത്രിയിൽ എന്തു ശബ്ദം കേട്ടാലും പുറത്തിറങ്ങി നോക്കാൻ ശ്രമിക്കരുത് എന്ന അയാളുടെ ശാസനം എന്നെ കൂടുതൽ ഭീതിയിൽ ആഴ്ത്തി. വന്യമൃഗശല്യം കാരണമായിരിക്കാം എന്നാണ് അപ്പോൾ തോന്നിയിരുന്നത്. എന്നാൽ ഞാനെത്തിപ്പെട്ടിരിക്കുന്നത് ഭൂദാനം കോളനിയിൽ തന്നെയാണെന്നെന്താണുറപ്പ്? ചിന്തിക്കുന്തോറും എന്നിലെ ആധി പെരുകിക്കൊണ്ടിരുന്നു. ഞാൻ കണ്ണുകൾ ഇറുക്കിയടച്ചു ഉറക്കത്തിനായി പ്രാർത്ഥിച്ചു. മല ദൈ

വങ്ങൾ അപ്പോഴെന്റെ പ്രാർത്ഥന കേൾക്കില്ലെന്നെനിക്കുറപ്പായിരുന്നു. ഭയം എന്നത് മരണത്തിന്റെ മറുപുറമാണെന്ന് അന്നാദ്യമായി ഞാൻ അനുഭവിച്ചു.

നേരം പരപരാ വെളുക്കുന്നതേ ഉണ്ടായിരുന്നുള്ളു. പുറത്തെ വഴിയിൽ ആരൊക്കെയോ സംസാരിക്കുന്ന ശബ്ദം കേട്ടാണ് ബസവൻ കണ്ണു തുറന്നത്. തന്റെ കുഞ്ഞു ജനാലയിലൂടെ അയാൾ പുറത്തേക്കു നോക്കി. മരങ്ങളും ഇരുട്ടും അയാളുടെ കാഴ്ചക്ക് മുമ്പിൽ മൂടൽ മഞ്ഞിന്റേതു പോലൊരു ആവരണമിട്ടു. എങ്കിലും ദൂരെ കട്ടുപാതയിലൂടെ നീങ്ങുന്നത് മനുഷ്യ രൂപങ്ങൾ തന്നെയാണെന്ന് അയാൾ ഊഹിച്ചു. ഇറയത്തെ കഴുക്കോലിൽ തൂക്കിയിട്ടിരുന്ന പാളപ്പാത്രത്തിൽ നിന്നും ഉമിക്കരിയെടുത്തു വിരലുകൊണ്ടു പല്ലു തേക്കുന്നതിനിടയിൽ കാനനപാതലൂടെ ഒരു ജീപ്പ് കടന്നുപോയി. അതിന്റെ ഹെഡ് ലൈറ്റിലൂടെ അയാളുടെ ഊഹത്തെ ശരിവെക്കുന്ന തരത്തിൽ ചിലരൊക്കെ തിടുക്കപ്പെട്ടു നടക്കുന്നത് ബസവൻ വ്യക്തമായി കണ്ടു.

എന്തോ സംഭവിച്ചിട്ടുണ്ട്. എന്താവാമത്. എവിടേക്കാണ് ഈ കൊച്ചു വെളുപ്പാൻ കാലത്ത് കോളനിക്കാർ വെച്ചു പിടിക്കുന്നത്. അയാൾ കുപ്പായമെടുത്ത് തോളിലിട്ടു പുറത്തേക്കിറങ്ങി. പുറത്തെ കാട്ടരുവിയുടെ വശത്തൂടെ കല്ലുകളിൽ ചവിട്ടിച്ചാടി ബസവൻ റോഡിലേക്കു പ്രവേശിച്ചു. ആരോടെങ്കിലും എന്തെങ്കിലും ചോദിക്കുന്നതിന് മിനക്കെടാതെ മറ്റുള്ളവർക്കൊപ്പം അയാളും വേഗത്തിൽ നടന്നു. ആ നടത്തം അവസാനിച്ചത് റിസോട്ടിന്റെ ഗെയിറ്റിലായിരുന്നു. ഒന്ന് രണ്ട് പോലീസ് ജീപ്പുകൾ മുറ്റത്ത് നിർത്തിയിട്ടിട്ടുണ്ട്. തന്റെ മുന്നിൽ നടന്നു വന്നവർ മുറ്റത്തും ഉമ്മറത്തുമായി പലയിടങ്ങളിൽ നിലയുറപ്പിച്ചിട്ടുണ്ട്.

മുൻ വശത്തെ വാതിൽ അടച്ചിട്ടിരിക്കുന്നു. ഇടക്ക് പോലീസുകാർ മാത്രം വാതിൽ തുറന്നു പുറത്തേക്കു വരികയും അകത്തേക്കു കയറിപ്പോവുകയും ചെയ്യുന്നുണ്ട്. ബസവൻ ആരും കാണാതെ തെക്കുഭാഗത്തെ മുറ്റത്തെ ഇരുണ്ട മൂലയിലേക്കു നടന്നു. പിന്നെ ചുവരിനോടു ചേർന്ന പൈപ്പിൽ ചവിട്ടിക്കയറി പാതി തുറന്നിട്ട ജനൽപ്പാളിയിലൂടെ അകത്തേക്കു നോക്കി. അകത്തെ തറയിൽ കമിഴ്ന്നു കിടക്കുന്ന ആളാരാണെന്നു വ്യക്തമല്ലായിരുന്നു. ശരീരത്തിൽ അടിവസ്ത്രങ്ങളല്ലാതെ മറ്റൊന്നുമില്ല. തളം കെട്ടിക്കിടക്കുന്ന രക്തത്തിനു ചുറ്റും നിൽക്കുന്ന പോലീസുകാർ. അവർ പ്രഥമ വിവര റിപ്പോർട്ട് തയാറാക്കുന്ന തിരക്കിലായിരുന്നു. പോലീസുകാരിലൊരാളുടെ ശ്രദ്ധ തന്നിലേക്കു നീളുന്നത് കണ്ട് ബസവൻ താഴേക്കിറങ്ങി. കെട്ടിടത്തിന്റെ മുൻഭാഗത്ത് കൂടിനിന്നവരെ പുറത്താക്കി ഗേറ്റ് അടക്കാനുള്ള ശ്രമങ്ങൾ അവർ തുടങ്ങിക്കഴിഞ്ഞിരുന്നു.

**ഒന്ന് രണ്ട് പോലീസ് ജീപ്പുകൾ മുറ്റത്ത് നിർത്തിയിട്ടിട്ടുണ്ട്. തന്റെ മുന്നിൽ നടന്നു വന്നവർ മുറ്റത്തും ഉമ്മറത്തുമായി പലയിടങ്ങളിൽ നിലയുറപ്പിച്ചിട്ടുണ്ട്. മുൻ വശത്തെ വാതിൽ അടച്ചിട്ടിരിക്കുന്നു. ബസവൻ ആരും കാണാതെ തെക്കുഭാഗത്തെ മുറ്റത്തെ ഇരുണ്ട മൂലയിലേക്കു നടന്നു. പിന്നെ ചുവരിനോടു ചേർന്ന പൈപ്പിൽ ചവിട്ടിക്കയറി പാതി തുറന്നിട്ട ജനൽപ്പാളിയിലൂടെ അകത്തേക്കു നോക്കി. അകത്തെ തറയിൽ കമിഴ്ന്നു കിടക്കുന്ന ആളാരാണെന്നു വ്യക്തമല്ലായിരുന്നു. ശരീരത്തിൽ അടിവസ്ത്രങ്ങളല്ലാതെ മറ്റൊന്നുമില്ല. തളം കെട്ടിക്കിടക്കുന്ന രക്തത്തിനു ചുറ്റും നിൽക്കുന്ന പോലീസുകാർ.**




കരിങ്കല്ലുകൾ പാകി അവയ്ക്കിടയിൽ പുല്ലുകൾ വളർത്തിയ മനോഹരമായ മുറ്റം ദീപപ്രഭയാൽ തിളങ്ങി നിന്നു. തിടുക്കത്തിൽ പുറത്തേക്കു നീങ്ങിയ ബസവൻ തന്റെ കാലിൽ തട്ടിയ വസ്തു കുനിഞ്ഞെടുത്തു. അതൊരു പേനയായിരുന്നു. കൊളുത്തടർന്നു പോയ അപൂർവമായ ഒരു മരപ്പേന. അതിലേക്കു തന്നെ നോക്കി നിൽക്കെ പലതരം വികാരങ്ങൾ ഒന്നിച്ച് അയാളുടെ തലച്ചോറിലൂടെ മിന്നി മാഞ്ഞു. ചുറ്റുമുള്ള കാഴ്ചകളെ വെളിപ്പെടുത്തുമാറ് നേരം പുലർന്നു കഴിഞ്ഞിരുന്നു. പൊടുന്നനെ ബസവൻ വഴിയിലെ തടസ്സങ്ങൾ ചാടിക്കടന്ന് തന്റെ കുടിലിലേക്ക് ഓടിയെത്തി. കിതപ്പോടെ തലേന്നത്തെ അതിഥിക്കായ് നൽകിയ കിടപ്പറ വാതിൽ തള്ളിത്തുറന്നു. അയാളിലെ സന്ദേഹങ്ങളുടെ ആകാശം അതിരുകളില്ലാതെ വിശാലമാക്കിക്കൊണ്ട് അത് ശൂന്യമായിക്കിടന്നു.



# കീഴാള ഹിന്ദുത്വവും അമൃത സ്നാനവും

എഴുത്തും ചിത്രങ്ങളും:
എം.ടി. ഷാജു




തിരൂരിൽ നിന്ന് ബസിൽ തിരുനാവായയിൽ എത്തുമ്പോൾ റോഡിൽ നല്ല തിരക്കായിരുന്നു. പ്രസിദ്ധമായ നാവാമുകുന്ദ ക്ഷേത്രത്തിലേക്ക് പോകുന്നവഴി കാവി ടീഷർട് ധരിച്ച സേവാ ഭാരതി വോളന്റീർസ് വാഹനങ്ങളെയും ആൾക്കാരെയും നിയന്ത്രിക്കുന്നത് കാണാമായിരുന്നു. ആദ്യം പോയത് അമ്പലത്തിലേക്കല്ല, ഭാരതപ്പുഴക്ക് കുറുകെ താത്കാലികമായി നിർമിച്ച പാലത്തിലൂടെ മഹാമാഘ മഹോത്സവം നടക്കുന്ന മണൽത്തിട്ടയിലേക്കാണ്. ഓലമേഞ്ഞ ഒരു വലിയ പന്തൽ അതിനുകീഴെ തളർച്ചമാറ്റുന്ന കുറെ മനുഷ്യർ. കേരളത്തിന്റെ പല ഭാഗത്തുനിന്നും വന്നവരാണ് കൂടുതൽ.

ഉത്തർപ്രദേശിൽനിന്നും മഹാരാഷ്ട്രയിൽനിന്നും വന്ന ചില സന്യാസിമാർ, പിന്നെ തീവ്ര ശിവ ഭക്തരായ കുറെ അഘോരികൾ. കാവിക്കൊടികൾ ഭാരതപുഴയെ മുറിച്ചു കടന്നുപോകുന്ന കാറ്റിൽ ചോദ്യങ്ങളായി. സംഘാടകരുടെ മനുഷ്യ-സമുദായ-പ്രകൃതി സംരക്ഷണത്തിന്റെ ഒരു വലയ ലിസ്റ്റ് ഉത്തരങ്ങളായി.

പന്തലിന്റെ ഒരു ഭാഗത്തു പൂജ നടക്കുന്നുണ്ട്, അവിടെ ഭക്തന്മാർ പൈസയിട്ടു നമസ്കരിക്കുന്നുണ്ട്. മറ്റുചിലർ സ്നാനത്തിലാണ്. പുഴ മലിനമാക്കരുന്നതെന്നും, സുരക്ഷയ്ക്കായി പുഴയുടെ നടുവിൽ വച്ചിരിക്കുന്ന മുളയിൽ നിർമിച്ച നിയന്ത്രിത വലയം മുറിച്ചു കടക്കരുതെന്നും ബഹുഭാഷയിൽ എഴുതിയ ബോർഡുകൾ.

പൂജകൾക്കുള്ള കൂപ്പൺ, പ്രസാദം എന്നിവയെക്കുറിച്ചുള്ള അറിയിപ്പുകൾ ഒന്നിനുപുറകേ ഒന്നായി. തൊട്ടടുത്ത കൗണ്ടറിൽ ദാഹജലം കൊടുക്കുന്നുണ്ട്. ബയോ ടോയ് ലെറ്റുകൾ, എമർജൻസി ഹെൽത്ത് കെയർ എല്ലാം സജ്ജം. മാലിന്യ നിർമാർജനം ഏറ്റെടുത്ത ഹരിത സേന വോളന്റീർസ് തിരക്കിലാണ്.

കഴിഞ്ഞ റിപ്പബ്ലിക്ക് ദിനത്തിൽ മാത്രം മൂന്നുലക്ഷം ആൾക്കാർ തിരുനാവായിൽ വന്നുപോയെന്നാ



ണ് കണക്ക്. പാലത്തിലൂടെയുള്ള ആൾക്കാരുടെ നിരന്തര പ്രവാഹം സംഘാടകരുടെ കണക്കുകൾ അന്വർഥമാക്കുന്നു.

നാവാമുകുന്ദ ക്ഷേത്രത്തിൽ നല്ല തിരക്ക്. അമ്പലത്തിനടുത്തുള്ള കമ്മിറ്റി ഓഫീസിൽവച്ച് കാവിവസ്ത്രധാരിയായ മഹാമണ്ഡലേശ്വർ സ്വാമി ആനന്തവനം ഭാരതിയെ കണ്ടു. അനിയന്ത്രിത മണൽ ഖനനവും, കയ്യേറ്റവും കൊണ്ട് ഏകദേശം നാശത്തിന്റെ വക്കിൽ എത്തിനിൽക്കുന്ന ഭാരതപുഴയുടെ തീരത്തു മഹാമാഘ മഹോത്സവം നടത്തുന്നതിന്റെ ആവശ്യകതയെകുറിച്ചു ചോദിച്ചപ്പോൾ, അദ്ദേഹം ചൂണ്ടിക്കാണിച്ചത് ഗംഗയെയാണ്. എണ്പത്തിനാലോളം ഘാട്ടുകളുള്ള വാരണാസിയിൽ ഗംഗ കൂടുതൽ മലിനമായാണ് ശാസ്ത്രീയ പഠനങ്ങളിൻ തെളിഞ്ഞത്. രണ്ടായിരത്തി പതിനഞ്ചിൽ തുടങ്ങിയ നാഷണൽ മിഷൻ ഫോർ ക്ലീൻ ഗംഗയുടെ കീഴിലുള്ള (NMCG) നമാമി ഗംഗ പ്രോഗ്രാം ചില മാറ്റങ്ങൾ ഘട്ടുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിൽ വരുത്തി എന്നത് ശരിയാണ്. ഗംഗയിൽ അങ്ങനെയൊരു മാറ്റം സാധ്യമെങ്കിൽ എന്തൊകൊണ്ടു ഭാരതപുഴയെ പുനരുജ്ജീവിപ്പിക്കാൻ കഴിയില്ല എന്നാണ് മഹാമാഘ മഹോത്സവത്തിന്റെ മുഖ്യശില്പിയും ജുനൈഗഢ് അഖാഡയിലെ മുതിർന്ന സന്യാസിയുമായ ആനന്ദവനം ഭാരതി ചോദിക്കുന്നത്.

നാവാമുകുന്ദ ക്ഷേത്രത്തിനടുത്താണ് കേരള പുരാവസ്തുവകുപ്പ്



സംരക്ഷിക്കുന്ന മഹാമാഘ അല്ലെങ്കിൽ മാമാങ്കം സൈറ്റ്.

പുരാതന കേരളത്തിൽ 12 വർഷത്തിൽ ഒരിക്കൽ തിരുനാവായിൽ ഭാരതപുഴയുടെ തീരത്തു നടന്നിരുന്ന 30 ദിവസം നീളുന്ന ഒരു വലിയ ഉത്സവം ആണ് മാമാങ്കം. ചേരവംശ രാജാക്കന്മാരുടെ (എഡി 900-1200) കാലത്തു തുടങ്ങിയ ഈ ഉത്സവം 18 ആം നൂറ്റാണ്ടുവരെ തുടർന്നുവന്നെന്നു ചരിത്രകാരന്മാർ വിശ്വസിക്കുന്നു. പുരാവസ്തു വകുപ്പ് സ്ഥാപിച്ച ഒരു ബോർഡിൽ അവസാനമായി മാമാങ്കം നടത്തിയത് 1755ഇൽ ആണെന്ന് രേഖപെടുത്തിയിരിക്കുന്നു. സാമൂതിരിയുടെ ഭടന്മാരും ദേശത്തിന്റെ രാജാവായ വള്ളുവനാട്ടുകോലത്തിരിയുടെ ചാവേർ ഭടന്മാരും തമ്മിലുള്ള പോരാട്ടത്തിന്റെ സാക്ഷിയായി മണിക്കിണർ, നിലപാട് തറ, മരുന്നറ എന്നിവ ഇന്നും അവിടെ കാണാം. വളരെ രസകരമായ ഒരു കാര്യം എന്തെന്നാൽ മഹാമാഘ മഹോത്സവത്തിനു വരുന്നവർ ആരും ഇവിടേയ്ക്ക് വരുന്നില്ല എന്നതായിരുന്നു. സംഘടകരാകട്ടെ അതിനു മുതിർന്നതുമില്ല. അവർ ബ്രഹ്മവിലും ബ്രിഹസ്പതിയിലും പരശുരാമനിലും മഹാമാഘ മഹോത്സവത്തിന്റെ ഉപജ്ഞാതാക്കളെ കണ്ടെത്തി. ചരിത്രവും ഇതിഹാസവും മനുഷ്യനെ സ്വാധീനിക്കുന്ന തലങ്ങൾ, കാഴ്ചക്കാർ ഇവിടെ നിസ്സഹായരാകുന്നു.

നാവാമുകുന്ദ ക്ഷേത്രത്തിനടുത്തുള്ള മിക്ക വീടുകളുടെയും ഗേറ്റുകളിൽ വാഹനം പാർക്ക് ചെയ്യാൻ ക്ഷണിച്ചുകൊണ്ടുള്ള ബോർഡുകൾ മലയാളത്തിലും ഇംഗ്ലീഷിലും കാണാമായിരുന്നു. ക്ഷേത്രത്തിനടുത്തുള്ള കാടുപിടിച്ചു കിടന്ന സ്ഥലങ്ങൾ പലരും വെട്ടി നിരത്തി പാർക്കിംഗ് ഏരിയാസ് ആക്കി. സ്ഥലപരിമിതിമൂലം പലഭാഗങ്ങളിൽനിന്നു ആൾക്കാരുമായി വന്ന വാഹനങ്ങൾ ഇത്തരം ലൊട്ടുകളിലൊന്നിൽ പാർക്കുചെയ്തു നേരെ പെട്രോൾ ബങ്കിനടു





ത്തുള്ള അന്നദാന കൗണ്ടറിലേക്കു നടക്കും. അവിടെ എപ്പോഴും വലിയ തിരക്കാണ്. ഒരു മഞ്ഞ പ്ലാസ്റ്റിക് പാത്രത്തിൽ ചോറ്, സാമ്പാർ പിന്നെ ഒരു തോരൻ. അച്ചാർ വേണമെങ്കിൽ എടുക്കാം. ആഹാരം കഴിച്ചു കഴിഞ്ഞാൽ പത്രം കഴുകിവക്കാൻ മറക്കരുത്.

വൈദികമായ ഒരു കെട്ടുപാടിൽ നിന്നുകൊണ്ട് ഹിന്ദുമതത്തെ പുനരുജ്ജീവിപ്പിക്കാൻ കുറെ ഹിന്ദു സന്യാസിമാർ ചെയ്യുന്ന ഒരു നാടകം എന്നായിരുന്നു മഹാമാഘ മഹോത്സവത്തെ ലോട്ടറി കച്ചവടക്കാരൻ രമേശൻ നോക്കികണ്ടത്. ടിക്കറ്റുകൾ നന്നായി ചിലവാകുന്നുണ്ട്, അതുകൊണ്ടു ഈ തൃശ്ശൂരുകാരൻ സന്തുഷ്ടനാണ്. പക്ഷെ എവിടെയോ ഒരു കുഴപ്പമുണ്ടെന്നു അയാൾ പറയുന്നു. എവിടെയാണ് ആ കുഴപ്പം? ഹിന്ദുമതസ്ഥരായ എല്ലാ സമുദായങ്ങളിൽപെട്ടവർ ഇവിടെവന്ന് അവരവരുടെ പരമ്പരാഗതമായ പൂജകളും മറ്റു കലാകായിക രൂപങ്ങൾ കാഴ്ചവെക്കുന്നു. ഗോത്രവിഭാഗക്കാരായാ കാണി സമുദായത്തിന്റേതായിരുന്നു ഇന്നലെ (ജനുവരി 26). ജനുവരി 29നു മുത്തനും മുത്തിയ്ക്കും പൂജ നടത്തി. കൃഷിസമൃദ്ധിക്കും സത്സന്താനലാഭത്തിനുമായി കേരളത്തിന്റെ തനത് ദ്രാവിഡ സമ്പ്രദായത്തിൽ അനുഷ്ഠിക്കുന്ന ഈ അതിപുരാതന പൂജയ്ക്ക് ആചാര്യൻ പറയ്ക്കൽ പ്രദീപ് പണിയ നേതൃത്വം നൽകിയെന്ന് സംഘാടകരുടെ ഒരു റിലീസിൽ പറയുന്നു. മഹാമാഘ മഹോത്സവത്തിന്റെ ഭാഗമായി നടന്ന തൈപ്പൂയ്യ ആഘോഷത്തിൽ ലയൺ മയൂര റോയൽ കിംഗ്ഡത്തിന്റെ നേതൃത്വത്തിൽ നടന്ന കാവടിയാട്ടം, മാടായിക്കുളം വിവേകാനന്ദ സംഘം അവതരിപ്പിച്ച ചിന്തുപാട്ട് അങ്ങനെ പലതും. ഇതോടൊപ്പം കേരളത്തിലെ നാല് ശങ്കരമഠങ്ങളിലെ സന്ന്യാസിമാർ ഒരുമിക്കുന്ന സംഗമത്തിന് വേദിയായി മഹാമാഘ മഹോത്സവം. ഇതുകൂടാതെ തമിഴ്നാട്ടിലെ തിരുമൂർത്തികുന്നിൽ (ഭാരതപ്പുഴയുടെ ഉത്ഭവസ്ഥാനം) നിന്നാരംഭിച്ച മാതൃഭവന വരവ് ഫെബ്രുവരി 1 (ഞായർ) തിരുനാവായയിൽ എത്തിച്ചേർന്നു. ഭാരതപ്പുഴയുടെ ഉത്ഭവസ്ഥാനം പശ്ചിമഘട്ടത്തിലെ ആനമലയിലെ തിരുമൂർത്തിമല ആയതിനാൽ ഈ മഹോത്സവത്തിന് ആത്മീയവും ചരിത്രപരവുമായ പ്രതേകതയുണ്ടെന്നു സംഘാടകർ പറയുന്നു.

അമൃതസ്നാനത്തോടെ മഹാമാഘ മഹോത്സവം അഥവാ കേരളം കുംഭമേള നിള ആരതി ഘാട്ടിൽ ഫെബ്രുവരി 3-ന് സമാപിച്ചു. രാവിലെ നടന്ന അമൃത സ്നാനത്തിൽ സന്യാസിമാരും ഭക്തരും പങ്കുചേർന്നു. സമത്വത്തിന്റെ ആത്മീയ സമാപനം ആയ ഭണ്ഡാര എന്ന ഒരു വിശിഷ്ട ആചാരമാണ് ഇവിടെ പ്രധാനം. ഭണ്ഡാരയിലെ ഏറ്റവും ശ്രദ്ധേയമായ കാഴ്ചയാണ് 'പംഗത്'. സാമൂഹിക വേർതിരിവുകളില്ലാതെ എല്ലാപേരും നിലത്ത് ഒരേ നിരയിൽ ഇരുന്ന് ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന ദൃശ്യം. ഇവിടെയാണ് ഈ ഉത്സവത്തിന്റെ രാഷ്ട്രീയം പ്രകടമാവുന്നത്. സബാൾട്ടൺ ഹിന്ദുത്വത്തെ ഇതിന്റെ ഭാഗമാക്കാൻ ഉള്ള ഒരു അജണ്ടാ തുടക്കത്തിലേ വ്യക്തമായിരുന്നു.

ജനുവരി 18നു തിരുനാവായയിൽ ഭാരതപുഴയുടെ തീരത്തു തുടങ്ങി ഫെബ്രുവരി 3നു സമാപിച്ച ഈ മഹാമാഘ മഹോത്സവം സംഘാടകർ പ്രതീക്ഷിച്ചതിനേക്കാൾ ആൾക്കാരെ ആകർഷിച്ചു എന്നത് ശരിയാണ്. അതിന്റെ പ്രധാന കാരണം കേരള കുംഭമേള എന്ന ടാഗും പിന്നെ വാരണാസിയിലെ ആരതി ഘാട്ടിൽ നിന്നുകൊണ്ടുവന്ന ഒരു ടീം ആണ് നിള ആരതി ചെയ്തതെന്നുള്ളതുമാത്രമല്ല. ഹിന്ദു മതത്തിന്റെ ഭാഗമായി നിലകൊള്ളുന്ന



എല്ലാ സമൂഹത്തേയും മഹാമാഘ മഹോത്സവത്തിന്റെ ഭാഗമാക്കുവാൻ കൈകൊണ്ട ചില പൂജകളും, പരമ്പരാഗത കലാകായിക പരിപാടികളുമാണ് എന്നുള്ളതുകൂടിയാണ്.

ഇവിടെയാണ് കീഴാള ഹിന്ദുത്വ ടാഗ് ഒരു രാഷ്ട്രീയ ലക്ഷ്യം പ്രകടമാക്കുന്നത്. മാമാങ്കം എന്ന ഒരു ഒരു ജനകീയ ഉത്സവത്തെ വൈദിക ഇതിഹാസങ്ങളുമായി കൂട്ടിയോജിപ്പിക്കുകയാണ് ഇവിടെ ചെയ്തത്.

അത് ഒരു രാഷ്ട്രീയ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ്. പക്ഷെ ഈ കീഴാള ഹിന്ദുത്വ ടാഗ് സംഘാടകർ പ്രതിക്ഷിച്ചപോലെ അവർക്കു ഗുണമായിട്ടുണ്ടോ എന്ന് സംശയമുണ്ട്. കാഴ്ചക്കാർക്ക് നിളയെ തഴുകികൊണ്ടിരുന്ന കാറ്റിൽ പറന്ന കാവിക്കൊടികളിൽ ആയിരുന്നില്ല ശ്രദ്ധ എന്ന് വേണം കരുതാൻ. ഒരു നല്ല ഉത്സവം കണ്ടു മടങ്ങുന്ന പ്രതീതിയായിരുന്നു മിക്ക മുഖങ്ങളിലും.

തിരൂരിൽ നിന്ന് ബസിൽ തിരുനാവായയിൽ എത്തുമ്പോൾ റോഡിൽ നല്ല തിരക്കായിരുന്നു. പ്രസിദ്ധമായ നാവാമുകുന്ദ ക്ഷേത്രത്തിലേക്ക് പോകുന്നവഴി കാവി ടീഷർട് ധരിച്ച സേവാ ഭാരതി വോളന്റീർസ് വാഹനങ്ങളെയും ആൾക്കാരെയും നിയന്ത്രിക്കുന്നത് കാണാമായിരുന്നു. ആദ്യം പോയത് അമ്പലത്തിലേക്കല്ല, ഭാരതപ്പുഴക്ക് കുറുകെ താത്കാലികമായി നിർമിച്ച പാലത്തിലൂടെ മഹാമാഘ മഹോത്സവം നടക്കുന്ന മണൽതിട്ടയിലേക്കാണ്. ഓലമേഞ്ഞ ഒരു വലിയ പന്തൽ അതിനുകീഴെ തളർച്ചമാറ്റുന്ന കുറെ മനുഷ്യർ. കേരളത്തിന്റെ പല ഭാഗത്തുനിന്നും വന്നവരാണ് കൂടുതൽ. ഉത്തർപ്രദേശിൽനിന്നും മഹാരാഷ്ട്രയിൽനിന്നും വന്ന ചില സന്യാസിമാർ, പിന്നെ തീവ്ര ശിവ ഭക്തരായ കുറെ അഘോരികൾ. കാവിക്കൊടികൾ ഭാരതപുഴയെ മുറിച്ചു കടന്നുപോകുന്ന കാറ്റിൽ ചോദ്യങ്ങളായി. സംഘാടകരുടെ മനുഷ്യ-സമുദായ-പ്രകൃതി സംരക്ഷണത്തിന്റെ ഒരു വലയ ലിസ്റ്റ് ഉത്തരങ്ങളായി.

പന്തലിന്റെ ഒരു ഭാഗത്തു പൂജ നടക്കുന്നുണ്ട്, അവിടെ ഭക്തന്മാർ പൈസയിട്ടു നമസ്കരിക്കുന്നുണ്ട്. മറ്റുചിലർ സ്നാനത്തിലാണ്. പുഴ മലിനമാക്കരുന്നതെന്നും, സുരക്ഷയ്ക്കായി പുഴയുടെ നടുവിൽ വച്ചിരിക്കുന്ന മുളയിൽ നിർമിച്ച നിയന്ത്രിത വലയം മുറിച്ചു കടക്കരുതെന്നും ബഹുഭാഷയിൽ എഴുതിയ ബോർഡുകൾ. പൂജകൾക്കുള്ള കൂപ്പൺ, പ്രസാദം എന്നിവയെക്കുറിച്ചുള്ള അറിയിപ്പുകൾ ഒന്നിനുപുറകേ ഒന്നായി. തൊട്ടടുത്ത കൗണ്ടറിൽ ദാഹജലം കൊടുക്കുന്നുണ്ട്. ബയോ ടോയ്ലെറ്റുകൾ, എമർജൻസി ഹെൽത്ത് കെയർ എല്ലാം സജ്ജം. മാലിന്യ നിർമാർജനം ഏറ്റെടുത്ത ഹരിത സേന വോളന്റീർസ് തിരക്കിലാണ്.

കഴിഞ്ഞ റിപ്പബ്ലിക്ക് ദിനത്തിൽ മാത്രം മൂന്നുലക്ഷം ആൾക്കാർ തിരുനാവായിൽ വന്നുപോയെന്നാണ് കണക്ക്. പാലത്തിലൂടെയുള്ള ആൾക്കാരുടെ നിരന്തര പ്രവാഹം സംഘാടകരുടെ കണക്കുകൾ അന്വർഥമാക്കുന്നു.

നാവാമുകുന്ദ ക്ഷേത്രത്തിൽ നല്ല തിരക്ക്. അമ്പലത്തിനടുത്തുള്ള കമ്മിറ്റി ഓഫീസിൽവച്ച് കാവിവസ്ത്രധാരിയായ മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതിയെ കണ്ടു. അനിയന്ത്രിത മണൽ ഖനനവും, കയ്യേറ്റവും കൊണ്ട് ഏകദേശം നാശത്തിന്റെ വക്കിൽ എത്തിനിൽക്കുന്ന ഭാരതപുഴയുടെ തീരത്തു മഹാമാഘ മഹോത്സവം നടത്തുന്നതിന്റെ ആവശ്യകതയെകുറിച്ചു ചോദിച്ചപ്പോൾ, അദ്ദേഹം ചൂണ്ടിക്കാണിച്ചത് ഗംഗയെയാണ്. എണ്പത്തിനാലോളം ഘാട്ടുകളുള്ള

വാരണാസിയിൽ ഗംഗ കൂടുതൽ മലിനമായാണ് ശാസ്ത്രീയ പഠനങ്ങളിൽ തെളിഞ്ഞത്. രണ്ടായിരത്തി പതിനഞ്ചിൽ തുടങ്ങിയ നാഷണൽ മിഷൻ ഫോർ ക്ലീൻ ഗംഗയുടെ കീഴിലുള്ള (NMCG) നമാമി ഗംഗ പ്രോഗ്രാം ചില മാറ്റങ്ങൾ ഘട്ടുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിൽ വരുത്തി എന്നത് ശരിയാണ്.

ഗംഗയിൽ അങ്ങനെയൊരു മാറ്റം സാധ്യമെങ്കിൽ എന്തൊകൊണ്ടു ഭാരതപുഴയെ പുനരുജ്ജീവിപ്പിക്കാൻ കഴിയില്ല എന്നാണ് മഹാമാഘ മഹോത്സവത്തിന്റെ മുഖ്യ ശില്പിയും ജുനൈഗഢ് അഖാഡയിലെ മുതിർന്ന സന്യാസിയുമായ ആനന്തവനം ഭാരതി ചോദിക്കുന്നത്.

നാവാമുകുന്ദ ക്ഷേത്രത്തിനടുത്താണ് കേരള പുരാവസ്തുവകുപ്പ് സംരക്ഷിക്കുന്ന മഹാമാഘ അല്ലെങ്കിൽ മാമാങ്കം സൈറ്റ്. പുരാതന കേരളത്തിൽ 12 വർഷത്തിൽ ഒരിക്കൽ തിരുനാവായിൽ ഭാരതപുഴയുടെ തീരത്തു നടന്നിരുന്ന 30 ദിവസം നീളുന്ന ഒരു വലിയ ഉത്സവം ആണ് മാമാങ്കം. ചേരവംശ രാജാക്കന്മാരുടെ (എഡി 900–1200) കാലത്തു തുടങ്ങിയ ഈ ഉത്സവം 18 ആം നൂറ്റാണ്ടുവരെ തുടർന്നുവന്നെന്നു ചരിത്രകാരന്മാർ വിശ്വസിക്കുന്നു. പുരാവസ്തുവകുപ്പ് സ്ഥാപിച്ച ഒരു ബോർഡിൽ അവസാനമായി മാമാങ്കം നടത്തിയത് 1755ഇൽ ആണെന്ന് രേഖപെടുത്തിയിരിക്കുന്നു. സാമൂതിരിയുടെ ഭടന്മാരും ദേശത്തിന്റെ രാജാവായ വള്ളുവനാട്ടുകോലത്തിരിയുടെ ചാവേർ ഭടന്മാരും തമ്മിലുള്ള പോരാട്ടത്തിന്റെ സാക്ഷിയായി മണിക്കിണർ, നിലപാട് തറ, മരുന്നറ എന്നിവ ഇന്നും അവിടെ കാണാം. വളരെ രസകരമായ ഒരു കാര്യം എന്തെന്നാൽ മഹാമാഘ മഹോത്സവത്തിനു വരുന്നവർ ആരും ഇവിടേയ്ക്ക് വരുന്നില്ല എന്നതായിരുന്നു. സംഘടകരാകട്ടെ അതിനു മുതിർന്നതുമില്ല. അവർ ബ്രഹ്മവിലും ബ്രിഹസ്പതിയിലും പരശുരാമനിലും മഹാമാഘ മഹോത്സവത്തിന്റെ ഉപജ്ഞാതാക്കളെ കണ്ടെത്തി. ചരിത്രവും ഇതിഹാസവും മനുഷ്യനെ സ്വാധീനിക്കുന്ന തലങ്ങൾ, കാഴ്ചക്കാർ ഇവിടെ നിസ്സഹായരാകുന്നു.

നാവാമുകുന്ദ ക്ഷേത്രത്തിനടുത്തുള്ള മിക്ക വീടുകളുടെയും ഗേറ്റുകളിൽ വാഹനം പാർക്ക് ചെയ്യാൻ ക്ഷണിച്ചുകൊണ്ടുള്ള ബോർഡുകൾ മലയാളത്തിലും ഇംഗ്ലീഷിലും കാണാമായിരുന്നു. ക്ഷേത്രത്തിനടുത്തുള്ള കാടുപിടിച്ചു കിടന്ന സ്ഥലങ്ങൾ പലരും വെട്ടി നിരത്തി പാർക്കിംഗ് ഏരിയാസ് ആക്കി. സ്ഥലപരിമിതിമൂലം പലഭാഗങ്ങളിൽനിന്നു ആൾക്കാരുമായി വന്ന വാഹനങ്ങൾ ഇത്തരം ലൊട്ടുകളിലൊന്നിൽ പാർക്കുചെയ്തു നേരെ പെട്രോൾ ബങ്കിനടുത്തുള്ള അന്നദാന കൗണ്ടെറിലേക്കു നടക്കും. അവിടെ എപ്പോഴും വലിയ തിരക്കാണ്. ഒരു മഞ്ഞ പ്ലാസ്റ്റിക് പാത്രത്തിൽ ചോറ്, സാമ്പാർ പിന്നെ ഒരു തോരൻ. അച്ചാർ വേണമെങ്കിൽ എടുക്കാം. ആഹാരം കഴിച്ചു കഴിഞ്ഞാൽ പത്രം കഴുകിവക്കാൻ മറക്കരുത്.

വൈദികമായ ഒരു കെട്ടുപാടിൽ നിന്നുകൊണ്ട് ഹിന്ദുമതത്തെ പുനരുജ്ജീവിപ്പിക്കാൻ കുറെ ഹിന്ദു സന്യാസിമാർ ചെയ്യുന്ന ഒരു നാടകം എന്നായിരുന്നു മഹാമാഘ മഹോത്സവത്തെ ലോട്ടറി കച്ചവടക്കാരൻ രമേശൻ നോക്കികണ്ടത്. ടിക്കറ്റ്കൾ നന്നായി ചിലവാകുന്നുണ്ട്, അതുകൊണ്ടു ഈ തൃശ്ശൂരുകാരൻ സന്തുഷ്ടനാണ്. പക്ഷെ എവിടെയോ ഒരു കുഴപ്പമുണ്ടെന്നു അയാൾ പറയുന്നു. എവിടെയാണ് ആ കുഴപ്പം? ഹിന്ദുമതസ്ഥരായ എല്ലാ സമുദായങ്ങ



ളിൽപെട്ടവർ ഇവിടെവന്ന് അവരവരുടെ പരമ്പരാഗതമായ പൂജകളും മറ്റു കലാകായിക രൂപങ്ങൾ കാഴ്ചവെക്കുന്നു. ഗോത്രവിഭാഗക്കാരായാ കാണി സമുദായത്തിന്റേതായിരുന്നു ഇന്നലെ (ജനുവരി 26). ജനുവരി 29നു മുത്തനും മുത്തിയ്ക്കും പൂജ നടത്തി. കൃഷിസമൃദ്ധിക്കും സത്സന്താനലാഭത്തിനുമായി കേരളത്തിന്റെ തനത് ദ്രാവിഡ സമ്പ്രദായത്തിൽ അനുഷ്ഠിക്കുന്ന ഈ അതിപുരാതന പൂജയ്ക്ക് ആചാര്യൻ പറയ്ക്കൽ പ്രദീപ് പണിയ നേതൃത്വം നൽകിയെന്ന് സംഘാടകരുടെ ഒരു റിലീസിൽ പറയുന്നു. മഹാമാഘ മഹോത്സവത്തിന്റെ ഭാഗമായി നടന്ന തൈപ്പൂയ്യ ആഘോഷത്തിൽ ലയൺ മയൂര റോയൽ കിംഗ്ഡത്തിന്റെ നേതൃത്വത്തിൽ നടന്ന കാവടിയാട്ടം, മാടായിക്കുളം വിവേകാനന്ദ സംഘം അവതരിപ്പിച്ച ചിന്തുപാട്ട് അങ്ങനെ പലതും. ഇതോടൊപ്പം കേരളത്തിലെ നാല് ശങ്കരമഠങ്ങളിലെ സന്ന്യാസിമാർ ഒരുമിക്കുന്ന സംഗമത്തിന് വേദിയായി മഹാമാഘ മഹോത്സവം. ഇതുകൂടാതെ തമിഴ്നാട്ടിലെ തിരുമൂർത്തി കുന്നിൽ (ഭാരതപ്പുഴയുടെ ഉത്ഭവസ്ഥാനം) നിന്നാരംഭിച്ച മാതൃഭവന വരവ് ഫെബ്രുവരി 1 (ഞായർ) തിരുനാവായയിൽ എത്തിച്ചേർന്നു. ഭാരതപ്പുഴയുടെ ഉത്ഭവസ്ഥാനം പശ്ചിമഘട്ടത്തിലെ ആനമലയിലെ തിരുമൂർത്തിമല ആയതിനാൽ ഈ മഹോത്സവത്തിന് ആത്മീയവും ചരിത്രപരവുമായ പ്രതേകതയുണ്ടെന്നു സംഘാടകർ പറയുന്നു.

അമൃതസ്നാനത്തോടെ മഹാമാഘ മഹോത്സവം അഥവാ കേരളം കുംഭമേള നിള ആരതി ഘാട്ടിൽ ഫെബ്രുവരി 3-ന് സമാപിച്ചു. രാവിലെ നടന്ന അമൃത സ്നാനത്തിൽ സന്യാസിമാരും ഭക്തരും പങ്കുചേർന്നു. സമത്വത്തിന്റെ ആത്മീയ സമാപനം ആയ ഭണ്ഡാര എന്ന ഒരു വിശിഷ്ട ആചാരമാണ് ഇവിടെ പ്രധാനം. ഭണ്ഡാരയിലെ ഏറ്റവും ശ്രദ്ധേയമായ കാഴ്ചയാണ് 'പംഗത്'. സാമൂഹിക വേർതിരിവുകളില്ലാതെ എല്ലാപേരും നിലത്ത് ഒരേ നിരയിൽ ഇരുന്ന് ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന ദൃശ്യം. ഇവിടെയാണ് ഈ ഉത്സവത്തിന്റെ രാഷ്ട്രീയം പ്രകടമാവുന്നത്. സബാൾട്ടൺ ഹിന്ദുത്വത്തെ ഇതിന്റെ ഭാഗമാക്കാൻ ഉള്ള ഒരു അജണ്ടാ തുടക്കത്തിലേ വ്യക്തമായിരുന്നു.

ജനുവരി 18നു തിരുനാവായയിൽ ഭാരതപുഴയുടെ തീരത്തു തുടങ്ങി ഫെബ്രുവരി 3നു സമാപിച്ച ഈ മഹാമാഘ മഹോത്സവം സംഘാടകർ പ്രതീക്ഷിച്ചതിനേക്കാൾ ആൾക്കാരെ ആകർഷിച്ചു എന്നത് ശരിയാണ്. അതിന്റെ പ്രധാന കാരണം കേരള കുംഭമേള എന്ന ടാഗും പിന്നെ വാരണാസിയിലെ ആരതി ഘാട്ടിൽ നിന്നുകൊണ്ടുവന്ന ഒരു ടീം ആണ് നിള ആരതി ചെയ്തതെന്നുള്ളതുമാത്രമല്ല. ഹിന്ദു മതത്തിന്റെ ഭാഗമായി നിലകൊള്ളുന്ന എല്ലാ സമൂഹത്തേയും മഹാമാഘ മഹോത്സവത്തിന്റെ ഭാഗമാക്കുവാൻ കൈകൊണ്ട ചില പൂജകളും, പരമ്പരാഗത കലാകായിക പരിപാടികളുമാണ് എന്നുള്ളതുകൂടിയാണ്.

ഇവിടെയാണ് കീഴാള ഹിന്ദുത്വ ടാഗ് ഒരു രാഷ്ട്രീയ ലക്ഷ്യം പ്രകടമാക്കുന്നത്. മാമാങ്കം എന്ന ഒരു ഒരു ജനകീയ ഉത്സവത്തെ വൈദിക ഇതിഹാസങ്ങളുമായി കൂട്ടിയോജിപ്പിക്കുകയാണ് ഇവിടെ ചെയ്തത്.

അത് ഒരു രാഷ്ട്രീയ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ്. പക്ഷെ ഈ കീഴാള ഹിന്ദുത്വ ടാഗ് സംഘാടകർ പ്രതിക്ഷിച്ചപോലെ അവർക്കു ഗുണമായിട്ടുണ്ടോ എന്ന് സംശയമുണ്ട്. കാഴ്ചക്കാർക്ക് നിളയെ തഴുകികൊണ്ടിരുന്ന കാറ്റിൽ പറന്ന കാവിക്കൊടികളിൽ ആയിരുന്നില്ല ശ്രദ്ധ എന്ന് വേണം കരുതാൻ. ഒരു നല്ല ഉത്സവം കണ്ടു മടങ്ങുന്ന പ്രതീതിയായിരുന്നു മിക്ക മുഖങ്ങളിലും.





# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

**StateFarm®**

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm

State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company


1601489 Bloomington, IL

● ചെറുകഥ



വിജയകുമാർ
കളരിക്കൽ

# സുദർശനക്രിയ



വര:
പി ആർ രാജൻ

സുദർശനന് കഴിഞ്ഞ രാത്രി മുഴുവൻ പനിയായിരുന്നു. എന്നാൽ സന്ധ്യവരെ ഒരു പനിക്കോളുമില്ലായിരുന്നു. എന്തെന്നറിയില്ല, അത്താഴം കഴിഞ്ഞ് കിടന്ന് അരമണിക്കൂർ കഴിഞ്ഞപ്പോൾ ശക്തമായ കുളിര് തോന്നിയതാണ്. തലവഴി മൂടി കിടന്നു. ഉറങ്ങിപ്പോയി. മതിമറന്ന ഉറക്കം. ഉണർന്നപ്പോൾ നേരം നന്നെ വെളുത്തിരിക്കുന്നു. വിയർത്തിരിക്കുന്നു. വെറുതെ വിയർക്കലല്ല, പുതപ്പിനെ, കിടക്ക വിരിയെ നനച്ചു കൊണ്ട്. എട്ടു മണിയായിരിക്കുന്നു. എന്നിട്ടോ തനിയെ ഉണർന്നതല്ല. വിളിച്ചുണർത്തിയതാണ്. വിളിച്ചുണർത്താൻ ആ വീട്ടിൽ ആരുമില്ല. കോളിംഗ് ബെല്ലടിച്ചാണ് ഉണർത്തിയിരിക്കുന്നത്.

ഈ സമയത്ത് സുദർശനനെ കോളിംഗ് ബെല്ലടിച്ച് വിളിക്കുന്ന പഴയ പരിചയക്കാരാരുമില്ല. പാൽക്കാരനും പത്രക്കാരനും വലിയ ശബ്ദങ്ങളുണ്ടാക്കാതെ കൃത്യനിർവ്വഹണം കഴിഞ്ഞ് പൊയ്ക്കോളും. സുഹൃത്തുക്കൾ വരുന്നെങ്കിൽ ഫോൺ വിളിച്ചിട്ടേ എത്താറുള്ളൂ. അയൽപക്കത്തു നിന്നും അങ്ങിനെ വരത്തുപോക്കുകളില്ല. എന്തെങ്കിലും ആവശ്യത്തിന് സുദർശനൻ അവിടങ്ങളിലേയ്ക്കേ പോകാറുള്ളൂ.

നല്ല ക്ഷീണം തോന്നുന്നു. പനിയുടേതാകാം. അല്ലാതെ മറ്റ് അസുഖങ്ങളൊന്നും അടുത്ത കാലത്ത് വരെ കണ്ടെത്തിയിട്ടില്ല. പ്രഷർ, ഷുഗർ, കൊളസ്ട്രോൾ ഒക്കെ കഴിഞ്ഞ മാസം നോക്കിയതാണ്, നോർമലായിരുന്നു.

പുതപ്പ് നീക്കിയപ്പോൾ വിയർപ്പിൻറെ ഗന്ധം മൂക്കിലേക്കടിച്ചു. പനി വിയർപ്പിൻറേതായതുകൊണ്ട് പെട്ടന്ന് ശ്രദ്ധിക്കപ്പെട്ടു.

വീണ്ടും കോളിംഗ് ബെൽ. ആരായിരിക്കാം.....

ഇളയ മകൻ ജോലി കിട്ടി തിരുവനന്തപുരത്തിന് പോയ ശേഷം സുദർശനൻ വീട്ടിൽ തനിച്ചായി. ഐടി എഞ്ചിനിയറാണ്, കാമ്പസ്സ് സെലക്ഷനായിരുന്നു. തെറ്റില്ലാത്ത ജോലിയാണെന്ന് അയാൾ കണക്കു കൂട്ടുന്നു, മകൻറെ സന്തോഷം കാണുമ്പോൾ. മൂത്ത മകനും മിടുക്കനാണ്, ഇംഗ്ലീഷിൽ പോസ്റ്റു ഗ്രാജേഷൻ കഴിഞ്ഞ് പി എസ്സി എഴുതിയാണ് റവന്യൂവിൽ കയറിയത്, ഇപ്പാൾ വയസ്സ് ഇരുപത്തിയെട്ടേ ആയിട്ടുള്ളൂ. കാസർഗോഡ് ജില്ലയിൽ കുറച്ച് ഉള്ളിലേക്ക് മാറിയൊരു താലൂക്ക് ഓഫീസിൽ എൽ ഡി സി ആണ്. വിവാഹം കഴിഞ്ഞിട്ട് ആറു മാസമേ ആയിട്ടുള്ളൂ. മരുമകൾ കെമിസ്ട്രിയിൽ എംഫിൽ ചെയ്തു, സെറ്റ് പാസ്സായിട്ടുണ്ട്. അവർ ഓഫീസ്സിനടുത്ത് വാടകക്കാണ്.

പക്ഷെ, ഭാര്യ സുദർശനനെ ഒറ്റക്കാക്കിയിട്ട് ഇരുപത് വർഷമായി, ഇളയ മകന് അഞ്ച് വയസ്സുള്ളപ്പോൾ. ഈ വിട്ടിൽ വച്ചു തന്നെ. സർക്കാർ എൽപി സ്കൂളിൽ ടീച്ചറായിരുന്നു. യൂട്രസ്സിലുണ്ടായ ഒരു നിർജ്ജീവാവസ്ഥ മറ്റിടങ്ങളിലേക്ക് പടർന്ന് തടുക്കാൻ കഴിയാത്ത അവസ്ഥയിലെത്തിയ ശേഷമാണ് അയാൾക്കും ഡോക്ടർമാർക്കും അറിയാൻ കഴിഞ്ഞത്. പേരു പോലെ തന്നെ പ്രസന്ന ആയിരുന്ന ടീച്ചർക്ക് അങ്ങനെ ഒരവസ്ഥയെ ഉള്ളിൽ ഒതുക്കി നടക്കാൻ കഴിയുമെന്നും, കുട്ടികളെ സ്നേഹിക്കാൻ കഴിയുമെന്നും ആരും കണക്കു കൂട്ടിയില്ല.

എഴുന്നേറ്റപ്പോഴാണ് പനിയുടെ ക്ഷീണം എത്രമാത്രമാണെന്നറിയുന്നത്. വീണ്ടും കിടന്നുറങ്ങാനാണ് തോന്നുന്നത്. കിടക്കാമായിരുന്നു. തിരക്കി വന്നരിക്കുന്നതാരാകാം, എന്തിനാകാം എന്ന ചിന്ത അതിനെ അനുവദിക്കുന്നില്ല.

**സുദർശനൻ, അവൾ പറഞ്ഞത് അനുസരിക്കാമെന്ന് തീരുമാനിച്ചു. അവൾ ഒരു കള്ളിയാണെങ്കിൽ തന്നെ വളരെ വിലകൂടിയതൊന്നും അവിടെ നിന്ന് കൊണ്ടു പോകാനില്ല. ഒറ്റക്കായപ്പോൾ ആവിധ കരുതലുകളൊക്കെ സ്വീകരിച്ചിട്ടുണ്ട്. കിടപ്പു മുറിയിൽ വന്ന് ബാത്ത് റൂമിലേക്ക് പോകുമ്പോൾ മൊബൈൽ ഫോൺ, പണവും ഏ ടിയം കാർഡുമുള്ള പേഴ്സ് കൈയ്യിൽ കരുതി.**

സുദർശനന് കുറച്ച് പൊതു പ്രവർത്തനങ്ങളൊക്കെയുണ്ട്. സർവ്വീസിൽ ഇരിക്കുമ്പോൾ യൂണിയൻ പ്രവർത്തനം, സംസ്ഥാന കമ്മറ്റിയംഗം വരെ എത്തിയിരുന്നു. വേണമെങ്കിൽ സംസ്ഥാന പ്രസിഡൻറോ സെക്രട്ടറിയോ ഒക്കെ ആകാമായിരുന്നു, പ്രവർത്തന പരിചയവും കാര്യപ്രാപ്തിയുംകൊണ്ട്. അത് ഒഴിവാക്കി, സ്ഥാനമാനങ്ങളല്ല പ്രവർത്തനമാണ് കൂടുതൽ നല്ല കാര്യമെന്ന് ചിന്തിച്ച് ഒഴിഞ്ഞു നിന്നു. സെയിൽസ്ടാക്സിൽ ഇൻസ്പെക്ടറായിട്ട് പിരിഞ്ഞ ശേഷം പ്രധാന പ്രവർത്തന മണ്ഡലം നഗരത്തെ കേന്ദ്രീകരിച്ചുള്ള ഒരു സാംസ്കാരിക സംഘടനയുടെ സെക്രട്ടറിയെന്ന നിലയിലാണ്, ബോധിയുടെ. യുക്തിവാദി സംഘടനയുടെ ജില്ലാ വൈസ് പ്രസിഡൻറെന്ന നിലയിൽ ചില സാമൂഹിക ഇടപെടലുകളുമുണ്ട്. ഏകാന്ത ജീവിതം അങ്ങിനെ സന്തോഷകരമാണെന്നാണ് സുദർശനൻ പറയുന്നത്. ഇഷ്ടമുള്ള വിഷയമാണെങ്കിൽ അരമണിക്കൂർ സദസിനെ അഭിമുഖീകരിച്ച് സംസാരിക്കാനും കഴിയും. പക്ഷെ, എഴുത്തില്ല. വായനയുണ്ട്, ആഴത്തിലല്ല, പരപ്പിൽ. അതിൽ ശാസ്ത്രം, സംസ്ക്കാരം, കഥ, കവിത എല്ലാം പെടും. എന്തിനെ കുറിച്ച് വായിച്ചാലും തൻറെ യുക്തിബോധത്തിൽ കൊണ്ടു വന്ന് വിശകലനം ചെയ്ത് മനസ്സിൽ തന്നെ സൂക്ഷിക്കും, സംസാരിക്കേണ്ടി വരുമ്പോൾ കേൾവിക്കാരെ അലോരസപ്പെടുത്താതെ മഹാന്മാരുടെ ഉദ്ധരണികളാണെന്ന നിലയിൽ അവതരിപ്പിക്കുകയും ചെയ്യും.

നാലാമതും ബെല്ലടിച്ചപ്പോൾ സുദർശനൻ കതക് തുറന്നു.

ഒരു സ്ത്രീയാണ്.

യുവതിയാണ്, സുന്ദരിയാണ്, സാരിയിലും ബ്ലൗസിലുമാണ്.

നല്ല നിറഞ്ഞ ചിരിയാണ്.

''എന്താണ്?''

''ഞാൻ സുരേഖ ഒരത്യാവശ്യമുണ്ടായിരുന്നു.''

''ഊം...?''

''സാറ് ലേറ്റാണല്ലോ. നേരത്തെ ഉണർന്ന് നടക്കാൻ പോകാറുണ്ടല്ലോ.''

''ഹേയ്... പ്രത്യേകിച്ചൊന്നുമില്ല. രാത്രിയിൽ പനിയുണ്ടായിരുന്നു''

''എന്നിട്ടാണോ പ്രത്യേകിച്ചൊന്നമില്ലെന്ന് പറഞ്ഞത്... ഇപ്പോൾ ഓക്കെയല്ലെ?''

''അതെ, എന്താണ്, പറഞ്ഞോളൂ.''

''സാറ് നീങ്ങി നിൽക്ക്, ഞാൻ അകത്തേക്ക് കയറട്ടെ. ഇരുന്ന് സംസാരിക്കാം.''

പാതി തുറന്നിരുന്ന വാതിലിൻറെ മറുപാതി തുറന്ന് സുദർശനൻറെ ദേഹത്തെ ശരീരം കൊണ്ട് തള്ളിയകറ്റി അവൾ അകത്തേക്ക് കയറി.

തെല്ലൊരമ്പരപ്പ് സുദർശനന് തോന്നി. അയാൾക്ക് സ്ത്രീകളെ ഭയമുള്ള ആളല്ല, ഒരർത്ഥത്തിലും. പക്ഷെ, ആദ്യമായിട്ട് കാണുന്ന ഒരു സ്ത്രീയിൽ നിന്ന് പ്രതീക്ഷിക്കാതിരുന്ന

സമയത്ത്, വളരെ നാളത്തെ പരിചയമുള്ളവരെ പോലുള്ള പെരുമാറ്റം അമ്പരപ്പുണ്ടാക്കിയെന്നു മാത്രം.

''നല്ല അന്തഃരീക്ഷം, സുഖം തോന്നുന്നു. അല്ലെങ്കിലും ഓടിട്ട വീട്ടിൽ താമസിക്കുന്നത് ഒരു സുഖമുള്ള കാര്യം തന്നെയാണ്''

അവൾ ഇരുന്നില്ല. മുറിയാകെ ഒരു വിഹഗവീക്ഷണം നടത്തി.

''സീലിംഗ് ഉള്ളതു കൊണ്ടാണു കേട്ടോ ഇത്രയും തണുപ്പ്''

അലമാരയിൽ അടുക്കി വച്ചരിക്കുന്ന പുസ്തകങ്ങൾ, ടീപ്പോയിക്ക് താഴത്തെ തട്ടിൽ വൃത്തിയായി ഒതുക്കി വച്ചിരിക്കുന്ന ആനുകാലികങ്ങൾ. ഇഷ്ടമായിയെന്ന് സുരേഖയുടെ മുഖം കണ്ടാൽ അറിയാം.

''എന്തിനാണ് വന്നതെന്ന് പറഞ്ഞില്ല''

''ഇല്ല പറഞ്ഞില്ല, പറയാം. സാറ്, എഴുന്നേറ്റതല്ലേയുള്ളൂ.... ഫ്രഷായി, ബ്രഷ് ചെയ്ത്, മുഖം കഴുകി വരൂ, നമുക്ക് കുറെ ഏറെ സംസാരിക്കാനുണ്ട്. ഞാൻ ഇവടിരിക്കാം.''

സുരേഖ സെറ്റിയിൽ ഇരുന്ന്, ടീപ്പോയിൽ കിടന്നിരുന്ന ആഴ്ചപ്പതിപ്പെടുത്ത് ഇതൾ മറിച്ചു തുടങ്ങി. വീക്കിലി പിടിച്ചിരിക്കുന്നതും ഇതൾ മറിച്ച് ശ്രദ്ധിക്കുന്നതും കണ്ടാലറിയാം അവൾ വായന ഇഷ്ടപ്പെടുന്ന ആളാണെന്ന്. സുദർശനന് അത് ബോധിച്ചു.

സുദർശനൻ, അവൾ പറഞ്ഞത് അനുസരിക്കാമെന്ന് തീരുമാനിച്ചു. അവൾ ഒരു കള്ളിയാണെങ്കിൽ തന്നെ വളരെ വിലകൂടിയതൊന്നും അവിടെ നിന്ന് കൊണ്ടു പോകാനില്ല. ഒറ്റക്കായപ്പോൾ ആവിധ കരുതലുകളൊക്കെ സ്വീകരിച്ചിട്ടുണ്ട്. കിടപ്പുമുറിയിൽ വന്ന് ബാത്ത് റൂമിലേക്ക് പോകുമ്പോൾ മൊബൈൽ ഫോൺ, പണവും ഏ ടിയം കാർഡുമുള്ള പേഴ്സ് കൈയ്യിൽ കരുതി.

അയാൾ ബാത്ത് റൂമിൽ കയറിയ ഉടനെ അവൾ എഴുന്നേറ്റ് മുൻവാതിൽ അടച്ച് കുറ്റിയിട്ടു. വീടാകെ എന്തോ തിരയുമ്പോലെ നോക്കി നടന്നു, വിശദമായിട്ടു തന്നെ. മൂന്ന് ബെഡ്റൂമുകൾ, അതിലെ സീലിംഗുകൾ, ഡൈനിംഗ് ഹാളിലെ വൃത്തി എല്ലാം മനസ്സിലാക്കി. അടുക്കളയിൽ, സ്ത്രീ സഹവാസമില്ലാത്തതു കൊണ്ടുള്ള കുറവ് നോക്കി ചിരിച്ചു.

സുദർശനൻ ബാത്ത് റൂമിൽ നിന്ന് പുറത്ത് വന്ന് മൊബൈൽ ഫോണും പേഴ്സും മേശമേൽ വച്ചു. ഷർട്ട് ധരിച്ച് അവൾ ഇരിക്കുന്നിടത്തേക്ക് വന്നു.

''ഞാൻ വീടാകെ ഒന്നു കണ്ടു. എനിക്ക് ഇഷ്മായി.''

സുദർശനൻ അവളുടെ മുഖത്ത് നോക്കി എതിർ ദിശയിൽ ഇരുന്നു.

അവൾ ഒരു മന്ദസ്മിതത്തോടെ പറഞ്ഞു.

''വെറുതെ, ഒരു പെണ്ണിൻറെ ക്യൂരിയോസിറ്റിയായി കണ്ടാൽ മതി. പിന്നെ, സാറെ, പത്രവും പാലും വന്നിട്ടുണ്ട്, എടുത്ത് വയ്ക്ക്.

**സുരേഖ നല്ല പേരാണ്. അതേ പോലെ സുന്ദരിയുമാണ്. പക്ഷെ, സുരേഖെ ഞാനീ സ്ഥലം വിൽക്കുന്നില്ല." "സാർ, അങ്ങിനെ പറയരുത്. എന്നെ അയച്ചവർ എങ്ങിനെയെങ്കിലും ഇത് വാങ്ങിക്കൊടുക്കണമെന്നാണ് പറയുന്നത്. എന്തു വിലയും തരാൻ അവർ തയ്യാറാണ്. സാറ് സമ്മതിച്ചില്ലെങ്കിൽ എന്തു സാഹസവും കാണിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്." "ങേ... വിലകൊടുത്ത് വാങ്ങണമെന്ന് പറയുന്നത് ന്യായം. ബ്രോക്കർ ജീവിക്കുന്നത് അതിൽ നിന്ന് കിട്ടുന്ന കാശു കൊണ്ടാണല്ലോ. നിർബ്ബന്ധിക്കുകയും ചെയ്യാം, തന്ത്രങ്ങളും കാണിക്കാം. പക്ഷെ. എന്താണീ സാഹസം?"**

ഞാനെടുക്കുമായിരുന്നു, പക്ഷെ അത് ശരിയല്ലല്ലോ.... സാറിൻറെ അടുത്ത് ഒരാവശ്യത്തിന് വന്ന പെണ്ണ് പത്രവും പാലും എടുക്കുന്നത് ആരേലും കണ്ടാൽ സാറിനാണ് കുറച്ചില്. ആരും കാണാതിരിക്കാനാണ് കതക് അടച്ചത്. ഈ വഴിയിലൂടെ അധികം വരത്ത് പോക്കില്ലെന്നറിയാം. വി വി ഐപികളുടെ കോളനിയല്ലെ, എല്ലാരുടേയും യാത്രകൾ കാറിലും ബൈക്കിലുമൊക്കെയാണല്ലോ.... സാറിൻറെ വീട്ടിലേക്ക് തിരിച്ച് ഒരു ഒളിക്യാമറ പോലും വച്ചിട്ടുമില്ല. ശരിയല്ലെ ?''

സുദർശനൻ സംശയാസ്പദമായിട്ട് ഒന്നു ചിരിച്ചു. ഇവളുടെ വരവ് എന്തോ കരുതിക്കൂട്ടിയാണെന്ന് ചിന്തിച്ചു.

അയാൾ പത്രവും പാലും എടുക്കാൻ പുറത്ത് പോയി. വി വി ഐ പി കോളനിയാണ്, നഗരത്തിൽ നിന്ന് അകന്ന്. പണ്ടിവിടെ ഒരു ശുദ്ധമായ ഗ്രാമത്തിൻറെ അന്തഃരീക്ഷം നിലനിന്നിരുന്നു. സുദർശനൻറേതു പോലുള്ള വീടുകൾ, അല്ലെങ്കിൽ അതിലും ചെറുത്. സാധാരണ വ്യക്തികൾ, നിത്യവും കൂലി വാങ്ങി ജീവിക്കുന്നവർ. പരസ്പരും അറിയുന്നവർ, സ്നേഹിക്കുന്നവർ, കരുതലുള്ളവർ. വ്യത്യസ്ഥ ജാതിക്കാർ, മതക്കാർ, വിവിധ ഭക്ഷണ ഗന്ധങ്ങളും.....

നഗരത്തിലെ ഒരു പ്രധാന കൺസ്ട്രക്ഷൻ ഗ്രൂപ്പ് ആ സ്ഥലങ്ങളെല്ലാം വിലയ്ക്ക് വാങ്ങി വില്ലകൾ തീർത്ത് വിൽക്കുകയായിരുന്നു. സുദർശനൻ മാത്രം വിൽക്കുന്നതിനും നാട് വിടുന്നതിനും കൂട്ടാക്കിയില്ല. അതിൽ കൺസ്ട്രക്ഷൻ ഗ്രൂപ്പിന് എതിർപ്പുണ്ടായിരുന്നു. ശത്രുവിനെപ്പോലെ കാണുകയും ശല്യങ്ങൾ വരുത്തുകയും ചെയ്തിരുന്നു. ഒന്നിലും ഒതുങ്ങാതെ ചെറുത്തു നിന്നു എന്ന് പറയുന്നതാണ് ശരി. സാംസ്ക്കാരിക ബന്ധങ്ങൾ, നിലപാടുകൾ, മനക്കരുത്ത് അയാൾക്ക് ജയം നേടിക്കൊടുത്തു. പരിണത ഫലം, നാല്പത് മനോഹര വില്ലകളോടു കൂടി ഒരു പഴയ ഓടിട്ട വീടും ഇരുപത് സെൻറ് സ്ഥലത്ത് വൃക്ഷലതാതികളും നിറഞ്ഞ ഒരു പച്ചപ്പും അവശേഷിച്ചു. വില്ലകൾ തുടങ്ങുന്നിടത്ത് പ്രധാന വീഥിയുടെ ചാരെ വലത് വശത്തായിട്ട് ദീർഘചതുരാകൃതിയിൽ. സംസ്ക്കാരശൂന്യൻ, വികസന വിരുദ്ധൻ, പിന്തിരിപ്പൻ

എന്നൊക്കെ കാഴ്ചക്കാർ വിളിച്ചു.

മക്കൾക്ക് കഴിയുന്ന സമയത്ത് പഴയ വീട് പൊളിച്ചു മാറ്റി രണ്ട് മനോഹര ഹർമ്മ്യങ്ങൾ തീർത്തു കൊള്ളട്ടെ എന്നാണ് സുദർശനൻ പറയുന്നത്. അതു തന്നെയാണ് മക്കൾക്കും ഇഷ്ടം.

പത്രവും പാലും അടുക്കളയിൽ എത്തിച്ചു വയ്ക്കുമ്പോൾ അവൾ ആയാൾക്കൊപ്പം വന്നു.

''സാറെ പതിവ് തെറ്റിക്കണ്ട. ബ്ലാക്ക് ടീയിട്ടാൽ ഞാനും കുടിക്കാം. സാറിൻറെ ദിവസം തുടങ്ങുന്നത് മധുരം കുറച്ചുള്ള കട്ടൻ ചായയിൽ നിന്നാണെന്ന് എനിക്കറിയാം.''

അവൾ അടുക്കളയിൽ അയാൾക്കരുകിലേക്ക് നീങ്ങി നിന്നു കൊണ്ട്, അവളുടെ ദേഹം അയാളുടെ മേനിയോട് തൊടുവിച്ചു കൊണ്ട് പറഞ്ഞു.

''അല്ലെങ്കിൽ ഞാനിടാം.''

''വേണ്ട. നിങ്ങൾ അവിടെ പോയിരിക്കണം''

''ഓക്കെ....അതു തന്നെയാണ് ശരി.''

പക്ഷെ, അയാൾ പറഞ്ഞതനുസരിച്ച്, അവൾ സിറ്റിംഗ് റൂമിൽ പോയി ഇരിക്കാൻ കൂട്ടാക്കിയില്ല. കട്ടിളപ്പടിയിൽ ചാരി അയാൾ ചെയ്യുന്നത് നോക്കി നിന്നു. അവളിൽ ഒരു കാമുകിയുടെ ഭാവമുണ്ടായി. മനസ്സിലും അങ്ങിനെയൊരു വികാരം ഉണ്ടായില്ലായെന്ന് പറയാൻ കഴിയില്ല. രണ്ടു പേർക്കും അതിനുള്ള യൗവനമൊക്കെ നിലനിൽക്കുന്നുണ്ട്.

അവളുടെ ചിരി മനോഹരമാണ്, കണ്ണുകൾ വികാര തീവ്രമാണ്, ചുണ്ടുകൾ പവിഴവും ഈർപ്പമാർന്നതുമാണ്. തലയിൽ, മീശയിൽ, താടിയിൽ നര കയറി വെളുത്തിട്ടുണ്ടെങ്കിലും ആരോഗ്യക്കുറവില്ല, അയാൾക്കും.

ജോലി ചെയ്യുന്നതിനിടയിൽ അയാൾ അവളെ അടിമുടി ഒന്നു നോക്കി. അളന്നു. എന്തിനായിരിക്കാം അവളുടെ പുറപ്പാടെന്ന് മനസ്സിൽ ചോദിച്ചു. പക്ഷെ, ഉത്തരം കൊടുക്കാതെ മനസ്സ് അകന്ന് നിൽക്കുകയാണ്.

''സാർ, ശരിയ്ക്കും നല്ല ശുചിത്വം വേണ്ടത് അടുക്കളയിലാണ്. ഞാൻ പറയുന്നത് അടുക്കള തീരെ മോശമെന്നല്ല. കിടപ്പുമുറി, സ്വീകരണമുറി, ഡൈനിംഗ് ഹാൾ ബാത്ത് റൂം, ഇവയെക്കാളൊക്കെ മോശമാണെന്നാണ്.''

അയാളുടെ കണ്ണുകളിൽ ദേഷ്യക്കറുപ്പ് കയറി. അത് അവൾക്ക് മനസ്സിലായി.

**സുദർശനൻ തളരുന്നു. സുരേഖ അത് തിരിച്ചറിയുന്നുമുണ്ട്. "അത് തെറ്റാണെന്നൊന്ന് ഞാൻ പറയില്ല. പച്ചയ്ക്ക് പറഞ്ഞാൽ അസ്ഥിക്കു പിടിച്ച പ്രണയം. രണ്ട് മുതിർന്ന മക്കളുള്ള, ഭാര്യ മരിച്ച സാറ്, കൗമാരക്കാരായ രണ്ട് പെൺമക്കളുള്ള ശാലിനി, അവരുടെ മാന്യമായ ജോലി, അവരുടെ ഭർത്താവിൻറെ റെപ്യൂട്ടഡ് ഇമേജ്. സാറിന് സമൂഹത്തിലുള്ള പേര്, ബന്ധങ്ങൾ. ഒന്നും തകരാതെ നിങ്ങൾ സൂക്ഷിക്കുന്ന പ്രണയം. ഞാനതിനെ സന്തോഷത്തോടുകൂടിയാണ് കാണുന്നത്. ബഹുമാനിക്കുകയും ചെയ്യുന്നു."**

''ക്ഷമിക്കണം. ഞാൻ ആവശ്യമില്ലാതെ ഓരോന്ന് പറഞ്ഞു കൊണ്ടിരിക്കുന്നു. വെറുതെയാണ് കേട്ടോ... മിണ്ടാതിരിക്കാൻ എനിക്കറിയില്ല. കൂടെ ഇഷ്ടപ്പെടുന്ന ആളാണെങ്കിൽ പറയുകയും വേണ്ട.''

രാവിലെ പെയ്ത ഇളം മഞ്ഞ് ഇപ്പോഴും ഈർപ്പമായി വീടിന് പുറത്ത് നിൽക്കുന്നു. അടുക്കളയിൽ സീലിംഗ് ഇല്ലാത്തതു കൊണ്ട് ഓടിൻറെ വിടവുകളിലൂടെ, മറ്റ് അകന്നിരിക്കുന്ന ഇടങ്ങളിലൂടെ, വാതായനങ്ങൾ വഴിയും കയറിവന്ന് അവരുടെ ദേഹങ്ങളെ പൊതിയുന്നുണ്ട്.

അതുകൊണ്ട് ഉഷ്ണം ഇല്ലാതായിരിക്കുന്നു. സുഖമുള്ളൊരു ദിവസമാണെന്ന് സുദർശനൻ ചിന്തിച്ചു. പനി പൂർണ്ണമായും അകന്നിരിക്കുന്നുവെന്നും.

ചായക്കുള്ള വെള്ളം ചൂടായി തുടങ്ങി, കിരുകിരു എന്ന് ശബ്ദം കേട്ടു തുടങ്ങി. വെള്ളത്തോടൊപ്പം ചേർത്ത പഞ്ചസാര അലുത്തു തുടങ്ങിയിരിക്കുന്നു.

സുദർശനൻ തനിച്ചുള്ള ദിവസ്സങ്ങളിൽ പ്രഭാത ഭക്ഷണം ദോശയും ചട്ടിണിയും, പ്രാതൽ കഞ്ഞിയും എന്തെങ്കിലും തോരൻ അല്ലെങ്കിൽ മെഴുക്കുപുരട്ടിയും ആയിരിക്കും. അത്താഴം മൂന്ന് ചപ്പാത്തിയും. ചപ്പാത്തിക്ക് പ്രത്യേക കറികളൊന്നുമുണ്ടാക്കില്ല. പ്രാതലിൻറെ ശേഷിപ്പുകൾ കൂട്ടും. മക്കൾ വരുമ്പോൾ അവരോടുകൂടി വിഭവസമൃദ്ധമാക്കും ഭക്ഷണം. ഇറച്ചിയും മീനും മറ്റ് അനുസാരികളും ആയിട്ട്.

''സാറെ ഈ വീട് ഒട്ടും സേഫല്ല. ഓടിളക്കി ഇറങ്ങുന്ന കള്ളന് നിഷ്പ്രയാസം വീടിനുള്ളിൽ കയറാം, മച്ചിൽ നിന്നിറങ്ങാനുള്ള ഗോവിണി വഴി. അല്ലെങ്കിൽ തുറന്നിക്കുന്ന ഈ വഴിയെ അടുക്കളയിലേക്ക് ഇറങ്ങാം. കണ്ടോ, അടുക്കള വാതിലിൻറെ പലക അകന്നിരിക്കുന്നത്, പുറത്ത് നിന്ന് നിഷ്പ്രയാസം തുറക്കാം. അല്പം ശ്രമിച്ചാൽ പുറത്ത് നിന്ന് അടയ്ക്കാനും കഴിയും''

അവൾ പറഞ്ഞിടത്തു കൂടി സുദർശനൻ ഒന്നു കണ്ണോടിച്ചു. അവൾ പറഞ്ഞത് ശരിയാണെന്നറിഞ്ഞു. പക്ഷെ, അവൾ എന്തിനാണിതൊക്കെ ശ്രദ്ധിക്കുന്നതെന്ന് ചിന്തിച്ചു. അവൾ വന്നിരിക്കുന്നത് വിവരങ്ങൾ ശേഖരിച്ചിട്ട് അടുത്തൊരു നാളിൽ കള്ളനെ പറഞ്ഞ് വിടുന്നതിനായിരിക്കുമോ.... ആകാം.

അയാൾ ചുണ്ടിൽ ഒരു ചിരി വരുത്തി, ചിരിയിൽ ഇത്തിരി ഹാസ്യവും കലർത്തി.

''ഒരു കള്ളൻ പണിപ്പെട്ടിവിടെ കയറിയിട്ട് ഒന്നും കൊണ്ടു പോകാനില്ല. കുറെ പുസ്തകങ്ങളും കരി പിടിച്ച പാത്രങ്ങളുമല്ലാതെ ഇവിടൊന്നുമില്ല.''

അയാൾ പറഞ്ഞു.

വെള്ളം തിളച്ചു തുടങ്ങി. അതി

ലേക്ക് രണ്ട് ഗ്ലാസ് ചായക്കു വേണ്ട പൊടിയിട്ടപ്പോൾ തിള അടങ്ങി. വീണ്ടും തിളച്ചു തുടങ്ങിയപ്പോൾ ആ പാത്രത്തിൽ നിന്നു തന്നെ രണ്ട് ഗ്ലാസ്സുകളിലേക്ക് പകർന്ന് ഒന്നവൾക്ക് കൊടുത്ത് തനിക്കുള്ളതുമെടുത്ത് അടുക്കളയിൽ നിന്ന് ഇരിപ്പുമുറിയിലേക്ക് വന്നു. അവളും.

''ശരി, പറയ്, എന്തിനാണ് നിങ്ങൾ വന്നത് ?''

അവൾ മറുപടി കൊടുക്കാതെ ചായ മൊത്തിക്കുടിച്ചു.

''സാർ, നന്നായിട്ടുണ്ട്.''

''ഓ...സമ്മതിച്ചു. നിങ്ങൾ വന്നതെന്തിനെന്ന് പറയ്'' ''ഞാനൊരു ബ്രോക്കറാണ്... ഈ സ്ഥലം വിൽപനയാക്കാമെന്ന് കരുതി വന്നതാണ്''

''കൊള്ളാമല്ലോ... സുരേഖയെന്നല്ലെ പേരു പറഞ്ഞത്. ഒരു ബ്രോക്കർക്ക് ആ പേര് ചേരുന്നില്ലല്ലോ.''

''ഓ.... സമ്മതിച്ചു. പക്ഷെ, ബ്രോക്കർക്ക് ഇന്ന പേരേ ഇടാവൂ എന്നുണ്ടോ....എനിക്കറിയില്ലായിരുന്നു. എൻറെ കാർന്നോന്മാര് പേരിടുമ്പോൾ ഞാൻ ബ്രോക്കറാകുമെന്ന് അറിയില്ലായിരുന്നു.''

''സുരേഖ നല്ല പേരാണ്. അതേപോലെ സുന്ദരിയുമാണ്. പക്ഷെ, സുരേഖെ ഞാനീ സ്ഥലം വിൽക്കുന്നില്ല.''

''സാർ, അങ്ങിനെ പറയരുത്. എന്നെ അയച്ചവർ എങ്ങിനെയെങ്കിലും ഇത് വാങ്ങിക്കൊടുക്കണമെന്നാണ് പറയുന്നത്. എന്തു വിലയും തരാൻ അവർ തയ്യാറാണ്. സാറ് സമ്മതിച്ചില്ലെങ്കിൽ എന്തു സാഹസവും കാണിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്.''

''ങേ... വിലകൊടുത്ത് വാങ്ങണമെന്ന് പറയുന്നത് ന്യായം. ബ്രോക്കർ ജീവിക്കുന്നത് അതിൽ നിന്ന് കിട്ടുന്ന കാശു കൊണ്ടാണല്ലോ. നിർബ്ബന്ധിക്കുകയും ചെയ്യാം, തന്ത്രങ്ങളും കാണിക്കാം. പക്ഷെ. എന്താണീ സാഹസം ?''

''ഞാനൊരു താളത്തിനൊപ്പിച്ച് അങ്ങിനെ പറഞ്ഞെന്ന് മാത്രം. എങ്ങിനെയെങ്കിലും കാര്യം നേടണമെന്നേ അർത്ഥമാക്കിയിട്ടുള്ളൂ.''



''എങ്ങിനെയാണ് അർത്ഥമാക്കുന്നത് ? സ്ത്രീ സൗന്ദര്യം കാണിച്ച് വശീകരിച്ചിട്ടാണോ ?''

''അതെ, അങ്ങിനെയും അവർ ഉദ്ദേശിക്കുന്നുണ്ട്.''

സുദർശനന് ചിരി വന്നു. അയാൾ ചായ കുടിച്ചു കൊണ്ട് അവളെ നോക്കിയിരുന്നു നിമിഷങ്ങളോളം.

''ഞാനെന്താ സ്ത്രീയെക്കാണുമ്പോഴേക്കും മയങ്ങി അവരുമായിട്ട് ബന്ധപ്പെടാൻ തയ്യാറായി നിൽക്കുന്ന ആളാണെന്നാണോ കരുതിയിരിക്കുന്നത്. സ്ത്രീ......'' ''സ്ത്രീലമ്പടൻ.''

''അതെ, അങ്ങിനെയാണ് പറയാൻ വന്നത്. പക്ഷെ, വാക്കുകൾ കിട്ടിയില്ല.''

''ആ വാക്ക് ഞാൻ പറയില്ല. പക്ഷെ, സാറിന് വിവാഹശേഷം മറ്റ് സ്ത്രീ ബന്ധം ഉണ്ടായിട്ടില്ലെന്ന് പറയാൻ കഴിയുമോ ?''

''ഉവ്വ്.''

''തെറ്റ്.''

''വാട്ട് യൂ മീൻ.....?''

വികാരം അധികമായപ്പോൾ അയാൾ ഇംഗ്ലീഷ് ഉപയോഗിക്കുന്നത് സുരേഖ ശ്രദ്ധിച്ചു.

''സാറ് രഹസ്യമായി സൂക്ഷിക്കുന്ന ഒരു ബന്ധം എനിക്കറിയാം.''

''സ്ത്രീ ബന്ധമോ.....?''

''അതെ, ശാലിനിയുമായിട്ടുള്ളത്.''

''വാട്ട്.....ശാലിനിയുമായിട്ടോ.... ഏത് ശാലിനി....?''

''സാറേ, ഞാൻ സാറിനെ പഠിച്ചു തുടങ്ങിയിട്ട് കുറച്ചു നാളുകളായി.''

''എന്തിന്?''

''ഈ സ്ഥലം വാങ്ങി സാറിനെ ഈ നാട്ടിൽ നിന്ന് പറഞ്ഞു വിടാൻ തന്നെ. പക്ഷെ, സാറിന് ശാലിനിയുമായി സൂക്ഷിക്കുന്ന ബന്ധം വെറുമൊരു സ്ത്രീപുരുഷ ബന്ധമല്ലെന്ന് എനിക്കറിയാം. അതൊന്നും പുറത്ത് വിളമ്പി, സാറിനെയോ, ആ സ്ത്രീയേയോ ഞാനായിട്ട് ബുദ്ധിമുട്ടിക്കില്ല, എന്നെ കൊന്നാലും. ഞാൻ സ്നേഹത്തിൻറെ വില ശരിയ്ക്കും അറിയിന്നവളു തന്നെയാ.''

സുദർശനൻ തളരുന്നു. സുരേഖ അത് തിരിച്ചറിയുന്നുമുണ്ട്.

''അത് തെറ്റാണെന്നൊന്ന് ഞാൻ പറയില്ല. പച്ചയ്ക്ക് പറഞ്ഞാൽ അസ്ഥിക്കു പിടിച്ച പ്രണയം. രണ്ട് മുതിർന്ന മക്കളുള്ള, ഭാര്യ മരിച്ച സാറ്, കൗമാരക്കാരായ രണ്ട് പെൺമക്കളുള്ള ശാലിനി, അവരുടെ മാന്യമായ ജോലി, അവരുടെ ഭർത്താവിൻറെ റെപ്യൂട്ടഡ് ഇമേജ്. സാറിന് സമൂഹത്തിലുള്ള പേര്, ബന്ധങ്ങൾ. ഒന്നും തകരാതെ നിങ്ങൾ സൂക്ഷിക്കുന്ന പ്രണയം. ഞാനതിനെ സന്തോഷത്തോടുകൂടിയാണ് കാണുന്നത്. ബഹുമാനിക്കുകയും ചെയ്യുന്നു.''

സുദർശനനെ അവൾ തീർത്തും നിശ്ശബ്ദനാക്കി കളഞ്ഞു. ഒരു വിറയൽ അയാളിൽ പടരുന്നത് മുഖത്ത് നോക്കിയാൽ അറിയാം. ഉദ്ദേശിച്ചു വന്ന കാര്യം നടക്കാൻ അത് ഉപകരിച്ചേക്കാമെന്ന് അവൾ കരുതുന്നു. പക്ഷെ, വിഷയത്തെ വിട്ടു പോകുന്നതും അയാൾ ഉൾവലിയുന്നതും സുരേഖ അറിയുന്നു.

''സാർ ഞാൻ പെട്ടന്ന് പറഞ്ഞാതാണ്, ക്ഷമിക്കണം. നമുക്ക് വിഷയത്തിലേക്കു തന്നെ മടങ്ങി വരാം. ഈ സ്ഥലം കൊടുത്താൽ നല്ല വില കിട്ടും. ഇതിനേക്കാൾ സൗകര്യങ്ങളുള്ള സ്ഥലം സാറിനു കിട്ടും. ഞാൻ തന്നെ വാങ്ങിത്തരും. എല്ലാ അർത്ഥത്തിലും സാറിൻറെ കൂടെ നില്ക്കാം.''

നിസ്സഹായനായി അവളുടെ മുഖത്ത് നോക്കി സുദർശനൻ ഇരുന്നു.

''വേണ്ട, എല്ലാ അർത്ഥത്തിലുമെന്ന് പറഞ്ഞത് ഒഴിവാക്കാം. സാറിൻറെ മക്കൾക്ക് രണ്ടു വീടുകൾ തന്നെ ഞാൻ കണ്ടെത്തിത്തരാം. ഉറപ്പാണ്.''

''ഈ സ്ഥലം കൊടുക്കില്ലെന്ന് ഞാൻ പല പ്രാവശ്യം ആവശ്യപ്പെട്ടവരോട് പറഞ്ഞിട്ടുള്ളതാണ്.''

''ഇപ്പോൾ ചോദിക്കുന്നത് ഈ വില്ലകൾ പണിതവരല്ല.''

''പിന്നെ.....?''

''ഈ കോളനിയിൽ താമസ്സിക്കുന്ന നാല്പത് വില്ലക്കാരാണ്. അവർക്കവിടെ ഒരു റിക്കറിയേഷൻ ക്ലബ് ഉണ്ടാക്കണമെന്നാണ് പറയുന്നത്. ഈ സ്ഥലം അവരുടെ മുഖമാണത്രെ. കാടുപിടച്ച് വികൃതമായി കിടക്കുന്നതു കാണുമ്പോൾ പലരുടെയും നെഞ്ച് പൊട്ടുന്നെന്നാണ് പറയുന്നത്.''

ചത്തു മലച്ച ചായ കുടിച്ച് സുദർശനൻ ഗ്ലാസ്സ് ടീപ്പോയിൽ വച്ചു. അവളും.

''ഇനിയും പ്രധാനപ്പെട്ട ഒരു കാര്യം കൂടി പറയാനുണ്ട്. സാറിൻറെ ആശയങ്ങളോട് അവർക്ക് യോജിക്കാൻ കഴിയുന്നില്ല. അവരെല്ലാം ദൈവവിശ്വാസികളാണ്, പല മതങ്ങളിലും ജാതിയിലുമുള്ളവരെങ്കിലും. പല പല ആചാരങ്ങളും അനുഷ്ഠാനങ്ങളുമുള്ളവരാണ് എന്നാലും എന്തിനും യോജിച്ചു നിൽക്കുന്നവരാണ്. പരസ്പരം സഹായിക്കുന്നവരാണ്. സാറാണെങ്കിൽ ജാതിയും മതവും വേണ്ടെന്ന് കരുതുന്ന ആളും. ആചാരങ്ങളും ഇഷ്ടമല്ല.''

''ഞാനൊരു യുക്തിബോധിയാണ്. മതേതര രാജ്യമായ ഇവിടെ ജീവിക്കാനുള്ള അവകാശം എനിക്കുമുണ്ട്.''

''ഉണ്ടായിരിക്കാം. അതിവിടെ വേണ്ടെന്നാണ് അവർ പറയുന്നത്.''

''അതെങ്ങിനെ ശരിയാകും, ഇവിടല്ലെ എൻറെ വീട്?''

''അതുകൊണ്ടാണ് വീട് മാറണമെന്ന് പറയുന്നത്. ഈ വീടും സ്ഥലവും വിൽക്ക്. നല്ല വില തരാമെന്ന് പറയുന്നില്ലേ. മറ്റെവിടെയെങ്കിലും പോയി നല്ല വീട് പണിത് ജീവിക്കാൻ പാടില്ലേ... അതിനുള്ള സ്ഥലം, അല്ലെങ്കിൽ വീടുതന്നെ ഞാൻ വാങ്ങിത്തരും.''

''ഈ ഭൂമിയിൽ എവിടെത്താമസിക്കാനും എനിക്ക് അവകാശമുണ്ട്.''

''മറ്റുള്ളവർക്ക് ഇഷ്ടമില്ലെങ്കിൽ സാറിനെവിടെയും നിൽക്കാനാവില്ല.''

''അതിനൊരു ഭീഷണിയുടെ സ്വരമുണ്ടല്ലോ?''

''ഉണ്ട്. അതെൻറെ വകയല്ല. എന്നെ അയച്ചവരുടേതാണ്. ഞാനല്ലെങ്കിൽ മറ്റൊരാൾ വരും. എൻറേതു പോലത്തെ സമീപനമായിരിക്കില്ല അവർക്ക്.''

''കൊന്നു കളയുമെന്നാണോ?''

''അതെ. അതിനും മടിക്കില്ലെന്നാണ് എൻറെ അറിവ്.''

''എനിക്കും ചോദിക്കാനും പറയാനും ആളുകളുണ്ട്.''

''മക്കളെയാണോ ഉദ്ദേശിക്കുന്നത്?''

''മക്കളും എന്നെ അറിയുന്നവരും.''

''അവർക്കൊന്നും ശത്രുക്കളെ തടയാനുള്ള ശക്തിയില്ല. ആദ്യമൊരെതിർപ്പ് കാണിച്ചിട്ട് സ്വന്തം രക്ഷ നോക്കി പിൻവലിയുന്നതാണ് മലയാളിയുടെ സ്വഭാവം. അല്ലെങ്കിൽ പ്രതിഫലം വാങ്ങി ഒതുങ്ങും. ഈ നാല്പത് വില്ലകളിൽ താമസ്സിക്കുന്നവരെ കുറിച്ച് സാറിന് നന്നായിട്ടറിയില്ലെന്ന് തോന്നുന്നു. ഉന്നത ഉദ്യോഗസ്ഥർ, രാഷ്ട്രീയ നേതാക്കൾ, സമ്പന്നരായ വ്യാപാരികൾ, സെലിബ്രിറ്റികൾ....''

''പക്ഷെ, അവിടെ നടക്കുന്ന കാര്യങ്ങൾ അത്ര നല്ലതല്ല.''

''എന്താണ് സാറേ നല്ലതും ചീത്തയും? അവർക്ക് നല്ലതെന്ന് തോന്നുന്ന കാര്യങ്ങളാണ് അവിടെ നടക്കുന്നത്. അതൊക്കെ ചീത്തയാണെന്ന് സാറിന് തോന്നുന്നതാണ്.''

''അവിടെ ഡ്രഗ്സ് കച്ചവടങ്ങളും,

ബ്ലാക്ക് മാജിക്കും, ലൈംഗികവ്യാപാരവും നടക്കുന്നുണ്ട്. അന്ധാചാരങ്ങളും അനുഷ്ഠാനങ്ങളും അന്ധവിശ്വാസ പ്രചരണങ്ങളുമുണ്ട്. ഞാൻ പലപ്പോഴും അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ടിട്ടുണ്ട്.''

''അതൊക്കെ അവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ്. എല്ലാ സംസ്കൃത സമൂഹത്തിലും രഹസ്യമായിട്ട് ഇതൊക്കെ നടക്കുന്നുണ്ട്.''

''അത് സമൂഹ നന്മയല്ല, ബ്ലൂവെയിൽ കൊലപാതങ്ങൾ ഇവിടയും ഉണ്ടാകാം. അതിൻറെ ലക്ഷണങ്ങൾ കണ്ടതു കൊണ്ടാണ് ഞാനെതിർത്തത്.''

''സമൂഹത്ത് നടക്കുന്നത് നല്ലതോ ചീത്തയോ എന്ന് തീരുമാനിക്കാൻ സർക്കാരിന് സംവിധാനങ്ങളുണ്ട്. അത് അവർ നോക്കിക്കൊള്ളും. അല്ലെങ്കിൽ അതൊക്കെ നോക്കേണ്ട സർക്കാർ സംവിധാനങ്ങൾ അവരോടൊപ്പാണ്. സാറ് സാറിൻറെ കാര്യം മാത്രം നോക്കിയാൽ മതിയെന്നാണ് അവർ പറയുന്നത്. പക്ഷെ, സാറ് ആവശ്യമില്ലാതെ അവരുടെ കാര്യങ്ങളിൽ ഇടപെടുന്നു. അതുകൊണ്ടാണ് സാറിനെ ഇവിടെ നിന്നും മാറ്റണമെന്ന് അവർ ആഗ്രഹിക്കുന്നത്.''

''സർക്കാർ കാണാത്തപ്പോൾ, കണ്ടില്ലെന്ന് നടിക്കുമ്പോഴാണ് എന്നെപ്പോലെയുള്ളവർ ഉണരുന്നത്. അതുകൊണ്ട് മാത്രമാണ് ഇവിടെ സാംസ്ക്കാരിക സന്തുലിതാവസ്ഥ നിലനിൽക്കുന്നത്.''

''പക്ഷെ, സാറിന് അവരുടെ മുന്നിൽ പിടിച്ചു നിൽക്കാൻ കഴിയില്ല. അതു കൊണ്ടാണ് ഇവിടം വിട്ടു പോകാൻ പറയുന്നത്.''

''പിടിച്ചു നിൽക്കാൻ കഴിയാത്തത് മരണം വരെയല്ലെ?''

''അതെ, അത് എത്രയും വേഗത്തിലാക്കാനാണ് എന്നെ അയച്ചത്.''

''എന്നു പറഞ്ഞാൽ?''

''സാറിനു മനസ്സിലായതു തന്നെ.''

''എന്നെയില്ലാതാക്കിയിട്ട് നിയമത്തിന് മുന്നിൽ നിന്ന് അവർക്ക് രക്ഷപെടാൻ കഴിയുമോ?''

''ഉവ്വ്... അവർ അത്രയ്ക്ക് ശക്തരാണ്, ഞാൻ നേരത്തെ തന്നെ പറഞ്ഞു.''

''അവർക്കെതിരെ നിൽക്കാൻ എനിക്ക് രണ്ട് മക്കളുണ്ട്. അവർ നിയമത്തെ മുന്നിൽ നിർത്തി പൊരുതും.''

''സാറിൻറെ ഒരു തെറ്റായ ധാരണയാണത്. അവർ പുതു തലമുറ കുട്ടികളാണ്. അവർ ഭാവിയെക്കുറിച്ച് മാത്രമേ ചിന്തിക്കുകയുള്ളൂ. കഴിഞ്ഞു പോയതിനായിട്ട് മിനക്കെടില്ല. അച്ഛൻ മരിച്ചാൽ അക്കഥ അവിടെ കഴിയും. അവർ ഈ സ്ഥലം കൊടുത്തിട്ട് രക്ഷപെടും.''

**"സർക്കാർ കാണാത്തപ്പോൾ, കണ്ടില്ലെന്ന് നടിക്കുമ്പോഴാണ് എന്നെപ്പോലെയുള്ളവർ ഉണരുന്നത്. അതുകൊണ്ട് മാത്രമാണ് ഇവിടെ സാംസ്ക്കാരിക സന്തുലിതാവസ്ഥ നിലനിൽക്കുന്നത്." "പക്ഷെ, സാറിന് അവരുടെ മുന്നിൽ പിടിച്ചു നിൽക്കാൻ കഴിയില്ല. അതു കൊണ്ടാണ് ഇവിടം വിട്ടു പോകാൻ പറയുന്നത്." "പിടിച്ചു നിൽക്കാൻ കഴിയാത്തത് മരണം വരെയല്ലെ?" "അതെ, അത് എത്രയും വേഗത്തിലാക്കാനാണ് എന്നെ അയച്ചത്."**

''അവർക്കിവിടെ രണ്ട് വീടുകൾ വച്ച് താമസ്സിക്കണമെന്നാണ് ആഗ്രഹം.''

''പ്രലോഭനങ്ങളും ഭീഷണികളും അവർ അതിജീവിക്കില്ല. സ്വീകരിക്കുകയേയുള്ളൂ.''

''പക്ഷെ, എങ്കിലും...''

''പക്ഷെ, എങ്കിലും സാർ പിന്നോട്ടില്ല എന്നാണ് പറയുന്നതല്ലെ?''

''അതെ.''

''എങ്കിൽ നമുക്ക് പിരിയാം. സാറിൻറെ കട്ടൻ ചായ കുടിയും ശരിയായിട്ടില്ല. പാല് വാങ്ങി വച്ചിരിക്കുകയല്ലെ. ഒരു ചായകൂടി നമുക്ക് കുടിച്ചിട്ട് പിരിയാം അല്ലെ?''

''അങ്ങിനെയാകാം... നിങ്ങളിരിക്ക്.''

സുദർശനൻ എഴുന്നേറ്റ് ബഡ്റൂമിലെ ബാത്ത് റൂമിലേക്ക് വീണ്ടും പോയി. മടങ്ങിയെത്തി അടുക്കളയിൽ ചെന്ന് ചായ ഉണ്ടാക്കി.

സുരേഖ നിസംഗയായി സെറ്റിയിൽ ഇരുന്നു. അവൾക്കെതിരെ സെറ്റിയിൽ തന്നെയിരുന്ന് സുദർശനൻ ജെഗ്ഗിൽ നിന്ന രണ്ട് കപ്പുകളിൽ ചായ പകർന്നു. ഒരു കപ്പ് അവൾക്ക് നൽകിയിട്ട് തൻറെ ചായ കുടിക്കാൻ തുടങ്ങി.

ആദ്യ കവിൾ അകത്ത് എത്തിക്കഴിഞ്ഞപ്പോഴേക്കും സുദർശനൻ ഭീതിയിലാണ്ടു.

കണ്ണുകൾ, മിഴികൾ കൂട്ടാതെ തുറന്നിരിന്നു. കടവായിൽ ഒരു ചുവന്ന പൊട്ട് വീണു. മലർന്ന് സെറ്റിയിൽ ചാരി നിശ്ചലനായി.


സുരേഖ ചായ കുടിക്കാതെ കപ്പ് ടീപ്പോയിൽ വച്ചു.

''സാർ, അങ്ങേയ്ക്ക് പിഴച്ചു. ചായ ഉണ്ടാക്കാൻ പോകുമ്പോൾ ബാത്ത് റൂമിൽ കയറിയത് പിഴവായിരുന്നു. എനിക്ക് പഴുതും. പഞ്ചസാരക്ക് സമാനമായ വിഷം അങ്ങേയ്ക്ക് സമ്മാനിച്ചത് അപ്പോഴാണ്.''

സുരേഖ അവളുടെ ചായക്കപ്പ്, ചായയോടുകൂടി അടുക്കളയിൽ കൊണ്ടു പോയി കഴുകി യഥാസ്ഥാനത്ത് വച്ചു. പഞ്ചസാര പാത്രത്തിനടുത്ത്, കാഴ്ചക്ക് പഞ്ചസാരക്ക് സമാനമായ വിഷത്തിൻറെ ഡെപ്പി വച്ചു.

തിരികെ വന്ന് സുദർശനന് മുന്നിൽ നിന്ന് അന്തിമോപചാരം അർപ്പിച്ചു. ഒരു നിമിഷം കണ്ണുകൾ അടച്ച് നിന്നു. ഡൈനിംഗ് ഹാളിൽ നിന്ന് അടുക്കളയിലേക്കുള്ള വാതിൽ അടച്ച് കുറ്റിയിട്ടു. ഗോവണി കയറി മച്ചിന് മുകളിലെത്തി അടുക്കളയിലേക്കിറങ്ങി.

അടുക്കള വാതിൽ കറിക്കത്തിയുടെ ചുണ്ട് കൊണ്ട് പുറത്തുനിന്നും അടച്ചു. മുറ്റത്തെ മഞ്ഞവെയിലിൽ ഇറങ്ങി നിന്ന് കൈയ്യിലെ സുതാര്യമായ, ത്വക്ക് നിറമുള്ള കൈയ്യുറയെ ചുംബിച്ചു.


FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14
YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555



● പ്രത്യേക അഭിമുഖം
മീരാബെൻ /പ്രദീപ് പനങ്ങാട്

# ഈ കവിതയിലേക്ക് നോക്കു
# പെൺ മനസ്സുപൂക്കുന്നത് കാണാം

**? പ്രദീപ് പനങ്ങാട് :കവിത എന്ന മാധ്യമത്തിലൂടെ അനുഭവത്തിന്റെ ആഴങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നു എന്ന് സ്വയം തിരിച്ചറിഞ്ഞിട്ടുണ്ടോ ?**

**മീരാബെൻ :** സ്ത്രീ എന്ന നിലയിൽ ജൈവിക സാമൂഹിക സാഹചര്യങ്ങളോട് കൂടുതൽ പൊരുത്തപ്പെടേണ്ടി വരുന്നതിനാൽ പലപ്പോഴും അനുഭവത്തിന്റെ ആഴങ്ങൾ തീവ്രമായി അവതരിപ്പിക്കാൻ കഴിയാതെ വന്നിട്ടുണ്ടെങ്കിലും എന്നെ സംബന്ധിച്ച് എന്റെ സ്വത്വപ്രകാശനത്തിനുള്ള ഏക ഉപാധി കവിത മാത്രമാണെന്ന് ഞാൻ തിരിച്ചറിയുന്നു.

**? ഭാഷയുടെ കല കൂടിയാണ് കവിത. ഭാഷയുടെ രൂപാന്തരങ്ങൾ കവിതകളിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോ ?**




**ഉത്തരം:** സാമൂഹിക പശ്ചാത്തലം, കാലഘട്ടം, ഭൂപ്രകൃതി എന്നതിനനുസരിച്ച് ഭാഷയിൽ ഉണ്ടാകുന്ന രൂപാന്തരങ്ങളെ പ്രകടിപ്പിക്കാൻ മറ്റു സാഹിത്യ വിഭാഗങ്ങളെ അപേക്ഷിച്ച് കവിതയ്ക്കുള്ള സാധ്യത തുലോം കുറവാണെന്ന് തോന്നിയിട്ടുണ്ട്. ഏതു പ്രദേശത്തായാലും മനുഷ്യരുടെ വൈകാരിക അവസ്ഥകൾ ഒരുപോലെ തന്നെയാണ് എങ്കിൽപോലും കവിതയിൽ പ്രാദേശിക ഭാഷാ പ്രയോഗങ്ങൾ ഔദ്യോഗിക ഭാഷാ ശൈലി ഇവയൊക്കെ കൊണ്ടുവരാൻ വലിയ പ്രയാസമാണ്. കവിത ചുരുക്കി പറയലിന്റെ കല കൂടിയാണല്ലോ, അതുകൊണ്ടാവാം ഇങ്ങനെ സംഭവിക്കുന്നത് എന്നു ഞാൻ കരുതുന്നു.

**? കവിതകൾ പെൺജീവിത പരിസരത്തുനിന്ന് രൂപപ്പെടുത്തുമ്പോൾ സർഗാത്മക പ്രതിസന്ധികൾ നേരിടാറുണ്ടോ?**

**ഉത്തരം :** പെൺജീവിത പരിസരത്തു നിന്നാണ് കവിതയുടെ കുത്തൊഴുക്ക് കൂടുതൽ സാധ്യമാകുന്നത് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. സർഗാത്മകതയിൽ അത് ഒട്ടും പ്രതിസന്ധിയുണ്ടാക്കുന്നില്ല എന്നുമാത്രമല്ല, സ്ത്രൈണാനുഭവങ്ങളാൽ സ്വാഭാവികമായ ആവിഷ്കാരമായി മാറുന്നുമുണ്ട്. എന്നാൽ ഗാർഹിക, സാമൂഹിക ചുറ്റുപാടുകൾ ഒട്ടും അനുകൂലമല്ലാതെ വരുമ്പോൾ എഴുത്തിൽ പ്രതിസന്ധി ഉണ്ടാകുന്നു. സമരസപ്പെടലോ സമരമോ ഏതാണ് വേണ്ടത് എന്ന ചോദ്യം കഴുത്തോ എഴുത്തോ എന്ന മട്ടിൽ ഒരു ആശങ്ക ഉണ്ടാക്കുന്നു. രണ്ടായാലും എഴുത്തിന് തടസ്സം ഉണ്ടാകുന്നു എന്നതു തന്നെയാണ് പരിണതഫലം.

**? പെൺ മോണോലോഗുകൾ സ്വന്തം ജീവിതവുമായി ത്തന്നെ എങ്ങനെയാണ് സംവദിക്കുന്നത് ?**

**ഉത്തരം:** പെൺ മോണോലോഗുകൾ അക്ഷരാർത്ഥത്തിൽ ത്തന്നെ എന്റെ ആത്മഭാഷണങ്ങളിൽ നിന്നുണ്ടായതാണ്. സ്വത്വപ്രതിസന്ധി ഉണ്ടായ ഘട്ടങ്ങളിൽ ഇവിടെ ഞാനുണ്ട് എന്നറിയിക്കാനുള്ള ഒരു ശ്രമം മാത്രമായിരുന്നു ആ പുസ്തകം. അതിലെ അക്ഷരങ്ങളുടെ ശക്തിയാണ് പിന്നീടുള്ള എന്റെ ജീവിതത്തെ നിർണയിച്ചത്. കവിത എനിക്ക് എന്തു തന്നു എന്നല്ല ; എനിക്ക് എന്തു തന്നില്ല എന്നാണ് ചോദിക്കേണ്ടത്. അന്തസ്സോടെ ജീവിക്കാനുള്ള മനുഷ്യന്റെ പരമമായ ആഗ്രഹത്തിന്റെ സാക്ഷാൽക്കാരമാണ് എനിക്ക് കവിത. അതേ, എന്റെ കവിതതന്നെയാണ് ഇന്നത്തെ ഈ ഞാനും.

> **പെൺ മോണോലോഗുകളിലെ അക്ഷരങ്ങളുടെ ശക്തിയാണ് പിന്നീടുള്ള എന്റെ ജീവിതത്തെ നിർണയിച്ചത്. കവിത എനിക്ക് എന്തു തന്നു എന്നല്ല ;എനിക്ക് എന്തു തന്നില്ല എന്നാണ് ചോദിക്കേണ്ടത്. അന്തസ്സോടെ ജീവിക്കാനുള്ള മനുഷ്യന്റെ പരമമായ ആഗ്രഹത്തിന്റെ സാക്ഷാൽക്കാരമാണ് എനിക്ക് കവിത. അതേ, എന്റെ കവിതതന്നെയാണ് ഇന്നത്തെ ഈ ഞാനും.**



**? കവിതകളിൽ രാഷ്ട്രീയ ബോധ്യത്തിന്റെ വെളിച്ചമുണ്ട്. ഈ രാഷ്ട്രീയ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമെന്താണ്?**

**ഉത്തരം:** ചോദ്യത്തിൽ തന്നെ ഉത്തരവും ഉണ്ട്. എന്റെ ബോധ്യമാണത്. അനുഭവങ്ങൾ തന്ന പ്രകാശമാണത്. മനുഷ്യ വിരുദ്ധമായ ഇടങ്ങളിൽനിന്ന് ജനതയെ മോചിപ്പിച്ച് മുന്നോട്ടു നയിച്ച യുക്തിഭദ്രമായ ജനാധിപത്യ ബോധത്തിൽ വിശ്വസിക്കുന്നതു കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അതല്ലാതെ മറ്റൊന്നുമല്ല.

**? സ്വന്തം കവിതയുടെ പരിണാമ സാധ്യതകൾ കണ്ടെത്താറുണ്ടോ? പെൺ മോണോലോഗിൽ നിന്നും വ്യാകുലയക്ഷിയിലേയ്ക്ക് വരുമ്പോൾ കവിതയിലെ രൂപാന്തരങ്ങളെ എങ്ങനെ കാണുന്നു?**

**ഉത്തരം:** മാറ്റങ്ങൾക്കായി ബോധപൂർവ്വം ശ്രമിച്ചിട്ടില്ല എന്നു തന്നെ പറയാം വായനയിലും അനുഭവങ്ങളിലുംകൂടി ആർജ്ജിച്ച കാര്യങ്ങൾ സ്വാഭാവികമായി എന്നിലൂണ്ടാക്കിയ മാറ്റങ്ങൾ കവിതയിലും വന്നിട്ടുണ്ടാകും എന്നേ പറയാൻ കഴിയൂ. എന്നാലും ആവർത്തനങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ബോധപൂർവ്വമായ ശ്രമമുണ്ടാകാറുണ്ട്.

**? മാതൃകകൾക്കപ്പുറത്തേയ്ക്ക് കടക്കുന്ന കവിതകളാണ് താങ്കളുടേത് ?ഈ സർഗാത്മക സമരം അനുഭവിക്കുന്നത് എങ്ങനെയാണ്?**

**ഉത്തരം:** മാതൃകകൾക്ക് യാതൊരു പഞ്ഞവുമില്ലാത്ത ഭാഷയാണ് നമ്മുടെ മലയാളം. അത്ഭുതകരമായ സർഗ്ഗസിദ്ധി കൈമുതലാക്കിയ ഒട്ടേറെ എഴുത്തുകാർക്കിടയിൽനിന്ന് വായനയ്ക്കുള്ള തിരഞ്ഞെടുപ്പുപോലും അസാധ്യമാണ് എന്നിരിക്കെ ഞാനും എഴുതുന്നുണ്ട് എന്നതുതന്നെയാണ് എന്നെ സംബന്ധിച്ച് ഏറ്റവും വലിയ അത്ഭുതം. അത് ഏതെങ്കിലും മാതൃകകളിൽ നിന്നും മുക്തമാണ് എന്നു ഞാൻ വിശ്വസിക്കുന്നില്ല. ഏത് സാഹചര്യത്തിലായാലും എന്തെങ്കിലുമൊക്കെ വായിക്കുക, കഴിയുന്നതുപോലെ എഴുതുക, വെട്ടിത്തിരുത്തി വീണ്ടും വീണ്ടും എഴുതുക എന്നതാണ് ഞാൻ ചെയ്തുകൊണ്ടിരിക്കുന്നത്. അനുകരണം ഉണ്ടാകാതിരിക്കാൻ ശ്രമിക്കാറുണ്ട് എന്നുമാത്രം.

### ചരിത്രാന്വേഷകയാണല്ലോ ? കവിതയും ചരിത്രവും തമ്മിലുള്ള സംവാദം നടക്കാറുണ്ടോ?

**ഉത്തരം:** 17-ാം നൂറ്റാണ്ടിലെ ഒരു ചരിത്രവിഷയത്തിൽ ഗവേഷണം ചെയ്യുന്നതിനാൽ ഒന്നു മനസ്സിലായി. ഭാവനയും സർഗാത്മകതയും യാഥാർത്ഥ്യബോധവുമായി ഇപ്പോൾ മൽപ്പിടുത്തത്തിലാണ് എന്ന്. സ്വാഭാവികമായും കവിതയെഴുത്തു കുറഞ്ഞു. വായിക്കുന്നതാകട്ടെ ചരിത്ര സംബന്ധിയായ കാര്യങ്ങളും. ചരിത്രവും കവിതയും തമ്മിൽ എന്റെയുള്ളിൽ സംവാദമല്ല മത്സരമാണ് നടക്കാറ് . എന്നിട്ടും ചില ചരിത്ര വസ്തുതകളെ കാവ്യവൽക്കരിക്കാനുള്ള പാഴ്ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നെങ്കിലും വിജയിക്കുമെന്ന പ്രതീക്ഷയിലാണ് ഇപ്പോഴത്തെ പോക്ക്. ഒന്നുണ്ട് , ജീവിതത്തിനോടുള്ള എന്റെ കാഴ്ചപ്പാടിനെ ചരിത്രം കൂടുതൽ പരുക്കനാക്കിയതുപോലെ തോന്നിയിട്ടുണ്ട്. മനസ്സിന്റെ ലോലഭാവം കൈമോശം വന്നതുപോലെയും തോന്നുന്നു.

**ചരിത്രവും കവിതയും തമ്മിൽ എന്റെയുള്ളിൽ സംവാദമല്ല മത്സരമാണ് നടക്കാറ് . എന്നിട്ടും ചില ചരിത്ര വസ്തുതകളെ കാവ്യവൽക്കരിക്കാനുള്ള പാഴ്ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നെങ്കിലും വിജയിക്കുമെന്ന പ്രതീക്ഷയിലാണ് ഇപ്പോഴത്തെ പോക്ക്. ഒന്നുണ്ട് , ജീവിതത്തിനോടുള്ള എന്റെ കാഴ്ചപ്പാടിനെ ചരിത്രം കൂടുതൽ പരുക്കനാക്കിയതുപോലെ തോന്നിയിട്ടുണ്ട്. മനസ്സിന്റെ ലോലഭാവം കൈമോശം വന്നതുപോലെയും തോന്നുന്നു.**

**മാതൃകകൾക്ക് യാതൊരു പഞ്ഞവുമില്ലാത്ത ഭാഷയാണ് നമ്മുടെ മലയാളം. അത്ഭുതകരമായ സർഗ്ഗസിദ്ധി കൈമുതലാക്കിയ ഒട്ടേറെ എഴുത്തുകാർക്കിടയിൽനിന്ന് വായനയ്ക്കുള്ള തിരഞ്ഞെടുപ്പുപോലും അസാധ്യമാണ് എന്നിരിക്കെ ഞാനും എഴുതുന്നുണ്ട് എന്നതുതന്നെയാണ് എന്നെ സംബന്ധിച്ച് ഏറ്റവും വലിയ അത്ഭുതം. അത് ഏതെങ്കിലും മാതൃകകളിൽ നിന്നും മുക്തമാണ് എന്നു ഞാൻ വിശ്വസിക്കുന്നില്ല.**

### ഒരു കവി എന്ന നിലയിൽ താങ്കളുടെ ആത്മസ്വത്വത്തെ നിർണയിക്കുന്നതെന്താണ്?

**ഉത്തരം:** കവി എന്ന് പറയാവുന്ന നിലയിൽ എത്തിയോ എന്നറിയില്ല. എങ്കിലും കൂടുതൽ നല്ല മനുഷ്യനായി വരുന്നതുപോലെ തോന്നിയിട്ടുണ്ട്. ആത്മബോധത്തിനുള്ളിൽതന്നെ അപരബോധവും കടന്നുവരുന്നതായി അനുഭവപ്പെടാറുണ്ട്. നീതിബോധവും ജനാധിപത്യവും ചേർന്ന് സ്വത്വബോധത്തെ ചോദ്യം ചെയ്യുന്നതായി പലപ്പോഴും തോന്നാറുണ്ട്. എങ്കിലും പ്രതീക്ഷയുടെ ഭാഷകൂടിയാണ് കവിത എന്നത് എന്നെ ആവേശഭരിതയാക്കുന്നു .ജീവിതത്തെ കൂടുതൽ സ്നേഹിക്കാൻ തുടങ്ങി ഞാൻ.




### ഒരു കവിയുടെ ജീവചരിത്രം സ്വയം ആസ്വദിക്കാറുണ്ടോ ?

**ഉത്തരം:** തീർച്ചയായും .കവിയുടെ ജീവചരിത്രം വളരെ സങ്കീർണമാണ്. എഴുതുന്നത് സ്ത്രീയാണെങ്കിൽ അതിന്റെ തീവ്രത കൂടുകയേ ഉള്ളൂ എല്ലാ വികാരങ്ങളും അതിന്റെ ഉച്ചസ്ഥായിയിൽ എത്തുന്നതും വളരെ പെട്ടെന്നു ചോർന്നുചോർന്ന് ഇല്ലാതാകുന്നതും മനോനിലയെ തന്നെ ബാധിക്കാറുണ്ട് പലപ്പോഴും. എങ്കിലും മറ്റുള്ളവർക്ക് കാണാൻ കാണാത്തതെന്തൊക്കെയോ കാണാനും അനുഭവിക്കാൻ കഴിയാത്തതെന്തൊക്കെയോ അനുഭവിക്കാനും അറിയാതെ,അവരായി മാറാനും, അങ്ങനെ പലവിധത്തിൽ പരകായപ്രവേശം നടത്താനും ഒക്കെ കഴിയുന്നത് ആസ്വാദ്യം തന്നെയാണല്ലോ! സമൂഹത്തിൽ സ്ത്രീയെന്ന നിലയിൽ കിട്ടിയിരുന്ന സ്ഥാനം രണ്ടാംതരത്തിൽ നിന്ന് എഴുത്തുകാരി എന്ന നിലയിലെത്തിയപ്പോൾ ഒന്നാംതരത്തിലേക്ക് ഉയർന്നത് ഒട്ടും ചെറിയ കാര്യമല്ലല്ലോ!

അത് ഞാൻ നന്നായി ആസ്വദിക്കുന്നുണ്ട്, ഓരോ നിമിഷവും ഓരോയിടത്തും. അധ്യാപിക എന്ന നിലയിൽ കിട്ടാത്ത ഒരു ഔന്നത്യം ആണ് കവിത എനിക്ക് സമ്മാനിച്ചത്. അത് ഞാൻ ആസ്വദിക്കുന്നു. അതിൽ അഭിമാനിക്കുന്നുമുണ്ട്.



Lakshmi classic bride's collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

ചെറുകഥ

# ദേവദാരു പൂത്തു എൻ മനസ്സിൻ താഴ്‌വരയിൽ



*വര:*
**പി ആർ രാജൻ**

ജോസഫ് എബ്രഹാം

ഗ്രാമത്തിലെ ആകാശം അവസാനിക്കുന്ന കുന്നിൻ മുകളിലേക്ക് അയാൾ വെറുതെ നോക്കിനിന്നു.

നിത്യഹരിതമായ കുന്നിനും താഴ്‌വാരത്തിനും യാതൊരു മാറ്റവും വന്നിട്ടില്ല. അയാളുടെ വരവിനായി കാത്തുനിന്നതെന്നവണ്ണം കുന്നിൻചരിവിലെ കാപ്പിത്തോട്ടങ്ങൾ മുഴുവൻ പൂത്തുനിന്നിരുന്നു. മുകളിൽനിന്നും നോക്കിയാൽ മഞ്ഞിൽമൂടിയ പാടം പോലെ വെ

ള്ളപ്പൂക്കൾ എല്ലായിടത്തും പരന്നു കിടന്നു. കാപ്പിപൂക്കളുടെ മണം നിറഞ്ഞ നടവഴിയിലൂടെ നടക്കുമ്പോൾ അയാൾക്ക് തോന്നി അപൂർണ്ണമായ രാഗമാണ് ഭാവതീവ്രതയോടെ എക്കാലവും നിലനിൽക്കുകയെന്ന്.

പാതിവഴിയിൽ നിർത്തിയിട്ടു പോയ ലോകം ഇന്നും തന്നെയും കാത്തുകൊണ്ട് അവിടെത്തന്നെ നിൽക്കുന്നത് അയാൾ കണ്ടു.

''ഒരിക്കൽ എങ്കിലും അവൾക്കും ഇങ്ങനെ തോന്നിയിട്ടുണ്ടാകുമോ?''

അയാൾ ചിന്തിച്ചു.

'ഓ.. അങ്ങിനെയൊന്നും ആവില്ല. അവൾ അതൊക്കെ എന്നേ മറന്നുപോയിരിക്കാം'

അയാൾ തന്നെ തൻറെ ചോദ്യത്തിനുള്ള മറുപടിയും കണ്ടെത്തി.

''കൊല്ലമെത്ര കഴിഞ്ഞു... പിന്നീടൊരിക്കൽ പോലും നേരിൽ കണ്ടിട്ടില്ല. ഒരു തരത്തിൽ പറഞ്ഞാൽ അതും നന്നായിരിക്കുന്നു.

'അകന്നു നിൽക്കയെ-
ന്തഴകെന്നോ നിന-
ക്കടുക്കുന്നീല ഞാൻ;
മറിച്ചായെങ്കിലോ!'

എന്ന കവി വചനം പോലെ അകന്നു നിൽക്കുന്നതുകൊണ്ടാവാം ഓർമ്മകൾ നിത്യസുന്ദരമായി നിലനിൽക്കുന്നത്.''

തിരികെയെത്തുമ്പോഴൊക്കെ കഴിഞ്ഞ കാലവും അയാൾക്കൊപ്പം നടന്നു. നാടും നഗരവും മാറിയെങ്കിലും അവർ കരുണയോടെ കാത്തുനിന്നിരുന്നു. പഴയതെല്ലാം ആവർത്തിച്ചുകൊണ്ട്, പരിഭവമൊന്നും പറയാതെ, സ്നേഹത്തോടെ അയാളെ വഴിനടത്തി.

ചുറ്റുമുള്ള ഓരോന്നിലും പുൽക്കൊടിയിലും കാലം മാറ്റമില്ലാതെ കിടക്കുന്നതും അയാളുടെ കണ്ണിൽ കണ്ടു.

മണ്ണിൻറെ പശിമ, പോയകാലത്തിൻറെ വിശേഷങ്ങൾ ഓർമിപ്പിച്ചുകൊണ്ട് കാലിൽ പറ്റിപ്പിടിച്ചു.

അയാൾ ചിന്തകളിൽ മുഴുകി വഴിയെ നടന്നു പുതിയ വഴികളിലൂടെ നടക്കുന്നവരിൽ എല്ലാവരും തന്നെ പുതിയ ആളുകളാണ്. അവരെയാരെയും അയാൾക്കറിയില്ല, അയാളെ അവിടെയാരും തിരിച്ചറിഞ്ഞുമില്ല. എല്ലാം മാറിയിരിക്കുന്നു. പഴമ തൻറെ ചിന്തകളിലും ഓർമ്മകളിലും മാത്രമാണെന്നയാൾക്കറിയാം.

**വൈകുന്നേരങ്ങളിൽ അദ്ദേഹം മുറിയുടെ ഒറ്റപ്പാളി ജനൽ തുറന്നു വച്ചു ടേപ് റെക്കോർഡറിൽ കാസറ്റിട്ട് ഉച്ചത്തിൽ പാട്ടു വെക്കുമായിരുന്നു. 'ദേവദാരുപൂത്തു എൻ മനസ്സിൻ താഴ് വരയിൽ' – എന്ന പാട്ടായിരുന്നു പതിവായി വയ്ക്കാറുള്ളത്. ആ സമയം റോഡിനക്കരെയുള്ള വീടിൻറെ ജനലരുകിൽ ത്രേസ്യാമ്മ പ്രത്യക്ഷപ്പെടും. അവർ തമ്മിലുള്ള നോട്ടങ്ങൾ അവരറിയാതെ വീക്ഷിക്കുന്നത് അയാൾക്കൊരു രസമായിരുന്നു. തമ്പിസാർ കണ്ണയക്കുമ്പോൾ ത്രേസ്യാമ്മയുടെ മുഖം ചുവന്നിരിക്കുന്നതു കാണാൻ നല്ല ഭംഗിയായിരുന്നു.**

''ദേവദാരു പൂത്തു..
എൻ മനസ്സിൻ താഴ് വരയിൽ....''

നടപ്പിനിടയിൽ കാറ്റിനൊപ്പം പഴയൊരു പാട്ടുകൂടി മൂളി വന്നു.

പാട്ടിനൊപ്പം തമ്പി സാറും ത്രേസ്യാമ്മയും കടന്നു വന്നു.

ട്യൂട്ടോറിയൽ കോളേജു നടത്തിയിരുന്ന തമ്പിസാർ, കോളേജിന്റെ ഓഫിസ് മുറിയിലായിരുന്നു താമസിച്ചിരുന്നത്.

വൈകുന്നേരങ്ങളിൽ അദ്ദേഹം മുറിയുടെ ഒറ്റപ്പാളി ജനൽ തുറന്നുവച്ചു ടേപ്പ് റെക്കോർഡറിൽ കാസറ്റിട്ട് ഉച്ചത്തിൽ പാട്ടു വെക്കുമായിരുന്നു.

'ദേവദാരുപൂത്തു എൻ മനസ്സിൻ താഴ് വരയിൽ'

-എന്ന പാട്ടായിരുന്നു പതിവായി വയ്ക്കാറുള്ളത്. ആ സമയം റോഡിനക്കരെയുള്ള വീടിൻറെ ജനലരുകിൽ ത്രേസ്യാമ്മ പ്രത്യക്ഷപ്പെടും. അവർ തമ്മിലുള്ള നോട്ടങ്ങൾ അവരറിയാതെ വീക്ഷിക്കുന്നത് അയാൾക്കൊരു രസമായിരുന്നു. തമ്പിസാർ കണ്ണയക്കുമ്പോൾ ത്രേസ്യാമ്മയുടെ മുഖം ചുവന്നിരിക്കുന്നതു കാണാൻ നല്ല ഭംഗിയായിരുന്നു.

അയാളന്നു നന്നേ ചെറുപ്പമായിരുന്നു. റോഡിനപ്പുറവും ഇപ്പുറവുമായി, ജാലകത്തിനപ്പുറമിരുന്നു എങ്ങിനെയായിരിക്കും തമ്പിസാറും ത്രേസ്യാമ്മയും തമ്മിൽ പ്രേമിച്ചിരുന്നതെന്നു അവൻ ഒരിക്കലും ആലോചിച്ചിരുന്നില്ല.

ഒരുദിവസം ട്യൂട്ടോറിയൽ പൂട്ടി തമ്പിസാർ എങ്ങോപോയി ത്രേസ്യാമ്മയും അയാളുടെ കൂടെപ്പോയി. എന്തു ചെയ്യണമെന്നറിയാതെ തമ്പിസാറിൻറെ വിദ്യർത്ഥികൾ ട്യൂട്ടോറിയലിൻറെ മുറ്റത്തു കൂട്ടംകൂടി നിൽക്കവേ കെട്ടിടത്തിൻറെ ഉടമ വന്നു വാടക കുടിശ്ശികയുടെ പേരിൽ ട്യൂട്ടോറിയലിലെ ബെഞ്ചുകളും ഡസ്ക്കളും എടുത്തുകൊണ്ടുപോയി.

കുറച്ചുകാലം കഴിഞ്ഞുപ്പോൾ തിരിച്ചുവന്ന തമ്പിസാറും ത്രേസ്യാമ്മയും നാട്ടിൽ താമസമാക്കി.

അയാൾ നടന്നു കൊണ്ടിരുന്ന റോഡു മുൻപൊരു പാടവരമ്പായിരുന്നു. അതിൻറെ അടുത്തുള്ള കരവയലിൽ തമ്പിസാർ ചെറിയൊരു വീടുവച്ചു താമസം തുടങ്ങി പിന്നെ തരക്കേടില്ലാത്ത വാർപ്പ് വീട് പണിതു.

നടപ്പിനിടയിൽ അയാൾ വീണ്ടും ആ പാട്ടു കേട്ടു

ഇക്കുറി അതൊരു തോന്നലായിരുന്നില്ല, ശരിക്കുള്ള കേൾവി തന്നെയായിരുന്നു.

''ദേവദാരു പൂത്തു... എൻ മന

സ്സിൻ താഴ് വരയിൽ,
നിദാന്തമാം തെളിനാദം പൂത്ത നിശീഥിനിയിൽ...
ദേവദാരു പൂത്തു... എൻ മന സ്സിൻ താഴ് വരയിൽ,
നിഴലും പൂനിലാവുമായി ദൂരെ വന്നു ശശികല....''

പാട്ടുകേട്ടുകൊണ്ടിരുന്ന തമ്പി സാറും ത്രേസ്യാമ്മയും പാടവരമ്പത്തിരുന്നു അയാളെ നോക്കി പരിചയം പുതുക്കി ചിരിച്ചു. അപ്പോഴും ത്രേസ്യാമ്മയുടെ മുഖം പ്രണയത്താൽ ചുവന്നിരുന്നു.

ഇരുൾവീണു തുടങ്ങിയ വീഥി ഏറെക്കുറെ വിജനമായിരുന്നു.

ആൾപാർപ്പില്ലാതെ കാടും പള്ളയും പിടിച്ചുകിടക്കുന്ന ഒരു വീടും തൊടിയും കടന്നു പോകവേ അയാൾ തിരിഞ്ഞു നോക്കി.

ആ വീട്ടിലായിരുന്നു തമ്പിസാറും ത്രേസ്യാമ്മയും മരിച്ചു കിടന്നിരുന്നത്.

ബാങ്കുകാർ വീടൊഴിപ്പിച്ചു തെരുവിൽ ഇറക്കിവിടുമ്പോഴുള്ള അപമാനത്തിൽ നിന്നും രക്ഷപ്പെടാനായിരുന്നത്രേ അതൊക്കെ.

ആളില്ലാതെ അനാഥമായി കിടക്കുന്ന വീടിൻറെ ആത്മാവ് ഏകാന്തതയിൽ വീർപ്പുമുട്ടി അയാളെ പ്രതീക്ഷയോടെ നോക്കി.

അയാൾ വേഗത്തിൽ നടന്നു തിരക്കുപിടിച്ച റോഡിൽ എത്തിയപ്പോഴേക്കും കാലവും അതിവേഗം മുന്നോട്ടുപോയി. ഒരു ഓട്ടോറിക്ഷയിൽ കയറി ഹോട്ടൽ മുറിയിൽ എത്തിയപ്പോഴേക്കും അയാൾ ഏറെ തളർന്നു പോയിരുന്നു.

വിങ്ങുന്ന മനസ്സോടെ കസേരയിൽ അമർന്നിരുന്നു. മറ്റൊന്നും ചെയ്യാനില്ലാത്തതിനാൽ ടി വി ഓണാക്കി.

''വേറെയേതോ വിപഞ്ചിയിൽ പടർന്നീ..ടുവാനതിനാകുമോ..''

ഭാവതീവ്രമായി അലോഷി പാടുന്നതു കേട്ടുകൊണ്ട് ഓർമ്മയിൽപിടഞ്ഞു നിന്നു. തമ്മിൽ പിരിയുമ്പോൾ അവളുടെ വലിയ കണ്ണുകൾ നിറഞ്ഞിരുന്നത് അയാളോർത്തു.

ടി വി ഓഫാക്കി ബാൽക്കണിയിൽ പോയിരുന്നു പുറത്തേക്കു നോക്കി. ചെറിയ തണുപ്പുള്ള കാറ്റ് അയാളെ തഴുകി നിന്നു.



**വിങ്ങുന്ന മനസ്സോടെ കസേരയിൽ അമർന്നിരുന്നു. മറ്റൊന്നും ചെയ്യാനില്ലാത്തതിനാൽ ടി വി ഓണാക്കി. "വേറെയേതോ വിപഞ്ചിയിൽ പടർന്നീ..ടുവാനതിനാകുമോ.."ഭാവതീവ്രമായി അലോഷി പാടുന്നതു കേട്ടുകൊണ്ട് ഓർമ്മയിൽപിടഞ്ഞു നിന്നു. തമ്മിൽ പിരിയുമ്പോൾ അവളുടെ വലിയകണ്ണുകൾ നിറഞ്ഞിരുന്നത് അയാളോർത്തു.**


പട്ടണത്തിലെ കടകളിലും വഴിയോരത്തും പ്രണയദിനത്തിൻറെ അലങ്കാരങ്ങളും കച്ചവടങ്ങളും നടന്നുകൊണ്ടിരുന്നു.

പട്ടണത്തിൻറെ ഇരമ്പലുകൾ അയാൾ കേട്ടില്ല ആളിരമ്പവും അറിഞ്ഞില്ല അയാളുടെ മുൻപിൽ പഴയ ഒറ്റയടിപ്പാതകൾ മാത്രം തെളിഞ്ഞുനിന്നു.

പാതിവഴിയിൽ നിർത്തിപോയ ജീവിതവും പ്രണയവും ഒരിക്കലും പൂർത്തിയാവാതെ നിങ്ങളുടെ തിരിച്ചുവരവും പ്രതീക്ഷിച്ചവിടെ കാത്തുനിൽക്കുമെന്ന് എവിടെയോ വായിച്ചതു അയാളോർത്തു.

'അവൾ ഇപ്പോഴും തന്നെ ഓർക്കുന്നുണ്ടായിരിക്കും'

അങ്ങിനെ ചിന്തിക്കാനായിരുന്നു അയാൾക്കിഷ്ടം.



മാടശ്ശേരി
നീലകണ്ഠൻ

# ഒരു പക്ഷിയുടെ ചിത്രമെഴുതാൻ

(ഷാക് പ്രെവേർ (Jaques Prevert) (19001970) എന്ന ഫ്രഞ്ച് കവിയുടെ
'Pour faire le portrait d'un oiseau" എന്ന കവിതയുടെ വിവർത്തനം )

◉ വിവ: മാടശ്ശേരി നീലകണ്ഠൻ

ആദ്യം കതക് തുറന്നു കിടക്കുന്ന
ഒരു കൂടിന്റെ ചിത്രമെഴുതുക.
പിന്നീട്, ഭംഗിയുള്ള,
ലളിതമായ
സുന്ദരമായ
എന്തെങ്കിലുമൊന്ന്,
പക്ഷിക്ക് ഉപയോഗപ്പെടുന്നത്,
ചിത്രത്തിൽ ചേർക്കുക.
പിന്നെ ആ ക്യാൻവാസ്
ഒരുദ്യാനത്തിലോ കാട്ടിലോ
വൻ വനത്തിലോ ഉള്ള
ഒരു മരത്തിൽ ചാരി വയ്ക്കുക
ഒന്നും പറയാതെ
അനങ്ങാതെ...
ആ മരത്തിന്റെ പിന്നിൽ
ഒളിച്ചുനില്ക്കുക

ചിലപ്പോൾ പക്ഷി വേഗം വരും
പക്ഷെ ആ തീരുമാനത്തിൽ
എത്തുന്നതിനുമുമ്പ്
അത് വർഷങ്ങൾ എടുക്കാനും
അത്രതന്നെയുണ്ട് സാദ്ധ്യത.

നിരാശപ്പെടല്ലേ
കാത്തുനില്ക്കൂ
വേണ്ടി വന്നാൽ വർഷങ്ങളോളം
കാത്തുനില്ക്കൂ
പക്ഷിയുടെ വരവിന്റെ വേഗതയ്ക്കോ
വന്നുതുടങ്ങാനുള്ള അമാന്തത്തിനോ
ചിത്രത്തിന്റെ വിജയവുമായി
ഒരു ബന്ധവുമില്ല.
പക്ഷി വരുമ്പോൾ –

അത് വരുന്നുണ്ടെങ്കിൽ –
ഏറ്റവും ഗാഢമായ മൗനം പാലിക്കുക
പക്ഷി കൂട്ടിൽ കയറാൻ കാത്തിരിക്കുക
കയറിക്കഴിഞ്ഞാൽ
ബ്രഷ് കൊണ്ട് കൂടിന്റെ കതക് മന്ദം അടയ്ക്കുക
പിന്നീട്
ഓരോ അഴിയും ചായം തേച്ച് മായ്ച്ചു കളയുക,
പക്ഷിയുടെ ഒരു തൂവലിലും തൊടാതെ.
പിന്നീട് വൃക്ഷത്തിന്റെ ചിത്രമെഴുതുക
അതിന്റെ ഏറ്റവും സുന്ദരമായ
ശാഖയാകട്ടെ പക്ഷിയുടേത്
അതുപോലെ, പച്ചയിലകളും പുത്തൻ ഇളംകാറ്റും
സൂര്യന്റെ തിളക്കവും
വേനലിന്റെ ചൂടിൽ ചീവീടുകളുടെ ശബ്ദവും
ചിത്രത്തിലെഴുതിച്ചേർക്കുക
എന്നിട്ട്, പക്ഷി പാടാൻ തീരുമാനിക്കുന്നതുവരെ
കാത്തുനില്ക്കുക

പക്ഷി പാടുന്നില്ലെങ്കിൽ
അത് ഒരു ചീത്ത ചിഹ്നമാണ്
ചിത്രം നല്ലതല്ല എന്ന ചിഹ്നം
എന്നാൽ അത് പാടുന്നെങ്കിൽ, അതൊരു നല്ല ചിഹ്നം
നിങ്ങൾക്ക് ചിത്രത്തിൽ കയ്യൊപ്പ് ചാർത്താം എന്ന ചിഹ്നം



രാമകൃഷ്ണൻ
കണ്ണോം

# സ്പന്ദനങ്ങൾ

നീലനിശീഥിനിയുടെ
നീണ്ട നിശബ്ദതയിൽ
നിശ്വാസം ഉയരുന്നു
ആറിത്തണുത്ത
അന്ധകാരത്തിൻ
നെഞ്ചകം നീറി
ചെറുകനലൊളി
നീളെ ചിരിക്കുന്നു,

അസത്യജഢിലതയിൽ
സത്യദീപത്തിൻ
ആദ്യമിന്നലൊളി,
ഇരുളൊരിക്കലും
വെളിച്ച ബിംബത്തെ
തിരിച്ചു വിളിക്കുന്നില്ല,

നിത്യനിദാനത്തിൻ
ദിനരാത്രങ്ങളിൽ
വിരചിക്കുന്ന
വിഷാദാത്മകതയും
വിചിന്തനവും
ആത്മാവിനെ
ആലിംഗനം ചെയ്തു
പുനർജനിക്കുന്നു,

ആനന്ദവും കണ്ണീരും
അലിയിക്കുന്ന
പ്രഭാത ഹൃദയം
പ്രപഞ്ച സത്യമായി
സ്പന്ദിക്കുന്നു.

---

# അമ്മയുള്ളത്ര കാലം



ഗ്രീഷ്മ ബേബി

പോകുവാൻ കഴിയില്ല എന്നിക്കു തിരികെ
എന്റെ അമ്മയുള്ളത്ര കാലം

മാടിവിളിക്കുന്ന കൈകളെ താങ്ങാൻ,
ഇവിടെ നിൽക്കേണ്ടതുണ്ട് ഞാൻ ഇനിയും

ചാഞ്ഞു ഞാൻ കിടന്ന ആ തോളൊന്നു ചായ്ക്കാൻ,
ഇവിടെ നിൽക്കേണ്ടതുണ്ട് ഞാൻ ഇനിയും

ഊട്ടിയൂട്ടി തളർന്ന വിരലുകൾ കോർക്കാൻ,
ഇവിടെ നിൽക്കേണ്ടതുണ്ട് ഞാൻ ഇനിയും

നടന്നു തേഞ്ഞ ആ കാലുകൾ നിവരാൻ,
ഇവിടെ നിൽക്കേണ്ടതുണ്ട് ഞാൻ ഇനിയും

എന്നെ നോക്കി വറ്റിയ ആ മിഴികൾ വിടരാൻ,
ഇവിടെ നിൽക്കേണ്ടതുണ്ട് ഞാൻ ഇനിയും

തരാട്ടുപാട്ടിന്റെ ഈണത്തിൽ മിടിക്കുന്ന
ആ ഹൃദയതാളത്തെ പുണരാൻ,
പാൽമണക്കുന്ന ആ കുട്ടിയായിവിടെ
നിൽക്കേണ്ടതുണ്ട് ഞാൻ ഇനിയും

ഇവിടെ നിൽക്കേണ്ടതുണ്ട് ഞാൻ ഇനിയും

പോകുവാൻ കഴിയില്ല തിരികെ
എനിക്കെന്റെ അമ്മയുള്ളത്ര കാലം

പോകുവാൻ കഴിയില്ല ഈ ഭൂവിൽ-
നിന്നെനിക്കെന്റെ അമ്മയുള്ളത്ര കാലം

MALABAR PALACE RESTAURANT

# Malabar Palace



## Authentic Indian Cuisine

*Flavors from the Heart with Love*







**A Taste of Tradition!**

**Authenticity on Every Plate!**

**Handpicked spices, Fresh ingredients**

***Spice, Aroma & Love***

Our chefs bring generations-old Indian recipes to life

***Homestyle cooking and flavors from the Heart with Love***

**Located at 44 Route 303, Valley Cottage, NY 10989**

**Tel:1-914-688-9000** | **www.malabarpalace.us**
**malabarpalaceny@gmail.com**

ചെറുകഥ

# കഥയല്ലിത് ജീവിതം

ജമാൽ റാഷി

'കഥയല്ലിത് ജീവിതം'എന്ന് പേരിട്ട ആ കുറിപ്പ് അല്ലെങ്കിൽ കഥ ഇങ്ങനെ തുടങ്ങുന്നു . 'ഞാൻ  മടങ്ങുകയാണ്.

എന്നെ ആരെങ്കിലും തിരികെ വിളിച്ചിട്ടോ മുന്നോട്ടുള്ള വഴി മറ്റാരെങ്കിലും തടസ്സപ്പെടുത്തിയിട്ടോ അല്ല. എനിക്ക് ജീവിച്ച് മതിയായിട്ടാണ്.. ഇത്തരം സന്നിഗ്ദ്ധ ഘട്ടങ്ങളിൽ പലരും ജീവിച്ചുവന്ന പാതയിൽ നിന്നും മാറി സഞ്ചരിക്കാനാണ്.

ശ്രമിക്കുക .അല്ലെങ്കിൽ  കൂട്ടത്തിൽ നിന്നും ഒറ്റപ്പെട്ട് ചുറ്റുവട്ടങ്ങൾ എല്ലാം ഒരു വശത്താക്കി മാറ്റി അതുമല്ലെങ്കിൽ അത്തരം സമൂഹത്തിൻറെ നാനാതുറകളിൽ ചിതറിക്കിടക്കുന്നവരെ മനപൂർവ്വം താനറിയാതെ തൻറെ വഴിക്ക് വന്നവർ എന്ന് ചിന്തിച്ച് സംഘം ചേർത്ത് അവർക്ക് നടുവിലിരുന്ന് നടുക്കണ്ടം തിന്ന് അങ്ങനെ..അങ്ങനെ...

ഞാൻ അത്തരത്തിൽ ഒരു വിടവാങ്ങൽ അല്ല ഉദ്ദേശിക്കുന്നത്. ഈ ശരീരത്തിൽ ജീവിച്ചു ദുരിതമനുഭവിച്ച ആത്മാവിനെ എന്നെന്നേക്കുമായി സ്വതന്ത്രമാക്കാൻ പോകുന്നു.

ഏതൊരാളെയും പോലെ പഠിച്ചു വളർന്നു. വിവാഹം കഴിച്ചു കുട്ടികളുമായി നാൽപ്പത് വയസ് കടന്നപ്പോഴേ ജീവിതം അവസാനിപ്പിക്കണം എന്ന് തോന്നാൻ ...?

പരീക്ഷണങ്ങൾക്ക് വിധേയമാകാത്ത ജീവിതം അർത്ഥശൂന്യമാണെന്ന ജോർജ് ബർണാഡ് ഷായുടെ വാക്കുകൾ അനുസരിച്ച് ചെയ്തത് ഒന്നും ഫലം കാണാതെ പരീക്ഷണങ്ങൾ മാത്രമായി അവശേഷിച്ചു.




വര: മറിയം ജാസ്മിൻ

താൻ പ്രാവീണ്യം നേടിയ മേഖലയിൽ നിന്നും മാറി മറ്റെന്തെങ്കിലും കൂടി സ്വായത്തമാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ സ്വന്തം വളർച്ച മുരടിക്കും എന്ന എമേഴ്സൻറെ വാക്കുകൾ കേട്ടിട്ട് ഒന്നിലും പ്രാഗൽഭ്യം തെളിയാതെ പോയി.

അങ്ങനെ പലർക്കൊപ്പവും പലതിനൊപ്പവും ഓടിക്കിതച്ച് എങ്ങുമെത്താതെ തിരിഞ്ഞു നോക്കിയപ്പോഴാണ് കടന്നുപോയ ജീവിതം എനിക്കോ മറ്റാർക്കെങ്കിലുമോ ഒരു ഗുണവും ചെയ്തില്ലെന്ന് മാത്രമല്ല ഏവർക്കും നഷ്ടം മാത്രമേ അവശേഷിപ്പിച്ചിട്ടുള്ളൂ എന്ന് ബോധ്യമായത്. അത് കൂടുതൽ ദോഷകരമായി ബാധിക്കും എന്ന എൻറെ തിരിച്ചറിവിൽ നിന്നുമാണ് എല്ലാ കെട്ടുപാടുകളിൽ നിന്നും എന്നെന്നേക്കുമായി ഒരു വിടുതൽ വേണമെന്ന തീരുമാനത്തിലെത്തുന്നത്.

എങ്ങനെയാണ് ഇതൊന്ന് അവസാനിപ്പിക്കേണ്ടത്? പല വഴികളാലോചിച്ചു. ഒന്നിലുറച്ചു.

എൻറെ വിടവു മൂലം അങ്ങനെ ഒന്നുണ്ടെങ്കിൽ അത് എങ്ങനെയാണ് എൻറെ അഭാവത്തിൽ നികത്തപ്പെടുന്നത്? ആ ചിന്ത എത്തിനിന്നത് ഒരു ഡെത്ത് പോളിസി

എടുക്കുക എന്നിടത്താണ്.

എന്നാൽ, ഒരു വർഷം മാത്രം കാലാവധിയുള്ള അത് ആക്സിഡൻറ് ഡെത്തിനു മാത്രമേ അവകാശിക്ക് ഗുണം ചെയ്യുകയുള്ളു എന്നത് പോളിസി ബോണ്ട് കിട്ടി അതോടൊപ്പമുള്ള നിബന്ധനകൾ വായിച്ചപ്പോൾ മാത്രമാണ് എനിക്ക് മനസ്സിലായത്.

നോമിനി, കഴിഞ്ഞ പതിനഞ്ച് വർഷമായി എന്നെ സഹിക്കുകയും എൻറെ മൂന്ന് മക്കൾക്ക് ജന്മം നൽകുകയും ചെയ്തുവൾ, പറഞ്ഞ് പറഞ്ഞ് അർഥം തേഞ്ഞില്ലാതായ 'എല്ലാം ശരിയാകും എല്ലാം ശരിയാകും'എന്ന ആശ്വാസ വാക്കുകൾ നിരന്തരം ഒരു ജപമാല മന്ത്രം പോലെ ഉരുവിട്ടുകൊണ്ടിരിക്കുന്നവൾ...

എന്തൊക്കെ കടുംകൈ ഞാൻ പ്രവർത്തിച്ചാലും അവളിൽ നിന്നും ജീവനുംകൊണ്ട് പാഞ്ഞുകളയും എന്ന ഒരു ചിന്ത ഒരിക്കലും അവൾക്ക് ഉണ്ടാകത്തക്കതായി ഒരു വാക്ക് പോലും എന്നിൽ നിന്നും ഒരിക്കൽ പോലും പുറത്തുവരാത്തതും അനുകൂല ഘടകമാണ്.

അതുകൊണ്ടാണ് ശരി എന്ന് കരുതി ഞാൻ നടത്തിയിട്ടുള്ള പല തീരുമാനങ്ങളും ശരിയാകാത്തതാണെന്ന് നല്ല ബോധ്യം ഉണ്ടായാൽ പോലും തുടക്കത്തിൽ തടയാൻ ഒരു വിഫലശ്രമം നടത്തി പിൻവാങ്ങികൊണ്ടിരുന്നുത്.

ഇങ്ങനെ ഒരു ചിന്ത വന്നതുമുതൽ ആർക്കും ഒരു സംശയത്തിനും ഇട നൽകാത്ത വിധം എല്ലാ ഇടപെടലും നടത്താൻ ഞാൻ ശ്രമിച്ചിരുന്നു. വർഷങ്ങളായി തുടരുന്ന ഡയറി എഴുത്തിൽ അറിയാതെ പോലും ഒരു വാക്ക് മരണവുമായി ബന്ധപ്പെട്ട് കയറി പറ്റാതിരിക്കാൻ ശ്രമിച്ചു വിജയിക്കുകയും ചെയ്തു.'എറണാകുളത്തിന് പോകണം' എന്ന് തലേരാത്രിയിൽ തന്നെ പറഞ്ഞിരുന്നു. പഴയ ഒരു സുഹൃത്ത് ഗൾഫിൽ നിന്നും പാസ്പോർട്ടിൻറെ എന്തോ കാര്യത്തിന് നഗരത്തിൽ വരുന്നു. അവനെ കണ്ട് ചിലത് സംസാരിക്കണമെന്ന് എൻറെ നുണവാക്കുകൾ പലപ്പോഴും എന്ന പോലെ അവൾ വിശ്വസിച്ചു.

രാവിലെ ഇൻഷുറൻസ് നിബന്ധനകൾ ഒന്നുകൂടി ശ്രദ്ധിച്ചു. കൊടുക്കുന്നതിനേക്കാൾ അതെങ്ങനെ തടയാം എന്നതാകുമല്ലോ കമ്പനികൾ കൂടുതൽ ശ്രദ്ധിക്കുകഡിനെ അല്ലെങ്കിൽ ഡിലെയെങ്കിലും, അതുകൊണ്ട് എൻറെ അശ്രദ്ധ കൊണ്ട് ഒരബദ്ധവും വരരുത് മൊബൈൽ ഫോൺ മനപൂർവ്വം മറന്നു വച്ചു. ലക്ഷ്യം നിറവേറും മുമ്പ് അവളുടെ ഒരു വിളി വന്നാൽ അതുമതി എല്ലാം ഉപേക്ഷിച്ച് പിൻവാങ്ങാൻ.

**ആത്മഹത്യ ചെയ്യാൻ പോകുന്നു? എനിക്കെന്ത് കുറവുണ്ടായിട്ടാണ്. സ്വന്തമായി ശൗചം ചെയ്യാൻ പോലും കഴിവില്ലാത്തവൻ പ്രതീക്ഷകൾ മുറുകെ പിടിച്ച് മുന്നോട്ടു പോകുന്നു. ഞാൻ പെട്ടെന്ന് വഴി മുറിച്ചുകടന്ന് യൂസഫിനടുത്തെത്തി അമ്പതിൻറെ ഒരു നോട്ടുനീട്ടി നിരത്തിവച്ചിരിക്കുന്ന പലഹാര പാത്രങ്ങൾക്ക് മുകളിലൂടെ കൈ കറക്കി എല്ലാം കൂടി എന്നു മാത്രം പറഞ്ഞു.**

''ഞാൻ എറങ്ങ്വാട്ടോ...'എന്ന പതിവ് യാത്ര പറച്ചിൽ ഒഴിവാക്കി കാരണം തിരിച്ചു വീട്ടിൽ എത്തുന്നതുവരെ ഒരു ശക്തിയായി എന്നെ പിടിച്ചു നിർത്താറുള്ള ' മധുരമായ ശബ്ദത്തോടെയുള്ള ആ സുന്ദരമുഖം എന്നെ എൻറെ ഉദ്യമത്തിൽ നിന്നും പിന്നോട്ട് വലിച്ചാലൊ.

ടൗണിലെത്തി കച്ചേരിത്താഴത്ത് മെട്രോനഗരത്തിലേക്കുള്ള ബസ്സ് കാത്തിരിപ്പ് കേന്ദ്രത്തിൽ നിൽക്കുമ്പോഴും എങ്ങനെ അവസാനിപ്പിക്കണം എന്ന് ഒരു തീരുമാനമെടുത്തിരുന്നില്ല.


നഗരത്തിലേക്കാണല്ലോ പോണത് അവിടെയാണല്ലോ എല്ലാത്തിനും പരിഹാരമുള്ളത്. ജീവിതം അവസാനിപ്പിക്കാനുള്ള നൂതനമായ ആശയങ്ങളും അവിടെ ഉണ്ടാകാതെ വരില്ല.

രാവിലെ സമയമായതുകൊണ്ട് നഗരത്തിലേക്ക് പത്ത് മിനിറ്റ് ഇടവിട്ട് ബസ്സുണ്ട്. പലതും വന്നു പോയി. മറ്റു പലയിടങ്ങളിലേക്കും നിരവധി വണ്ടികൾ വന്നു പോയി . എന്നെ എന്തോ പിന്നിലേക്ക് വലിക്കുന്ന പോലെ ഞാൻ പലരെയും വെറുതെ നിരീക്ഷിച്ചു. പല പല ലക്ഷ്യങ്ങളും പ്രതീക്ഷ കളും വെച്ച് യാത്ര തുടങ്ങുന്നവർ, തിളക്കുന്ന കടലായിരിക്കും പലരുടെയും ഉള്ളം.

റോഡിന് എതിർവശത്തുള്ള കടലവണ്ടിയിൽ ചെറുപലഹാരങ്ങൾ പൊരിച്ചു വിൽക്കുന്ന യൂസഫിനെ ശ്രദ്ധിച്ചു. തൻറെ ജോലിക്കിടയിലും പലയിടങ്ങളിലേക്കുള്ള ബസ്സുകൾ വന്നുപോയിട്ടും അതിൽ ഒന്നിലും കയറാതെ നിൽക്കുന്ന എന്നെ ഒരു പരിചയക്കാരനായ അയൾ സംശയത്തോടെ വട്ടം നോക്കിയോ ?

'സാർ'

എന്ന ഒരു ഇടർച്ചയുള്ള വിളിയാണ് എന്നെ വീണ്ടും എൻറെ പരിസരങ്ങളിലേക്ക് തിരികെ കൊണ്ടുവന്നത്. അപ്പോൾ ഞാൻ കാണുന്നത് എൻറെ മുന്നിൽ ഇരു കൈപ്പത്തികളുമില്ലാതെ കൈ കുപ്പി നിൽക്കുന്ന ഒരുയാചകനെയാണ്. ഷർട്ട് ഇട്ടിട്ടില്ല. പാകമാകാത്ത ഒരു ജീൻസ് പാൻറ് ആരൊ കയറു കൊണ്ട് അരയിൽ കെട്ടിവച്ചിരിക്കുന്നു.ഉയരം കുറഞ്ഞ് ശോഷിച്ച ശരീരം വെയിലേറ്റു വാടിയിരിക്കുന്നു. ഞാൻ അഞ്ചിൻറെ ഒരു തുട്ടെടുത്ത് എന്തുചെയ്യണമെന്നറിയാതെ ശങ്കിച്ചു നിന്നു അന്നേരം അയാൾ തൻറെ ശരീരം ഒരു വശത്തേക്ക് ചരിച്ച് ജീൻസിൻറെ പോക്കറ്റ് കാണിച്ചു ഞാൻ അനുസരിച്ചു. അയാൾ അടുത്ത ആളിലേക്ക് പോയി എനിക്ക്




എന്നോട് തന്നെ അവജ്ഞ തോന്നി.

ആത്മഹത്യ ചെയ്യാൻ പോകുന്നു? എനിക്കെന്ത് കുറവുണ്ടായിട്ടാണ്. സ്വന്തമായി ശൗചം ചെയ്യാൻപോലും കഴിവില്ലാത്തവൻ പ്രതീക്ഷകൾ മുറുകെ പിടിച്ച് മുന്നോട്ടു പോകുന്നു.

ഞാൻ പെട്ടെന്ന് വഴി മുറിച്ചു കടന്ന് യൂസഫിനടുത്തെത്തി അമ്പതിൻറെ ഒരു നോട്ടുനീട്ടി നിരത്തിവച്ചിരിക്കുന്ന പലഹാര പാത്രങ്ങൾക്ക് മുകളിലൂടെ കൈ കറക്കി എല്ലാം കൂടി എന്നുമാത്രം പറഞ്ഞു. അയാൾക്ക് എന്നോട് എന്തൊക്കെയോ ചോദിക്കണമെന്നുണ്ട്. എന്നാൽ, ഒന്നും മിണ്ടിയില്ല. എന്നെ ഒരോ തവണ കാണുമ്പോഴും ഒരുപാട് വിശേഷങ്ങൾ ചോദിക്കാറുള്ള ആളാണ് എന്നാൽ തൻറെ സ്വതസിദ്ധമായ ചിരിയോടെ പൊതികെട്ടി തന്നിട്ട് അരിപ്പ കൈലെടുത്ത് വറചട്ടിയിൽ തിളച്ചു കൊണ്ടിരിക്കുന്ന എണ്ണയിലെ പരിപ്പുവട ഇളക്കിയിട്ടു.

ഞാൻ ആ പൊതി വാങ്ങി വീണ്ടും തിരക്കേറിയ റോഡ് ശ്രദ്ധയോടെ മുറിച്ചുകടന്ന് തിരികെ അതേ സ്റ്റോപ്പിൽ എത്തിയതേ എനിക്കുള്ള വണ്ടി വീട്ടിലേക്കുള്ള വണ്ടി വന്നു. ഞാൻ കയറി.

തിരക്കൊഴിഞ്ഞ ബസ്സിൽ കണ്ടക്ടർ അടുത്ത് വന്നപ്പോൾ എനിക്ക് ഇറങ്ങേണ്ട സ്ഥലം പറഞ്ഞു.

'പേഴയ്ക്കാപ്പിള്ളി' അങ്ങനെ ആ സംഭവങ്ങളെല്ലാം മറന്ന് അയാൾ ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് മടങ്ങി.

പലപ്പോഴും എന്ന പോലെ അന്നും അയാൾ ഫോൺ മറന്നു വച്ചിരുന്നു. നഗരത്തിലെ ആശുപത്രിയിൽ ഓപ്പറേഷന് വിധേയനായ ആൾക്ക് രക്തം കൊടുക്കാൻ പോയതാണ്.

അയാളുടെ കഥ പ്രസിദ്ധീകരിക്കുന്ന വിവരമറിയിച്ചുള്ള കോൾ അറ്റൻറ് ചെയ്തത് ഭാര്യയാണ്.

എന്നാൽ അത് സന്തോഷത്തോടെ ഭർത്താവുമായി പങ്കുവയ്ക്കാൻ കാത്തുനിന്ന അവളെ തേടിയെത്തിയത് ബൈക്കിൽ മടങ്ങിവരുമ്പോൾ കണ്ടെയ്നർ റോഡിൽ സിഗ്നൽ തെറ്റിച്ച് വന്ന ഒരു ലോറി അയാളെയും കൊണ്ടുപോയി എന്ന വിവരമാണ്.

ആ സംഭവത്തിന് പത്താം ദിവസം. അതൊരു ഞായറാഴ്ച ആയിരുന്നു. അയാളുടെ ബാധ്യതകൾ, കൊടുക്കൽ വാങ്ങലുകൾ ഭാര്യയുടെയും മക്കളുടെയും ഭാവി എല്ലാം ചർച്ചചെയ്യാൻ കൂടിയവരുടെ മുന്നിൽ അയാൾ എടുത്തിരുന്ന ഇൻഷുറൻസ് കാര്യവും ചർച്ചക്ക് വന്നു. ഏജൻറിനെ വരുത്തി സംസാരിച്ചു. എല്ലാവരും സന്തോഷത്തോടെ പിരിഞ്ഞു .

അപ്പോൾ അയാളുടെ കഥ പ്രസിദ്ധീകരിച്ച സപ്ലിമെൻറ് മടക്കു പോലും നിവരാതെ പുറത്തെ വരാന്തയിൽ വിശ്രമിക്കുന്നുണ്ടായിരുന്നു.

ഇനിയെന്താകും അയാളുടെ കഥ ?ആ കഥയിൽ അവരുടെ സന്തോഷം അലിഞ്ഞു പോകുമോ ? കഥ കഥയാകുമോ ,ജീവിതം ജീവിതവും .കഥയല്ലല്ലോ ജീവിതം !

# കോമാളിക്കോലങ്ങൾ



കൃഷ്ണകുമാർ
മാപ്രാണം

തിരശ്ശീലപൊങ്ങി -
കളിക്കുന്നരങ്ങിൽ
ചിരിപ്പിച്ചുയുഗ്രൻ
കോമാളിവേഷം

മൂടുന്നു കദനത്തിൻ
വേവുകൾ മാറ്റി
പകരും രസങ്ങൾ
ചമഞ്ഞുള്ള വേഷം

മിഴിനിറം മാറ്റി,
മുഖംമൂടി വച്ച്,
പുറമേ മിനുങ്ങുന്ന-
വർണ്ണപ്പകിട്ടാൽ

കോലങ്ങൾ കെട്ടി

അരങ്ങത്ത് ആടി-
തിമിർക്കുന്ന വിദ്യ
ഗംഭീര നടനം

തിരശ്ശീല വീഴും
അണയും വെളിച്ചം,
അരങ്ങും ഒഴിഞ്ഞാൽ
അഴിഞ്ഞീടും ചായം,


കോലമഴിച്ചാൽ
കരളു പിളർന്നു
കണ്ണുനീർ വീണു
കുതിരുന്നു ചായം

കോമാളി കേവലം
മരവിച്ച രൂപം
ഉള്ളിൽ പേറുന്നു
കദനത്തിൻ കാണ്ഡം

---

# മൃത്യു

( രവീന്ദ്ര നാഥ ടാഗോറിന്റെ *'ഉലമവേ'*
എന്ന കവിതയുടെ സ്വതന്ത്രപരിഭാഷ)



സനീഷ് സജീബ്

ജീവിതമെന്ന മഹാകാവ്യത്തിന്റെ അവസാന ഈരടി,
മരണം, എന്റെ മരണമേ, വരൂ എന്നോട്
അടക്കം പറയൂ!

ഋതുഭേദങ്ങൾക്കിടയിൽ ഞാൻ
നിന്നെ നോട്ടമിട്ടിരുന്നു;
നിനക്ക് വേണ്ടിയാണല്ലോ ഞാനെന്റെ വാഴ്ചകളും
വീഴ്ചകളും വിളക്കിച്ചേർത്തത്.


നിരന്തരം,
ഞാനായതും, എനിക്കുള്ളതും, എന്റെ മോഹവും,
സർവ്വോപരി എന്റെ മുക്തിയും
നിന്റെ രഹസ്യകവാടത്തിനുള്ളിൽ തപസ്സനുഷ്ഠിക്കാൻ
പുറപ്പെട്ടു.
ഉന്മാദം തണലൊരുക്കിയപോലുള്ള നിന്റെ
ഒടുക്കത്തെ എത്തിനോട്ടത്തിൽ,
ഞാൻ നിനക്ക് അടിമപ്പെടും.

പൂക്കൾ നെയ്ത കാവ്യഹാരം വരന്റെ
മാറിലണയാൻ ഒരുങ്ങി;
പരിണയമുഹൂർത്തത്തിൽ, നൊന്ത് വളർത്തിയ ഈ
പൂന്തോട്ടം അവളെ കൈപിടിച്ചേൽപ്പിക്കും,

നിലാവൊരുക്കിയ മണിയറയിൽ തന്റെ നാഥന്റെ
വരികൾക്ക് ഈണം പകരാൻ.



ആന്റണി കണയംപ്ലാക്കൽ





**അബുവിന്റെ സഹപ്രവർത്തകരുടെ സ്നേഹോപകരമാണ് കീപ്പർ – അബു കളിയെഴുത്തിന്റെ ഉസ്താദ് എന്ന ലേഖന സമാഹാരം .**

# കസേര വേണ്ടെന്നു വെച്ച കളിയെഴുത്തുകാരൻ

'കേറിവാ മക്കളെ , സീറ്റ് ഉണ്ട് .' നല്ല കോഴിക്കോടൻ കോഴി ബിരിയാണി കഴിക്കാൻ പാരഗൺ ഹോട്ടലിന്റെ മുൻപിലെ ആൽമരച്ചുവട്ടിലെ തണലിൽ കാത്തുനിൽക്കുമ്പോൾ ഏതോ അമ്മാവൻ വിളിക്കുന്നതല്ല ഇത് . എന്നാലും ഒരു കോഴിക്കോടൻ ടച്ചുള്ള കഥയാണ് .

വരുന്ന കേരള നിയമസഭാ തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിയെ തീരുമാനിക്കാൻ സ്വന്തക്കാരുടെയും നേതാക്കളുടെയും വിളിയാണ് കേൾക്കുന്നത് . വി . എസ് . അച്ചുതാന്ദന്റെ മകൻ അരുൺകുമാറിനെയും , പി . ജെ . ജോസഫിന്റെ മകൻ അപ്പുവിനെയും കൊല്ലത്തെ പ്രേമചന്ദ്രന്റെ മകൻ കാർത്തിക്കിനെയും ഉമ്മൻ ചാണ്ടിയുടെ മകൾ അച്ചുവിനെയു



മൊക്കെ വേണ്ടപ്പെട്ടവരും നേതാക്കളും കസേരയുണ്ട് വായോ എന്ന് പറഞ്ഞു വിളിച്ചു കേറ്റുകയാണ് . ശബരിനാഥനും ഹൈബി ഈഡനും അനൂപിനും ജോസ് കെ മാണിക്കും നേരത്തെ കസേര കിട്ടിയ സന്തോഷം. ഇതു ഇപ്പോൾ ഓർക്കാൻ കാരണം സ്വന്തം ബാപ്പ മുപ്പതു നീണ്ട

വർഷങ്ങൾ ഇരുന്ന കസേരയിൽ പിടിച്ചു ഇരുത്താൻ നോക്കിയിട്ടു പിടികൊടുക്കാതെ കുതറി മുന്നേറി

ജീവിതത്തിൽ വിജയിച്ച ഒരു സ്പോർട്സ് എഡിറ്ററുടെ എൺപത്തേഴാം ജന്മദിനമായിരുന്നു കഴിഞ്ഞ ഫെബ്രുവരി പതിനൊന്നിന് . കരിയാടാൻ അബുബക്കർ . അദ്ദേഹത്തിന്റെ ബാപ്പ മുപ്പതു വർഷത്തിൽ അധികം ഇന്ത്യൻ പാർലമെന്റ് അംഗമായിരുന്നു . നൂറിലധികം പാർലമെന്റ് സമ്മേളനങ്ങളിൽ പങ്കെടുത്തതിന് മരണാനന്തര ബഹുമതി ലഭിച്ച വ്യക്തി . ലീഗിന്റെ മാത്രമല്ല കേരള രാഷ്ട്രീയത്തിലെ 'കിംഗ് മേക്കർ,' ബി . വി . അബ്ദുള്ളക്കോയ .

കൊരമ്പയിൽ അഹമ്മദ് ഹാജിയെ അബ്ദുള്ളക്കോയക്കു ശേഷം രാജ്യസഭ അംഗമായി പരിഗണിച്ചപ്പോൾ കരിയാടാൻ അബുവിന്റെ പേരും പരിഗണയിൽ ഉണ്ടായിരുന്നു . ചന്ദ്രിക വാരികയുടെ പത്രാധിപരായിരുന്ന കെ . പി. കുഞ്ഞിമൂസ അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ ഈക്കാര്യം അനുസ്മരിക്കുന്നുണ്ട്. മുസ്ലിം ലീഗിന്റെ വിദ്യാർത്ഥി പ്രസ്ഥാനമായ എം . എസ് . എഫിന്റെ പ്രഥമ സംസ്ഥാന കമ്മറ്റിയിൽ അബുവായിരുന്നു ട്രെഷറർ. അന്ന് എം . എസ് . എഫിന്റെ ജനറൽ സെക്രട്ടറി പിന്നീട് കേന്ദ്ര മന്ത്രിയുമൊക്കെയായ ഈ അഹമ്മദ്. അപ്പോൾ അബുബക്കർ എന്തുകൊണ്ടും യോഗ്യനായ രാജ്യസഭാ സ്ഥാനാർത്ഥി . പക്ഷെ അബു തന്റെ കളിക്കളം തീരുമാനിച്ചു കഴിഞ്ഞിരുന്നു , പത്രപ്രവർത്തനം . കൃത്യമായി പറഞ്ഞാൽ കളിയെഴുത്ത് . ഇനിയും എന്ത് കളി എന്നുകൂടി ചോദിച്ചാൽ , കോഴിക്കോട്ടുകാരെ ഭ്രാന്ത് പിടിപ്പിക്കുന്ന ഫുട്ബോൾ തന്നെ . ബാപ്പയുടെ കസേരയിൽ നിന്നുള്ള വെട്ടിച്ചു പോക്കിന്റെ ഗുട്ടൻസ് നമുക്കോ മനസിലാകുന്നില്ല , പിന്നല്ലേ സീറ്റുണ്ട് കേറി വായോ എന്ന വിളി കേൾക്കാൻ കാത്തരിക്കുന്ന 'ജൻസി' യുടെ കാര്യം . അവർക്കു ഒരിക്കലും ഒട്ടും പിടികിട്ടില്ല.

ഇനിയും ഡൽഹിക്ക് ഒന്നും പോകണ്ട ഇവിടെ നമ്മുടെ കോഴിക്കോട്ടു കൂടാൻ ഒരു ചാൻസ് വന്നാലോ . കരിയാടൻ അബുവിന് ആ വായോ വിളിയും കേൾക്കണ്ട . 1991ൽ കോഴിക്കോട് രണ്ടാം മണ്ഡലത്തിലേക്ക് ലീഗിന് സ്ഥാനാർത്ഥിയെ വേണം .

ടി . പി . എം. സാഹീറിനെ തീരുമാനിക്കുന്നതിന് മുൻപ് അബുവിന്റെ പേര് സജീവ പരിഗണയിൽ ഉണ്ടായിരുന്നു . സാക്ഷ്യപ്പെടുത്തന്നത് മറ്റാരുമല്ല . അരനൂറ്റാണ്ടിൽ കൂടുതൽ കോഴിക്കോടൻ രാഷ്ട്രീയത്തിലും സാമൂഹ്യ ജീവിതത്തിലും നിറസാന്നിദ്ധ്യമായിരുന്ന പ്രശസ്ത പത്രപ്രവർത്തകൻ , പി . ദാമോദരൻ .

അബുവിനും ഡൽഹിക്കുള്ള പറക്കലും തിരുവന്തപുരത്തിനുള്ള യാത്രയും ഒന്ന് വേണ്ട . കോഴിക്കോട്ടു തന്നെ മേയറായി കൂടാമോ എന്ന് ചോദിച്ചു വായോ എന്ന് വിളിച്ചാലോ. തീർച്ചയായും ആ വിളി കേൾക്കാതിരിക്കില്ല എന്നാണ് നമ്മുടെയൊരു ഉൾവിളി . കോഴിക്കോട് നഗരസഭയിലേക്കു ഒരു ഉറച്ച സീറ്റ്. മേയർ പദവിയും വാഗ്ദാനം . നേതാക്കുളുടെ വിളിയും നിർബന്ധവുമൊന്നു അബുവിന്റെ ഫുട്ബോൾ 'കളിയെഴുത്തു 'ഭ്രാന്തിനു ലോങ്ങ് വിസിൽ അടിക്കാൻ സാധിച്ചില്ല . ഏതാണ്ട് അറുപത് വർഷങ്ങൾക്കു മുൻപ് 1966 ലെ കൊല്ലത്തെ സന്തോഷ് ട്രോഫിയിലെ സ്റ്റാർട്ടിങ് വിസിലിൽ തുടങ്ങി അബുബക്കറിന്റെ കളിയെഴുത്ത് . തുടക്കം ചന്ദ്രികയിൽ അവിടെ നിന്നും മനോരമയിലേക്കും . 27 ആം വയസിൽ തുടങ്ങി 72 ലാണ് ഔദ്യോഗിക വിരമിക്കലെങ്കിലും അബു എഴുതിക്കൊണ്ടേയിരുന്നു .

ലോകത്തു ഒരു പത്രപ്രവർത്തകനും കരിയാടാൻ അബുവിനുള്ളയത്ര ബൈലൈൻ ഉണ്ടാകില്ല. . 'കെ .അബുബക്കറിന് എത്ര എഴുത്തുപേരുകൾ ഉണ്ട് ? . ചോദിക്കുന്നത് പ്രശസ്ത പത്രപ്രവർത്തകനും, കോളമിനിസ്റ്റും , മലയാളമനോരമയുടെ മുൻ എഡിറ്റോറിയൽ ഡയറക്ടറുമായ തോമസ് ജേക്കബാണ് , അബുവിനെക്കുറിച്ചുള്ള കീപ്പർ – അബു കളിയെഴുത്തിന്റെ ഉസ്താദ് എന്ന സമാഹാരത്തിലെ അദ്ദേഹത്തിന്റെ ലേഖനത്തിൽ . തോമസ് ജേക്കബ് വക മറുപടിയും – അര ഡസനിലേറെ . ഇതാ കേട്ടോളു . അബു , എൻ .അബു , അബുബക്കർ , കീപ്പർ , യേക്കേ , നാരങ്ങാപ്പുറം , എ . എൻ . ഇബ്നു അബ്ദുല്ല .

അബുവിന്റെ സഹപ്രവർത്തകരുടെ സ്നേഹോപഹാരമാണ് 'കീപ്പർ – അബു കളിയെഴുത്തിന്റെ ഉസ്താദ്' എന്ന ലേഖന സമാഹാരം . സെവൻസ് ഫുട്ബോൾ പുസ്തകരൂപത്തിൽ. ക്യാപ്റ്റനായി പി . ടി . ഉഷയുടെ അവതാരിക പിന്നെ ഏഴു കളിക്കാരുടെ ലേഖനങ്ങളും, തോമസ് ജേക്കബ് , ഈ – മലയാളിയുടെ എഡിറ്റർ ജോർജ് ജോസഫ്, പശസ്ത കളി എഴുത്തുകാരായ ക്രിസ് തോമസും കെ .എൻ . ആർ . നമ്പൂതിരിയും , അബുവിന്റെ സഹപ്രവർത്തകരായ എം . ബാലഗോപാലൻ , പി . ദാമോദരൻ , കെ . ഉബൈദുള്ള . ബാക് കവർ റിവ്യൂവുമായി മറ്റാരുമല്ല , മുൻ ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റൻ , ഐ .എം . വിജയൻ . റെഫറിയായി പണ്ട് സ്കൂളിൽ പന്തുതട്ടിയ പരിചയവുമായി എന്റെ ആമുഖവും . 2021 ൽ ഗവർണർ പി . എസ് .ശ്രീധരൻ പിള്ള അബുവിന്റെ കോഴിക്കോട് ഗാന്ധി റോഡിലെ 'സലാലി'ൽ പുസ്തകം പ്രകാശനം ചെയ്തു .

ലോകത്തിലെ ഏറ്റവും പ്രശസ്തമായ പത്രപ്രവർത്തന പരിശീലന കളരിയായ ലണ്ടനിലെ തോംസൺ ഫൗണ്ടേഷനിൽ നിന്നും അബു കോച്ചിങ് നേടി .

പിന്നീട് കളിയെഴുത്തിന്റെ ട്രാക്കിൽ അദ്ദേഹം നേടിയ ട്രോഫികൾ ഇതാ , ഒളിമ്പ്യൻ റഹ്മാൻ അവാർഡ് , എം . ഈ . എസ് . എക്സലൻസ് അവാർഡ് , ശിഹാബ് തങ്ങൾ അവാർഡ് , മലപ്പുറം ഓപ്പൺ ഫോറം അവാർഡ് , കോയമ്പത്തൂർ സോഷ്യൽ വെൽഫെയർ ഫൗണ്ടേഷൻ പുരസ്‌കാരം , എം . എം . എച്ച് . എസ് . ട്രസ്റ്റ് അവാർഡ് .

# കെ. ഗോവിന്ദൻകുട്ടി
## (1944 -2026)



**ഫെബ്രുവരി 18 നു അന്തരിച്ച പ്രമുഖ മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ കെ ഗോവിന്ദൻകുട്ടിയുടെ ജീവിതം ചരിത്രവുമായുള്ള ഒരു യാത്ര കൂടിയാണ്.**

ഡി. പ്രദീപ് കുമാർ, കെ. ഹേമലത





ഒരു ദുരന്തമാണ് കെ. ഗോവിന്ദൻകുട്ടിയുടെ മാദ്ധ്യമജീവിതത്തിൽ വഴിത്തിരിവായത്.

1977 നവംബർ 4.

അന്നത്തെ പ്രധാനമന്ത്രി മൊറാർജി ദേശായിയും സംഘവും വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾ സന്ദർശിച്ചപ്പോൾ,അത് റിപ്പോർട്ട് ചെയ്യാൻ ആകാശവാണി നിയോഗിച്ചത് ഡൽഹി വാർത്താവിഭാഗത്തിൽ റിപ്പോർട്ടറായ ഗോവിന്ദൻകുട്ടിയെയായിരുന്നു.ഒപ്പം, പി.ടി.ഐ പ്രത്യേക ലേഖകൻ എൻ.വി.ആർ സ്വാമിയുമുണ്ടായിരുന്നു.

ദേശായിയും മകനും ഉന്നത ഉദ്യോഗസ്ഥരുമടക്കം 24 പേരെയും കൊണ്ട് വൈകീട്ട് പാലം വിമാനത്താവളത്തിൽ നിന്ന് അസമിലെ ജോർഹട്ടിലേക്ക് പുറപ്പെട്ട,റഷ്യൻ നിർമ്മിതമായ പുഷ്പക് വിമാനം അവിടെയെത്തുന്നതിന് തൊട്ടുമുപ് ഒരു വയലിൽ തകർന്ന് വീണു. മൊറാർജി ദേശായി പരിക്കൊന്നും കൂടാതെ രക്ഷപെട്ടു;ഗോവിന്ദൻകുട്ടിയും. ക്യാപ്റ്റനടക്കം അഞ്ചുപേർ കൊല്ലപ്പെട്ടു. കാന്തി ദേശായിക്കും പരിക്കേറ്റു.

'രാത്രി എട്ടോടെ ജോർഹട്ടിൽ വിമാനം ഇറക്കാൻ ക്യാപ്റ്റൻ ക്ളാരൻസ് ഡി.ലിമ ഒന്നിലധികം പ്രാവശ്യം ശ്രമിച്ചെങ്കിലും നടന്നില്ല. പിന്നെ, പെട്ടെന്ന് താഴേക്ക് മൂക്കുകുത്തി വീണ്,ഒരു കുന്നിൻ ചെരിവിൽ ഇടിച്ചുനിന്നു.വീഴ്ചയിൽ മുൻഭാഗവും ഒരു ചിറകും വേർപെട്ടു.കോക്പിറ്റിൽ നിന്ന് വൈമാനികർ തെറിച്ചുപോയി. എന്റെ തല ഇടിച്ച് മുഴ വന്നു.കണ്ണട തെറിച്ചുവീണു.ഇരുട്ടിൽ തുഴഞ്ഞ് മുന്നോട്ടാഞ്ഞപ്പോൾ ,എമർജൻസി വാതിലിലെത്തി ചെളിയിലേക്ക് എടുത്തുചാടി. അവിടെ ഊർദ്ധ്വശ്വാസം വലിച്ചുകൊണ്ടിരുന്ന ലിമയുടെ നെഞ്ചിൽ തടവാൻ പറഞ്ഞ്,പ്രധാനമന്ത്രിയെ നോക്കാനായി ഇന്റലിജൻസ് ബ്യൂറോ ജോയിന്റ് ഡയറക്ടർ ജോൺ ലാബോ പോയി.ഞാൻ യാന്ത്രികമായി അദ്ദേഹത്തിന്റെ നെഞ്ചിൽ അമർത്തിക്കൊണ്ടിരിക്കെ അസുഖകരമായ ഒരു ഒച്ചയോടെ ലിമ അന്ത്യശ്വാസം വലിച്ചു.മലയാളിയായ കോ-പൈലറ്റ് മാത്യു സിറിയക്കും മരിച്ചു. പ്രധാനമന്ത്രിക്ക് പരിക്കൊ

> **ചരിത്രത്തിൽ ഇടം നേടിയ ആ ന്യൂസ്ബ്രേക്ക് ,ഗോവിന്ദൻകുട്ടിക്ക് കിട്ടിയത് ,ജീവൻ നഷ്ടപ്പെടാത്തതു കൊണ്ടുമാത്രമായിരുന്നില്ല. "എല്ലാം ആകസ്മികം. ആ ദുരന്തവാർത്ത ആദ്യം ലോകത്തെ അറിയിക്കായത് അനുകൂലസാഹചര്യങ്ങൾ തുണച്ചതുകൊണ്ടായിരുന്നു. അന്ന്,ഞാൻ ചെളിയിൽ വീണുകിടന്നിരുന്നുവെങ്കിലോ, മാത്യൂ സന്മനസ് കാട്ടിയിരുന്നില്ലെങ്കിലോ.."**

ന്നും പറ്റിയില്ല.എങ്ങും ഇരുട്ടായിരുന്നു. വിമാനം തകർന്നുവീണ ശബ്ദം കേട്ട്, വിളക്ക് തെളിച്ച്, ഗ്രാമീണരെത്തി. മുട്ടറ്റം ചെളിയുണ്ടായിരുന്നു.അവർ കൊണ്ടുവന്ന കയറ്റുകട്ടിലിൽ കയറ്റി മൊറാർജിയെ തൊട്ടടുത്തുള്ള ഒരു കുടിലിൽ ഇരുത്തി. വെപ്പ്പല്ല് തെറിച്ചുപോയതല്ലാതെ മറ്റു കുഴപ്പമൊന്നുമുണ്ടായിരുന്നില്ല. പക്ഷേ,എല്ലുകൾ പൊട്ടിയ നിലയിൽ എടുത്തുകൊണ്ടുവന്ന മകൻ കാന്തിയുടെ കാര്യത്തിൽ അദ്ദേഹത്തിന് ചെറിയ ആശങ്ക ഉണ്ടായിരുന്നു''.വ്യോമസേനയുടെ ആശുപത്രിയിലേക്കായിരുന്നു എല്ലാവരെയും കൊണ്ടുപോയത്. (ഗ്രാമത്തിൽ ഒരു സൈക്കിൾ പോലും ഉണ്ടായിരുന്നില്ല. രക്ഷാപ്രവർത്തനത്തിനു നേതൃത്വം കൊടുത്ത ഇന്ദ്രേശർ ബറുവ,ലളിത് ബറുവ എന്നീ ഗ്രാമീണർക്ക് പിന്നീട് മൊറാർജി ദേശായി രണ്ടു സൈക്കിളുകൾ സമ്മാനമായി നൽകി).

ആ ദുരന്തവാർത്ത ഡൽഹിയിലെത്തിക്കുകയായിരുന്നു അടിയന്തര കർത്തവ്യം.എട്ടു കിലോമീറ്റർ അകലെ ഒരു കരസേനാകേന്ദ്രമുണ്ടെന്ന് ഗ്രാമീണർ പറഞ്ഞറിഞ്ഞു. ''കണ്ണിൽ കുത്തിയാൽ കാണാത്ത ഇരുട്ടിൽ ഞാനും സ്വാമിയും അങ്ങോട്ട് നടന്നു. നാട്ടുകാർ വഴികാട്ടികളായി.സൈനിക പോസ്റ്റിലെത്തിയപ്പോൾ,അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്നത് മലയാളിയായ ഹവിൽദാർ മാത്യുവായിരുന്നു. ''സ്വാമി കാര്യങ്ങൾ വിസ്തരിച്ച് പറഞ്ഞു.അദ്ദേഹം നൽകിയ ഒട്ടേറെ നമ്പറുകളിലേക്ക് ട്രങ്ക് കാളുകൾ ബുക്ക് ചെയ്തു.ഞാൻ ഒരൊറ്റ നമ്പർ മാത്രമായിരുന്നു നൽകിയത്.അതായിരുന്നു ആദ്യം കിട്ടിയത്.അപ്പോൾ സമയം രാത്രി പത്തേ മുക്കാൽ കഴിഞ്ഞിരുന്നു.ഡൽഹി ന്യൂസ് റൂമിൽ വിളിച്ച്, ന്യൂസ് എഡിറ്റർ പ്രഭാകർ മിശ്രയെ ആ ദുരന്തവാർത്ത അറിയിച്ചു.11 മണിയുടെ ഇംഗ്ലീഷ് ബുള്ളറ്റിനിലൂടെ ലോകം ആ വാർത്ത അറിഞ്ഞു''.

സ്കൂപ്പ് കൈവിട്ടുപോയ സങ്കടവും രോഷവുമായി എന്തൊക്കെയോ പുലമ്പിക്കൊണ്ട് സാമി ഫോൺ കിട്ടാൻ വീണ്ടും ശ്രമിച്ചു.പക്ഷേ,അ

**ഇന്ത്യാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടായിരുന്നു, ഇന്ത്യൻ എക്സ്പ്രസിലെ തുടക്കം. ആദ്യ ദിവസം പാർലമെന്റിൽ എത്തിയപ്പോൾ ഇരു സഭകളിലും ലോക് നായക് ജയപ്രകാശ് നാരായണൻ ആദരാഞ്ജലി അർപ്പിച്ചുകൊണ്ടുള്ള ചരമോപചാരപ്രസംഗങ്ങൾ നടക്കുകയായിരുന്നു. ഇതിനിടെ പുറത്തേക്കിറങ്ങിയ പത്രലേഖകരിലാരോ അടക്കം പറഞ്ഞു;ജെ.പി മരിച്ചിട്ടില്ല! അപ്പോഴേക്കും പാർലമെന്റ് അനുശോചനം നടത്തി പിരിഞ്ഞു**

ഞ്ചാറു മിനിറ്റ് കഴിഞ്ഞപ്പോൾ അത് നിശബ്ദമായി.ഏറെക്കഴിഞ്ഞ് അദ്ദേഹം ഡൽഹി ഓഫീസിൽ വാർത്ത വിളിച്ചുപറയാൻ തുടങ്ങവെ അവർ പറഞ്ഞു;ഞങ്ങൾ ആകാശവാണിയെ ഉദ്ധരിച്ച് വാർത്ത കൊടുത്തിട്ട് കുറെ നേരമായി.

–ചരിത്രത്തിൽ ഇടം നേടിയ ആ ന്യൂസ്ബ്രേക്ക് ,ഗോവിന്ദൻകുട്ടിക്ക്


ഇ എം എസ് ആകുന്നതിന്റെ പ്രാധാന്യം

കിട്ടിയത് ,ജീവൻ നഷ്ടപ്പെടാത്തതുകൊണ്ടുമാത്രമായിരുന്നില്ല. ''എല്ലാം ആകസ്മികം.ആ ദുരന്തവാർത്ത ആദ്യം ലോകത്തെ അറിയിക്കായത് അനുകൂലസാഹചര്യങ്ങൾ തുണച്ചതുകൊണ്ടായിരുന്നു.അന്ന്,ഞാൻ ചെളിയിൽ വീണുകിടന്നിരുന്നുവെങ്കിലോ,മാത്യൂ സന്മനസ് കാട്ടിയിരുന്നില്ലെങ്കിലോ..''

പിന്നെ റേഡിയോയിലും മറ്റും അഭിമുഖങ്ങൾ,ആഖ്യാനങ്ങൾ.ആ വാർത്ത കെ. ഗോവിന്ദൻ കുട്ടിയെ ദേശീയമാദ്ധ്യമരംഗത്ത് ശ്രദ്ധേയനാക്കി.അങ്ങനെയാണ് സുഹൃത്തായ ദി ഇന്ത്യൻ എക്സ്പ്രസിന്റെ കേരളത്തിലെ ചീഫ് എസ്.കെ അനന്തരാമൻ അദ്ദേഹത്തെ ആ പത്രത്തിലേക്ക് ക്ഷണിക്കുന്നത്. സർക്കാർ ജോലി ഉപേക്ഷിച്ച്, ഒട്ടും സുരക്ഷിതമല്ലാത്ത പത്രപ്രവർത്തനരംഗം തെരഞ്ഞെടുക്കുന്നതിൽ സഹപ്രവർത്തകർക്കുള്ള ആശങ്ക അനന്തരാമനെ അറിയിച്ചു. ''തന്നെ പുറത്താക്കിയിട്ടേ അവർ ഗോവിന്ദൻകുട്ടിയെ പുറത്താക്കൂ എന്ന് അദ്ദേഹം പറഞ്ഞു.ആ വാക്കിന്റെ,അതിന്റെ മാത്രം ബലത്തിലാണു ഞാൻ ജോലി രാജിവച്ചത്''.


1970ൽ കേന്ദ്ര ഇൻഫർമേഷൻ സർവീസിൽ ഉദ്യോഗസ്ഥനായി, ഡൽഹി പ്രസ് ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നായിരുന്നു കെ. ഗോവിന്ദൻകുട്ടിയുടെ തുടക്കം. അധികം വൈകാതെ തന്നെ കോഴിക്കോട് ആകാശവാണി വാർത്താവിഭാഗത്തിൽ സബ് എഡിറ്ററായി എത്തി. ഹ്രസ്വമെങ്കിലും ചരിത്രപരമായി പ്രാധാന്യമുള്ളതാണ് അദ്ദേഹത്തിന്റെ ആകാശവാണിക്കാലം.അത് 1979 വരെയെ നീണ്ടുനിന്നുള്ളൂ.

''പത്രപ്രവർത്തനത്തിൽ എനിക്ക് മുൻപരിചയമോ പരിശീലനമോ ഉണ്ടായിരുന്നില്ല''.അക്കാലത്ത് പെരുന്ന കെ.എൻ.നായർ , പി.സി.സി.രാജ ,ഡി.പ്രതാപചന്ദ്രൻ എന്നിവർ അസിസ്റ്റന്റ് ന്യൂസ് എഡിറ്റർമാരായിരുന്നു ; പി.ചന്ദ്രശേഖരൻ കറസ്പോണ്ടന്റും. 'നിലീന എബ്രഹാമുമായി ചേർന്ന് കുറെ ബംഗാളി നോവലുകൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത പ്രതാപചന്ദ്രൻ അതിവിദഗ്ദ്ധനായ,ധിഷണാശാലിയായ

എഡിറ്ററായിരുന്നു.''എനിക്കൊരു ഗുരുവുണ്ടെങ്കിൽ,അത് അദ്ദേഹമാണ്.അദ്ദേഹം കോപ്പിയിൽ ഒന്ന് കോറിയാൽ,എഴുതിയ വാക്ക് പൊന്നാകുമെന്ന് ഞാൻ പറയുമായിരുന്നു''. അടിയന്തരാവസ്ഥക്കാലത്ത് സർക്കാർ അദ്ദേഹത്തെ സെൻസർ ഓഫീസറായി നിയമിച്ചു.അപ്പോഴും ആകാശവാണിയിൽ തന്നെയായിരുന്നു,ഓഫീസ്. നാൽപ്പത്തിരണ്ടാം വയസ്സിൽ,പെട്ടെന്നുണ്ടായ അസുഖത്തെത്തുടർന്ന് പ്രതാപചന്ദ്രൻ അന്തരിച്ചു.വലിയ ആഘാതമായിരുന്നു,അത്. ''ഞാൻ ആദ്യം എഴുതിയ മരണക്കുറിപ്പ് ,ഞാൻ കണ്ട ഏറ്റവും നല്ല ആ കോപ്പി എഡിറ്ററെക്കുറിച്ചായിരുന്നു''.

കോഴിക്കോട് നിന്ന് ഗോവിന്ദൻകുട്ടി ഐസ് വാളിലേക്ക് മാറ്റി നിയമിക്കപ്പെട്ടു. അവിടെ, ആകാശവാണിയുടെ ന്യൂസ് യൂണിറ്റ് തുടങ്ങുന്നത് ഞാനാണ് .ഭാഷ അറിയാത്ത എന്നെ സഹായിക്കാൻ മിസോ യുവതികളുണ്ടായിരുന്നു''. പിന്നെ,മിസോറാമിൽ നിന്ന് തിരുവനന്തപുരത്ത് അസിസ്റ്റന്റ് ന്യൂസ് എഡിറ്ററായെത്തി..അവിടെ നിന്നായിരുന്നു ഗോവിന്ദൻകുട്ടി ഡൽഹിയിൽ എത്തിയത്.

1979 മാർച്ച് 22ന് അദ്ദേഹം ആകാശവാണി വിട്ട്,ഇന്ത്യൻ എക്സ്പ്രസിന്റെ ഡൽഹി ബ്യൂറൊയിൽ ചേർന്നു – റോവിങ്ങ് കറസ്പോണ്ടന്റായി. അന്ന് എസ്. മുൾഗാവ്ക്കറായിരുന്നു പത്രാധിപർ.മൂന്നു പതിറ്റാണ്ടിലേറെ നീണ്ടുനിന്ന ഇംഗ്ലീഷ് മാദ്ധ്യമപ്രവർത്തനം തുടങ്ങുന്നതങ്ങനെ.പിന്നെ ഫൈനാൻഷ്യൽ എക്സ്പ്രസ്, ഇന്ത്യ ടുഡേ,ദ പയനീയർ പത്രങ്ങളി



പിതാവും പുത്രനും പഴയ പടി തർക്കമായ്
നൂറ്റാണ്ടുകളിലൂടിഴയുന്ന തർക്കം, അഴുകുന്ന തർക്കം.
മകനേ നിനക്കായ് ഞാൻ പെട്ട പാടൊക്കെ ഓർക്കുന്നുവോ നീ?
നിൻ നേർമ്മയും നിത്യവചനങ്ങളും
ഞാൻ നിനക്കേകിയ വീടാക്കടം,?
ഓർക്കുന്നു ഞാൻ, മകൻ പറഞ്ഞു,
നിന്റെ അപദാനങ്ങൾ പാടുന്ന പാണനായ്
നിന്നോർമ്മക്കുറിശേന്തി വീണതും
വീണ്ടുമൊരു വിലാപം പൊഴിച്ചതും
ഒരു നിമിഷം ഒരു നിമിഷം, നീ കൈ വെടിഞ്ഞതും
ഓർക്കുന്നുവോ,? ഓർക്കുന്നു ഞാൻ,
നിത്യവചനത്താൽ, വ്യഥയാൽ, ഉണങ്ങാത്ത മുറിവാൽ
നിന്നെ നീയറിയാതെ കടപ്പെടുത്തിയതും ഓർക്കുന്നു ഞാൻ.
ഒരു നിമിഷം., ഒരു നിമിഷം,,
കടം കൊണ്ടതാരോ? കടം തന്നതാരോ,
നീയോ ഞാനോ, നാമോ, എന്നുമെങ്ങും കടപ്പെട്ടു കേഴും
പിതാവോ,.
കടം കേറി മറയും സൽപുത്രനോ?
നൂറ്റാണ്ടുകളിലൂടഴുകുന്ന. പഴയ ചോദ്യം
മറുമൊഴി കേൾക്കാത്ത വേണ്ടാത്ത ചോദ്യം.

യൌവനം കൈ മാറി, ലാലസയിൽ എരിയും
പിതാവിന്റെ വാർദ്ധകമേറ്റ പുരുവോ,
പുരുവിന്റെ ആത്മബലിയിൽ കൊഴുക്കും യയാതിയുടെ
പുരാണമോ,
അച്ഛന്റെ കാമകേളിക്കായ് തൻ
അന്തകരണങ്ങളടക്കിയ ദേവവ്രതനോ
വിളിച്ചേടത്തെല്ലാം വിത്തുപോകാൻ വരുന്ന
വിരുപനാം വ്യാസനോ,

മകനോ, മകുടം ചൂടി തന്തയെ തടവിലിട്ട മുകിലനോ
ഏറിയ പ്രായത്തിലും പ്രണയത്തിൻ ഓർമ്മ ഓരുക്കാൻ
ജനസഞ്ചയത്തിന്റെ ചോരയിൽ, തുവേർപ്പിൽ
കാലത്തെ വെല്ലും വെണ്മാടം വിരചിച്ച നിത്യകാമുകനോ,
ആരാരെ കടപ്പെടുത്തി, ആർ കടം കൊണ്ടു, വീടാക്കടം,
അച്ഛനോ മകനോ, പെരും തച്ചനോ തച്ചന്റെ പുന്നാരമകനോ?
വെളിച്ചം പൊട്ടിവിടർന്നു, സൂര്യൻ പറഞ്ഞു:
ഇതെൻ ഭാവന, ഇതെന്റെ കൽപന.

കുളിരൊളി തഴുകിയൊഴുകി, നിലാവു മൊഴിഞ്ഞു:
ഇതെന്റെ നാദം, ഇതെൻ പദതാളം

മലർവാടികളിൽ, മരുഭൂമികളിൽ, മണം പരന്നു പതഞ്ഞു:
വെയിലും വെളിച്ചവും ഒളിച്ചു കളിച്ചു കലഹിച്ചു
ഇതെൻ മൌനം, ഇതെന്റെ ശ്വാസം
ഇതാണെൻ വികാരം, ഇതേ വിരാഗം., ഇതെൻ വിശ്വരൂപം

വീതരാഗഭയക്രോധം ഇതാ ഈ വാഴ്വിൽ അമരുന്നു,
നീയെന്നിൽ അലിയുന്നു, നീയായി ഞാനായി നിയതിയായി,
നിഴലായി നീളുന്ന നിനവായ്, നിലാവിൻറെ നീലിമയായി
നീ കടം കൊണ്ട ജീവൻ മിടിക്കുന്ന,
നിന്നിൽ കുരുത്തും പഴുത്തും വിളയുന്ന
കാമവും കായും കാരണവും കവിയുടെ ചൊൽക്കൊണ്ട
കാഴ്ച്ചയിൽ, ആകാശത്തിൽ ഒളി മിന്നി മറയുന്ന പ്രകാശത്തിൽ
നിന്റെ മുഗ്ധസ്വപ്നങ്ങളിൽ നീയായ് നിറഞ്ഞതും
ഞാനായ് വിളഞ്ഞും വഴിഞ്ഞും
വിശ്വമാകെ പടർന്നും നില കൊൾവതും
ഗോളഗീതമായ് നിലപ്പതും
ഞാൻ താൻ, അതേ, ഞാൻ നീ, എന്നറിക നീ,
നീ വെറും കടം കൊണ്ട പാഴ്പൊന്നിൻ പണ്ടം.
ഞാൻ പിണം, നിണത്തിൻ തുടിപ്പോരാത്ത പിണം,
ഞാൻ കടം കൊണ്ടവൻ, നിൻ വികാസത്തിന്റെ
ശ്വാസവിശ്വാസമായ്, നീയായ് വളർന്നതേ നിത്യസത്യം.

ലും അദ്ദേഹം പ്രവർത്തിച്ചു.

ഇന്ത്യാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടായിരുന്നു, ഇന്ത്യൻ എക്സ്പ്രസിലെ തുടക്കം.ആദ്യ ദിവസം പാർലമെന്റിൽ എത്തിയപ്പോൾ ഇരു സഭകളിലും ലോക് നായക് ജയപ്രകാശ് നാരായണൻ ആദരാഞ്ജലി അർപ്പിച്ചുകൊണ്ടുള്ള ചരമോപചാരപ്രസംഗങ്ങൾ നടക്കുകയായിരുന്നു.ഇതിനിടെ പുറത്തേക്കിറങ്ങിയ പത്രലേഖകരിലാരോ അടക്കം പറഞ്ഞു;ജെ.പി മരിച്ചിട്ടില്ല! അപ്പോഴേക്കും പാർലമെന്റ് അനുശോചനം നടത്തി പിരിഞ്ഞു.ആ മരണ വാർത്ത വന്ന വഴി ദുരൂഹമായിരുന്നു. ആകാശവാണിയിലായിരിക്കെ, 1978ൽ പട്നയിൽ മൂന്നാഴ്ച താമസിച്ച് ജെ.പിയുടെ ആരോഗ്യനില ഗോവിന്ദൻകുട്ടി റിപ്പോർട്ട് ചെയ്തിരുന്നു.

ദേശീയ,സംസ്ഥാന രാഷ്ട്രീയത്തെ പിടിച്ചുലച്ച ഒട്ടേറെ വാർത്തകൾ മൂന്നര പതിറ്റാണ്ട് നീണ്ടുനിന്ന ഗോവിന്ദൻ കുട്ടിയുടെ പത്രജീവിതത്തിലുണ്ട്.അതിലൊന്ന് കിട്ടിയത് തികച്ചും യാദൃച്ഛികമായി. അന്ന് എസ്.എഫ്.ഐ നേതാവായിരുന്ന എൻ.പി ചെക്കുട്ടി ഒരു സമ്മേളനത്തിൽ പങ്കേടുക്കാൻ ഡൽഹിയിലെത്തി. ' ഞാൻ ദേശാഭിമാനി ബ്യൂറോയിലിരിക്കുമ്പോൾ അവിടെയെത്തിയ അദ്ദേഹം ഒരു പുസ്തകത്തിന്റെ അന്വേഷണത്തിലായിരുന്നു.അടിയന്തരാവസ്ഥയെയും ഇന്ദിരാഗാന്ധിയെയും ന്യായീകരിച്ച്,രണ്ട് റഷ്യൻ ചരിത്രകാരന്മാർ എഴുതിയ പുസ്തകം സി.പി.ഐയുടെ പ്രസിദ്ധീകരണശാലയായ പീപ്പിൾസ് പബ്ളിഷിങ്ങ് ഹൗസായിരുന്നു ഇറക്കിയത്.സി.പി.ഐ നയം മാറ്റി,ഇന്ദിരയെ തള്ളിക്കളഞ്ഞ സമയമായിരുന്നു,അത്.അതിനാൽ പുസ്തകം അവർ പിൻവലിച്ചെന്ന സംശയവും ചെക്കുട്ടിക്കുണ്ടായിരുന്നു''. അജയ് ഭവനിലും ന്യൂ ഏജിലും തെരഞ്ഞ് ആ പുസ്തകം ഗോവിന്ദൻ കുട്ടി കണ്ടെടുത്തു. പുസ്തകത്തിന്റെ വിൽപ്പന നിർത്തിയതായി പ്രസിദ്ധീകരണശാലയിൽ അന്വേഷിച്ച് ഉറപ്പുവരുത്തി.'സി.പി.ഐ ഇന്ദിരാസ്തുതി പിൻവലിക്കുന്നു' എന്ന ഒന്നാം പേജ് വാർത്ത പത്രത്തിൽ വന്നപ്പോൾ മാത്രമായിരുന്നു പാർട്ടിക്കാർക്ക് കാര്യം പിടികിട്ടിയത്. ''അടിയന്തരാവസ്ഥയിൽ ജോലിപോയി നാടുവിടേണ്ടിവന്ന പത്രാധിപർക്ക് ആ റിപ്പോർട്ട് ഏറെ ഇഷ്ടമായി.എഡിറ്റോറിയൽ യോഗത്തിൽ അദ്ദേഹം എന്നെ അഭിനന്ദിച്ചു''.

സി.പി.ഐ, കോൺഗ്രസ് ബന്ധം ഉപേക്ഷിച്ച് ഇടതുപക്ഷത്തേക്ക് പോകുന്നതിനെ പാർട്ടി ചെയർമാൻ എസ്.എ ഡാങ്കെയും കെ.കല്യാണസുന്ദരവും എതിർത്തു. മുംബൈയിലായിരുന്ന ചെയർമാൻ പാർട്ടി ജനറൽ സെക്രട്ടറിയുടെ നിലപാടുകളെ തള്ളി,ഇന്ദിരാഗാന്ധിയെ പിന്തുണച്ചുകൊണ്ട് പ്രസ്താവനകളിറക്കി നേതൃത്വത്തെ വെട്ടിലാക്കി.ആർ.കെ ഗാർഗ്ഗും മൊഹിത് സെന്നും ഡാങ്കെ പക്ഷത്തായിരുന്നു. ''ശ്രീവാസ്തവ

**പി.സി.സി.രാജ ,ഡി.പ്രതാപചന്ദ്രൻ എന്നിവർ അസിസ്റ്റന്റ് ന്യൂസ് എഡിറ്റർമാരായിരുന്നു ; പി.ചന്ദ്രശേഖരൻ കറസ്പോണ്ടന്റും. 'നിലീന എബ്രഹാമുമായി ചേർന്ന് കുറെ ബംഗാളി നോവലുകൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത പ്രതാപചന്ദ്രൻ അതിവിദഗ്ദ്ധനായ,ധിഷണാശാലിയായ എഡിറ്ററായിരുന്നു.''എനിക്കൊരു ഗുരുവുണ്ടെങ്കിൽ,അത് അദ്ദേഹമാണ്. അദ്ദേഹം കോപ്പിയിൽ ഒന്ന് കോറിയാൽ,എഴുതിയ വാക്ക് പൊന്നാകുമെന്ന് ഞാൻ പറയുമായിരുന്നു''.**

ഞങ്ങളെ,ഡാങ്കെ താമസിക്കുന്ന ഹോട്ടലിലെത്തിച്ചു.ആളറിയാതിരിക്കാൻ വായ് മുഴുവൻ മൂടിക്കെട്ടിയായിരുന്നു അദ്ദേഹം വന്നത്''. ഡാങ്കെയ്ക്കൊപ്പം മകൾ റോസ ദേശ് പാണ്ഡെയുമുണ്ടായിരുന്നു.അദ്ദേഹത്തിന് പേടിയൊന്നുമുള്ളതായി തോന്നിയില്ല. ' കാരണം,അദ്ദേഹത്തിന് നഷ്ടപ്പെടാൻ ചങ്ങലപോലും ഉണ്ടായിരുന്നില്ല.ഞങ്ങളുടെ ദുരുദ്ദേശ്യത്തെക്കുറിച്ച് പറഞ്ഞപ്പോൾ, അദ്ദേഹം ചിരിച്ചു''.ബദൽ രേഖ നൽകാൻ അദ്ദേഹം റോസയോട് ആംഗ്യം കാണിച്ചു.രേഖയുടെ രണ്ടു കോപ്പി കിട്ടി.അടുത്ത ദിവസം രണ്ടു പത്രങ്ങളിലും വലിയ പ്രാധാന്യത്തോടെ ഡാങ്കെയുടെ ബദൽ രേഖ അച്ചടിച്ചു വന്നു.ബാക്കിയെല്ലാം ചരിത്രം.പാർട്ടി വിരുദ്ധപ്രവർത്തനത്തിന്റെ പേരിൽ ഡാങ്കെയും റോസയും പുറത്താക്കപ്പെട്ടു.പിന്നാലെ മൊഹിത് സെന്നും.

പാർട്ടി പരിപാടിയും ഭരണഘടനയും മാറ്റി എഴുതാൻ നേതൃത്വം നിയോഗിച്ചത് എൻ.ഇ ബലറാമിനെയായിരുന്നു.ബലറാം സമർപ്പിച്ച പുതുക്കിയ പാർട്ടിപ്പരിപാടിയും ഭരണഘടനയും ചർച്ച ചെയ്യാൻ 1992 ഏപ്രിലിൽ ഹൈദരാബാദിൽ പാർട്ടി കോൺഗ്രസ് ചേർന്നപ്പോൾ,അവ സ്വീകരിക്കപ്പെട്ടില്ല.ഇന്ദ്രജിത് ഗുപ്തയ്ക്ക് പിന്നാലെ പുതിയ ജനറൽ സെക്രട്ടറിയാകുമെന്ന് കരുതിയിരുന്ന ബലറാം അനഭിമതനായി.1994 ജൂലൈയിൽ അദ്ദേഹം മരിച്ചു. രണ്ടു വർഷത്തിനുശേഷം എ.ബി ബർധൻ ജനറൽ സെക്രട്ടറിയായി.

രാജീവ് ഗാന്ധി കൊല്ലപ്പെട്ടതിനെത്തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ജയിച്ച് ,1991ജൂൺ 21 ന് പി.വി നരസിംഹറാവു പ്രധാനമന്ത്രിയായി. രാഷ്ട്രീയം ഉപേക്ഷിച്ച് ഒതുങ്ങിക്കൂടിയിരുന്ന അദ്ദേഹം അതോടെ ഊർജ്ജസ്വലനായി.ആളിക്കത്തിയ വിവാദങ്ങളുടെ കാലമായിരുന്നു,അത്. അദ്ദേഹത്തിന് ഓഹരിദല്ലാൾ ഹർഷദ് മേത്ത ,ഒരു കോടി രൂപ കൈക്കൂലിയായി നൽകിയെന്ന ഞെട്ടിക്കുന്ന വാർത്ത ഇന്ത്യൻ എക്സ്പ്രസിൽ വന്നത് പ്രകമ്പനം സൃഷ്ടിച്ചു. ഓഹരി കുംഭകോണത്തിൽ സാമ്പത്തിക തിരിമറിക്ക് കേസിൽ അകപ്പെട്ട അയാൾ അതിൽ നിന്ന് രക്ഷപെടാൻ ഒരുകോടി രൂപ , വ്യവസായിയായ ഒരു രാജ്യസഭാംഗത്തിനൊപ്പം, പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിലെത്തി, സ്യൂട്ട്കേസിലാക്കി റാവുവിനു നൽകി.അദ്ദേഹം അതിൽ തൊട്ട് അനുഗ്രഹിച്ചു എന്നായിരുന്നു വാത്ത.

–അത് എഴുതിയത് കെ.ഗോവിന്ദൻകുട്ടി.അന്ന് പത്രാധിപർ പ്രഭു ചാവ്‌ള. ''ഇന്ത്യ ടുഡേയിൽ നിന്നുവന്ന അദ്ദേഹം ഭാരതീയ ജനതാപാർട്ടിക്കാ



രനായിരുന്നു.എല്ലാ നേതാക്കളുമായും അടുപ്പം പുലർത്തിയിരുന്ന അദ്ദേഹത്തിനു നരസിംഹ റാവുവിനോട് ആദ്യം വലിയ അടുപ്പവും ആദരവുമായിരുന്നു.പിന്നെ എങ്ങനെയോ തെറ്റി''.ഒരു ഞായറാഴ്ച ന്യൂസ് റൂമിലെത്തിയപ്പോൾ മുംബൈയിൽ നിന്ന് ചാവ്‌ള വിളിച്ചു–ഒരു കിടിലൻ വാർത്തയുമായി വരുന്നുണ്ട്.കാത്തിരിക്കണം. ''കേട്ടറിഞ്ഞ വിവരമായിരുന്നു,അത്.ആരോ പറഞ്ഞു;പ്രഭു കേട്ടു.ഞാൻ കഥയായി കൊരുത്തെടുത്തു.തന്നെത്തന്നെ നാണം കെടുത്താവുന്ന ഒരു നുണ,രാഷ്ട്രീയ ലാഭം ഉണ്ടാകാമെങ്കിൽ പോലും ഒരു എഡിറ്ററും തന്റെ പത്രത്തിൽ തള്ളിക്കേറ്റുകയില്ലല്ലോ. പ്രധാനമന്ത്രി പണപ്പെട്ടി തൊട്ടനുഗ്രഹിച്ചെന്ന് എഴുതിയാൽ വാർത്തയുടെ വിശ്വാസ്യത കുറയുമെന്ന് ഞാൻ വാദിച്ചെങ്കിലും മുംബൈയിലെ ഒരു പ്രമാണി നൽകിയ വാർത്ത സത്യം തന്നെയെന്ന് അദ്ദേഹം പറഞ്ഞു''.

രാജ്യത്തെ പിടിച്ചുലച്ച ആ വാർത്തയിൽ ബ്യൂറോ ചീഫായ ദേവ് സാഗർ സിങ്ങിനു സംശയമുണ്ടായി.പത്രാധിപർ പങ്കെടുത്ത യോഗത്തിൽ അദ്ദേഹം ഗോവിന്ദൻകുട്ടിയോട് ചോദിച്ചു, ''ഇതിനൊക്കെ വല്ല തെളിവുമുണ്ടോ?''. എല്ലാറ്റിന്റെയും വീഡിയോ റാം ജത് മലാനിയുടെ കൈയിലുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.വിവാദങ്ങൾ കത്തിപ്പടർന്നപ്പോഴും നരസിംഹറാവു മൗനം പാലിച്ചു. ''എന്തിലും കുലുങ്ങാത്തയാളായിരുന്നു,റാവു.കൊടുങ്കാറ്റ് വരുമ്പോൾ,അതിനെ അതിന്റെ വഴിക്ക് അടിച്ചുപോകാൻ വിടുകയായിരുന്നു അദ്ദേഹത്തിന്റെ ജീവിതതന്ത്രം''. ജത് മലാനിക്കൊപ്പം പത്രസമ്മേളനം നടത്തിയ ഹർഷദ് മേത്ത ആരോപണങ്ങൾ ആവർത്തിച്ചു. പക്ഷേ,മേത്ത സ്യൂട്ട് കേസുമായി പോയ സമയത്ത് റാവു, പുറത്ത് ഒരു ചടങ്ങിൽ പങ്കെടുക്കുകയായിരുന്നുവെന്ന വിശ്വസനീയമായ വിശദീകരണം പുറത്തുവന്നു.അപ്പോൾ ബ്യൂറോ ചീഫ് ഗോവിന്ദൻകുട്ടിയോട് ചോദിച്ചു, ''നമ്മൾ കബളിപ്പിക്കപ്പെട്ടു;അല്ലേ?''പക്ഷേ,അത് സമ്മതിയ്ക്കാൻ പത്രാധിപർ ഒരുക്കമല്ലായിരുന്നു. 'നമ്മൾ മാത്രമല്ലല്ലോ,രാജ്യം മുഴുവൻ കബളിപ്പിക്കപ്പെട്ടില്ലേ?' എന്നായിരുന്നു പ്രഭു ചാവ്‌ള ചോദിച്ചത്.

പ്രധാനമന്ത്രി പി.വി.നരസിംഹറാവുവുമായി ശത്രുതയിലായി ,തെരഞ്ഞെടുപ്പുകളെല്ലാം മാറ്റിവയ്ക്കുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കിയ ഒരു ഉത്തരവ് തെരഞ്ഞെടുപ്പ് കമ്മീഷണറായ ടി.എൻ ശേഷൻ പുറത്തിറക്കി. ആ സമയത്തായിരുന്നു,അദ്ദേഹത്തെ കണ്ട് സംസാരിക്കാൻ ഗോവിന്ദൻകുട്ടി നിയോഗിക്കപ്പെട്ടത്.''പ്രശ്നങ്ങളോട് ഓവർ റിയാക്ട് ചെയ്യുന്ന സ്വഭാവം.അധൃഷ്യൻ.ആർക്കും അങ്ങനെ സമീപിക്കാൻ കഴിയാത്ത വ്യക്തിത്വം.ആദ്യമായി കണ്ടപ്പോൾ എന്നെ അളക്കുന്ന മട്ടിലായിരുന്നു പെരുമാറ്റം''.

അദ്ദേഹത്തിന്, എന്തുകൊ

ണ്ടോ,ഗോവിന്ദൻകുട്ടിയെ ഇഷ്ടമായി. തിരഞ്ഞെടുപ്പ് ചെലവിന്റെ കണക്ക് കൊടുക്കാത്തവരെയും ക്രമത്തിലധികം ചെലവാക്കുന്നവരെയും അയോഗ്യരാക്കാൻ അദ്ദേഹം നീക്കം നടത്തി. അതാത് സംസ്ഥാനങ്ങളിൽ സ്ഥിരമായി താമസിക്കുന്നവർക്ക് മാത്രമേ അവിടെനിന്ന് രാജ്യസഭാംഗങ്ങളാകാൻ പറ്റൂ എന്ന വ്യവസ്ഥയും അദ്ദേഹം കൊണ്ടുവന്നു. ഭരണാധികാരികളെയും രാഷ്ട്രീയ പാർട്ടികളെയും ശേഷന്റെ നടപടികൾ ചൊടിപ്പിച്ചു. എങ്കിലും ജനങ്ങളുടെ പിന്തുണ അദ്ദേഹത്തിനായിരുന്നു. അദ്ദേഹം കളം നിറഞ്ഞു നിൽക്കുമ്പോൾ, ഡൽഹിയിലെ കൊണാർക്ക് പപബ്ലിക്കേഷൻസ് അദ്ദേഹത്തിൻറെ ജീവചരിത്രം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു .ഗോവിന്ദൻകുട്ടിയെ ചുമതല ഏൽപ്പിക്കണമെന്നും ശേഷൻ നിർദ്ദേശിച്ചു.

ഔദ്യോഗിക വസതിയിൽ രാവിലെയും വൈകുന്നേരവും ദിവസം മൂന്നു-നാല് മണിക്കൂർ ശേഷൻ തന്റെ കഥ പറഞ്ഞു..'വീട്ടിൽ ചമ്രം പിടിച്ചിരുന്നാണ് അദ്ദേഹം സംസാരിച്ചിരുന്നത്.അദ്ദേഹത്തിന്റെ പൊട്ടിത്തെറികളും പൊട്ടിച്ചിരികളും , മന്ത്രിമാരെ ഒതുക്കുന്ന രീതികളും കണ്ടു നിന്നു''.അങ്ങനെയാണ് ആ ജീവചരിത്രഗ്രന്ഥം (T.N.Seshan;An intimate story) എഴുതിയത്. പ്രകാശനത്തിന്റെ തലേന്ന് ചെന്നൈ ഹൈക്കോടതിയിൽ മുഖ്യമന്ത്രി ജയലളിത നൽകിയ ഹർജിയിൽ, പുസ്തകപ്രകാശനം നിരോധിച്ചു.തമിഴ്നാടിനെ താഴ്ത്തിക്കെട്ടുന്ന പരാമർശങ്ങൾ അതിൽ ഉണ്ടെന്നായിരുന്നു പരാതി.തമിഴ്നാട്ടിൽ പുസ്തകം വലിയ കോലാഹലം സൃഷ്ടിച്ചു .കരുണാനിധി, ഗോപാലസ്വാമി, ഇ. വി രാമസ്വാമിയുടെ ഭാര്യ തുടങ്ങിയവർ കോടതിയിലെത്തി.പുസ്തകത്തിന്റെ കോപ്പികൾ ചിലർ കത്തിച്ചു. ചെന്നൈയിൽ സന്ദർശനത്തിനെത്തിയ ടി.എൻ ശേഷന് പ്രതിഷേധം കാരണം പകൽ മുഴുവൻ വിമാനത്താവളത്തിൽ കാത്തിരുന്ന ശേഷം ഡൽഹിക്ക് മടങ്ങേണ്ടി വന്നു.ശേഷൻ അണ്ണാദുരൈയെ ആക്രമിച്ചു എന്നായിരുന്നു ദ്രാവിഡ പാർട്ടികളുടെ ആക്ഷേപം.വിപണിയിലുള്ള പുസ്തകം മുഴുവൻ പിൻവലിക്കാൻ ചില കോടതികൾ ഉത്തരവിട്ടു.അതോടെ, വിവാദ ഭാഗങ്ങൾ ഒഴിവാക്കി പുസ്തകം വീണ്ടും അച്ചടിച്ചു.

രാജീവ് വധം അന്വേഷിച്ച ജെയിൻ കമ്മീഷന് മുമ്പാകെ, പുസ്തകത്തിലെ ഒരു പരാമർശത്തിന്റെ പേരിൽ, ഗോവിന്ദൻകുട്ടിക്ക് ഹാജരാകണ്ടിയും വന്നു.രാജീവ്

> **ബദൽ രേഖ നൽകാൻ അദ്ദേഹം റോസയോട് ആംഗ്യം കാണിച്ചു. രേഖയുടെ രണ്ടു കോപ്പി കിട്ടി. അടുത്ത ദിവസം രണ്ടു പത്രങ്ങളിലും വലിയ പ്രാധാന്യത്തോടെ ഡാങ്കെയുടെ ബദൽ രേഖ അച്ചടിച്ചുവന്നു. ബാക്കിയെല്ലാം ചരിത്രം. പാർട്ടി വിരുദ്ധപ്രവർത്തനത്തിന്റെ പേരിൽ ഡാങ്കെയും റോസയും പുറത്താക്കപ്പെട്ടു. പിന്നാലെ മൊഹിത് സെന്നും.**

ഗാന്ധി വധത്തിന് പിന്നിൽ വിദേശകരങ്ങൾ ഉണ്ടെന്ന ഒരു സംശയം അദ്ദേഹം പുസ്തകത്തിൽ പങ്കുവെച്ചിരുന്നു.'എന്നെ ജയിൻ കമ്മീഷൻ ആറുമണിക്കൂർ വിസ്തരിച്ചു. ശേഷന് അറിയാവുന്നത് എന്തൊക്കെ എന്ന് എന്നെക്കൊണ്ട് പറയിപ്പിക്കാനായിരുന്നു ശ്രമം'. കമ്മീഷന്റെ അന്വേഷണം നീണ്ടു പോയി. റിപ്പോർട്ടിൽ ഡി.എംകെയെ രാജീവ് വധവുമായി ബന്ധിപ്പിക്കുന്ന നിരീക്ഷണം ഉണ്ടെന്ന വാർത്തകൾ പുറത്തുവന്നതോടെ ഐ.കെ ഗുജ്റാൾ മന്ത്രിസഭയ്ക്കുള്ള പിന്തുണ അവർ പിൻവലിച്ചതും ചരിത്രം.'ഒടുവിൽ, കമ്മീഷൻ റിപ്പോർട്ട് പുറത്തുവന്നപ്പോൾ, അങ്ങനെ ഒരു നിരീക്ഷണവും അതിൽ ഉണ്ടായിരുന്നില്ല '.

കെ. കരുണാകരന്റെ ജീവചരിത്രവും പിൽക്കാലത്ത് ഗോവിന്ദൻകുട്ടി എഴുതിയിട്ടുണ്ട്.അദ്ദേഹത്തെ മുഷിപ്പിക്കുകയും ചൊടിപ്പിക്കുകയും അദ്ദേഹത്തിന് കണ്മഷമുണ്ടാക്കുകയും ചെയ്ത റിപ്പോർട്ടുകൾ ഞാൻ എഴുതിയിരുന്നു.പക്ഷേ,അതൊക്കെ അദ്ദേഹം വ്യക്തിപരമായി എടുക്കുകയോ അതിന്റെ പേരിൽ ശത്രുത പുലർത്തുകയോ ചെയ്തില്ല.അങ്ങനെയുള്ള വിരോധം വച്ചുപുലർത്തുന്നയാളായിരുന്നില്ല,ലീഡർ'. രാജീവ് ഗാന്ധി വധത്തിന് ശേഷം സോണിയ ഗാന്ധിയെ പ്രധാനമന്ത്രിയാക്കാൻ ശ്രമിച്ചപ്പോൾ കരുണാകരൻ അതിനെ അനുകൂലിച്ചില്ല.അതിന്റെ പേരിൽ, തന്നെ ചിലർ വില്ലനാക്കാൻ നോക്കിയതായി അദ്ദേഹം ഗോവിന്ദൻകുട്ടിയോട് പറഞ്ഞിട്ടുണ്ട്. 'അങ്ങ് കരിങ്കാലി എന്ന് അറിയപ്പെടാൻ കാരണമെന്താണ്?',ലീഡറോട് ഈ ചോദ്യം ചോദിച്ചു കൊണ്ട്,ഏഷ്യാനെറ്റിൽ ഗോവിന്ദൻകുട്ടി അവതരിപ്പിച്ചിരുന്ന 'കാഴ്ചവട്ടം' പരിപാടിയുടെ ഒരു എപ്പിസോഡ് ആരംഭിക്കാമെന്ന് പറഞ്ഞപ്പോൾത്തന്നെ പരിപാടിയുടെ പ്രൊഡ്യൂസർ എതിർത്തു. അദ്ദേഹം തട്ടിക്കയറും,കാണികൾ എതിർക്കും എന്നൊക്കെ അദ്ദേഹം ഭയന്നു. പക്ഷേ, കരുണാകരൻ ഈ ചോദ്യം കേട്ട് ചിരിച്ചു.'അതും ഒരു ബഹുമതി എന്ന മട്ടിലായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം.തന്നെ അങ്ങനെ വിളിക്കുന്നതിൽ അദ്ദേഹം രസിക്കുക പോലും ചെയ്തിരുന്നു'. വി.എസുമായും ഗോവിന്ദൻകുട്ടിക്ക് ഏറെ അടുത്ത ബന്ധം ഉണ്ടായിരുന്നു.'എങ്ങനെയോ അദ്ദേഹം എനിക്ക് അല്പം സ്വാതന്ത്ര്യം അനുവദിച്ചിരുന്നു എന്ന് തോന്നുന്നു.വി.എസ് പാർട്ടി സെക്രട്ടറിയായിരിക്കുമ്പോൾ, എ.കെ.ജി സെന്ററിലെ മുറിയിൽ ഏറെ നേരം സംസാരിച്ചിരിക്കുമായിരുന്നു. ഒരിക്കൽ ഇതുകണ്ട്, എം.വി രാഘവൻ അസ്വസ്ഥനായി ,ചോദിച്ചു , 'അങ്ങേരുമായി നിങ്ങൾ ഇത്രനേരം എന്താണ് സംസാരിക്കുന്നത്?'

ഇടമലയാർ അഴിമതി കേസിൽ ബാലകൃഷ്ണപിള്ളയ്ക്ക് ശിക്ഷ വാങ്ങി കൊടുത്ത സുദീർഘമായ നിയമയുദ്ധം വി.എസായിരുന്നു നടത്തിയത്. ഇതിൽ അദ്ദേഹം ഇടപെടാൻ

കാരണം ഗോവിന്ദൻകുട്ടിയായിരുന്നു. സി. പി. എം നേതാവ് വി.വിശ്വനാഥ മേനോൻ, ഒരിക്കൽ തന്റെ ബന്ധുവും ഇടമലയാർ പദ്ധതിയുടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറും ബാലകൃഷ്ണപിള്ളയുടെ നോട്ടപ്പുള്ളിയുമായിരുന്ന വി.ജി.കെ മേനോനെ ഗോവിന്ദൻകുട്ടിയുടെ അടുത്തേയ്ക്ക് പറഞ്ഞു വിട്ടു .

പദ്ധതിയിലെ അഴിമതികളെക്കുറിച്ചായിരുന്നു അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത്. പക്ഷേ, പത്രത്തിൽ കൊടുക്കാൻ വേണ്ടത്ര തെളിവുകൾ ഉണ്ടായിരുന്നില്ല. അതു കിട്ടും വരെ കാത്തിരിക്കുന്നതും ശരിയായി തോന്നിയില്ല. ഇക്കാര്യം വി. എസിനെ അറിയിച്ചപ്പോൾ താൻ അത് ഏറ്റെടുക്കാമെന്ന് അദ്ദേഹം പറഞ്ഞു. 'മേനോൻ പറഞ്ഞ കാര്യങ്ങളെ ആസ്പദമാക്കി ഞാൻ പ്രസ്താവന തയ്യാറാക്കി. ഇന്ത്യൻ എക്സ്പ്രസ് ഓഫീസിലെത്തി അത് കേട്ടെഴുതിയത് ദേശാഭിമാനി ലേഖകനായിരുന്ന എസ്.ആർ ശക്തിധരൻ'. ഇതിനിടയിൽ ഇടമലയാർ അണക്കെട്ടിൽ നിന്ന് ടണലിലൂടെ വൈദ്യുതി നിലയത്തിലേക്ക് രഹസ്യമായി വെള്ളം തുറന്നു വിട്ടപ്പോൾ ചോർച്ച ഉണ്ടായി. ആദ്യ എഡിഷൻ പത്രം അടിക്കും മുൻപായിരുന്നു വാർത്ത കിട്ടിയത്. മന്ത്രിയുമായി ഇടഞ്ഞ കോൺട്രാക്ടർ ഗോപിയായിരുന്നു ഇത് വിളിച്ചറിയിച്ചത്. ഒന്നു രണ്ടു ഫോൺ വിളികളിൽ, സംഭവം സത്യമെന്നറിഞ്ഞ് റിപ്പോർട്ടു ചെയ്തു.അത് വലിയ സംഭവപരമ്പരകൾക്ക് തുടക്കം കുറിച്ചു. ജസ്റ്റിസ് കെ.സുകുമാരനെ സർക്കാർ അന്വേഷണ കമ്മീഷനായി നിയമിച്ചു. അവസാനം, ഇടമലയാർ അഴിമതിക്കേസിൽ ബാലകൃഷ്ണപിള്ള ശിക്ഷിക്കപ്പെട്ടു.

ബദൽരേഖയുടെ പേരിൽ സി.പി.എം-ൽ നിന്ന് എം.വി രാഘവൻ പുറത്താക്കപ്പെടുമെന്ന് ആദ്യമായി റിപ്പോർട്ട് ചെയ്തത് ഗോവിന്ദൻകുട്ടിയായിരുന്നു. കണ്ണൂർ എ.കെ.ജി സ്മാരക ആശുപത്രിക്ക് വിദേശത്തു നിന്ന് ആരോ അയച്ച വാഷിങ്ങ് മെഷീൻ തീരുവ കൊടുക്കാതെ എടുക്കാൻ സഹായിക്കണമെന്നാവശ്യപ്പെട്ട് ഗോവിന്ദൻകുട്ടിയുടെ സുഹൃത്തായ കസ്റ്റംസ് അസിസ്റ്റന്റ് കളക്ടറെ, അദ്ദേഹം താമസിച്ചിരുന്ന ഹോട്ടലിൽ കാണാൻ എം.വി.ആ.ആറിനൊപ്പം പോയി. അതിനായി വീട്ടിൽ വരുമ്പോൾ, തന്റെ മേൽ നടപടി ഉണ്ടാകുമെന്ന് അദ്ദേഹത്തിന് ധാരണയുണ്ടായിരുന്നില്ല. പക്ഷേ, അദ്ദേഹത്തിനൊപ്പം പോയത് ,'ബൂർഷ്വാ പത്രലേഖകനുമായി പാർട്ടി രഹസ്യം പങ്കിടാൻ നക്ഷത്ര ഹോട്ടലിൽ സന്ധിച്ചതായി' വ്യാഖ്യാനിച്ച്, അദ്ദേഹത്തിനെതിരായി പിന്നീട് അതും ഒരു കുറ്റാരോപണമായി .ബദൽ രേഖയുടെ പേരിൽ അദ്ദേഹത്തിനെതിരെ ഇ.എം.എസിന്റെ നേതൃത്വത്തിൽ നീക്കങ്ങൾ നടക്കുന്ന സമയമായിരുന്നു അത്. നിർണ്ണായകമായ സംസ്ഥാന കമ്മറ്റി യോഗം നടക്കവേ, മലയാള മനോരമയിലെ കെ.ആർ ചുമ്മാർ ഓഫീസിൽ കയറി വന്ന് പറഞ്ഞു: സഹായിക്കണം. മാർക്സിസ്റ്റ് പാർട്ടിക്കാരാരും എനിക്ക് വിവരമൊന്നും തരില്ല. എ.കെ.ജി സെന്ററിനു പുറത്ത് ജോയി ശാസ്താംതാപടിക്കലിനെ നിർത്തിയിട്ടുണ്ട്.എം.വി രാഘവനും പി.വി കുഞ്ഞിക്കണ്ണനും മാത്രം പുറത്തേക്കിറങ്ങിപ്പോയതായി അദ്ദേഹം അറിയിച്ചു. ഗോവിന്ദൻകുട്ടിഎം വി ആറിനെ വിളിച്ചു. അദ്ദേഹം പറഞ്ഞു, 'നിങ്ങൾ എഴുതിയതു പോലൊക്കെ വരാൻ പോകുന്നു. സെക്രട്ടറിയോട് ചോദിക്കിൻ'. അപ്പോഴേക്കും എം.എൽ.എ ഹോസ്റ്റലിൽ നിന്ന് എം.മനോഹരൻ ഗോവിന്ദൻകുട്ടിയെ വിളിച്ചു. വൈദ്യുത ബോർഡിലെ സി.പി.എം യൂണിയൻ അംഗമായിരുന്ന അദ്ദേഹം മിക്ക സമയത്തും എം.എൽ എ ഹോസ്റ്റലിൽ തന്നെയായിരുന്നു താമസിച്ചിരുന്നത്. ഹോസ്റ്റലിലെത്തിയ ഉടൻ അദ്ദേഹം പി.വി കുഞ്ഞിക്കണ്ണനൊപ്പം കൂടി . അദ്ദേഹം സത്യം പറഞ്ഞു: എന്നെയും എം.വി ആറിനെയും ആറു മാസത്തേയ്ക്ക് സസ്പെന്റ് ചെയ്തു .അഞ്ചു പേരെ പരസ്യമായി ശാസിക്കാനും തീരുമാനിച്ചു. വൈകാതെ എം.വി രാഘവൻ പാർട്ടിക്ക് പുറത്തായി പക്ഷേ ,സി.എം.പി രൂപീകരിച്ച് പൊരുതാനായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. അദ്ദേഹം നിയമസഭയിൽ ആക്രമിക്കപ്പെട്ടപ്പോഴും. പക തീർക്കാനായി സി.പി.എം പറശ്ശിനിക്കടവിലെ സർപ്പോദ്യാനത്തിന് തീയിട്ടപ്പോഴും ഗോവിന്ദൻകുട്ടി തീവ്രമായ ഭാഷയിൽ എഴുതി.

> **രാജീവ് വധം അന്വേഷിച്ച ജെയിൻ കമ്മീഷന് മുമ്പാകെ, പുസ്തകത്തിലെ ഒരു പരാമർശത്തിന്റെ പേരിൽ, ഗോവിന്ദൻകുട്ടിക്ക് ഹാജരാകണ്ടിയും വന്നു. രാജീവ് ഗാന്ധി വധത്തിന് പിന്നിൽ വിദേശ കരങ്ങൾ ഉണ്ടെന്ന ഒരു സംശയം അദ്ദേഹം പുസ്തകത്തിൽ പങ്കുവെച്ചിരുന്നു. 'എന്നെ ജയിൻ കമ്മീഷൻ ആറുമണിക്കൂർ വിസ്തരിച്ചു. ശേഷന് അറിയാവുന്നത് എന്തൊക്കെ എന്ന് എന്നെക്കൊണ്ട് പറയിപ്പിക്കാനായിരുന്നു ശ്രമം'.**

1992 ൽ ചെന്നൈയിൽ നടന്ന സി.പി.എം പാർട്ടി കോൺഗ്രസ് കവർ ചെയ്യാൻ പോയത് കെ.ആർ ചുമ്മാറിനൊപ്പമായിരുന്നു. സമ്മേളന നഗറിൽ അതാ നിൽക്കുന്നു, നെറ്റിയിൽ നിറയെ ചന്ദനവും ചാർത്തിയെത്തിയ വരിഷ്ഠ നേതാവ്. ഗോവിന്ദൻകുട്ടി അത് കണ്ടു. പക്ഷേ,അത് ചുമ്മാറിന്റെ കണ്ണിൽപ്പെട്ടില്ല. കുളിച്ചു കുറിയിട്ട് കമ്യൂണിസം പറയാനെത്തിയ പി. ഗോവിന്ദപ്പിള്ള അടുത്ത ദിവസത്തെ വാർത്താവിഷയമായി. വൈകീട്ട് അദ്ദേഹവുമായി സംസാരിച്ചപ്പോൾ, പാർട്ടിക്കുള്ളിൽ ഉണ്ടാകുന്ന മാറ്റങ്ങളെപ്പറ്റി അദ്ദേഹം വാചാലനായി. പത്രത്തിൽ വന്നു കാണാൻ ആഗ്രഹിക്കുന്ന മറ്റൊന്നിനെക്കുറിച്ചും അദ്ദേഹം പറഞ്ഞു. സമ്മേളനത്തിൽ പ്രസംഗിച്ചപ്പോഴും അദ്ദേഹം അക്കാര്യം തുറന്നടിച്ചു - മനഷ്യരാക്ഷസനെന്ന് തിരിച്ചറിയപ്പെട്ടു കഴിഞ്ഞ സ്റ്റാലിനിനെ എന്തിന് ചുമക്കുന്നു ?

''തന്റെ വികാരവും വിചാരവും പാർട്ടിക്കാർ മാത്രം അറിഞ്ഞാൽ പോരെന്ന് അദ്ദേഹം വിചാരിച്ചിരിക്കും''. പ്രസംഗം കഴിഞ്ഞിറങ്ങിയ അദ്ദേഹം അതിന്റെ സാരം ഗോവിന്ദൻ കുട്ടിയോട് പറഞ്ഞു കൊടുത്തു – ഇന്ത്യൻ എക്സ്പ്രസ് അടുത്തനാൾ ആ വാർത്ത ആഘോഷമായി നൽകി; ' PG pleads for de- Stalinization '. കേന്ദ്ര കമ്മിറ്റിയിൽ എടുക്കുമെന്ന് കരുതപ്പെട്ടിരുന്ന പി.ജി അതോടെ തരംതാഴ്ത്തപ്പെട്ടു.

– എല്ലാ പാർട്ടി രഹസ്യങ്ങളും അറിയാവുന്ന ഒരാളായിരുന്നു എന്നും ഗോവിന്ദൻകുട്ടിയെ തന്റെ മുറിയിൽ വിളിച്ചു വരുത്തി പാർട്ടി കോൺഗ്രസിൽ ഓരോ ദിവസവും നടന്നതും അടുത്ത ദിവസം നടക്കാനിരിക്കുന്നതുമായ കാര്യങ്ങൾ വിശദമായി പറഞ്ഞു കൊടുത്തിരുന്നത് സാക്ഷാൽ എം. ബാസവ പുന്നയ്യ !'അതൊക്കെ നാലാളറിഞ്ഞാൽ പാർട്ടി തകരുകയില്ലെന്നു മാത്രമല്ല അവ പുറത്ത് അറിയേണ്ടതാണെന്ന് കൂടി അദ്ദേഹം വിചാരിച്ചിരിന്നിരിക്കും'. ഡൽഹിയിൽ വച്ചുണ്ടായ അടുത്ത ബന്ധമാണ് ബസവ പുന്നയ്യയുമായി ഗോവിന്ദൻ കുട്ടിക്കുണ്ടായിരുന്നത്. പാർട്ടിക്കു കിട്ടിയ ഒരു ബംഗ്ലാവിന്റെ ഒരു ഭാഗത്തായിരുന്നു അദ്ദേഹവും ഭാര്യയും താമസിച്ചിരുന്നത്.മിക്ക ദിവസവും അദ്ദേഹത്തെ കാണുമായിരുന്നു. മാദ്ധ്യമപ്രവർത്തകനായി അടുത്തറിഞ്ഞ പ്രധാനമന്ത്രിമാരിൽ ഏറ്റവും ബഹുമാനം തോന്നിയത് പി.വി.നരസിംഹ റാവുവിനോടാണ്.അതിനു കാരണം, സാമ്പത്തിക ഉദാരവല്ക്കരണ നയമാണ്. മൊറാർജി ദേശായി തത്ത്വങ്ങളിൽ ഉറച്ചുനിന്ന ഗാന്ധിയനായിരുന്നു.

ഇന്ത്യൻ എക്സ്പ്രസ് ഉടമ രാംനാഥ് ഗോയങ്കയ്ക്ക് തന്നെ വിശ്വാസമായിരുന്നുവെന്ന് ഗോവിന്ദൻകുട്ടി ഓർക്കുന്നു. അദ്ദേഹത്തെ എപ്പോഴും വിളിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ടായിരുന്നു.ഗോയങ്ക തന്ത്രശാലിയായിരുന്നുവെന്ന് ഒരു സുഹൃത്ത് മുന്നറിയിപ്പ് നൽകിയത് ഇങ്ങനെ:''സൂക്ഷിച്ചോളൂ. ഗോയങ്ക തന്റെ ഇരകളെ തെരഞ്ഞെടുക്കുന്നതു പോലും വളരെ സൂക്ഷ്മതയോടെയാണ്''. കോഴിക്കോട് എഡിഷൻ തുടങ്ങാനുള്ള വെസ്റ്റ്ഹില്ലിലെ സ്ഥലവും കെട്ടിടവും ലേലം വിളിച്ച് എടുക്കാനുള്ള ചുമതല അദ്ദേഹം ഏൽപ്പിച്ചത് ഗോവിന്ദൻകുട്ടിയെയായിരുന്നു.

ഇന്ത്യൻ എക്സ്പ്രസിൽ നിന്ന് ഫൈനാൻഷ്യൽ എക്സ്പ്രസിലെത്തിയ ഗോവിന്ദൻ കുട്ടി പ്രഭു ചാവ്ള പത്രാധിപരായിരിക്കെ,ഇന്ത്യ ടുഡേയുടെ ദക്ഷിണേന്ത്യൻ ഭാഷാ പതിപ്പുകളുടെ മലയാളം,തമിഴ്,തെലുഗ് എഡിറ്ററായി.അക്കാലത്ത് അദ്ദേഹം മലയാളം പതിപ്പിൽ 'നേരും നുണയും' എന്ന പേരിൽ രസകരമായ ഒരു സാംസ്കാരിക കോളം എഴുതി.ഇ.എം.എസ് മരിച്ചപ്പോൾ കെ.കരുണാകരനെക്കൊണ്ട് അനുസ്മരണക്കുറിപ്പ് എഴുതിച്ചു.ഒരു വർഷം മാത്രമേ അത് നീണ്ടുനിന്നുള്ളൂ.തുടർന്ന് ദ പയനിയർ പത്രത്തിന്റെ കേരളത്തിലെ റസിഡന്റ് എഡിറ്ററായും കുറച്ചു കാലം പ്രവർത്തിച്ചു.

**എല്ലാ പാർട്ടി രഹസ്യങ്ങളും അറിയാവുന്ന ഒരാളായിരുന്നു എന്നും ഗോവിന്ദൻകുട്ടിയെ തന്റെ മുറിയിൽ വിളിച്ചു വരുത്തി പാർട്ടി കോൺഗ്രസിൽ ഓരോ ദിവസവും നടന്നതും അടുത്ത ദിവസം നടക്കാനിരിക്കുന്നതുമായ കാര്യങ്ങൾ വിശദമായി പറഞ്ഞു കൊടുത്തിരുന്നത് സാക്ഷാൽ എം. ബാസവ പുന്നയ്യ !'അതൊക്കെ നാലാളറിഞ്ഞാൽ പാർട്ടി തകരുകയില്ലെന്നു മാത്രമല്ല അവ പുറത്ത് അറിയേണ്ടതാണെന്ന് കൂടി അദ്ദേഹം വിചാരിച്ചിരിന്നിരിക്കും'.**

തിഹാർ ജെയിലിൽ ചികിൽസ കിട്ടാതെ മരിച്ച വ്യവസായ പ്രമുഖൻ രാജൻ പിള്ളയെക്കുറിച്ച്,അദ്ദേഹത്തിന്റെ സഹോദരൻ ജെ.രാജ്മോഹൻ പിള്ളയുമായിച്ചേർന്ന് 'A wasted death'( 'പാഴായിപ്പോയ മരണം' ) എന്ന ശ്രദ്ധേയമായ മറ്റൊരു പുസ്തകവും ഗോവിന്ദന്കുട്ടി എഴുതിയിട്ടുണ്ട് .കെ. എം മാണിയുടെ രാഷ്ട്രീയജീവിതത്തെക്കുറിച്ചും അദ്ദേഹം പുസ്തകം എഴുതിയിട്ടുണ്ട.2007 ൽ പുററത്തിറങ്ങിയ,ഇംഗ്ളീഷിലുള്ള ഈ പുസ്തകത്തിന്റെ പേര് ;K.M Mani;A study in regionalism'.

മലയാള മനോരമ,കലാകൗമുദി അടക്കമുള്ള പ്രസിദ്ധീകരണങ്ങളിലും ബ്ളോഗിലും അദ്ദേഹം തുടർന്ന് എഴുതി. അടുത്തിടെ രോഗങ്ങൾ വിടാതെ പിടിക്കൂടും വരെ എഴുത്തിൽ സജീവമായിരുന്നു.അടുത്തിടെ വരെ മാദ്ധ്യമരംഗത്തെ ഓരോ ചലനവും അദ്ദേഹം സൂക്ഷ്മമായി നിരീക്ഷിച്ചിരുന്നു.ഇന്ന് എല്ലാ മാദ്ധ്യമങ്ങളും ഒരേ വിഭാഗത്തെ തന്നെ പ്രീണിപ്പിക്കാൻ ശ്രമിക്കുകയാണ്.''എല്ലാവരും സൂപ്പർലേറ്റീവ്സ് ഉപയോഗിക്കുന്നു. അതുകൊണ്ട് മരണവാർത്തകളെപ്പോലും ഭയക്കുന്നു. മാദ്ധ്യമരംഗം മത്സ്യച്ചന്ത പോലെയാണിന്ന്..''. ഇന്ന് എഡിറ്റർമാരെ അദൃശ്യരാക്കുന്ന ഉടമസ്ഥരുണ്ട്.''പുതുകാലത്തെ എഡിറ്റർമാർ മുൻഗാമികളെപ്പോലെയല്ല.എല്ലാവരും എല്ലാം ചെയ്യുന്നുണ്ട്.പണ്ട് എഡിറ്റർമാർ ഒന്നാം പേജും എഡിറ്റോറിയൽ പേജും മാത്രം നോക്കി സ്ഥലംവിടുന്നവരായിരുന്നു.ഇന്ന് അങ്ങനെയല്ല''. കൂട്ടായി ഭാര്യ ശാരദാമണി തങ്കച്ചിയുണ്ട്.'ആകാശവാണി വിട്ടപ്പോൾ അവിടെ നിന്ന് കിട്ടിയ പ്രണയിനിയാണ്. ലവ് അറ്റ് ഫസ്റ്റ് സൈറ്റ്.അന്ന് കോഴിക്കോട്ടെ സ്റ്റാഫ് അനൗൺസർ . ആകാശവാണിയിൽ നിന്ന് പിരിഞ്ഞു പോരുമ്പോൾ എനിക്ക് കിട്ടിയ തുകകൊണ്ട് ഞങ്ങൾ ഒരു മിക്സി വാങ്ങി!'', അദ്ദേഹം ചിരിക്കുന്നു.

ഇംഗ്ലീഷിൽ മാത്രമല്ല, മലയാളത്തിലും വശ്യമധുരമായ ശൈലിയിൽ എഴുതാൻ അദ്ദേഹത്തിന് കഴിയും. തേജസ് ഉൾപ്പെടെയുള്ള പത്രങ്ങളിൽ തന്റെ മാദ്ധ്യമ ജീവിതത്തെക്കുറിച്ച് അദ്ദേഹം എഴുതിയ ഓർമ്മക്കുറിപ്പുകളുടെ സമാഹാരമായ 'കാലക്ഷേപം: വാർത്തയുടെ വഴിയേ ഒരു സവാരി ' നോവൽ പോലെ വായിക്കാവുന്ന ആഖ്യാനമാണ്.

Blue Ocean
Wealth Solutions

A member of the MassMutual Financial Group

# PHILIPOSE SAMUEL

## 30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

**PHILIPOSE SAMUEL (SAM)**
30 Years of Service
Financial Services Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.



# കാഞ്ചൻജംഗയെ കണികണ്ടുകൊണ്ട്...

**കാഞ്ചൻജംഗയും ബുദ്ധമത കേന്ദ്രങ്ങളും നിറഞ്ഞ സിക്കിമിലൂടെ നടത്തിയ അപൂർവ്വ യാത്രയുടെ മനോഹരമായ ചിത്രങ്ങൾ നൽകുന്ന യാത്രാവിവരണം തുടങ്ങുന്നു .**

**മേഘമഞ്ഞിൽ കുളിർന്ന മഹായാത്ര**

സുഭാഷ് വലവൂർ

രണ്ടാഴ്ചയിലേറെ നീളുന്ന സിക്കിം യാത്രയ്ക്കായി ബാഗ് ഡോഗ്രയിൽ വിമാനമിറങ്ങിയപ്പോൾ ചുറ്റും കണ്ണോടിച്ചു. ലക്ഷ്യം കാഞ്ചൻ ജംഗ. അവിടെനിന്നു നോക്കിയാൽ ഒരു വിദൂരദൃശ്യം കിട്ടുമെന്ന് ആരോ പറഞ്ഞിരുന്നു. എന്നാൽ അതുണ്ടായില്ല.

റൊബീന്ദ്രയുടെ കാറിൽ ഗാങ് ടോക്കിലേയ്ക്ക് തിരിച്ചു. മഹാനന്ദ നദി കടന്ന് സിലിഗുരിയിലെത്തി. സിലിഗുരിയിൽ നിന്ന് ഹൈവേയിലൂടെ അൽപ്പം നീങ്ങുമ്പോൾ സാലുഗാര എന്ന സ്ഥലം കാണാം. ഇവിടെ അധികം പഴക്കമില്ലെങ്കിലും ടിബറ്റൻ ബുദ്ധമതക്കാരുടെ ഒരു മൊണാസ്റ്ററിയുണ്ട്. 'ദ ഗ്രേറ്റ് ഇന്റർനാഷണൽ താഷി ഗോമാങ് സ്തൂപ' എന്ന പേരിൽ ഇതു പ്രസിദ്ധമാണ്. ഇതിന്റെ അധികം അകലെയല്ലാതെ മറ്റൊരു മൊണാസ്റ്ററിയുമുണ്ട്, 'സെഡ് ഗിയൂഡ്' മൊണാസ്റ്ററിയെന്നാണ് അതറിയപ്പെടുന്നത്. ആദ്യത്തെ മൊണാസ്റ്ററിയിൽ ഗാങ്ടോക്കിലേയ്ക്ക് പോകുന്ന വഴിക്കും രണ്ടാമത്തേതിൽ തിരികെ മടങ്ങുമ്പോഴും കയറുവാൻ കഴിഞ്ഞു.

ഗംഗാനദിയുടെ പോഷകനദിയാണ് മഹാനന്ദ. സിലിഗുരിയുടെ മുകളിലെ ഗിരിനിരകളിൽ നിന്നുത്ഭവിച്ച് ബംഗ്ളാദേശിലേയ്ക്ക് ഒഴുകുന്ന നദിയാണത്. മഹാനന്ദയെ മറികടക്കുന്നതേ ഉള്ളൂ.

എന്നാൽ പിന്നെയങ്ങോട്ട് മറ്റൊരു നദിയെ ഒപ്പം കൂട്ടിക്കൊണ്ടാണ് യാത്ര. ടീസ്റ്റാ നദിയാണത്. ടീസ്റ്റയുടെ കരയിലൂടെയാണ് തുടർന്നുള്ള യാത്രയെന്നർത്ഥം. ടീസ്റ്റ പിറവികൊള്ളുന്നത് സിക്കിമിലാണ്. മഹാനന്ദ ഗംഗയിലാണെങ്കിൽ ടീസ്റ്റ ബ്രഹ്മപുത്രയിലാണ് ചെന്നു ചേരുന്നത്.

സിലിഗുരി കഴിഞ്ഞ് ടീസ്റ്റയെ കാണുന്നത് താഴ്വാരത്തിൽ മൺതിട്ടകളും ഡെൽറ്റകളും സൃഷ്ടിച്ചുകൊണ്ട് പരന്നൊഴുകുന്ന അവസ്ഥയിലാണ്.



ശിവോക് കാടുകളുടെ അതിരിലൂടെ ഒഴുകുന്ന ടീസ്റ്റയെ കാണാൻ മനോഹരമാണ്. നദീതീരത്തുതന്നെ ശിവോകേശ്വരി ക്ഷേത്രം കാണാം. ശിവോകേശ്വരിയെന്നാൽ കാളീദേവി തന്നെ. 'കോറോണേഷൻ' പാലത്തിന്റെ അടുത്താണ് ഈ ക്ഷേത്രം. കോറോണേഷൻ പാലത്തിനെ നാട്ടുകാർ വിളിക്കുന്നത് ബാഗ് പൂൽ അഥവാ കടുവാപ്പാലം എന്നാണ്. ജോർജ് ആറാമൻ ചക്രവർത്തിയുടെ കിരീടധാരണത്തിന്റെ ഓർമ്മയ്ക്കായി ബ്രിട്ടീഷുകാർ നിർമ്മിച്ച ഈ പാലത്തിലെ കടുവയുടെ പ്രതിമകളാണ് ആ പേരിനു പിന്നിൽ.

ഗാങ്ടോക്കിലേയ്ക്ക് പോകാൻ ടീസ്റ്റയ്ക്കു കുറുകേയുള്ള ഈ പാലമല്ല കടക്കുന്നത്. ടീസ്റ്റാ ചന്തയുടെ അടുത്ത് മറ്റൊരു പാലമുണ്ട്, അതു കടക്കുന്നതോടെ നമ്മൾ ടീസ്റ്റയുടെ ഇടതുവശത്തുനിന്ന് മറുഭാഗത്തേയ്ക്ക് കടക്കുന്നു. പിന്നെയുള്ള യാത്ര ടീസ്റ്റയുടെ വലതുവശം ചേർന്നാണ്. അപ്പോഴും നമ്മൾ പശ്ചിമബംഗാളിൽ തന്നെയാണ്. ബംഗാളിൽ നിന്നു സിക്കിമിലേയ്ക്ക് കടക്കുന്നത് മറ്റൊരു പാലം കടന്നാണ്. അടൽ സേതു എന്ന പാലം. അടൽ സേതു എന്ന പേരിൽ പല സംസ്ഥാനങ്ങളിലും പാലങ്ങൾ കണ്ടേയ്ക്കാം. ഈ അടൽ സേതു സാങ്കേതികമായി പറഞ്ഞാൽ ടീസ്റ്റയ്ക്കു കുറുകെയല്ല. റാങ്പോ നദിയിലാണ്. മാപ്പിൽ നോക്കിയാൽ റാങ്പോ ചൂ എന്നാവും കാണുക. ടിബറ്റൻ സംസ്കാരത്തിന്റെ ഇടമായതുകൊണ്ടാണ് ആ പേര്. ചൂ എന്നാൽ നദി എന്നർത്ഥം. സിക്കിമിലെ 'മെൻ മെച്ചോ' തടാകത്തിൽ നിന്ന് ഉത്ഭവിച്ച് റാങ്പോ പട്ടണത്തിനടുത്തുവെച്ചാണ് ഈ നദി ടീസ്റ്റയുമായി ഒത്തുചേരുന്നത്. ടീസ്റ്റയെ ജലസമൃദ്ധമാക്കുന്നതിൽ റാങ്പോ നദിയ്ക്ക് നിസ്സാരമല്ലാത്ത പങ്കുണ്ട്.

തുടർന്ന് കുറച്ചുദൂരംകൂടി സഞ്ചരിച്ചശേഷം സിംഗ്ടമിൽ വെച്ച് നമ്മൾ





ടീസ്റ്റാ നദിയോട് വിട പറഞ്ഞ് 'റാണിഖോല' എന്ന പോഷകനദിയുടെ കുറുകെ കടന്ന് അതിനൊപ്പം സഞ്ചരിക്കാൻ തുടങ്ങുന്നു. ഖോല എന്ന നേപ്പാളി വാക്കിന്റെ അർത്ഥം അരുവി എന്നാണ്. സിക്കിമിൽ നേപ്പാളി ഭാഷ പ്രമുഖമാണ്. അൽപ്പം കൂടി കഴിയുമ്പോൾ റാണിഖോലയോട് യാത്രപറഞ്ഞ് ഗാങ്ടോക്കിലേക്കുള്ള മലമ്പാതയിൽ പ്രവേശിക്കുന്നു,

ഗാങ്ടോക്കിൽ കുറച്ചുദിവസം തങ്ങാനായി സോനം ഗ്യാറ്റ്സോ മൗണ്ടനീറിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അതിഥി മന്ദിരമാണ് ഏർപ്പാടാക്കിയിരുന്നത്. വൈകുന്നേരം പട്ടണത്തിലേയ്ക്ക് നടക്കാൻ തീരുമാനിച്ചു. ഇൻസ്ടിട്യൂട്ടിന്റെ കുന്നിറങ്ങി ഏതാണ്ട് അഞ്ചു കിലോമീറ്റർ നടന്നുകാണും. ഗാന്ധിമാർഗ്ഗ് എന്നു പ്രസിദ്ധമായ നഗരഹൃദയത്തിലെത്തി. ഭംഗിയായി രൂപകൽപ്പന ചെയ്തു നിർമ്മിച്ചിട്ടുള്ള കച്ചവടത്തെരുവാണ് ഗാന്ധി മാർഗ്ഗ്. വീതികൂടിയ തെരുവിന്റെ മദ്ധ്യഭാഗത്തെ മീഡിയനിൽ ഒരറ്റം മുതൽ മറ്റേയറ്റം വരെ വിശ്രമിക്കാൻ സൗകര്യപ്പെടുത്തിയിട്ടുള്ള കസാലകളും പടികളും ഉണ്ട്. പൂച്ചെടികൾ വെച്ച് ഈ ഭാഗം ഭംഗി പിടിപ്പിച്ചിട്ടുണ്ട്. അവിടെയൊക്കെ ചുറ്റിക്കറങ്ങി



ചെരുപ്പും യാത്രകൾക്കാവശ്യമായ ബിസ്ക്കറ്റും ചോക്ലേറ്റും ഒക്കെ വാങ്ങി മടങ്ങി. യാത്രാക്ഷീണം കാരണം പെട്ടെന്നുറങ്ങിപ്പോയി.

രാവിലെ നേരത്തേ ഉണർന്നു. ഒന്നു നടന്നുവരാം എന്നു കരുതി പുറത്തിറങ്ങി. ഇൻസ്റ്റിറ്റ്യൂട്ട് ഒരു കുന്നിൻ മുകളിലാണ് എന്നു നേരത്തേ പറഞ്ഞിരുന്നല്ലോ.

നേരം വെളുക്കുന്നതേ ഉണ്ടായിരുന്നുള്ളു. ഇൻസ്റ്റിട്യൂട്ടിന്റെ കമാനം കടന്ന് മുൻപിൽ കണ്ട നേർത്ത വെളിച്ചമുള്ള ആകാശത്തേയ്ക്ക് നോക്കി നിന്നു. മേഘപടലങ്ങൾ മൂടിക്കിടക്കുന്ന മലനിരകൾ. അൽപ്പനേരം അവിടെത്തന്നെ നിന്നപ്പോൾ സാവധാനം ആകാശം തെളിയാൻ തുടങ്ങി. അപ്പോഴാണ് മുകൾഭാഗം പരന്ന ഒരു കൊടുമുടി ദൃശ്യമായത്. അധികം വൈകാതെ അത് നല്ല പോലെ തെളിഞ്ഞു. അതെ. അതു തന്നെ കാഞ്ചൻ ജംഗ.



ഭാഗ്യവാൻ.

നേപ്പാളുകാർക്കും സിക്കിംകാർക്കും കാഞ്ചൻജംഗ ദേവസ്ഥാനമാണ്. ആദിമനിവാസികൾ മുതൽ ദേവതാസങ്കല്പം നൽകി ആരാധിക്കുന്ന കൊടുമുടിയാണിത്. അതുകൊണ്ടാണ് ആദ്യമായി കാഞ്ചൻജംഗ കീഴടക്കാനായി പുറപ്പെട്ട പർവ്വതാരോഹകർ കൊടുമുടിയിൽ കയറാതെ കുറച്ചു താഴെവെച്ച് യാത്ര അവസാനിപ്പിച്ചത്. നാട്ടുകാരുടെ വികാരത്തെ മാനിക്കണമെന്ന അന്നത്തെ സിക്കിം രാജാവായിരുന്ന താഷി നാംഗ്യാലിന്റെ അഭ്യർത്ഥന മാനിച്ചാണ് അവർ കൊടുമുടിയിൽ കയറാത്തത്. ഉയരം കൊണ്ട് ലോകത്തെ മൂന്നാമത്തെ വലിയ കൊടുമുടിയാണ് കാഞ്ചൻജംഗ. കാഞ്ചൻജംഗയുടെ മനോഹരമായ മറ്റൊരു ഭാവം പിന്നീട് പെല്ലിങ്ങിൽ ചെന്നപ്പോഴാണ് അവിചാരിതമായി കിട്ടിയത്.

ആ കാഴ്ച്ച അപ്രതീക്ഷിതമായിരുന്നു. കാഞ്ചൻ ജംഗയെ കണ്ടുകൊണ്ടാണ് ഗാങ്ടോക്കിൽ താമസിക്കുന്നതെന്ന് അതിഥി മന്ദിരത്തിലേക്ക് എത്തുമ്പോൾ കരുതിയിരുന്നില്ല. രാവിലെ ഉണരുമ്പോൾ മുറിയുടെ ബാൽക്കണിയിലേക്കുള്ള വാതിൽ വഴി കിടന്നുകൊണ്ടുതന്നെ വേണമെങ്കിൽ കാഞ്ചൻ ജംഗയെ കാണാം. സിക്കിം യാത്രയെ മനോഹരമാക്കിയ കാഴ്ച്ച. ആദ്യ ദിവസം തന്നെ ഒരു കാര്യം മനസ്സിലായി കാഞ്ചൻ ജംഗയെ കാണുമ്പോൾ തന്നെ പരമാവധി നോക്കി നിന്നോണം. എപ്പോൾ വേണമെങ്കിലും മേഘങ്ങൾ മറയ്ക്കാം. ചില ദിവസം കാണാൻ തീരെ കഴിഞ്ഞെന്നുവരില്ല. ഫേസ് ബുക്കിൽ ഫോട്ടോ ഇട്ടപ്പോൾ തന്നെ ചില സുഹൃത്തുക്കൾ കമന്റ് ചെയ്തിരുന്നു.

**നേപ്പാളുകാർക്കും സിക്കിംകാർക്കും കാഞ്ചൻജംഗ ദേവസ്ഥാനമാണ്. ആദിമനിവാസികൾ മുതൽ ദേവതാസങ്കല്പം നൽകി ആരാധിക്കുന്ന കൊടുമുടിയാണിത്. അതുകൊണ്ടാണ് ആദ്യമായി കാഞ്ചൻ ജംഗ കീഴടക്കാനായി പുറപ്പെട്ട പർവ്വതാരോഹകർ കൊടുമുടിയിൽ കയറാതെ കുറച്ചു താഴെവെച്ച് യാത്ര അവസാനിപ്പിച്ചത്. നാട്ടുകാരുടെ വികാരത്തെ മാനിക്കണമെന്ന അന്നത്തെ സിക്കിം രാജാവായിരുന്ന താഷി നാംഗ്യാലിന്റെ അഭ്യർത്ഥന മാനിച്ചാണ് അവർ കൊടുമുടിയിൽ കയറാത്തത്.**

## 2. വടംവലിയിലെത്തിയ പഴമ

ഹിന്ദുമതക്കാരാണ് ജനസംഖ്യയിൽ കൂടുതലെങ്കിലും സിക്കിം പ്രധാനമായും ബുദ്ധമതക്കാരുടെ വിഹാരഭൂമിയാണ്. ഹിന്ദുമതം എന്നു പറഞ്ഞത് ഇന്ത്യയിലെ പൊതുധാരയിലുള്ള ഹിന്ദുമതമല്ല. നേപ്പാളി വംശജരും ലിംബു വിഭാഗക്കാരും പിന്തുടരുന്ന ഹിന്ദുമതമാണ്. ബംഗാളിലെ സാംസ്കാരിക പശ്ചാത്തലത്തിലുള്ള ക്ഷേത്രങ്ങൾ കണ്ടേയ്ക്കാമെങ്കിലും ഇന്ത്യൻ ഉപദ്വീപിൽ ആചരിക്കപ്പെടുന്ന ഹിന്ദുമതമല്ല സിക്കിമിലുള്ളത്. ടിബറ്റൻ സംസ്കാരമാണ് സിക്കിമിൽ പൊതുവായി കാണാൻ സാധിക്കുക. അതുകൊണ്ട് സിക്കിമിലെ പ്രധാന ആകർഷണം നിരവധിയായ ബുദ്ധമത ആരാധനാലയങ്ങളാണ്. വജ്രയാന ബുദ്ധമതത്തിന്റെ നിങ്മപ, കാഗ്യുപ, ശാക്യപ, ഗേലുഗ് പ എന്നീ നാലു പ്രധാന വിഭാഗങ്ങളിൽ നിങ്മപ, കാഗ്യുപ വിഭാഗങ്ങളുടേതാണ് അവയിൽ കൂടുതലും. സാധാരണ വിനോദസഞ്ചാരികൾക്ക് ഇവ തമ്മിൽ തിരിച്ചറിയാൻ




പ്രയാസമാണ്. കാരണം അവയുടെ നിർമ്മാണ ശൈലികൾ സമാനമാണ്.

ഗാങ്ടോക്കിന്റെ പരിസരപ്രദേശത്ത് പ്രധാനപ്പെട്ട ചില ബുദ്ധമത സന്യാസി മഠങ്ങളും ക്ഷേത്രങ്ങളുമുണ്ട്. റംടെക് മൊണാസ്റ്ററി, ലിങ്ഡം മൊണാസ്റ്ററി, എൻചേ മൊണാസ്റ്ററി എന്നിവയൊക്കെ പ്രധാന മഠങ്ങളാണ്. ഇപ്പോഴുള്ളത് താരതമ്യേന പുതിയ നിർമ്മിതികളാണെങ്കിലും റംടെക് മൊണാസ്റ്ററി കാഗ്യു വിഭാഗത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രമാണ്.

ടിബറ്റ് വിടേണ്ടിവന്ന പതിനാറാമത് കർമപയുടെ ഇരിപ്പിടമാണ് ഈ മഠം. കർമപ എന്നാൽ കാഗ്യു വിഭാഗത്തിന്റെ ആത്മീയ നേതാവാണ്. 1734 ൽ ഇത് നിർമ്മിക്കുമ്പോൾ ഇപ്പോഴുള്ള വൈപുല്യം ഉണ്ടായിരുന്നില്ല. കാഗ്യൂ വിഭാഗത്തിന്റെ പ്രധാന കേന്ദ്രമായിരുന്നെങ്കിലും ഏതാണ്ട് ഇരുനൂറു വർഷത്തോളം കാര്യമായ അറ്റകുറ്റപ്പണികൾ നടക്കാതിരുന്നതു കൊണ്ട് കാലക്രമേണ കെട്ടിടങ്ങൾ നാശാവസ്ഥയിലെത്തി. എന്നാൽ ചൈനയുടെ അധിനിവേശത്തെത്തുടർന്ന് ടിബറ്റ് വിട്ട് സിക്കിമിൽ രാഷ്ട്രീയാഭയം തേടേണ്ടി വന്നപ്പോൾ അന്നത്തെ കർമപ റാങ്ജുങ് റിഗ്പേ ദോർജി റംടക് മൊണാസ്റ്ററിയെ തന്റെ ആസ്ഥാനമാക്കി. തുടർന്ന് ഈ മഠം സിക്കിമിലെ ഏറ്റവും വലിയ സന്യാസികേന്ദ്രമായി മാറി. സിക്കിമിലെ അന്നത്തെ രാജാവ് താഷി നാംഗ്യാൽ എഴുപത്തിനാല് ഏക്കർ ഭൂമി മഠത്തിന് വിട്ടുകൊടുത്തു. മൂന്നു നിലയുള്ള വിപുലമായ കെട്ടിടം അവിടെ ഉയർന്നു. ബിരുദ, ബിരുദാനന്തരബിരുദ തലത്തിൽ പാഠ്യപദ്ധതികൾ ഉണ്ടായി. അങ്ങനെ ഇതൊരു ലോകോത്തര ബൗദ്ധ പഠനകേന്ദ്രമായി മാറി. പുനർ നിർമ്മിച്ച ഈ കെട്ടിടസമുച്ചയത്തിന് 'ധർമ്മ ചക്ര കേന്ദ്രം' എന്നാണ് പേരിട്ടിട്ടുള്ളത്. ടിബറ്റൻ ജനതയോട് ആഭിമുഖ്യമുണ്ടായിരുന്ന ജവഹർലാൽ നെഹ്റു ഈ സന്യാസിമഠത്തിന് കൈയയച്ചു സഹായം നൽകിയിരുന്നു. അക്കാലത്ത് സിക്കിം ഇന്ത്യയുടെ ഭാഗമല്ലായിരുന്നു. മറ്റെല്ലാ ബൗദ്ധ ക്ഷേത്രങ്ങളിലുമെന്നപോലെ മനോഹരമായ ചുമർചിത്രങ്ങൾ ഇവിടെയുമുണ്ട്. മറ്റൊരു സവിശേഷത കർമപ ടിബറ്റിൽ നിന്ന് വന്നപ്പോൾ കൊണ്ടുവന്ന താന്ത്രിക ഗ്രന്ഥങ്ങളും സാമഗ്രികളും സൂക്ഷിച്ചിരിക്കുന്നു എന്നതാണ്. ഗാങ്ടോക്കിൽ നിന്ന് ഇരുപതു കിലോമീറ്ററിനടുത്തു മാത്രമേയുള്ളൂ

**ഗാങ്ടോക്കിന്റെ പരിസരപ്രദേശത്ത് പ്രധാനപ്പെട്ട ചില ബുദ്ധമത സന്യാസി മഠങ്ങളും ക്ഷേത്രങ്ങളുമുണ്ട്. റംടെക് മൊണാസ്റ്ററി, ലിങ്ഡം മൊണാസ്റ്ററി, എൻചേ മൊണാസ്റ്ററി എന്നിവയൊക്കെ പ്രധാന മഠങ്ങളാണ്. ഇപ്പോഴുള്ളത് താരതമ്യേന പുതിയ നിർമ്മിതികളാണെങ്കിലും റംടെക് മൊണാസ്റ്ററി കാഗ്യു വിഭാഗത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രമാണ്.**



ഇവിടേക്കെത്താൻ.

ടിബറ്റിലെ സുർഫു മൊണാസ്റ്ററിയുടെ മാതൃകയിൽ നിർമ്മിച്ചിട്ടുള്ള ഈ കെട്ടിടസമുച്ചയം മനോഹരമാണ്. പടിക്കെട്ടു കയറിച്ചെല്ലുമ്പോൾ ഒരു വശത്തായി ഒരു കഫറ്റേരിയ കണ്ടപ്പോൾ ഒരു ചായകുടിക്കാനായി അങ്ങോട്ടുകയറി. അതു നന്നായി. കാരണം അതിന്റെ വശത്തുള്ള മട്ടുപ്പാവിൽ നിന്നാൽ ചുറ്റുപാടുമുള്ള മലനിരകളുടെയും അവയുടെ താഴ്‌വാരത്തിന്റെയും മനോഹരമായ കാഴ്ച്ച ആസ്വദിക്കാം. തൊട്ടുതാഴെ ചെറു സ്തൂപങ്ങൾ അഥവാ ചോർട്ടനുകൾ കണ്ടു. താഴെയിറങ്ങിയപ്പോൾ അതിനു സമീപത്തുള്ള കടയിൽ നിന്നും ഒരു പരമ്പരാഗത വേഷം കടം വാങ്ങി ഫോട്ടോയെടുപ്പിച്ചു.

അവിടെയുള്ള നളന്ദ ഇൻസ്റ്റിട്യൂട്ടിന്റെ എതിർഭാഗത്തുള്ള സുവർണ്ണ സ്തൂപത്തിനു ചുവട്ടിൽ നേരത്തെ സൂചിപ്പിച്ച പതിനാറാമത്തെ കർമപയുടെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിരിക്കുന്നു. ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിക്കുന്നു എന്നു പറഞ്ഞാൽ മഹാശിലായുഗത്തിലെപ്പോലെ ഒരു ദ്വിതീയ സംസ്കാരണരീതിയാണ്. സന്യാസിമാരുടെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിക്കുകയും അവയുടെ മുകളിൽ സ്തൂപം പണിയുകയും ചെയ്യുന്നത് ബുദ്ധമതക്കാരുടെ രീതിയാണ്. ക്ഷേത്രങ്ങൾ, സ്തൂപങ്ങൾ സന്യാസിമഠങ്ങൾ എന്നീ മൂന്നു തരം സ്ഥാപനങ്ങൾ ബുദ്ധമതക്കാരുടെ ഇടയിൽ കാണാം. ക്ഷേത്രങ്ങളിൽ ബുദ്ധന്റെയും ബോധിസത്വന്റെയും ദേവതകളുടേയും മറ്റും വിഗ്രഹങ്ങളാണുള്ളതെങ്കിൽ സ്തൂപങ്ങളിൽ സന്യാസിമാരുടെ ഭൗതികാവശിഷ്ടങ്ങളായിരിക്കും ഉണ്ടാവുക. സന്യാസിമഠങ്ങൾ സന്യാസിമാരുടെ വിശ്രമകേന്ദ്രങ്ങളും പഠനകേന്ദ്രങ്ങളുമാണ്. വിഹാരങ്ങൾ എന്ന പേരിലാണ് അവ പൊതുവെ അറിയപ്പെടുന്നത്. ക്ഷേത്രങ്ങളിൽ പ്രാർത്ഥനയ്ക്കുള്ള വലിപ്പമുള്ള മുറികൾ ഉള്ളതുകൊണ്ട് ചൈത്യം എന്ന പേരിലും അറിയപ്പെടുന്നു.

ഈ മൊണാസ്റ്ററിയുടെ നിയന്ത്രണത്തിനുവേണ്ടി രണ്ടു വിഭാഗക്കാർ തമ്മിൽ കൈവിട്ട കളികൾ നടന്നുവെന്ന് വായിച്ചതാണ് യാത്രയ്ക്കുമുമ്പ് നടത്തിയ വായനയിൽ കൗതുകം തോന്നിയ ഒരു കാര്യം. ഇന്ത്യൻ പട്ടാളം ഇടപെടേണ്ടിവന്നു എന്നു പറഞ്ഞാൽ മതിയല്ലോ. റംടെക് മൊണാസ്റ്ററിയുടെ രൂപരേഖയ്ക്ക് ആസ്പദമായ ടിബറ്റിലെ സുർഫു മൊണാസ്റ്ററിയുടെ ആൾക്കാരും ഇവിടെ പ്രവർത്തന ക്രോഡീകരണത്തിനു രൂപം നൽകിയ സമിതിയും തമ്മിലായിരുന്നത്രേ അവകാശത്തർക്കം.

## 3. മേഘപ്പുതപ്പിടുന്ന തഥാഗതൻ


ഞാൻ തയ്യാറാക്കിയ യാത്രാ പരിപാടി റോബിന്ദ്രയ്ക്ക് നേരത്തെ കൊടുത്തിരുന്നു. ഒരു ദിവസം അയാൾ പറഞ്ഞു നാളെ നമുക്ക് നേരത്തേ ഇറങ്ങാം ഇല്ലെങ്കിൽ പ്രയോജനമില്ല എന്ന്. അങ്ങനെ നാംചിയിലെ ഹോം സ്റ്റേയിൽ നിന്ന് നേരത്തെയിറങ്ങി ഏതാണ്ട് ഇരുപത്തിയേഴു കിലോമീറ്റർ അകലെയുള്ള മലമുകളിലെ രാവൺഗ്ളാ ബുദ്ധാ പാർക് എന്ന സ്ഥലത്തെത്തി. തഥാഗതസൽ എന്നും ഈ പാർക്ക് അറിയപ്പെടുന്നുണ്ട്. ഭീമാകാരമായ ഒരു ബുദ്ധപ്രതിമ അവിടെ തലയുയർത്തി നിൽക്കുന്നു. പടിക്കെട്ടുകൾ ഇറങ്ങുകയും കയറുകയും ചെയ്തുകൊണ്ട് പ്രതിമയുടെ ചുവട്ടിലെത്തി. അതിനു ചുറ്റുമുള്ള നടവഴിയിലൂടെ ചുറ്റിനടന്നുകൊണ്ട് ചാഞ്ഞും ചെരിഞ്ഞും നിന്ന് ഫോട്ടോയെടുത്തു. ഗംഭീരവും മനോഹരവുമായ ഒരിടം.

കാഴ്ച്ചകൾ കണ്ട് ഒരു ചായയും കഴിച്ച് നിൽക്കുമ്പോൾ പരിസരത്ത് സാവധാനം വെണ്മേഘങ്ങൾ രൂപം കൊള്ളുന്നത് കണ്ടു. കാണെക്കാണെ മേഘങ്ങൾ കനത്തു കനത്തു വന്നു. ഏതാണ്ട് അര മണിക്കൂറിനുള്ളിൽ ആ പ്രദേശമാകെ വെണ്മ കൊണ്ട് നിറഞ്ഞു. ബുദ്ധപ്രതിമ ശിരസ്സുപോലും കാണാതെ മറഞ്ഞു. രാവിലെ നേരത്തേയിറങ്ങണം എന്നു റോബിന്ദ്ര പറഞ്ഞതെന്തിനാണെന്ന് മനസ്സിലായി.

പഴയ സന്യാസിമഠമായ റാബോങ് മൊണാസ്റ്ററിയുടെ പരിസരത്ത് ശാക്യമുനിയുടെ ഈ പ്രതിമ സ്ഥാപിച്ചിട്ട് പത്തു പതിനഞ്ചു വർഷമേ ആയിട്ടുള്ളൂ. നൂറ്റിമുപ്പതടി ഉയരമുള്ള ഈ പ്രതിമ നിർമ്മിക്കാൻ അറുപതു ടൺ ചെമ്പാണ് ഉപയോഗിച്ചിട്ടുള്ളത്. ഇപ്പോഴത്തെ ദലൈലാമയാണ് പ്രതിമ സമർപ്പിച്ചത്. 'ചോ സോ' എന്ന പേരിൽ ഒരു ചെറു തടാകമുണ്ടിവിടെ. അതെല്ലാം ചേർത്തുകൊണ്ടുള്ള വിസ്താരമുള്ള വിനോദസഞ്ചാര കൗതുകമാണ് രാവൺഗ്ല. ശാക്യമുനി ഭൂജാതനായിട്ട് രണ്ടായിരത്തി അഞ്ഞൂറ്റി അമ്പതുവർഷം തികയുന്ന വേളയിലാണ് ഈ പ്രതിമ സ്ഥാപിച്ചത്. ബുദ്ധമതവിശ്വാസികളും സംസ്ഥാന സർക്കാരും ചേർന്നാണ് രാവൺഗ്ല ബുദ്ധാ പാർക്ക് നിർമ്മിച്ചത്. ടൂറിസം പ്രധാനവരുമാനമായ സിക്കിമിനെ സംബന്ധിച്ചിടത്തോളം ഇത്തരം കേന്ദ്രങ്ങൾ ഉയരേണ്ടത് സർക്കാരിന്റെ കൂടി ആവശ്യമാണ്.

ധർമ്മചക്ര പ്രവർത്തന മുദ്ര അഥവാ ധർമ്മചക്ര മുദ്രയുമായിട്ടാണ് ബുദ്ധൻ ഇവിടെ പദ്മാസനത്തിൽ ഇരിക്കുന്നത്. ബുദ്ധപ്രതിമകളിലും വിഗ്രഹങ്ങളിലും വ്യത്യസ്തമായ മുദ്രകളും ഇരിപ്പുനിലകളും കാണാവുന്നതാണ്. അത്തരത്തിലൊരു മുദ്രയാണ് ധർമ്മചക്രമുദ്ര. ബൗദ്ധ പ്രബോധനങ്ങളുടെ അനുസ്യൂതമായ പ്രവാഹത്തെ സൂചിപ്പിക്കുന്നതാണ് ഈ മുദ്ര. ധർമ്മചക്രത്തിന്റെ പ്രയാണം. നോക്കിയാലറിയാം ബുദ്ധന്റെ ഓരോ കൈയിലേയും തള്ളവിരലും ചൂണ്ടുവിരലും കൂടി ഒരു വൃത്തത്തെ അടയാളപ്പെടുത്തുന്നു. ഈ വൃത്തങ്ങൾ ധർമ്മചക്രത്തിന്റെ സൂചനയാണ്. ദൃശ്യമാത്രയിൽ ചലനാത്മകത തോന്നുന്ന ആംഗ്യമാണ് രണ്ടുകൈകൾ കൊണ്ട് സൃഷ്ടിക്കുന്നത്. ഒപ്പം ധ്യാനത്തെ





സൂചിപ്പിക്കുന്ന ഇരിപ്പുനിലയായ പദ്മാസനവും.

ബുദ്ധാ പാർക്കിലേയ്ക്ക് കയറുന്നതിനു മുൻപുള്ള തുറന്നസ്ഥലത്ത് ശയനബുദ്ധന്റെ ഒരു ചെറിയ പ്രതിമയുണ്ട്. മഹാപരിനിർവാണത്തിനുമുമ്പുള്ള ബുദ്ധന്റെ ശയനമാണ് സൂചിപ്പിക്കുന്നത്. ലോകമൊട്ടാകെ ബുദ്ധമതവുമായി ബന്ധപ്പെട്ട വിഗ്രഹശാസ്ത്രത്തിൽ പ്രധാനപ്പെട്ട ഒന്നാണിത്. ശാക്യമുനി എന്ന ചരിത്രപുരുഷന്റെ അവസാന നാളിനെ പ്രമേയമാക്കിക്കൊണ്ട് ജീവിതത്തിന്റെ അസ്ഥിരതയും അതിൽ നിന്നുള്ള വിമോചനവും അക്കാര്യത്തിലുള്ള ഉറപ്പിൽ നിന്നുളവാകുന്ന ശാന്തതയും അഭിവ്യഞ്ജിപ്പിക്കാനുള്ള കലാത്മക ശ്രമമാണ് ഈ വിഗ്രഹരൂപത്തിൽ കാണുന്നത്. അജന്താ ഗുഹകളിലും കംബോഡിയയിലെ അങ്കോർ തോം ക്ഷേത്രത്തിലും വിയറ്റ്നാമിലുമൊക്കെ ശയനബുദ്ധന്റെ പ്രതിമകൾ കാണാം.

കുന്നിൻ മുകളിൽ വലിയ പ്രതിമകൾ സ്ഥാപിക്കുന്നത് ഈ പ്രദേശങ്ങളിലെ രീതിയാണ്. ബുദ്ധന്റെ മാത്രമല്ല അവലോകിതേശ്വരന്റെയും പദ്മസംഭവന്റെയും പ്രതിമകൾ സ്ഥാപിക്കാറുണ്ട്.

സാംദ്രുപ്സേ കുന്നിലെ പദ്മസംഭവന്റെ പ്രതിമ അതുപോലൊന്നാണ്. നാംചിക്കടുത്താണ് ഈ സ്ഥലം. ആഗ്രഹ സാഫല്യത്തിനായി നാട്ടുകാർ എത്തുന്ന സ്ഥലമാണിത്. സാംദ്രുപ്സേ എന്ന വാക്കിന്റെ അർത്ഥം തന്നെ അതാണ്. ഇന്ത്യയിൽ എവിടെപ്പോയാലും പ്രാർത്ഥനാ സാഫല്യം എന്ന സങ്കൽപ്പം മുൻനിർത്തി ക്ഷേത്രങ്ങളോ പ്രാർത്ഥനാ ഇടങ്ങളോ കാണും. ടിബറ്റൻ ബുദ്ധിസത്തിലും സമാനമായ രീതികൾ ഉണ്ട്. അതു ടിബറ്റിലായാലും ഹിമാലയത്തിലെ ബുദ്ധമത പ്രദേശങ്ങളിലായാലും ശരിതന്നെ. ഇതും പുതിയ ഒരു നിർമ്മിതി തന്നെയാണ്. കാൽ നൂറ്റാണ്ടിനകത്തേ പഴക്കമുള്ളൂ. സിക്കിമിനെ ടൂറിസ്ററ് കേന്ദ്രമാക്കുന്നതിൽ ഇത്തരം സ്ഥലങ്ങൾക്ക് പ്രാധാന്യമുണ്ട്. പദ്മസംഭവന്റെ മുൻപിലെ ടെറസിൽ നിന്നുനോക്കിയാൽ സിക്കിമിലെ മാത്രമല്ല നേപ്പാളിലെ വരെ കാഴ്ച്ചകൾ കാണാം.

പദ്മസംഭവൻ ടിബറ്റൻ ബുദ്ധിസം പ്രചരിച്ച ഇടങ്ങളിലെല്ലാം പ്രസിദ്ധനാണ്. സിക്കിമിലും ഭൂട്ടാനിലും ബുദ്ധിസം എത്തിച്ചതുതന്നെ

**ടിബറ്റിലെ സുർഫു മൊണാസ്റ്ററിയുടെ മാതൃകയിൽ നിർമ്മിച്ചിട്ടുള്ള ഈ കെട്ടിടസമുച്ചയം മനോഹരമാണ്. പടിക്കെട്ടു കയറിച്ചെല്ലുമ്പോൾ ഒരു വശത്തായി ഒരു കഫറ്റേരിയ കണ്ടപ്പോൾ ഒരു ചായകുടിക്കാനായി അങ്ങോട്ടു കയറി. അതു നന്നായി. കാരണം അതിന്റെ വശത്തുള്ള മട്ടുപ്പാവിൽ നിന്നാൽ ചുറ്റുപാടുമുള്ള മലനിരകളുടെയും അവയുടെ താഴ്‌വാരത്തിന്റെയും മനോഹരമായ കാഴ്ച്ച ആസ്വദിക്കാം. തൊട്ടു താഴെ ചെറു സ്തൂപങ്ങൾ അഥവാ ചോർട്ടനുകൾ കണ്ടു.**

അദ്ദേഹമാണെന്ന നിരീക്ഷണമുണ്ട്. പൊതുവർഷം എട്ടാം നൂറ്റാണ്ടോടെ അദ്ദേഹം ഈ ദേശങ്ങളിൽ എത്തുകയും പിന്നീട് സത്യാന്വേഷികൾക്കു കണ്ടെത്താനായി വിശുദ്ധ വചനങ്ങൾ പലയിടങ്ങളായി നിധിപോലെ(ടെർമ) ഗുപ്തമാക്കി വെയ്ക്കുകയും ചെയ്തുവെന്ന ഐതിഹ്യം പ്രചാരത്തിലുണ്ട്. രണ്ടാം ബുദ്ധൻ എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. അന്നുണ്ടായിരുന്ന ഉഗ്രദേവതകളെ വശത്താക്കി ഈ നിധികൾ സൂക്ഷിക്കുന്ന കാവൽ ദേവതകളാക്കി മാറ്റിയത്രേ. അദ്ദേഹം എത്തിയത് പ്രമുഖരായവർ ഉൾപ്പെടെ അനേകം ശിഷ്യരുമായിരുന്നു. അതിനാൽ സിക്കിമും ഭൂട്ടാനുമൊക്കെ താന്ത്രിക ബുദ്ധമതത്തിന്റെ ശക്തികേന്ദ്രങ്ങളായി മാറി. എന്നാൽ അന്വേഷിക്കേണ്ട കാര്യം ആദ്യത്തെ മൊണാസ്റ്ററി രൂപംകൊള്ളുന്നത് പതിനേഴാം നൂറ്റാണ്ടിലായത് എന്തുകൊണ്ടാണ് എന്നാണ്.



പദ്മാസനത്തിലിരിക്കുന്ന പദ്മസംഭവന്റെ വലതുകൈയിൽ 'വജ്രം' എന്ന അനുഷ്ഠാന സാമഗ്രി ഉണ്ട്. ധ്യാന മുദ്രപോലെ മടിയിൽ മലർത്തിവെച്ചിട്ടുള്ള ഇടതുകൈയിൽ അമൃത കലശമാണ്. തലയോട്ടിയാണ്  സാധാരണ അമൃതകുംഭമായി ഉപയോഗിക്കാറുള്ളത്. കാരുണ്യത്തിന്റെ അമൃത് അറിവിന്റെ കലശത്തിൽ നിറഞ്ഞിരിക്കുന്നു എന്ന സങ്കൽപ്പമാണ് ഈ വിഗ്രഹശാസ്ത്ര ഘടകത്തിനു പിന്നിൽ. ഇവിടെ താഴെനിന്ന് നോക്കിയിട്ട് അമൃതകുംഭം ശരിയ്ക്ക് കാണാൻ കഴിഞ്ഞില്ല. പദ്മസംഭവന്റെ ഇടത്തെ തോളിൽ 'ഖട്വാംഗം' എന്ന ശൂലം ചാരിവെച്ചിട്ടുണ്ട്. ഖട്വാംഗം എന്നത് ഒരുകാലത്ത് കാപാലികന്മാർ ഉപയോഗിച്ചിരുന്ന തലയോട്ടി പിടിപ്പിച്ച വടിയാണ്. പ്രഹരം തന്നെയാണ് ഉദ്ദേശ്യം. എന്നാൽ തന്ത്രയാനം ഹിന്ദുമതത്തിലും ബുദ്ധമതത്തിലും പ്രബലമായ എട്ടാം നൂറ്റാണ്ടോടെ ഈ ആയുധത്തിന് അനുഷ്ഠാനപരത കൈവന്നു. മായാവിമോചനം നേടിയ ഗുരുവിന്റെ ദൈവികമായ അധീശത്വത്തിന്റെയും അജ്ഞാനത്തിനുമേൽ നേടിയ വിജയത്തിന്റെയും പ്രതീകാത്മകത ആരോപിച്ചുകൊണ്ടാണ് ഖട്വാംഗത്തെ പദ്മസംഭവന്റെ വിഗ്രഹശാസ്ത്രത്തിലേയ്ക്ക് സ്വാംശീകരിച്ചത്.

ഈ പ്രതിമ കാണാൻ വന്നപ്പോൾ ഒരു കൗതുകമുണ്ടായി. നാട്ടിൽ എന്റെ ഭാര്യയുടെ അമ്മ മരിച്ചതിന്റെ ചടങ്ങു തീരുന്ന ദിവസമായിരുന്നു. ഞങ്ങളുടെ രീതിയനുസരിച്ച് നമസ്കാര സമയം പുരോഹിതൻ പറയുമ്പോൾ എവിടെയായാലും ബന്ധുക്കൾ തെക്കോട്ടു നോക്കി നമസ്കരിക്കുന്ന പതിവുണ്ട്. ചിത്ര അതു വിളിച്ചുപറഞ്ഞപ്പോൾ ഞാൻ കുന്നിൻ ചെരുവിലെ കഫെറ്റേരിയയിൽ ഒരു മാഗി ഓർഡർ ചെയ്ത് ഇരിക്കുകയായിരുന്നു. എനിക്കറിയാവുന്ന ഭാഷയിലൊക്കെ തെക്ക് എവിടെയാണെന്ന് ചോദിച്ചിട്ട് ആ കടയിലുള്ള സ്ത്രീക്ക് മനസ്സിലാവുന്നില്ല. ഒരു പത്തുപേരോടെങ്കിലും ചോദിച്ചുകാണും. ഒടുവിൽ ഉത്തരം കിട്ടി.  ഞാൻ ആ കടയുടെ മുൻപിലെ തിണ്ണയിൽ നമസ്കരിച്ചു. പലർക്കും പിടികിട്ടിയില്ല. ഒരു മാഗി കിട്ടാനായി എന്തിനാണ് നമസ്കരിക്കുന്നതെന്നാണ് അവരിൽ പലരും ചിന്തിച്ചതെന്ന് ഞാൻ ഊഹിക്കുന്നു. പണമില്ലാത്തതുകൊണ്ടാകാമെന്നും കരുതിക്കാണും.

**കാഴ്ച്ചകൾ കണ്ട് ഒരു ചായയും കഴിച്ച് നിൽക്കുമ്പോൾ പരിസരത്ത് സാവധാനം വെൺമേഘങ്ങൾ രൂപംകൊള്ളുന്നത് കണ്ടു. കാണെക്കാണെ മേഘങ്ങൾ കനത്തു കനത്തുവന്നു. ഏതാണ്ട് അരമണിക്കൂറിനുള്ളിൽ ആ പ്രദേശമാകെ വെണ്മ കൊണ്ട് നിറഞ്ഞു. ബുദ്ധപ്രതിമ ശിരസ്സുപോലും കാണാതെ മറഞ്ഞു. രാവിലെ നേരത്തേയിറങ്ങണം എന്നു റോബിന്ദ്ര പറഞ്ഞതെന്തിനാണെന്ന് മനസ്സിലായി.**

Muthoot Finance USA Inc.



You Only NEED
A GOLD LOAN
To Make Your Dreams
A REALITY!



Just avail a gold loan from Muthoot Finance and experience a host of incredible benefits.

| Maximum Loan Value | Quick Loan Approval | Easy Documentation |
|---|---|---|
| Get the best loan value for your gold | Fast processing to get you your funds immediately | Hassle-free paperwork for a seamless loan experience |

Trust the gold loan experts and secure your future today.

Visit our branches at:

**New York Branch**
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900

**New Jersey Branch**
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200

Live Chat: +91 8078014111

Muthoot Family - 800 years of Business Legacy



ഭാവസുന്ദര ഗാനങ്ങൾ കൊണ്ട് സമ്പന്നമായിരുന്ന നമ്മുടെ ചലച്ചിത്ര സംഗീതം ഇന്ന് പ്രഭ മങ്ങി നിലകൊള്ളുകയാണ്. സാങ്കേതിക വളർച്ച സംഗീതരംഗത്തെ ബാധിച്ചത് അനുകൂലമായോ പ്രതികൂലമായോ...

# സൗഗന്ധികങ്ങളേ വിട

എന്റെ സംഗീത വഴികൾ - 13

എസ് രാജേന്ദ്ര ബാബു

മലയാള ചലച്ചിത്ര സംഗീതത്തിൻറെ വസന്തകാലം ഗാനാസ്വാദകരുടെ ഉത്സവമാക്കിയത് ജി ദേവരാജൻ, എംഎസ് ബാബുരാജ്, കെ രാഘവൻ, വി ദക്ഷിണാമൂർത്തി, ബിഎ ചിദംബരനാഥ് തുടങ്ങിയ സംഗീത പ്രതിഭകളാണല്ലോ. മറ്റ് ഭാഷകളിൽ നിന്നെത്തിയ എംബി ശ്രീനിവാസൻ, സലിൽ ചൗധരി, നൗഷാദ്, ഉഷാ ഖന്ന, ശ്യാം, രവി ബോംബെ, ഇളയരാജ തുടങ്ങിയ പ്രതിഭാശാലികളെ ആദരപൂർവം സ്മരിക്കുന്നു. അവർ ഉയർത്തിയ ദീപശിഖ എംകെ അർജുനൻ, ശ്യാം, കെ ജെ ജോയി, എടി ഉമ്മർ തുടങ്ങിയവരിൽ നിന്ന് ജോൺസൺ, രവീന്ദ്രൻ, എംജി



**ദേവരാജൻ മാസ്റ്റർ**

രാധാകൃഷ്ണൻ, രഘുകുമാർ, വിദ്യാധരൻ, ഔസേപ്പച്ചൻ തുടങ്ങി



**ദക്ഷിണാമൂർത്തി**

യവർ ഏറ്റുവാങ്ങി. തുടർന്ന് എം ജയചന്ദ്രൻ, മോഹൻ സിത്താര,

**സംഗീതം യുവാക്കളുടെ അഭിരുചിക്കനുസരിച്ച് മാറ്റത്തിനു വിധേയമായി എന്നാണ് ചിലർ വിലയിരുത്തുന്നത്. പക്ഷേ യുവതലമുറ എല്ലാ കാലഘട്ടത്തിലും ഉണ്ടായിരുന്നല്ലോ. അപ്പോഴൊന്നും ഈ അപചയം സംഭവിച്ചിരുന്നുമില്ല. വർണാഭമായ സുഗന്ധ പുഷ്പങ്ങൾക്കു പകരം കടലാസു പൂക്കളുടെ കടന്നുകയറ്റം. സർഗസിദ്ധിയും സൗന്ദര്യബോധവും സമ്മേളിക്കുന്ന ശിൽപലാവണ്യങ്ങൾക്കു പകരം വെറും ഇഷ്ടികക്കൂമ്പാരങ്ങൾ!**

ശരത്, ബിജിബാൽ, ഗോപീസുന്ദർ എന്നിവരിലൂടെ ഇന്ന് ഷാൻ റഹ്മാൻ വരെ ഉൾപ്പെടുന്ന യുവ സംഗീത സംവിധായകരുടെ കൈകളിൽ എത്തി നിൽക്കുന്നു ആ ദീപശിഖ. ഈ പ്രയാണത്തിൽ എവിടെ വച്ചെങ്കിലും ദീപശിഖയുടെ പ്രഭ മങ്ങിയോ? സാങ്കേതിക വളർച്ച സംഗീതരംഗത്തെ ബാധിച്ചത് അനുകൂലമായോ പ്രതികൂലമായോ...

ഭാവസുന്ദര ഗാനങ്ങൾ കൊണ്ട് സമ്പന്നമായിരുന്ന നമ്മുടെ ചലച്ചിത്ര സംഗീതം അടിച്ചേൽപിക്കപ്പെട്ടതോ ആരോപിക്കപ്പെട്ടതോ ആയ ചില കാരണങ്ങൾ കൊണ്ട് ഇന്ന് പ്രഭ മങ്ങി നിലകൊള്ളുകയാണെന്ന അഭിപ്രായം പ്രബലമാണ്. മാറ്റം കാലത്തിൻറെ അനിവാര്യതയാണെങ്കിലും തിളങ്ങിനിൽക്കുന്ന ഒന്നിൻറെ പ്രഭാവം കാലാന്തരത്തിൽ നിഷ്പ്രഭമാകുന്നത് പുരോഗതിയായി കാണാനാവില്ലല്ലോ.

ഏതു സാഹചര്യത്തിലാണ് ഇത്തരമൊരു മൂല്യച്യുതി ചലച്ചിത്ര സംഗീതത്തിനു സംഭവിച്ചതെന്നു പരിശോധിക്കുമ്പോൾ ഈ രംഗത്തു പ്രവർത്തിക്കുന്നവർ



അർജുനൻ മാസ്റ്റർ



എം എസ് ബാബു രാജ്

നിരത്തുന്നത് പലവിധ കാരണങ്ങളാണ്. സംഗീതം യുവാക്കളുടെ അഭിരുചിക്കനുസരിച്ച് മാറ്റത്തിനു വിധേയമായി എന്നാണ് ചിലർ വിലയിരുത്തുന്നത്.

പക്ഷേ യുവതലമുറ എല്ലാ കാലഘട്ടത്തിലും ഉണ്ടായിരുന്നല്ലോ. അപ്പോഴൊന്നും ഈ അപചയം സംഭവിച്ചിരുന്നുമില്ല. വർണാഭമായ സുഗന്ധ പുഷ്പങ്ങൾക്കു പകരം കടലാസു പൂക്കളുടെ കടന്നുകയറ്റം. സർഗസിദ്ധിയും സൗന്ദര്യബോധവും സമ്മേളിക്കുന്ന ശിൽപലാവണ്യങ്ങൾക്കു പകരം വെറും ഇഷ്ടികക്കൂമ്പാരങ്ങൾ!




ബി എ ചിദംബരനാഥ്

കുടുംബ സമേതം തിയേറ്ററുകളിൽ പോയി സിനിമ കാണുന്ന മലയാളിയുടെ ശീലം ഏറെക്കുറെ അവസാനിച്ചമട്ടാണ്. ഷോപ്പിംഗ് സെൻററുകളും റെസ്റ്ററൻറുകളും ഉൾപ്പെടെ ആധുനിക സൗകര്യങ്ങൾ ഉള്ള തിയേറ്ററുകളിൽ പോകാൻ എല്ലാവർക്കും ഇഷ്ടവുമാണ്. പക്ഷേ ഒരു മണിക്കൂറിലധികം ഇരിക്കാൻ യുവാക്കൾക്ക് ക്ഷമ ഉണ്ടാകില്ലെന്നു മാത്രം.

ഇത്തരം സാഹചര്യങ്ങളിൽ യേശുദാസും ജയചന്ദ്രനുമൊക്കെ പാടിവച്ച താമസമെന്തേ വരുവാൻ, സുമംഗലീ നീ ഓർമ്മിക്കുമോ, പ്രാണസഖീ ഞാൻ വെറുമൊരു പാമരനാം പാട്ടുകാരൻ , നിൻമണിയറയിലെ, ഒന്നിനി ശ്രുതി താഴ്ത്തി പാടുക പൂങ്കുയിലേ തുടങ്ങിയ മെല്ലെ ഒഴുകി വരുന്ന ഗാനങ്ങൾ കേട്ടിരിക്കാൻ അക്ഷമരായ ന്യൂജെൻ ചെറുപ്പക്കാർ തയാറാകുന്നില്ല. ശരീരം മുഴുവൻ ഇളക്കിമറിക്കുന്ന അടിപൊളി ഗാനങ്ങൾ ഉൾക്കൊള്ളിച്ച് അവർക്ക് ഒരു വിഷ്വൽ ട്രീറ്റ് സമ്മാനിക്കാനാണ് ഇന്നത്തെ സംവിധായകരും നിർമ്മാതാക്കളും പരമാവധി ശ്രമിക്കുന്നത്. 'അപ്പങ്ങളെമ്പാടും ഒറ്റയ്ക്കു ചുട്ടമ്മായി' 'അവളു വേൺട്രാ ഇവളു വേൺട്രാ'' എൻ



**പി ജയചന്ദ്രൻ**



**യേശുദാസ്**

റമ്മേടെ ജിമിക്കിക്കമ്മൽ', 'കിം കിം കിംകിംകിം കിം 'തുടങ്ങിയ വിധത്തിലുള്ള ഗാനങ്ങൾ കൊണ്ട് നമ്മുടെ ചലച്ചിത്രഗാന സംസ്കാരം മാറിമറിഞ്ഞത് ഈ സാഹചര്യത്തിലാണ്.

ആലാപനത്തിനൊപ്പം ഓർക്കസ്ട്രയുടെ അമിതോപയോഗം കൊണ്ടുള്ള കാതടപ്പൻ ശബ്ദകോലാഹലം വേറെയും യൂ ട്യൂബിലും ഇൻറർനെറ്റിലും എഫ്എം റേഡിയോയിലുമാണ് ചെറുപ്പക്കാർ അധികവും ഗാനങ്ങൾ കേൾക്കുന്നത്.

സ്പീഡ് അവർ കൂടുതൽ ഇഷ്ടപ്പെടുന്നു എന്ന മുൻവിധിയോടെ സൃഷ്ടിക്കപ്പെടുന്ന ഗാനങ്ങൾ ഒരുതരം അടിച്ചേൽപിക്കലാണ്. വിജയ ചിത്രങ്ങളിലെ ഗാനങ്ങളെ മാത്രമേ ഈ മീഡിയകൾ പ്രമോട്ട് ചെയ്യാറുള്ളു. അതിനാൽ പാട്ടുകൾ നന്നായാലും ചിത്രം ഓടിയില്ലെങ്കിൽ ഗാനങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നത് വേദനാജനകമാണ്. താൽക്കാലികമാണ് ഈ സാഹചര്യം. സംഗീതത്തിൻറെ നല്ല നാളുകൾ തിരികെ വരുമെന്നാണ് എൻറെ പ്രതീക്ഷ, കരിമിഴിക്കുരുവിയെ കണ്ടീലാ എന്ന ആദ്യഗാനം കൊണ്ട് തന്നെ സംഗീതാസ്വാദകരെയാകെ ആകർ



**രാഘവൻ മാസ്റ്റർ**

ഷിച്ച ഗായകൻ ദേവാനന്ദ് അഭിപ്രായപ്പെടുന്നു.

എന്നാൽ ആസ്വാദനക്ഷമത നഷ്ടപ്പെടുംവിധം ഗാനങ്ങൾ സൃഷ്ടിക്കപ്പെടുന്നതിൻറെ കാരണക്കാർ യുവതലമുറയാണെന്ന അഭിപ്രായം സംഗീത സംവിധായകൻ എം ജയചന്ദ്രനില്ല – എല്ലാ മേഖലകളിലും കാലാന്തരത്തിൽ സംഭവിക്കുന്ന മാറ്റം സംഗീതത്തിലും സംഭവിക്കാം. പാശ്ചാത്യ സംഗീതം നമ്മെ എത്രമേൽ സ്വാധീനിച്ചാലും ഇന്ത്യൻ സംഗീതം അതിനൊപ്പമോ അൽപമെങ്കിലും മികച്ചതോ ആണെന്നാണ് എൻറെ വിശ്വാസം. അതുൾക്കൊണ്ടു തന്നെ ഇന്ത്യൻ സംഗീതത്തിൻറെ മൂല്യവും പ്രാധാന്യവും യുവാക്കളിൽ എത്തിക്കാനുള്ള എളിയ ശ്രമങ്ങളാണ് എൻറെ ഗാനങ്ങളിലൂടെ ഞാൻ എപ്പോഴും നടത്താറുള്ളത്. പുതിയ സാഹചര്യത്തിൽ, പുതിയ പാത്രത്തിൽ ഭക്ഷണം വിളമ്പുകയാണ് ഇവരെ ആകർഷിക്കാനുള്ള ഉചിതമായ മാർഗം.?

എല്ലാ മലയാളികളും ഇന്നും മനസ്സിൽ താലോലിക്കുന്ന പഴയ ഗാനങ്ങളും അതിൻറെ കഥാസന്ദർഭങ്ങളും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ എല്ലാവരുടേയും വ്യക്തി ജീവിതത്തെ സ്വാധീനിച്ചിരുന്നു.

ആ ഗാനങ്ങൾ കേൾക്കുന്നതിലൂടെ സ്വന്തം ജീവിതത്തിലെ ചില മുഹൂർത്തങ്ങൾ എല്ലാവരിലും മിന്നിമറയുന്നു. എന്നാൽ ഇന്നത്തെ യുവാക്കൾ ആ ചിത്രങ്ങളൊന്നും കണ്ടിട്ടില്ല.

മാത്രമല്ല, അത്തരം വികാരങ്ങൾക്ക് അടിമപ്പെടുന്ന മനസ്സുകളല്ല ഇന്നത്തെ യുവാക്കൾക്കുള്ളത്. പക്ഷേ പഴയ ഗാനങ്ങളുടെ നിർമ്മാണത്തികവ് അവരെ

**ശരീരം മുഴുവൻ ഇളക്കിമറിക്കുന്ന അടിപൊളി ഗാനങ്ങൾ ഉൾക്കൊള്ളിച്ച് അവർക്ക് ഒരു വിഷ്വൽ ട്രീറ്റ് സമ്മാനിക്കാനാണ് ഇന്നത്തെ സംവിധായകരും നിർമ്മാതാക്കളും പരമാവധി ശ്രമിക്കുന്നത്. 'അപ്പങ്ങളെമ്പാടും ഒറ്റയ്ക്കു ചുട്ടമ്മായി' 'അവളു വേൺട്രാ ഇവളു വേൺട്രാ" എൻറമ്മേടെ ജിമിക്കിക്കമ്മൽ', 'കിം കിം കിംകിംകിം കിം 'തുടങ്ങിയ വിധത്തിലുള്ള ഗാനങ്ങൾ കൊണ്ട് നമ്മുടെ ചലച്ചിത്രഗാന സംസ്കാരം മാറിമറിഞ്ഞത് ഈ സാഹചര്യത്തിലാണ്.**



എം ജയചന്ദ്രൻ



ദേവാനന്ദ്

ആകർഷിക്കുന്നു എന്നത് മറ്റൊരു യാഥാർത്ഥ്യം. ഭാർഗവീ നിലയമോ നദിയോ ഞാൻ കണ്ടിട്ടില്ല. പക്ഷേ അവയിലെ ഗാനങ്ങൾ വല്ലാതെ സ്വാധീനിക്കുന്നു, താമസമെന്തേ ആയിരം പാദസരങ്ങൾ തുടങ്ങിയ ഗാനങ്ങളുടെ ആർദ്രത നഷ്ടപ്പെടുത്താതെ എനിക്കു പാടാൻ കഴിയുന്നത് അതിനാലാണ് യുവഗായകൻ സുദീപ് കുമാർ അഭിപ്രായപ്പെടുന്നു. എന്നാൽ ഇന്ന് ഒരു പാട്ടിൻറെ റെക്കോഡിംഗ് കഴിഞ്ഞെന്ന് ധൈര്യമായി പറയാൻ കഴിയുന്നില്ല. അതൊന്നു പാടാൻ പറഞ്ഞാൽ കെണിയായി.

വാദ്യോപകരണങ്ങളുടെ ഒഴുക്കിൽ ഇടയ്ക്കിടെ മാത്രം ശബ്ദിക്കുന്ന ഗായകന് പശ്ചാത്തല സംഗീതത്തിൻറെ അകമ്പടിയോടെയല്ലാതെ പാട്ട് പൂർണമായി പാടാൻ സാധിക്കാത്ത അവസ്ഥ!? അദ്ദേഹം പരിതപിക്കുന്നു.

പുതിയ സംവിധായകരിൽ ചിലരെങ്കിലും തങ്ങളുടെ ചിത്രങ്ങളിലെ ഗാനങ്ങളോട് ഒരുതരം യൂസ് ആൻറ് ത്രോ മനോഭാവം വച്ചു പുലർത്തുന്നുണ്ടെന്നതും ഗാനങ്ങളുടെ പ്രാധാന്യം കുറയുന്നതിന് കാരണമാകുന്നുണ്ട്. ചിത്രത്തിൻറെ പ്രസക്തിക്കപ്പുറം ഗാനങ്ങൾ അതിരുകടന്നു പോ

**പുതിയ സംവിധായകരിൽ ചിലരെങ്കിലും തങ്ങളുടെ ചിത്രങ്ങളിലെ ഗാനങ്ങളോട് ഒരുതരം യൂസ് ആൻറ് ത്രോ മനോഭാവം വച്ചു പുലർത്തുന്നുണ്ടെന്നതും ഗാനങ്ങളുടെ പ്രാധാന്യം കുറയുന്നതിന് കാരണമാകുന്നുണ്ട്. ചിത്രത്തിൻറെ പ്രസക്തിക്കപ്പുറം ഗാനങ്ങൾ അതിരുകടന്നു പോകേണ്ടതില്ലെന്നതാണ് അവരുടെ വാദം.**

കേണ്ടതില്ലെന്നതാണ് അവരുടെ വാദം.

കഥാസന്ദർഭത്തിനു വേണ്ടി മാത്രമാണ് ഗാനങ്ങൾ സൃഷ്ടിക്കപ്പെടുന്നതെന്നിരിക്കെ ഗാനങ്ങൾ എന്നെന്നും ഓർമ്മിക്കപ്പെടണമെന്ന മനോഭാവത്തോട് അവർക്കു യോജിപ്പില്ല. അതോടെ മറ്റു സംഗീതോപകരണങ്ങളുടെ ഉപയോഗം പോലെ മാത്രം ഗായകൻറെ ശബ്ദവും പരിഗണിക്കപ്പെട്ടാൽ മതിയെന്ന സ്ഥിതി വന്നു. തൽഫലമായി ആലാപനത്തിൻറെ സ്വതന്ത്രരൂപം നഷ്ടമായി. എന്നാൽ പഴയ ഗാനങ്ങളുടെ പേരിൽ മാത്രം പല ചിത്രങ്ങൾ ഓർമ്മിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യം അവഗണിക്കാവുന്നതല്ല.

അടിപൊളിപ്പാട്ടുകൾക്കൊപ്പം നൃത്തം ചെയ്യുന്ന യുവാക്കൾക്ക് പഴയ ഗാനങ്ങൾ ഇഷ്ടമല്ലെന്ന് ഞാൻ കരുതുന്നില്ല. വേദിയിൽ ഒന്നു പാടേണ്ടി വന്നാൽ പഴയ പാട്ടുകൾ തന്നെയാണ് അവർ തെരഞ്ഞെടുക്കുന്നത്, ഗായകൻ വിജേഷ് ഗോപാൽ അഭിപ്രായപ്പെടുന്നു: മുമ്പത്തെ ഗാനങ്ങളിൽ മിക്കതും ശാസ്ത്രീയ സംഗീതത്തിൽ അധിഷ്ഠിതങ്ങളായിരുന്നതിനാൽ അവയ്ക്ക് വ്യക്തമായ ഒരു രൂപം ഉണ്ടായിരുന്നു.

ആ പാട്ടുകൾ ഒരു ഉപകരണത്തിൻറെയും അകമ്പടി ഇല്ലാതെയും പാടാം. സിനിമയെ ആശ്രയിക്കാത്ത സ്വതന്ത്ര ഗാനങ്ങളിലൂടെ പാട്ടുകളുടെ നഷ്ടപ്രതാപം വീണ്ടെടുക്കാനാവും. എന്നാൽ ഈ സ്വതന്ത്രാവിഷ്കാരത്തിന് ആസ്വാദകരിൽ നിന്ന് എത്രത്തോളം പ്രോത്സാഹനം ലഭിക്കും എന്നത് കാലം തെളിയിക്കേണ്ടതാണ്.

സിംഗിൾസ് എന്ന പേരിൽ സ്വതന്ത്ര ഗാനങ്ങൾ ദൃശ്യാവിഷ്കാരത്തോടെ നിരവധി പുറത്തിറങ്ങുന്നുണ്ട്. ഭക്തിഗാനങ്ങളുടെ സ്വീകാര്യതയെങ്കിലും സിംഗിൾസിനു ലഭിച്ചാൽ സാന്ദ്രസംഗീതത്തിൻറെ തിരിച്ചുവരവിന് ഈ പ്രവണത സഹായകമാകുമെന്ന് പ്രതീക്ഷിക്കാം.

ഏറ്റവും കുറഞ്ഞ ബജറ്റിൽ ചിത്രങ്ങൾ നിർമ്മിക്കുന്നവർ അതു പൂർത്തിയാക്കാൻ പല കുറുക്കുവഴികളും അവലംബിക്കാറുണ്ട്. അതിനാൽ തന്നെ സംവിധാനത്തിലും ചിത്രീകരണത്തിലും എഡിറ്റിംഗിലും സംഗീതത്തിലുമൊക്കെ ധാരാളം പാളിച്ചകളും സംഭവിക്കാറുണ്ട്.


ചിത്രനിർമ്മാണത്തിൻറെ ഒടുവിലത്തെ വളരെ പ്രധാനപ്പെട്ട ഘട്ടമാണ് പശ്ചാത്തല സംഗീതം ഒരുക്കൽ. അതിൻറെ സമയമാകുമ്പോഴേക്കും കുറഞ്ഞ ബജറ്റുകാ

രനായ നിർമ്മാതാവ് കുത്തുപാള എടുത്തിട്ടുണ്ടാവും.

സംഗീതോപകരണങ്ങളുടെ സഹായമില്ലാതെ എങ്ങനെ പശ്ചാത്തലമൊരുക്കാം എന്നു വേവലാതിപ്പെടുന്ന നിർമ്മാതാക്കളെ സഹായിക്കാൻ പലരുമുണ്ട്. മറ്റു ചിത്രങ്ങൾക്കു വേണ്ടി മുമ്പ് ഒരുക്കിയ സംഗീതത്തിൻറെ ട്രാക്ക് കംപ്യൂട്ടർ സഹായത്തോടെ തിരിച്ചും മറിച്ചും വെട്ടിമാറ്റി വീണ്ടും ഉപയോഗിക്കുകയാണ് ഇക്കൂട്ടരുടെ രീതി. സംഗീതം തീരെ അറിയണമെന്നില്ല, ട്രാക്ക് വെട്ടാനും ഒട്ടിക്കാനും മാത്രം അറിഞ്ഞാൽ മതി.

റെക്കോഡിംഗ് തിയേറ്ററിൽ കലാകാരന്മാർക്ക് ലഘുഭക്ഷണം വിതരണം ചെയ്തിരുന്ന ഒരു പ്രൊഡക്ഷൻ ബോയ് ഇത്തരം ഒരു ചിത്രത്തിന് പശ്ചാത്തല സംഗീതം ഒരുക്കിയ അനുഭവമുണ്ട്. ഇതിനായി അയാൾ അവിദഗ്ധനായ ഒരു കീബോർഡ് വായനക്കാരൻറെ സഹായം തേടി.

**റെക്കോഡിംഗ് തിയേറ്ററിൽ കലാകാരന്മാർക്ക് ലഘുഭക്ഷണം വിതരണം ചെയ്തിരുന്ന ഒരു പ്രൊഡക്ഷൻ ബോയ് ഇത്തരം ഒരു ചിത്രത്തിന് പശ്ചാത്തല സംഗീതം ഒരുക്കിയ അനുഭവമുണ്ട്. ഇതിനായി അയാൾ അവിദഗ്ധനായ ഒരു കീബോർഡ് വായനക്കാരൻറെ സഹായം തേടി. പഴയ ചിത്രങ്ങളുടെ സംഗീത ട്രാക്കുകളിലെ വിവിധ ഭാഗങ്ങൾ ഉപയോഗിച്ച് ഒറ്റ രാത്രികൊണ്ട് ഏറ്റവും ചുരുങ്ങിയ ചെലവിൽ പശ്ചാത്തല സംഗീതം തയാറായി. 2006 – ലെ സംസ്ഥാന അവാർഡുകൾ പ്രഖ്യാപിച്ചപ്പോൾ പശ്ചാത്തല സംഗീതത്തിന് ഈ ചിത്രം അവാർഡ് നേടി!**



കെ കെ നിഷാദ്



ദിനേഷ്

പഴയ ചിത്രങ്ങളുടെ സംഗീത ട്രാക്കുകളിലെ വിവിധ ഭാഗങ്ങൾ ഉപയോഗിച്ച് ഒറ്റ രാത്രികൊണ്ട് ഏറ്റവും ചുരുങ്ങിയ ചെലവിൽ പശ്ചാത്തല സംഗീതം തയാറായി. 2006-ലെ സംസ്ഥാന അവാർഡുകൾ പ്രഖ്യാപിച്ചപ്പോൾ പശ്ചാത്തല സംഗീതത്തിന് ഈ ചിത്രം അവാർഡ് നേടി! മികച്ച സെല്ലോ വാദകനായ ശേഖർ (സംഗീതജ്ഞൻ കുന്നക്കുടി വൈദ്യനാഥൻറെ മകൻ) പ്രശസ്ത വയലിനിസ്റ്റ് റെക്സ് ഐസക്കിനോടു ഇതേക്കുറിച്ച് ചോദിച്ചു: കേരളത്തിലുള്ളവർ വിദ്യാസമ്പന്നരും പ്രബുദ്ധരുമൊക്കയാണെന്ന് പറയാറുണ്ടല്ലോ. ഇതെങ്ങനെ സംഭവിച്ചു? ഉത്തരം മുട്ടിപ്പോയ ഇത്തരമൊരു ചോദ്യം ജീവിതത്തിൽ ഒരിക്കലും നേരിടേണ്ടി വന്നിട്ടില്ലെന്നാണ് റെക്സ് മാസ്റ്റർ പ്രതികരിച്ചത്.

ചലച്ചിത്ര സംഗീതത്തിൻറെ അസ്തിത്വവും മൂല്യവും നഷ്ടമായത് തൊണ്ണൂറുകളിൽ ആരംഭിച്ച ഒരുതരം തട്ടിപ്പും തുടർന്ന് ചലച്ചിത്ര പ്രവർത്തകർക്കിടയിലുണ്ടായ തെറ്റിദ്ധാരണയും മൂലമാണെന്ന് വൈശാലി എന്ന ചിത്രത്തിലൂടെ (ദും ദും ദും ദുന്ദുഭിനാദം) രംഗത്തു വന്ന പിന്നണി ഗായകനും സൗണ്ട് ഡിസൈനറുമായ ദിനേശ് അഭിപ്രായപ്പെടുന്നു. സൗണ്ട് എഞ്ചനീയറിംഗ് രംഗത്തുണ്ടായ സാങ്കേതിക വളർച്ചയെ ആശ്രയിച്ച് സംഗീതം സൃഷ്ടിച്ച എആർ റഹ്മാൻ ഒരു പരിധിവരെ ഈ മൂല്യച്യുതിക്ക് കാരണക്കാരനാണെന്നും ദിനേശ് വെളിപ്പെടുത്തുന്നു. ?ഓരോ കലാകാരനേയും മണിക്കൂറുകളോളം പാടിച്ചും വായിപ്പിച്ചും റെക്കോഡ് ചെയ്ത ശേഷം അതിൽ ഇഷ്ടപ്പെട്ട ഭാഗങ്ങൾ കൂട്ടിയോജിപ്പിച്ചാണ് റഹ്മാൻ സംഗീതം സൃഷ്ടിക്കുന്നത്.

ശ്വാസം നിലനിർത്താനാവാത്തവിധം ദീർഘവും അപ്രായോഗികവുമായ വിധത്തിലാവും ഇവ കൂട്ടിയോജിപ്പിക്കുക. ഇതിൻറെ അപ്രായോഗികത ചൂണ്ടിക്കാട്ടിയവരെ ഇത് ഡിഫറൻറ് ആണെന്ന് വിശദീകരിച്ച് ഒതുക്കി. സംഗീതത്തിൻറെ കമ്പോസിംഗ് ഇന്നില്ല. പകരം സംഗീതത്തിൻറെ അസംബ്ലിംഗാണു നടക്കുന്നത്. അതോടെ കലാകാരന്മാർക്ക് അവരുടെ പേരിൽ പുറത്തു വന്ന ഡിഫറൻറ് സംഗീതം ജീവിതത്തിലൊരിക്കലും മറ്റൊരു വേദിയിൽ പുനരവതരിപ്പിക്കാനായില്ല.

റഹ്മാനും അദ്ദേഹത്തെ അനുഗമിച്ച മറ്റു സംഗീതജ്ഞരും



സുദീപ് കുമാർ

മൈനസും പ്ലസും ട്രാക്കുകൾ ഉപയോഗിച്ച് വേദികളിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചു. (ഉപകരണങ്ങളുടെ സംഗീതം മാത്രം റെക്കോഡ് ചെയ്തു കേൾക്കുന്നത മൈനസ് വൺ ട്രാക്ക്. പാട്ട് ഉൾപ്പെടെ റെക്കോഡ് ചെയ്തു കേൾക്കുന്നത് പ്ലസ് വൺ ട്രാക്ക്). ട്രാക്കിലൂടെ സംഗീതം ഒഴുകിയപ്പോൾ ഗായകനും വാദ്യകലാകാര?ാരും വേദികളിൽ അഭിനയിച്ചു തകർത്തു. ഈ തട്ടിപ്പ് ശ്രോതാക്കളാരും തിരിച്ചറിഞ്ഞില്ല.

ഇതോടെ മറ്റു കലാകാരന്മാരും വേദിയിലും ചാനലുകളിലുമെല്ലാം മൈനസ് ട്രാക്കും പ്ലസ് ട്രാക്കും മാറിമാറി പ്രയോഗിൺക്കാൻ നിർബന്ധിതരായി. ഒറിജിനൽ സംഗീതം ട്രാക്കുകളിലൂടെ ഒഴുകുമ്പോൾ കലാകാരന്മാർ അതിനനുസരിച്ച് അഭിനയിച്ച് കാഴ്ചക്കാരെ വിഡ്ഢികളാക്കിക്കൊണ്ടിരുന്നു. സാങ്കേതികതയുടെ വളർച്ച സ്വന്തം വിജയമായി ഇക്കൂട്ടർ ആഘോഷിച്ചു. ഈ തട്ടിപ്പ് മനസ്സിലാൺക്കാത്ത ചലച്ചിത്ര പ്രവർത്തകർ ഡിഫറൻറ് സംഗീതത്തിനായി സംഗീതൺസംവിധായകരെ നിർബന്ധിച്ചു.

അതോടെ സർഗപ്രതിഭയുള്ള കലാകാരന്മാർ പിന്തള്ളപ്പെടുക



വിജേഷ് ഗോപാൽ

യും കംപ്യൂട്ടർ വിദഗ്ദന്മാർ രംഗം കൈയടക്കുയും ചെയ്തു. അതോടെ സംഗീതത്തിൽ 'കൺട്രോൾ സി, കൺട്രോൾ വി' സംസ്കാരം (വെട്ടിയൊട്ടിപ്പ്) കൊടികുത്തി വാഴാനും തുടങ്ങി.

മോഹൻലാൽ അരങ്ങേറിയ ലാലിസത്തോടെയാണ് ജനങ്ങൾ ഈ തട്ടിപ്പ് മനസ്സിലാക്കി തുടങ്ങിയത്. അപതാളവും അപശ്രുതിയും കൊണ്ട് വേദിയെ അലങ്കോല

**സൗണ്ട് എഞ്ചനീയറിംഗ് രംഗത്തുണ്ടായ സാങ്കേതിക വളർച്ചയെ ആശ്രയിച്ച് സംഗീതം സൃഷ്ടിച്ച എആർ റഹ്മാൻ ഒരു പരിധിവരെ ഈ മൂല്യച്യുതിക്ക് കാരണക്കാരനാണെന്നും ദിനേശ് വെളിപ്പെടുത്തുന്നു. ?ഓരോ കലാകാരനേയും മണിക്കൂറുകളോളം പാടിച്ചും വായിപ്പിച്ചും റെക്കോഡ് ചെയ്ത ശേഷം അതിൽ ഇഷ്ടപ്പെട്ട ഭാഗങ്ങൾ കൂട്ടിയോജിപ്പിച്ചാണ് റഹ്മാൻ സംഗീതം സൃഷ്ടിക്കുന്നത്. ശ്വാസം നിലനിർത്താനാവാത്തവിധം ദീർഘവും അപ്രായോഗികവുമായ വിധത്തിലാവും ഇവ കൂട്ടിയോജിപ്പിക്കുക.**

മാക്കുന്ന സംഗീത പരിപാടികൾ സംപ്രേഷണം ചെയ്യുമ്പോൾ കാതിനേറെ മധുരമായി അനുഭവപ്പെടുന്നത് വേദിയിലെ ശബ്ദത്തിനു പകരം ഒറിജിനൽ പാട്ടുകൾ തിരുകിക്കയറ്റുന്നതിലൂടെയാണെന്നും ദിനേശ് വെളിപ്പെടുത്തുന്നു. വേദിയിൽ പാടുമ്പോൾ പലവിധപ്രശ്നങ്ങൾ ശബ്ദത്തിന് സംഭവിക്കാറുണ്ട്. ശ്രദ്ധ മാറിയാൽ പോലും ശബ്ദത്തെ ബാധിക്കും. പക്ഷേ അതൊരു വലിയ കുറ്റമൊന്നുമല്ല. ലൈവ് അല്ലേ? അപ്പോൾ അങ്ങനെയൊക്കെ സംഭവിക്കും. അപ്പോഴേ അത് ലൈവ് ആകുന്നുള്ളു. അല്ലെങ്കിൽ പിന്നെ റെക്കോഡ് വച്ച് കേട്ടാൽ പോരേ? യുവ ഗായകൻ കെകെ നിഷാദിൻറെ നിലപാട് അതാണ്.

ചലച്ചിത്ര സംഗീതത്തിൻറെ ഇന്നത്തെ ദുരവസ്ഥ മാറി പ്രതിഭകൾക്കു പ്രാധാന്യം ലഭിക്കുന്ന ഒരുകാലം തിരികെ വരുമോ? സൂര്യനു മേൽ താൽക്കാലികമായി പതിക്കുന്ന കരിമേഘങ്ങൾ പോലെയാണ് ഈ പ്രവണത. സംഗീതത്തിൻറെ പ്രൗഢി പൂർവാധികം ശക്തിയായി തിരികെ വരികതന്നെ ചെയ്യും എന്നു പ്രത്യാശിക്കുന്ന ഗായകർ നിരവധിയാണ്. സംഗീതത്തെ ഗൗരവതരമായി സമീപിക്കുകയും അഭ്യസിക്കുകയും ചെയ്യുന്ന ഒരു വിഭാഗം യുവാക്കൾ സജ്ജരാകുന്നുണ്ട്.

ഒരു വൃക്ഷത്തിൻറെ ഇലകളും ചില്ലകളും കൊഴിയുമ്പോൾ നമുക്ക് വേദന തോന്നുമെങ്കിലും കാലാവസ്ഥ മാറുമ്പോൾ പുത്തൻ നാമ്പുകളും ചില്ലകളും തളിർത്ത് ആ വൃക്ഷം വീണ്ടും പൂത്തുലയുന്നത് നാം കാണാറില്ലേ? അതുപോലെ ഇന്ത്യൻ സംഗീതത്തിൻറെ നഷ്ടപ്രതാപം വീണ്ടെടുക്കാമെന്ന പ്രത്യാശയിൽ തന്നെയാണ് എല്ലാ സംഗീതപ്രേമികളും, സുദീപ് കുമാറും അങ്ങനെതന്നെ വിശ്വസിക്കുന്നു.



**ഭഗവത്ഗീതയിലെ അഞ്ചാം അധ്യായം വായിക്കുന്നവർക്ക് സകല പാപങ്ങളിൽ നിന്ന് മോചനവും ഈശ്വരസാക്ഷാത്കാരവുമുണ്ടാകുമെന്നാണ് വിശ്വാസം.**

# സംന്യാസയോഗം

**◉ സുധീർ പണിക്കവീട്ടിൽ**

ഭഗവത്ഗീതയിലെ അഞ്ചാം അധ്യായം വായിക്കുന്നവർക്ക് സകല പാപങ്ങളിൽ നിന്ന് മോചനവും ഈശ്വരസാക്ഷാത്കാരവുമുണ്ടാകുമെന്നാണ് വിശ്വാസം. അതിനെക്കുറിച്ചൊരു കഥയുണ്ട്. ഒരിടത്ത് ഒരു ബ്രാഹ്മണൻ വേദങ്ങളും ബ്രാഹ്മണകർമ്മങ്ങളും വിധിപോലെ പഠിച്ചെങ്കിലും അതിൽ താല്പര്യമില്ലാതെ
പാട്ടും, നൃത്തവും, അഭ്യസിച്ചു. വാദ്യോപകരണങ്ങൾ സമർത്ഥമായി ഉപയോഗിക്കാൻ അയാൾ പ്രാപ്തനായി. ആ കലയിൽ പ്രസിദ്ധനായ ബ്രാഹ്മണൻ അങ്ങനെ രാജകൊട്ടാരത്തിലെ അതിഥിയായി.

സകല സൗഭാഗ്യങ്ങളോടെ രാജാവിന് പ്രിയങ്കരനായി കൊട്ടാരത്തിൽ കഴിയുമ്പോൾ അയാൾ കാമാതുരനായി പരസ്ത്രീഗമനത്തിൽ രസം പൂണ്ടു ഒരു കാളക്കൂറ്റനെപ്പോലെ മദിച്ചു നടന്നു. അയാളുടെ ഭാര്യയും അനിയന്ത്രിതമായ കാമാസക്തിയുള്ളവളായിരുന്നു. അവർ അന്യപുരുഷന്മാരോടോത്ത് കാമകേളിയാടി ജീവിതം ആഘോഷിച്ചു. ഒരിക്കൽ അത് കണ്ടുപിടിച്ച ബ്രാഹ്മണൻ അവളെ വെട്ടിക്കൊന്നു കുഴിച്ചിട്ടു. അവൾ ഒരു തത്തയായി പുനർജനിച്ചു. ബ്രാഹ്മണൻ മരിച്ചപ്പോൾ അയാൾ ഒരു കഴുകനായി ജനിച്ചു. പൂർവ്വ ജന്മപാപം മൂലം പക്ഷികളായി പിറന്ന ഇവർ

ഇര തേടി നടക്കുമ്പോൾ കഴുകൻ തത്തയെ കണ്ടു തന്റെ പൂർവ്വജന്മത്തിലെ ഭാര്യയാണെന്ന് തിരിച്ചറിഞ്ഞു തന്റെ ബലമായ കൊക്കുകൊണ്ട് കൊത്തി.

വെള്ളം നിറഞ്ഞുകിടന്ന ഒരു തലയോട്ടിയിലേക്ക് പാവം തത്ത ചത്തുമലച്ചു. ആ സമയം അതുവഴി വന്ന ഒരു വേടൻ കഴുകനെ ഉന്നം വച്ച് അമ്പെയ്യുകയും ആ അമ്പ് കൊണ്ട് കഴുകന്റെ തലയും തെറിച്ചു ആ തലയോട്ടിയിൽ തന്നെ വീഴുകയും ചെയ്തു. അപ്പോൾ യമരാജൻ പ്രത്യക്ഷപ്പെട്ടു. യമനെ കണ്ടു അവർ ഭയപ്പെട്ടെങ്കിലും

യമൻ പറഞ്ഞ വാക്കുകൾ അവരെ സന്തോഷിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്തു. 'നിങ്ങൾ രണ്ടുപേരും നിങ്ങളുടെ പാപത്തിൽ നിന്നും രക്ഷിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾക്ക് വൈകുണ്ഠത്തിൽ പ്രവേശിക്കാം. അത് വിശ്വസിക്കാൻ പ്രയാസമായതുകൊണ്ട് അതെങ്ങനെ സംഭവിച്ചു എന്നവർ യമനോട് ചോദിച്ചു. യമൻ പറഞ്ഞു വിഷ്ണുഭക്തനായ ഒരാൾ ഗംഗാതീരത്ത് കാമക്രോധങ്ങളിൽ നിന്ന് മുക്തനായി ഗീതയിലെ അഞ്ചാം അധ്യായം നിത്യവും വായിച്ചിരുന്നു.അയാൾ മരിച്ചപ്പോൾ വൈകുണ്ഠത്തിൽ പോയി. നിത്യവും ഗീതയിലെ അഞ്ചാമത്തെ അധ്യായം വായിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ ശരീരം മുഴുവൻ പവിത്രമായി.

നിങ്ങൾ അദ്ദേഹത്തിന്റെ തലയോടുമായ് ബന്ധപ്പെട്ടതുകൊണ്ട് നിങ്ങളുടെ പാപങ്ങൾ കഴുകപ്പെട്ടു. ഇതാണ് ഗീതയിലെ അഞ്ചാം അധ്യായത്തിന്റെ മാഹാത്മ്യം.

സാംഖ്യയോഗത്തെപ്പറ്റിയും (ജ്ഞാനമാർഗ്ഗം)കർമ്മയോഗത്തെപ്പറ്റിയും കേട്ട അര്ജുനന് ഇതിൽ ഏതാണ് ഉത്തമമെന്നു സംശയമുദിച്ചു. അത് ഭഗവാനോട് ചോദിക്കുന്നതോടെ ഈ അധ്യായം തുടങ്ങുന്നു. രണ്ടും ഉത്തമമാണെന്നും അതിൽ കർമ്മയോഗമാണെളുപ്പമെന്നും ഭഗവൻ അർജുനനെ ഉപദേശിച്ചു.

രാഗദ്വേഷാദികളില്ലാതെ കർമ്മം ചെയ്യുന്നയാൾ സന്യാസിക്ക് തുല്യമാണെന്നും ഭഗവൻ അർജുനനെ അറിയിക്കുകയും ഒരേ ലക്ഷ്യത്തിലേക്കുള്ള രണ്ടു മാർഗ്ഗങ്ങളാണവയെന്നു ഭഗവൻ വിശദീകരിച്ചുകൊടുക്കുകയും ചെയ്തു. കർമ്മയോഗി തന്റെ എല്ലാ കർമ്മങ്ങളും ഈശ്വരന് സമർപ്പിച്ച് അതിന്റെ കർത്തുത്വം ഏറ്റെടുക്കുന്നില്ല. സാംഖ്യയോഗി എല്ലാ കർമ്മങ്ങളും ഇന്ദ്രിയങ്ങൾക്ക് സമർപ്പിച്ച് ശരീരത്തോട് ബന്ധപ്പെടാതെ ശരീരത്തിൽ സ്ഥിതി ചെയ്യുന്നു. ഫലേച്ഛ കൂടാതെയുള്ള കർമ്മമാണ് ആത്മീയമായ ജീവിതത്തിന്റെ സത്ത. ഭഗവൻ പ്രവർത്തിയെയും പ്രവർത്തിഫലങ്ങളെയും ബന്ധിപ്പിക്കുന്നില്ല. ഒരാളുടെ പാപമോ പുണ്യമോ ഭഗവൻ കണക്കാക്കുന്നില്ല, മൂഢത കൊണ്ട് അറിവ് മൂടിയിരിക്കുന്നു. മൂഢത മാറ്റുമ്പോൾ ഒരാൾ ദൈവത്തെ അറിയും. ജ്ഞാനയോഗി ജനിമൃതികളുടെ ചക്രങ്ങളിൽ പെടാതെ ദൈവത്തിൽ ചേരുന്നു. യഥാർത്ഥ അറിവ് നേടിയ മനുഷ്യൻ എല്ലാവരെയും തുല്യരായി കാണുന്നു. പുറമെയുള്ള വസ്തുക്കളിൽ ആകര്ഷിക്കപ്പെടാത്തത് ഒരാൾ അവനിൽ സന്തോഷം കാണുന്നു ധ്യാനത്തിലൂടെ അവൻ ദൈവവുമായിതാദാത്മ്യം പ്രാപിക്കുന്നു. ശാശ്വതമായ സാന്തോഷം കാണുന്നു.



**സാംഖ്യയോഗത്തെപ്പറ്റിയും (ജ്ഞാനമാർഗ്ഗം)കർമ്മയോഗത്തെപ്പറ്റിയും കേട്ട അര്ജുനന് ഇതിൽ ഏതാണ് ഉത്തമമെന്നു സംശയമുദിച്ചു. അത് ഭഗവാനോട് ചോദിക്കുന്നതോടെ ഈ അധ്യായം തുടങ്ങുന്നു. രണ്ടും ഉത്തമമാണെന്നും അതിൽ കർമ്മയോഗമാണെളുപ്പമെന്നും ഭഗവൻ അർജുനനെ ഉപദേശിച്ചു.**

കാമത്തെയും ക്രോധത്തെയും അടക്കാൻ കഴിവുള്ളവർ സത്യമായി സന്തോഷമുള്ളവരാണ്. പാപങ്ങളെ നശിപ്പിച്ച , സംശയങ്ങളെ ദൂരീകരിച്ച മനഃസംയമത്തോടെ നല്ലത് ചെയ്യുന്നതിൽ സന്തോഷിക്കുന്നു.

ബുദ്ധിമാന്മാർ ദൈവത്തെ പ്രാപിക്കുന്നു. മനുഷ്യർ ഇന്ദ്രിയസുഖങ്ങൾക്ക് പിന്നാലെ പോകുന്നു. നമ്മുടെ ശരീരം കാമ്യകർമ്മങ്ങ

ളുടെ ഫലമായി ഉണ്ടായതാണ്. കാമ്യകർമ്മങ്ങൾ എന്നാൽ ഭൗതി കസുഖാന്വേഷണത്തിനായുള്ളത്. ഇന്ദ്രിയതൃപ്തിക്കായുള്ള പ്രവർ ത്തനം (കർമ്മം) ശരീരത്തിന് പലവിധ ക്ലേശങ്ങൾ നൽകുന്നു. ഇന്ദ്രിയസുഖത്തിനായി മനസ്സ് മുഴുകുന്നതുകൊണ്ടാണ് വീണ്ടും വീണ്ടും ജനിക്കുന്നത്. മനസ്സ് അജ്ഞാനത്തിൽ അടിമപ്പെട്ടാലും ഭഗവാനിൽ ഭകതിസാന്ദ്ര മായ സ്നേഹം വളർത്തിയാൽ പ്രപഞ്ചബന്ധനത്തിൽ നിന്ന് മുക്തി നേടാം. ഭഗവാനെ ധ്യാനി ച്ചുള്ള കർമ്മം കാമ്യകർമ്മങ്ങളിൽ പെടുന്നില്ല.ഈ കാണുന്നതെല്ലാം ഈശ്വരന്റേതാണെന്നും ആരും ഒന്നിനും ഉടമാവകാശം പറയ രുതെന്നുമുള്ള ബോധം ഉദിക്കുമ്പോൾ ത്യാഗം പൂർണ്ണമാകുന്നു. കർമ്മവും സന്യാസവും രണ്ടും മോക്ഷപ്രധാനമാണ്. എന്നാൽ അതിൽ വിശിഷ്ടം കർമ്മമാണ്.

ഇവിടെ അർജുനൻ യുദ്ധം ചെയ്യാതിരിക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുന്നതുകൊണ്ടാണ് അദ്ദേഹം കർമ്മസന്യാസം ആണോ കർമ്മയോഗമാണോ (യുദ്ധം ചെയ്യാതിരിക്കാൻ) ശ്രേഷ്ഠം എന്ന് ഭഗവാനോട് ചോദിക്കുന്നത്. കർമ്മസന്യാസ യോഗം കുറ്റമറ്റതായി നിർവഹിക്കാൻ ശുദ്ധമായ മനസ്സുള്ളവർക്കേ കഴിയു. ഭക്തിയോടെ കർമ്മം ചെയ്യുന്നവർക്കേ മനസ്സിന്റെ ശുദ്ധി ലഭിക്കുകയുള്ളു. അതുകൊണ്ട് കർമ്മയോഗമാണ് ഭൂരിപക്ഷം മനുഷ്യർക്കും ഉചിതമായിട്ടുള്ളത്. ഇനി വിശദമായി ..

അർജുനൻ ചോദിച്ചു - സന്യാസമാണ് ഉത്തമമെന്നു പ്രശംസിക്കുമ്പോൾ തന്നെ കർമ്മനിർവഹണവും പ്രശംസനീയമെന്നു പറയുന്നു. ഇതിൽ ഏതാണ് ശ്രേഷ്ഠം എന്ന് നിശ്ചയമായി പറഞ്ഞു തരിക. (കർമ്മസന്യാസം എന്ന് പറഞ്ഞാൽ കർമ്മങ്ങളുടെയും കർതൃത്വത്തിന്റെയും പരിത്യാഗവും ഒരു പ്രവർത്തിയുടെ പുറകിൽ സ്വാർത്ഥമായ ഉദ്ദേശ്യമില്ലാതിരിക്കലുമാണ് അല്ലാതെ കർമ്മങ്ങളെ പൂർണ്ണമായി ഉപേക്ഷിക്കലല്ല.) ആത്മജ്ഞാനം കൈവരുമ്പോൾ മാത്രമേ കർമ്മസംന്യാസം ഒരാൾക്ക് ബോധ്യപെടുകയുള്ളു.

അതിനാൽ ജ്ഞാനം, സാഖ്യം, സംന്യാസം, കർമ്മ സംന്യാസം എന്നിവ ഇട കലർത്തിപറയുന്നതായി ഗീത വായിക്കുന്നവർക്കനുഭവപ്പെടാം.

**ഒരാളുടെ പാപമോ പുണ്യമോ ഭഗവൻ കണക്കാക്കുന്നില്ല, മൂഢത കൊണ്ട് അറിവ് മൂടിയിരിക്കുന്നു. മൂഢത മാറ്റുമ്പോൾ ഒരാൾ ദൈവത്തെ അറിയും. ജ്ഞാനയോഗി ജനിമൃതികളുടെ ചക്രങ്ങളിൽ പെടാതെ ദൈവത്തിൽ ചേരുന്നു. യഥാർത്ഥ അറിവ് നേടിയ മനുഷ്യൻ എല്ലാവരെയും തുല്യരായി കാണുന്നു. പുറമെയുള്ള വസ്തുക്കളിൽ ആകർഷിക്കപ്പെടാത്തത് ഒരാൾ അവനിൽ സന്തോഷം കാണുന്നു ധ്യാനത്തിലൂടെ അവൻ ദൈവവുമായിതാദാത്മ്യം പ്രാപിക്കുന്നു.**

ഭഗവൻ പറഞ്ഞു. സംന്യാസവും കർമ്മയോഗവും രണ്ടും മുക്തിയിലേക്ക് നയിക്കുന്നു. എന്നാൽ സംന്യാസത്തെക്കാൾ നല്ലത് കർമ്മയോഗമാണ് .

ഒന്നിനോടും പ്രത്യേകമായി പ്രതിപത്തിയോ, വിദ്വേഷമോ ഇല്ലാത്ത സുഖത്തിലും ദുഖത്തിലും ചഞ്ചലനാകാത്ത ഒരാൾ സന്യാസിയാണെന്നു കരുതാം. അയാൾ ബന്ധനങ്ങളിൽ നിന്ന് വിമുക്തനായിരിക്കുന്നു.

ജ്ഞാനയോഗത്തെയും കർമ്മയോഗത്തെയും രണ്ടായി കാണുന്നവർ ബാലന്മാരാണ്. ഇവയിൽ ഏതെങ്കിലും ഒന്ന് കൃത്യമായി അനുഷ്ഠിക്കുന്നവർക്ക് രണ്ടിന്റെയും ഫലം കിട്ടുന്നു. സംന്യാസികൾ പ്രാപിക്കുന്ന ലക്ഷ്യം തന്നെ കർമ്മയോഗികൾക്കും പ്രാപിക്കാവുന്നതാണ്.

ജ്ഞാനയോഗവും, കർമ്മയോഗവും ഒന്നായി കാണുന്നവർ യഥാർത്ഥ തത്വത്തെ കാണുന്നു. കർമ്മയോഗം കൂടാതെ സന്യാസം വരിക്കാൻ അസാധ്യമാണ്. ഓ മഹാബാഹുഃ യോഗബലമുള്ള തപസ്വി അചിരേണ ബ്രഹ്മത്വം പ്രാപിക്കുന്നു. ആരുടെ മനസ്സ് നിർമ്മലമാണോ, ആരുടെ ഇന്ദ്രിയങ്ങൾ നിയന്ത്രണത്തിലാണോ, ആർ തന്നെ തന്നെ സകലജീവരാശികളിലും കാണുന്നുവോ അയാൾ കർമ്മയോഗിയാണെങ്കിലും അയാളുടെ കർമ്മങ്ങൾ ബന്ധകാരണമാകുന്നില്ല.സത്യമറിയുന്ന സന്യാസി ഒന്നും അയാൾ ചെയ്യുന്നതിനായി ചിന്തിക്കുന്നില്ല കാണുന്നത്, കേൾക്കുന്നത് സ്പർശിക്കുന്നത് മണക്കുന്നത് തിന്നുന്നത്, നടക്കുന്നത്, ഉറങ്ങുന്നത്.

ശ്വസിക്കുന്നത് സംസാരിക്കുന്നത് എടുക്കുന്നത് കൊടുക്കുന്നത് കണ്ണടക്കുന്നത് തുറക്കുന്നത് എല്ലാം ഇന്ദ്രിയങ്ങൾ അവയുടെ വിഷയങ്ങളിൽ ഏർപ്പെട്ടു കൊണ്ടിരിക്കുന്നതിനാലാണെന്നു ധരിക്കുന്നു.

ബ്രഹ്മണ്യാധായ കര്മാണി
സംഗം ത്യക്താ കരോതി യ:
ലിപ്യതേ ന സ പാപേന
പദ്മ പത്രമി വാംഭസാ

ഫലേച്ഛ കൂടാതെ ഒരാൾ തന്റെ പ്രവർത്തികൾ പൂർണ്ണമായി ഈശ്വരനിൽ സമർപ്പിച്ച് ചെയുമ്പോൾ അവനിൽ പാപക്കറ പുരളുന്നില്ല. വെള്ളത്തിൽ വിരിഞ്ഞിട്ടും താമര വെള്ളം തൊടാത്തപോലെ ഫലത്തിലുള്ള ആസക്തിയില്ലാതെ ആത്മശുദ്ധിക്കായി കർമ്മയോഗികൾ ശരീരം, മനസ്സ്, ബുദ്ധി, ഇന്ദ്രിയങ്ങൾ ഇവകൊണ്ട് കർമ്മം ചെയ്യുന്നു. കർമ്മഫലത്തെ ത്യജിച്ച

കർമ്മയോഗി പരമമായ ആനന്ദം നേടുന്നു. എന്നാൽ കർമ്മഫലത്തിൽ ആസക്തിയുള്ളവർ കർമ്മത്താൽ ബദ്ധരാകുന്നു.

സർവകർമാണി മനസാ
സംന്യാസ്യാസ്തേ സുഖം വശീ
നവദ്വാരേ പുരേ ദേഹി
നൈവകുറവൻ ന കാരയൻ

ഇന്ദ്രിയങ്ങളെ പൂർണ്ണമായി അടക്കിയവനും കർമ്മഫലങ്ങളെ ഉപേക്ഷിച്ചവനും ഒൻപത് ദ്വാരങ്ങളുള്ള പട്ടണത്തിൽ ഒന്നും ചെയ്യാതെയും സുഖമായിരിക്കുന്നു. (ഒൻപത് ദ്വാരങ്ങളുള്ള പട്ടണം ശരീരമാണ് കണ്ണ്(2) ചെവി (2 ) നാസാദ്വാരങ്ങൾ (2) വായ (1)വിസർജ്ജേന്ദ്രിയങ്ങൾ (2)), ഒരു പ്രവർത്തി ചെയ്യാനുള്ള ആവശ്യത്തെയോ, സ്വയം ചെയ്തു എന്ന ബോധത്തെയോ ഈശ്വരൻ സൃഷ്ടിക്കുന്നില്ല.കർമ്മഫലത്തോട് അവയെ ബന്ധിപ്പിക്കുന്നുമില്ല. പ്രകൃതി ഗുണങ്ങളാലാണിവ നിർവഹിക്കപ്പെടുന്നത്. ഈശ്വരൻ ആരുടെയും പാപത്തെയോ, പുണ്യത്തെയോ ഏറ്റെടുക്കുന്നില്ല. അറിവില്ലായ്മ അറിവിനെ മറച്ചിരിക്കുന്നു തന്മൂലം ജീവികൾ മോഹിതരായിത്തീരുന്നു.

സൂര്യൻ പ്രപഞ്ചത്തിന്റെ സൗന്ദര്യം കാണിച്ച് തരുന്നപോലെ ആത്മജ്ഞാനം കൊണ്ട് അജ്ഞാനത്തെ നശിപ്പിച്ചവർ ആ ജ്ഞാനം കൊണ്ട് പരമാത്മചൈതന്യത്തെ പ്രകാശിപ്പിക്കുന്നു. ആ പരമാത്മാവിനെ കുറിച്ച് സദാ ചിന്തിക്കുന്നവരും, അത് താൻ തന്നെയെന്നറിഞ്ഞവരും, അതിനോട് നിഷ്ഠയുള്ളവരും, അതിനെ ആശ്രയിക്കുന്നവരും അത് തന്നെ ലക്ഷ്യമെന്ന് കരുതുന്നവരും ആ ദിവ്യമായ ജ്ഞാനം കൊണ്ട് അവരുടെ പാപത്തെ ശുദ്ധീകരിച്ച് സംസാരദുഃഖത്തിലേക്ക് ഒരിക്കലും തിരിച്ചുവരാത്ത പരാമപദത്തെ പ്രാപിക്കുന്നു.

വിദ്യാവിനയസമ്പന്നനെ
ബ്രാഹ്മണേ ഗവി ഹസ്തിനി
ശുനി ചൈവ ശ്വ പാകേ ച

**ഇന്ദ്രിയസുഖങ്ങളിൽ ആസക്തിയില്ലാത്തവൻ ആത്മാവിൽ സുഖം കണ്ടെത്തുന്നു. ധ്യാനത്താൽ ബ്രഹ്മവുമായി ഐക്യം പ്രാപിച്ച ആ ആൾ ശ്വാശ്വതമായ ബ്രഹ്മാനന്ദം അനുഭവിക്കുന്നു. ഇന്ദ്രിയങ്ങളാലാനുഭവിക്കുന്ന സുഖങ്ങൾ ഒക്കെയും ദുഃഖഹേതുക്കൾ ആണ്. അവയ്ക്ക് ആദിയും അന്തവുമുണ്ട്. ഓ അർജുന അതുകൊണ്ട് ബുദ്ധിമാന്മാർ അവയിൽ രമിക്കുന്നില്ല. ഒരാൾ മരണത്തിനു മുമ്പ് തന്നെ കാമക്രോധങ്ങളാലുണ്ടാകുന്ന മനസ്സിന്റെ ക്ഷോഭത്തെ ജയിക്കുന്നുവോ അയാൾ യോഗിയാകുന്നു. അയാൾ സന്തോഷമുള്ളവനാകുന്നു.**

പ ണ്ഡി താ: സമദർശിന :

പഠിപ്പും വിനയവുമുള്ള ബ്രാഹ്മണനിലും പശുവിലും, ആനയിലും, നായയിലും നായയെ തിന്നുന്നവനിലും ആത്മജ്ഞാനികൾ ഭേദം കാണുന്നില്ല.അവർ എല്ലാം ബ്രഹ്മമയമായി കാണുന്നു.

സർവ്വതും സത്യമാണെന്നു ചിന്തയുള്ളവർ ഈ ലോകത്തിൽ വച്ച് തന്നെ ജനി-മൃതികളെ കീഴടക്കിയിരിക്കുന്നു. ബ്രഹ്മം കറപുരളാത്തതും പവിത്രവുമാണ്. സമദൃഷ്ടിഭാവനയുള്ള ജ്ഞാനികൾ ബ്രഹ്മത്തിൽ തന്നെ സ്ഥിതി ചെയ്യുന്നു. സ്ഥിരബുദ്ധിയുള്ളവനും മോഹം നശിച്ചവനും ബ്രഹ്മനിഷ്ഠനുമായ ബ്രഹ്മജ്ഞാനി സുഖമുള്ള അനുഭവങ്ങളിൽ സന്തോഷിക്കുകയോ അസുഖാനുഭവങ്ങളിൽ പ്രക്ഷോഭിതനാകുകയോ ചെയ്യുന്നില്ല.

ഇന്ദ്രിയസുഖങ്ങളിൽ ആസക്തിയില്ലാത്തവൻ ആത്മാവിൽ സുഖം കണ്ടെത്തുന്നു. ധ്യാനത്താൽ ബ്രഹ്മവുമായി ഐക്യം പ്രാപിച്ച ആ ആൾ ശാശ്വതമായ ബ്രഹ്മാനന്ദം അനുഭവിക്കുന്നു. ഇന്ദ്രിയങ്ങളാലാനുഭവിക്കുന്ന സുഖങ്ങൾ ഒക്കെയും ദുഃഖഹേതുക്കൾ ആണ്. അവയ്ക്ക് ആദിയും അന്തവുമുണ്ട്. ഓ അർജുന അതുകൊണ്ട് ബുദ്ധിമാന്മാർ അവയിൽ രമിക്കുന്നില്ല. ഒരാൾ മരണത്തിനു മുമ്പ് തന്നെ കാമക്രോധങ്ങളാലുണ്ടാകുന്ന മനസ്സിന്റെ ക്ഷോഭത്തെ ജയിക്കുന്നുവോ അയാൾ യോഗിയാകുന്നു. അയാൾ സന്തോഷമുള്ളവനാകുന്നു.

ലഭന്തേ ബ്രഹ്മനിർ വാണം
ഋഷയഃ ക്ഷീണ കല്മഷാ :
ഛിന്ന ദൈധായാതാത്മാന
സർവഭൂതഹിതേ രതാ :

പാപം നശിച്ചവരും, സംശയങ്ങൾ ദൂരീകരിച്ചവരും ആത്മനിയന്ത്രണമുള്ളവരും എല്ലാവരുടെയും നന്മയിൽ സന്തോഷിക്കുന്നവരുമായവർ ബ്രഹ്മനിർവാണം നേടുന്നു.

കാമക്രോധാവിയുക്താനാം
യതീനാം യത ചേതസാം
അഭിതോ ബ്രഹ്മനിർവാണം
വർത്തതേ വിദിതാത്മനാം

കാമക്രോധങ്ങളിൽ നിന്ന് സ്വതന്ത്രരായ, മനസ്സിനെ നിയന്ത്രാണാധീനമാക്കിയ, ആത്മജ്ഞാനികളായ യതികൾക്ക് ചുറ്റും ബ്രഹ്മാനന്ദം സ്ഥിതി ചെയ്യുന്നു.

ബാഹ്യവിഷയങ്ങളെ പുറത്തു നിർത്തി നേത്രങ്ങളെ പുരികങ്ങളുടെ മധ്യേ ഉറപ്പിച്ച് ശ്വാസോഛാസത്തെ ക്രമീകരിച്ച് ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച്, ഇച്ഛ, ഭയം, കോപം എന്നിവയില്ലാത്തവനായി ഭവിക്കുന്ന യതി മോക്ഷത്തെ ലക്ഷ്യമാക്കി ധ്യാനിക്കുമ്പോൾ മുക്തി നേടുന്നു. തപസ്സുകളുടെയും യജ്ഞങ്ങളുടെയും ഭോക്താവായി, സകല ലോകമഹേശ്വരനായി, എല്ലാ ജീവികളുടെയും സുഹൃത്തായി എന്നെ അറിയുന്നവൻ ശാശതമായ സമാധാനം കൈവരിക്കുന്നു.

അദ്ധ്യായം : അഞ്ചു സമാപ്തം

അടുത്തത് ധ്യാനയോഗം



ആണ്ടുപിറപ്പ്
ശ്രീകുമാർ ഭാസ്കരൻ


# ആത്മബന്ധങ്ങളുടെ ആഖ്യാന ചാരുത

**പുതിയ കാലവും പുതിയ ജനതയും അടിമുടി മാറുന്നു. അപ്പോൾപിന്നെ അവരുടെ വായനാരീതി മാത്രം മാറുകയില്ല എന്ന് കരുതാനാകില്ല. പുതിയ വായനാരീതി രൂപപ്പെടുമ്പോൾ പുതിയ എഴുത്തുരീതിയും വേണ്ടിവരും. പുതിയ കാലത്തിൻറെ ഭാവുകത്വപരിണാമങ്ങളോടു സമരസപ്പെട്ട് പോകുന്ന കൃതികൾ ഉണ്ടാകണം.**

കെ. പി. എസ്. പയ്യനെടം

ഫോട്ടോ തിരിച്ച് കവറിൽ ഇടുന്നതിനു മുമ്പ് ഞാൻ മനസ്സിൽ പറഞ്ഞു ''റോഷ്നി ഞാൻ എന്നും നിന്നോട് കടപ്പെട്ടിരിക്കുന്നു. കാൺപൂരിന്റെ കൊടുംചൂടിൽ വരണ്ടുപോയ എൻറെ മനസ്സിൻറെ കോണിൽ പ്രണയത്തിൻറെ ഒരുപിടി മഞ്ഞ് വാരിയിട്ട് തണുപ്പിച്ചവളെ നിനക്ക് സുഖമായിരിക്കട്ടെ... എന്നും.''

''ആണ്ടുപിറപ്പ്'' എന്ന നോവലിലെ അവസാന വരികളാണ് മുകളിൽ കുറിച്ചത്. മധുരിതമായ ആത്മബന്ധത്തിന്റെ സ്നിഗ്ദമായ, മധുരിതമായ ഒരു തലോടൽ ഈ വരികളിൽ അനുഭവപ്പെടുന്നുണ്ടോ...? ഉണ്ടെങ്കിൽ അതുതന്നെയാണ് ''ആണ്ടുപിറപ്പിന്റെ'' ആന്തരചൈതന്യം.



**ഉത്തരേന്ത്യൻ ഭൂപ്രദേശങ്ങളുടെ ജീവിതാനുഭവങ്ങളിലൂടെ ഈ നോവൽ കടന്നു പോകുന്നു. മലയാളിക്ക് അത്രയൊന്നും പരിചിതമല്ലാത്ത മനുഷ്യാവസ്ഥകൾ ഇവിടെ പീലി വിടർത്തിയാടുന്നു.**

എവിടെയോ വെച്ച് കണ്ടുമുട്ടുമ്പോൾ നാമ്പിടുന്ന ബന്ധങ്ങൾ... എപ്പോഴോ സംഭവിച്ചു പോകുന്ന വേർപിരിയലുകൾ... വിരഹത്തിന്റെ നനുത്ത നോവുകൾ, സൗഹൃദത്തിൻറെ സുഖനിമിഷങ്ങൾ... ഇതെല്ലാം ഈ നോവലിൽ ഒഴുകിപ്പരന്നു പോകുന്നത് വായനക്കാർ അനുഭവിച്ചറിയും.

കണ്ടുമുട്ടുക, വേർപിരിയുക എന്ന ജീവിതത്തിൻറെ സാർവ്വകാലിക സത്യം ഈ നോവലിൻറെ ആഴങ്ങളിൽ മുഴങ്ങുന്നത് ഹൃദയം കൊണ്ട് കാതോർത്താൽ കേൾക്കാൻ കഴിയും.


ഉത്തരേന്ത്യൻ ഭൂപ്രദേശങ്ങളുടെ ജീവിതാനുഭവങ്ങളിലൂടെ ഈ നോവൽ കടന്നു പോകുന്നു. മലയാളിക്ക് അത്രയൊന്നും പരിചിതമല്ലാത്ത മനുഷ്യാവസ്ഥകൾ ഇവിടെ പീലി വിടർത്തിയാടുന്നു.

കഥയുടെ പറച്ചിലിൽ നിന്ന് കഥ വേർതിരിച്ചെടുക്കാൻ ചിലപ്പോൾ കഴിയാറുണ്ട്. അവിടെ കഥ ചുരുക്കിപ്പറയുക എളുപ്പമാണ്. എന്നാൽ കഥാവസ്തു ആഖ്യാനത്തിൽ അലിഞ്ഞുചേർന്ന് കിടക്കുമ്പോൾ വേർതിരിച്ചെടുക്കാൻ പ്രയാസമായിത്തീരും. പൂവിൽ നിന്ന് സുഗന്ധം വേർപെടുത്തുന്നതു പോലെ ആയിരിക്കും അത്. മുൻവിധികൾ ഒന്നുമില്ലാതെ കഥ വായിച്ചു പോവുക. അതിൽ ലയിച്ചു ചേരുക. അപ്പോൾ കിട്ടുന്ന സുഹാനുഭൂതി എന്താണോ അത് അനുഭവിച്ചുകൊള്ളുക. അത്രയേ ഈ നോവലിനെക്കുറിച്ച് പറയാനാവൂ. വായിക്കുക... അനുഭവിക്കുക. ഈ നോവലിന്റെ ഓരോ സൂക്ഷ്മാണുവിലും സ്പന്ദിക്കുന്ന ജീവിതത്തിൻറെ നനുത്ത നൊമ്പരങ്ങളും സുഖങ്ങളും നുകരുക.

വായന കുറഞ്ഞുപോകുന്നു എന്നൊരു പരാതി കുറേക്കാലമായി നമ്മൾ കേട്ടു വരുന്നതാണ്. ഇത് ഭാഗികമായി ശരിയുമാണ്. ഭാഗികമായി മാത്രമേ ശരിയാവുകയുള്ളൂ എന്നുകൂടി ഓർക്കുക. വായനക്കാർ കൃതികളിൽ നിന്ന് അകലുകയാണോ, കൃതികൾ വായനക്കാരിൽ നിന്ന് അകലുകയാണോ എന്ന കാര്യവും ആലോചനാ വിഷയമാക്കേണ്ടതാണ്.

കാലം മാറുന്നു... അഭിരുചികൾ മാറുന്നു... ഇത് എല്ലാവർക്കും അറിയാം. പുതിയ തലമുറയുടെ വേഷഭൂഷാദികളും ഭക്ഷണരീതികളും മാറിയിട്ടുണ്ട്. അവരുടെ വ്യക്തിബന്ധങ്ങളിൽ സാരമായ മാറ്റം സംഭവിച്ചിട്ടുണ്ട്. പുതിയ കാലവും പുതിയ ജനതയും അടിമുടി മാറുന്നു. അപ്പോൾപിന്നെ അവരുടെ വായനാരീതി മാത്രം മാറുകയില്ല എന്ന് കരുതാനാകില്ല. പുതിയ വായനാരീതി രൂപപ്പെടുമ്പോൾ പുതിയ എഴുത്തുരീതിയും വേണ്ടിവരും.

**എന്തുകൊണ്ട് നോവൽ പ്രിയപ്പെട്ടതാകുന്നു? അത് ജീവിതത്തെ കുറെക്കൂടി സമഗ്രതയിൽ ആവിഷ്കരിച്ചിരിക്കുന്നതാകാം ഒരു കാരണം. ചെറുകഥകളും കവിതകളും ജീവിതത്തിന്റെ കിളിവാതിൽ കാഴ്ചകൾ നൽകുമ്പോൾ, നോവൽ ജീവിതത്തിൻറെ ആകാശക്കാഴ്ചകൾ നൽകുന്നു. ഒരു കഥ, കവിത പോലെയാകുമ്പോഴാണ് വിജയിക്കുന്നത് എന്നു പറയാറുണ്ട്.**




പുതിയ കാലത്തിൻറെ ഭാവുകത്വ പരിണാമങ്ങളോടു സമരസപ്പെട്ട് പോകുന്ന കൃതികൾ ഉണ്ടാകണം. അഥവാ എഴുത്തുകാർ ഉണ്ടാകണം. വായന കുറയുന്നുണ്ടെങ്കിൽ ഉത്തരവാദികൾ വായനക്കാർ മാത്രമല്ല എന്ന് ചുരുക്കം.

നോവലുകൾക്ക് ഇപ്പോഴും വായനക്കാരുണ്ട് എന്നാണ് ഒരു ഗ്രന്ഥശാലാ പ്രവർത്തകൻ കൂടിയായ എൻറെ അനുഭവം. പല ഗ്രന്ഥശാലകളിലും നോവൽ വായനക്കാരാണ് ഇപ്പോഴും കൂടുതലുള്ളത്. മാർക്കേസിന്റെയും പൗലോ കൊയ്ലോയുടേയും വിഖ്യാത കൃതികൾത്തേടി വായനശാലകളിൽ എത്തുന്ന കൗമാരക്കാരെ ഞാൻ കാണുന്നുണ്ട്.

എന്തുകൊണ്ട് നോവൽ പ്രിയപ്പെട്ടതാകുന്നു? അത് ജീവിതത്തെ കുറെക്കൂടി സമഗ്രതയിൽ ആവിഷ്കരിച്ചിരിക്കുന്നതാകാം ഒരു കാരണം. ചെറുകഥകളും കവിതകളും ജീവിതത്തിന്റെ കിളിവാതിൽ കാഴ്ചകൾ നൽകുമ്പോൾ, നോവൽ ജീവിതത്തിൻറെ ആകാശക്കാഴ്ചകൾ നൽകുന്നു. ഒരു കഥ, കവിത പോലെയാകുമ്പോഴാണ് വിജയിക്കുന്നത് എന്നു പറയാറുണ്ട്. മഞ്ഞുതുള്ളിയിൽ ആകാശം പോലെ അവിടെ ജീവിതം കാണാനാകുന്നു. പക്ഷേ നോവൽ ജീവിതത്തിൻറെ സമൃദ്ധമായ കാഴ്ചകൾ ഒരുക്കിവെച്ച് വിശാലമായ ഒരു ലോകം തുറന്നു വെക്കുന്നു. വായനക്കാരുമായി അത് മറയേതുമില്ലാതെ നേർക്കുനേർ സംവദിക്കുന്നു. എഴുത്തിലെ ഈ സുതാര്യതയാണ് നോവലിനെ ജനപ്രിയമാക്കുന്ന സുപ്രധാന ഘടകം. കടൽക്കരയിൽ നിന്ന് കടയിൽ കാണുന്നതുപോലെയാണത്. അലയടിച്ചുയരുന്ന ജീവിതസാഗരമായി ഒരു നല്ല നോവൽ വായനക്കാർക്ക് മുന്നിൽ അനാവൃതമാകുന്നു. അനാദിയായി നീണ്ടുപരന്നു കിടക്കുന്നു.

ജീവിതത്തെ സ്നേഹിക്കുന്ന മനുഷ്യർ ജീവിതം പറയുന്ന നോവലിനേയും സ്നേഹിക്കുന്നു. അതേ സ്നേഹവായ്പോടെ മലയാളവായനക്കാർ ''ആണ്ടുപിറപ്പ്'' എന്ന കൃതിയേയും ഹൃദയത്തോട് ചേർത്തു പിടിക്കുകതന്നെ ചെയ്യും.





Media Logistics Inc. introduces **'ML TurnKey System'** a total TV channel package easily for managing LIVE 24 Hr Channel, Video Playout, Capture, Scheduling and all operations. Delivering automatic and unattended efficiency 24/7, 'ML TurnKey' is the perfect tool for anyone who wants to have a 24 LIVE Channel including Playout andservers and Video On Demand. Launch on to 'Media App USA' readily available on iOS, Android, All Smart TV's and Streaming Devices around the world.




# ഒറ്റയാൾ പട്ടാളം...

**കൊൽക്കൊത്തയിൽ നടന്ന 2026 ടി 20 ക്രിക്കറ്റ് ലോക കപ്പിൽ ഇന്ത്യക്ക് സെമി ഫൈനൽ ഉറപ്പിച്ച , അതിശയ ഇന്നിങ്ങ്സ് വിജയം സാധ്യമാക്കിയ സഞ്ജു സാംസൺ. അമ്പതു പന്തിൽ 97 റൺസ് നേടി ഇതിഹാസമായ മലയാള താരം 12 നാലും നാല് ആറും അടിച്ചു വെസ്റ്റ് ഇൻഡീസിൻറെ 195 ലക്ഷ്യം തകർത്തു ചരിത്രം കുറിച്ചു .സഞ്ജു സാംസൺ വിജയ നിമിഷത്തിൽ.**



'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra
inspires people to recognize
the existence of a 'Divine Power'
The Mishra Family welcomes visitors to learn about and
experience the spiritual miracle. Contact 1-732-690-0404


MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA
CANADA
MISSISSAUGA
OPENING SOON IN SURREY